അർണ്ണോസ് പാതിരിയുടെ

പദ്യകൃതികൾ



പ്രസാധകൻ മഹാകവി

ഫാദർ ട തേർമഠം (MOL)

അർണ്ണോസ് പാതിരിയുടെ

പദ്യകൃതികൾ



പ്രസാധകൻ

മഹാകവി

ഫാദർ ട തേർമഠം (MOL)

അർണോസ് പാതിരിയുടെ
പദ്യകൃതികൾ

പരിഷ്കരിച്ച
ഒന്നാം പതിപ്പ്

കോപ്പി 1000


പ്രസാധകൻ
മഹാകവി ഫാ. ജ തേർമഠം (MOL)


വില രൂപ 50.

അച്ചടി
ഇമ്മാനുവേൽ പ്രസ്
കുന്നംകുളം

ബ്ലോക്സ്
വിവിഡ് പ്രോസസ്
തൃശൂർ

വിഷയവിവരം







ബഹു. അർണ്ണോസ് പാതിരി

HERE REV. RESTS
FATHER
JOHN
ERNESTES. SJ

AN AUSTRIAN, A VALIANT
MISSIONARY, AN ACKNOW
LEDGED SCHOLAR &
RELIGIOUS POET IN
MALAYALAM
FIRST LIVED & WORKED
AT VELUR; THENCE
CAME OVER TO PAZHAYU
WHERE DIED ON 20th
MARCH 1732 A-D.

ERECTED IN MEMORY
OF THE 7th CENTENARY
CELEBRATION OF St. ANTONI
DEATH.
13th JUNE 1931
R.I.P.





രണ്ടുവാക്ക്

ക്രിസ്ത്യാനികളുടെ അഭിമാനപാത്രമാണല്ലോ അർണ്ണോസ് പാതിരി. ക്രൈസ്തവ സാഹിത്യ നഭോമണ്ഡലത്തിൽ ഒരു സുവൃത്ത ചന്ദ്രനായി ശോഭിച്ചിരുന്ന അദ്ദേഹം മൺമറഞ്ഞിട്ട് കാലചക്രം 250 പ്രാവശ്യം തിരിഞ്ഞു കഴിഞ്ഞു. ഒരു കാലത്ത് ക്രൈസ്തവരുടെ നിത്യപാരായണ വിഷയമായിരുന്ന അദ്ദേഹത്തിന്റെ പദ്യകൃതികൾ, ആരും പുനഃപ്രകാശനം ചെയ്യുവാൻ മുന്നോട്ടുവരാത്തതുകൊണ്ട് പ്രസ്തുത കൃതികൾ വിസ്മൃതിയിലേക്ക് ആണ്ടുപോവുകയാണ്. ക്രൈസ്തവ സാഹിത്യത്തിനു വരാൻ പോകുന്ന ഈ തീരാനഷ്ടത്തെ ഓർത്ത് മനംനൊന്ത് പല പഴയ ക്രിസ്തീയ കുടുംബങ്ങളിലും പോയി അവരുടെ പഴയ പെട്ടികൾ തപ്പിത്തിരഞ്ഞതിന്റെ ഫലമായിട്ടാണ് പഴകി ദ്രവിച്ചു ഉടഞ്ഞിയ പാതിരിയുടെ പദ്യകൃതികൾ ശേഖരിക്കുവാൻ സാധിച്ചത്.

നല്ല സാഹിത്യവാസനയുള്ള യുവതീ-യുവാക്കന്മാർ ഇന്ന് ക്രിസ്ത്യൻ സമുദായത്തിൽ വിരളമല്ല-പക്ഷേ, പ്രോത്സാഹനത്തിന്റെ അഭാവംകൊണ്ട് അവരുടെ വാസന മുരടിച്ചുപോവുകയാണ്. സമ്പത്തുള്ള ധാരാളം പള്ളികൾ നമുക്കുണ്ട്, വെടിക്കെട്ടിനും മററു അനാവശ്യമായ ആഡംബരങ്ങൾക്കും വാരിക്കോരി പണം ചിലവിടുവാൻ അവർക്ക് തെല്ലും മടിയില്ല. എന്നാൽ ക്രൈസ്തവ സാഹിത്യത്തിന്റെ പ്രോത്സാഹനത്തിനു എന്തെങ്കിലും സംഭാവന ചോദിച്ചാൽ നിരാശതയായിരിക്കും അനുഭവം. ഈ പുസ്തകത്തിന്റെ പുനഃ പ്രസിദ്ധീകരണത്തിനു സാമ്പത്തികമായി എന്നെ സഹായിച്ചിട്ടുള്ള തൃശ്ശൂരിലെ ധർമ്മോദയം കമ്പനി, ദേവമാതാ സി. എം. ഐ. പ്രൊവിൻഷ്യാൾ ഹൌസ്, പാട്ടുരായ്ക്കൽ, ഫാദർ എവുസേബിയസ്, സൌത്ത് ഇൻഡ്യൻ ബാങ്ക്, കൊച്ചിൻ കുറീസ്, ഭാരത ക്ഷേമം എന്നീ സ്ഥാപനങ്ങളോട് ഞാൻ നന്ദി പറയുന്നു.

എന്നാൽ എന്റെ എല്ലാ പ്രതീക്ഷകൾക്കും അതീതമായി എന്നെ സഹായിച്ച ധർമ്മോദയം കമ്പനിയുടെ ബഹു: ചെ

യർമാനോടും, ഡയറക്ടർ ബോർഡ് അംഗങ്ങളോടും എനിക്കുള്ള പ്രത്യേക നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

സംസ്കൃത പദ ബാഹുല്യമുള്ള പാതിരിയുടെ കൃതികൾക്ക് വിപുലമായ ഒരു വ്യാഖ്യാനം എഴുതണമെന്നാണ് ഞാനാദ്യം കരുതിയിരുന്നത്. എന്നാൽ പുസ്തകങ്ങൾക്ക് അസാധാരണമായ വലിപ്പം വരുമെന്നും സാധാരണ ജനങ്ങൾക്ക് അതുകൊണ്ട് വലിയ പ്രയോജനം സിദ്ധിക്കയില്ലെന്നും നേരെമറിച്ച് ഓരോ ഈരടികളുടെയും അർത്ഥം തനി മലയാളത്തിൽ ചെയ്താൽ മതിയെന്നും പലരും ഉപദേശിച്ചതുകൊണ്ടാണ് അപ്രകാരം ചെയ്തത്. അതുകൊണ്ട് ഗദ്യരൂപത്തിൽ കൊടുത്തിരിക്കുന്ന അർത്ഥത്തോടുകൂടി പദ്യം വായിച്ചാൽ പാതിരിയുടെ ആശയം ആർക്കും നിഷ്പ്രയാസം ഗ്രഹിക്കുവാൻ സാധിക്കും.

പ്രൗഢഗംഭീരമായ ഒരു അവതാരികകൊണ്ട് ഈ കൃതിയെ അലങ്കരിച്ച ഡോ: ചുമ്മാർ, ചൂണ്ടൽ അവർകളോടും, സാഹിത്യ ശിരോമണി നെല്ലുവായി കെ. നീലകണ്ഠൻ നമ്പീശൻ അവർകളോടും, അദ്ദേഹത്തിന്റെ സഹപ്രവർത്തകരോടും ഞാൻ ഹൃദയപൂർവം നന്ദി രേഖപ്പെടുത്തുന്നു.

(ഒപ്പ്)

പഴുവിൽ
26-12-1982

ഫാ: എസ്. തേർമഠം (M.O.L.)

അവതാരിക

അർണ്ണോസ് പാതിരിയും മഹാകവി തേർമഠവും

ഡോക്ടർ ചുമ്മാർ ചൂണ്ടൽ M. A. Phd

1 മഹാകവി ഫാദർ തേർമഠം (എം. കെ. എൽ.) പ്രസാധനം ചെയ്യുന്ന "അർണ്ണോസ് പാതിരിയുടെ പദ്യ കൃതികൾ" എന്ന പുസ്തകത്തിന് എന്റെ ഒരവതാരിക ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കവി, ഗദ്യകാരൻ, നാടകകൃത്ത് സർവ്വോപരി സുപ്രസിദ്ധവാഗ്മി എന്ന നിലകളിൽ പ്രശോഭിക്കുന്നു. ഫാദർ തേർമഠത്തിനെ കേരളീയർക്ക് പരിചയപ്പെടുത്തുക മാത്രമാണ് ഞാനീ അവതാരികകൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ.

ഇള്ളിവപ്പൂരിന്റെ സാംസ്കാരിക പ്രാധാന്യം രണ്ടര നൂറ്റാണ്ടിനു മുമ്പ് കണ്ടറിഞ്ഞ വിദേശീയ പണ്ഡിതനായിരുന്നു അർണ്ണോസ് പാതിരി. അദ്ദേഹം ലത്തീൻഭാഷയിൽ ഇള്ളിവപ്പേരൂർ സർവ്വകലാശാല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പാതിരി സംസ്കൃതവും വേദശാസ്ത്രങ്ങളും പഠിച്ചത് ഇള്ളൂരിലും പരിസരങ്ങളിലും വച്ചുതന്നെയായിരുന്നു. വേലൂർ പള്ളിമുറ്റത്ത് പാതിരി താമസിച്ചിരുന്നതായ കെട്ടിടവും, പഴുവിൽ പള്ളിയിലെ സ്മാരകശിലയും, സത്യക്രിസ്ത്യാനികൾ മരണസമയത്തും, പെസഹാ കാലത്തും പാടാറുള്ള 'പുത്തൻപാന'യിലെ ഈരടികളുമാണ് അർണ്ണോസ് പാതിരിയുടെ സ്മരണ നിലനിർത്തുന്നതെന്ന് പറയാം.

പാതിരി ആദ്യത്തെ നിഘണ്ടുകാരനായിരുന്നു: മലയാളം പോർട്ടുഗീസ് നിഘണ്ടുവാണദ്ദേഹം രചിച്ചത്. പാതിരി സംസ്കൃതം പഠിച്ച യൂറോപ്യന്മാരിൽ അഗ്രഗണ്യനായിരുന്നുവെന്ന് മാക്സ്മുള്ളറുടെ വരികൾ സാക്ഷ്യം വഹിക്കുന്നു: "തന്റെ സമകാലീനന്മാരേക്കാൾ വ്യുത്പത്തി സമ്പാദിച്ച ഒരു സാക്ഷാൽ സംസ്കൃതപണ്ഡിതൻ."

കേരളത്തിലെ ക്രൈസ്തവ പുരോഹിതന്മാർക്ക് സംസ്കൃത പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കിക്കൊടുത്ത അർണ്ണോസ് പാതിരിക്ക് കുറെ ശിഷ്യന്മാരെ പിന്നീട് ലഭിക്കുകയുണ്ടായിട്ടുണ്ട്; ഒന്നുരണ്ടു നൂറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും ഫാദർ എസ്. തേർമഠം, ഫാദർ ജോൺ കുന്നപ്പിള്ളി, ഡോ. ജെ. കട്ടയ്ക്കൽ തുടങ്ങിയവർ. വൈദികപഠനപദ്ധതിയിലെ ഭാഷാപഠനത്തിൽ സംസ്കൃതം ഉൾപ്പെടുത്തിയിരുന്നു. അടുത്തകാലംവരെ. ഗ്രീക്കും ലാററിനും പഠിക്കുന്നവർക്ക് സംസ്കൃതം ബാലികേറാമലയായിരുന്നില്ലതാനും.

ഇട്ടിവരപേരൂർ തട്ടകത്ത്-വേലൂരും പാവറട്ടിയിലും, പഴുവിലും മററ് പരിസരപ്രദേശങ്ങളിലുമായി സർഗവ്യാപാരം നടത്തിയ രണ്ടു പാതിരിമാരും ജീവിതത്തിന്റെ വിഭിന്നസന്ധികളിൽ മുഖാമുഖം നടത്തുന്നുണ്ട്. അർണ്ണോസും തേർമഠവും കാവ്യപഥത്തിൽ സഞ്ചരിച്ച അപൂർവ്വ സഹോദരന്മാരാണ്.

അനുഗൃഹീത വാഗ്മി–

വള്ളത്തോൾ, ഉള്ളൂർ, പള്ളത്തു രാമൻ തുടങ്ങിയ മഹാകവികളും, കെ. എം. ചെറിയാൻ മുണ്ടശേരി തുടങ്ങിയ സുപ്രസിദ്ധ സാഹിത്യകാരന്മാരും സന്നിഹിതരായിരുന്ന കോട്ടയം സാഹിത്യപരിഷത്തിൽ വെച്ച്, പദ്യസാഹിത്യത്തിലെ ആധുനിക പ്രവണതകൾ എന്നവിഷയത്തെപ്പററി മഹാകവി തേർമഠം ചെയ്ത പ്രസംഗമാണ് അദ്ദേഹം അനുഗൃഹീത വാഗ്മിയാണെന്നു കേരളം മനസ്സിലാക്കിയതു്. കോഴിക്കോട്ട് തലശ്ശേരി, തൃശ്ശൂർ, ഇരിങ്ങാലക്കുട എന്നീ രൂപതകളിൽ അദ്ദേഹത്തിന്റെ പ്രസംഗം അലയടിക്കാത്ത ഒരൊററ ഇടവകപോലും ഉണ്ടാകുമെന്നു തോന്നുന്നില്ല. അനേകായിരങ്ങളെ മണിക്കൂറുകളോളം പിടിച്ചിരുത്തുവാൻ ഗംഗാപ്രവാഹംപോലെ ഒഴുകുന്ന അദ്ദേഹത്തിന്റെ വാഗ്ധോരണിക്ക് കഴിവുണ്ട്, "ഫാദർ തേർമഠത്തിനെ കുത്തിക്കൊല്ലുവാൻ കഠാരിയുമായി പാഞ്ഞടുക്കുന്നവൻ, തേർമഠത്തിന്റെ പ്രസംഗം കേട്ടാൽ കഠാരി വലിച്ചെറിഞ്ഞു വന്നവഴിക്ക് പോകുമെന്ന പരേതനായ ആലപ്പാട്ട് മെത്രാൻ തിരുമനസ്സുകൊണ്ടു ഒരിക്കൽ പ്രസ്താവിച്ചതായി കേട്ടിട്ടുണ്ട്.

ജീവചരിത്രകാരൻ

മാർക്കോപോളോ, അലക്സാണ്ടർ, ഫ്ളോറൻസ് നൈറ്റിൻ ഗെയിൽ, ബാലഗംഗാധരതിലകൻ. ജൂലിയസ് സീസർ നെപ്പോളിയൻ, മഹാദേവ് ഗോവിന്ദറാനഡെ തുടങ്ങിയ സ്വദേശീയരും വിദേശീയരുമായ ആദർശരത്നങ്ങളുടെ ജീവചരിത്രങ്ങൾ മൂന്നു ഭാഗങ്ങളിലായി 1954-55 കാലഘട്ടങ്ങളിൽ മഹാകവി തേർമഠം പ്രസിദ്ധീകരിക്കുകയുണ്ടായി. മദിരാശി ഗവൺമെന്റിന്റെ പാഠപുസ്തകങ്ങളായിട്ടംഗീകരിച്ച കൃതികളായിരുന്നു അവ. അമ്മറാണി എന്നൊരു ജീവചരിത്ര കൃതിയും, പരേതനായ ബിഷപ്പ് ജോർജ്ജ് ആലപ്പാട്ടിന്റെ ജീവചരിത്ര (രണ്ടു ഭാഗങ്ങൾ) വും അദ്ദേഹം എഴുതിയിട്ടുണ്ട്. കൂടാതെ അസ്സീസ്സിയിലെ സന്യാസി, പാരീസിലെ ലില്ലിപുഷ്പം ത്യാഗവീരൻ, ധർമ്മധീരൻ, ലോകഗുരു തുടങ്ങിയ ജീവചരിത്രപരമായ ഗദ്യകൃതികൾ പ്രചാരം നേടിയ അദ്ദേഹത്തിന്റെ ഇതരകൃതികളാണ്. മഹാകവി തേർമഠം ഒമ്പതാം ക്ലാസ്സിൽ പഠിക്കുമ്പോൾ എഴുതിയ കൃതിയാണ് പാരീസിലെ ലില്ലിപുഷ്പം. ചരിത്രം തിരുത്തിയെഴുതിയ മഹാന്മാരുടെ ജീവചരിത്രം വായിക്കുന്ന സ്വഭാവം ചെറുപ്പത്തിൽത്തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു.

നാടകകൃത്ത്

ഫാദർ തേർമഠത്തിന്റെ കണ്ണീരിന്റെ പുത്രി, വേലക്കാരൻ എന്നീ സാമൂഹ്യനാടകങ്ങൾ കാൽനൂറ്റാണ്ടിനുമുമ്പ് പള്ളിമുറ്റങ്ങളിലെ അരങ്ങുതകർത്ത നാടകങ്ങളായിരുന്നു. രംഗബോധമുള്ള ഒരു നാടകകൃത്താണെന്ന് വിളിച്ചറിയിക്കുന്ന കൃതികളാണവ ലൂർദ്ദ് മാതാവ് 1954) എന്നൊരു നാടകവും രചിച്ചിട്ടുണ്ട്.

ഇപ്പോഴിതാ പഴയ നാടകത്തിലെയും പുതിയ നിയമത്തിലെയും സംഭവപരമ്പരകളെ തെരഞ്ഞെടുത്ത് നൂറോളം രംഗങ്ങളിലായി ബൃഹത്തായ ബൈബിൾ നാടകം രചിച്ചിരിക്കുന്നു. ബൈബിൾ പഠിച്ചും പ്രസംഗിച്ചും അരച്ചുകുടിച്ച വൈദിക പണ്ഡിതന്റെ അരങ്ങിലെ മഹാകാവ്യമായിരിക്കുമിതെന്ന പ

റയാം. ബൈബിൾ നാടകത്തിന്റെ അവസാന മിനുക്കുപ്പണികൾ നടത്തിക്കൊണ്ടിരിക്കുകയാണു്. നാടകീയ മുഹൂർത്തങ്ങളുള്ള ചരിത്രകഥകളെ ചാട്ടുളിപോലെ തുളച്ചുകയറുന്ന കൊച്ചുകൊച്ചുവാചകങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നു. ബൈബിൾ സംബന്ധമായ മററു ഇംഗ്ലീഷ് നാടകങ്ങൾ അദ്ദേഹം വായിച്ചിട്ടില്ല, പ്രഖ്യാതങ്ങളായ ചലച്ചിത്രങ്ങൾ കണ്ടിട്ടുപോലുമില്ല. യൂറോപ്പിലുള്ളവരുടെ കൃതികളോടൊട്ടും കടപ്പാടില്ലാതെ സ്വതന്ത്രമായി ബൈബിൾ ചരിത്രത്തിന്റെ സമ്പൂർണ്ണനാടകാവിഷ്കരണം മഹാകവി തേർമഠം പൂർത്തിയാക്കിയതു്. മലയാളനാടകത്തിന്റെ ശതാബ്ദിയാഘോഷിക്കുന്ന കാലഘട്ടത്തിലെ ഒരു സംഭവമായിരിക്കും.

വിലാപകാവ്യം

കേരളത്തിലെ ചരിത്രബോധമുള്ള പണ്ഡിതന്മാരായ ക്രൈസ്തവ മതാദ്ധ്യക്ഷന്മാരിൽ കേസരിയായിരുന്ന പരേതനായ വാഴപ്പിള്ളി മെത്രാൻ. തേർമഠത്തിന്റെ സദ്വാസനകളെ വളർത്തിയെടുക്കുവാൻ ആത്മാർത്ഥതയോടെ സഹായിച്ച വാഴപ്പിള്ളി ബിഷപ്പിന്റെ വേർപാടു് വിലാപകാവ്യമായി അക്ഷരങ്ങളിലൂടെ ഒഴുകി അച്ചുകൂടത്തിലൂടെ പുറത്തുവന്നതാണു് അന്ത്യഹാരം. 1943-ലാണു് ആ കൃതി പ്രസിദ്ധീകരിച്ചതു്. പള്ളത്തു രാമന്റെ പ്രൌഢമായ അവതാരികയും കെ. എസ്സ്. ശർമ്മയുടെ ടിപ്പണിയും ആ കൃതിയെ അർത്ഥസമ്പുഷ്ടമാക്കി.

“അന്ത്യഹാരം” എഴുതിക്കഴിഞ്ഞു മഹാകവി വള്ളത്തോളിനെ കാണിച്ചപ്പോൾ, “പാതിരി ഇതുപോലെ കവിതയെഴുതുമോ” എന്നു് മഹാകവി അത്ഭുതപ്പെട്ടു് മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തിട്ടുള്ളതു് പറഞ്ഞുകേട്ടിട്ടുണ്ടു്. ബഹുമുഖപ്രതിഭാധനനായിരുന്ന വാഴപ്പിള്ളി മെത്രാന്റെ ജീവിതകഥാലേഖനം ചെയ്ത ഈരടികൾ ചൊല്ലുമ്പോൾ മഹാകവി തേർമഠത്തിന്റെ കണ്ണുകൾ നനയാറുണ്ടു്.

പീഡനങ്ങളേററു് മുന്നാണികളിൽ മരക്കുരിശിൽ പിടഞ്ഞുപിടഞ്ഞു മരിയ്ക്കുന്ന ഓമനപുത്രനെ നോക്കി ഇടനെഞ്ഞു പൊട്ടി വിലപിക്കുന്ന അമ്മയുടെ അവിസ്മരണീയമായ വികാ

തീവ്രമായ രംഗമാണ്‌ "കുരിശിൻചുവട്ടിലെ മേരി"യിൽ തേർമാം ചിത്രീകരിച്ചിട്ടുള്ളതും. അക്ഷരങ്ങൾക്ക വിവരിക്കയാൻ ശക്തിയുണ്ടോ എന്ന്‌ അദ്ദേഹത്തിന്റെ വിലാപഗീതങ്ങൾ വായനക്കാരനെ ഉണർത്തുന്നു.

മഹാകാവ്യം

കഴിഞ്ഞ അഞ്ചു കൊല്ലക്കാലമായി ഫാദർ തേർമാം മേരീവിജയം എന്ന മഹാകാവ്യത്തിന്റെ പണിപ്പുരയിലായിരുന്നു 21 സർഗ്ഗങ്ങളിലായി രണ്ടായിരത്തി അഞ്ഞൂറോളം ശ്ലോകങ്ങളെക്കൊണ്ട്‌ പുതിയ നിയമത്തിൽ പരാമർശിച്ചിട്ടുള്ള മേരിയുടെയും ക്രിസ്തുവിന്റെ അപദാനങ്ങളെയും കുറിച്ച്‌ വിപുലമായ കാൻവാസിൽ ഒരു മഹാകാവ്യം എഴുതി പൂർത്തിയാക്കി. അതിന്റെ അച്ചടിയും ഏറെക്കുറെ തീർന്നുവെന്ന്‌ പറയാം

ശബ്ദാർത്ഥങ്ങൾക്ക തുല്യഭംഗിയുള്ള_അസൂയാവഹമായ രചനാ രാമണീയകംകൊണ്ടു_ഉല്ലേഖകല്ലോലിതവും ഉൽപ്രേക്ഷ കല്പനാ വിചിത്രവുമായി ഒന്നാം കിടയിൽ നില്ക്കുന്ന_വൈചാരികവും വൈകാരികവുമായ സത്തയിൽ പ്രകാശമാനമായ കൃതിയെന്നാണ്‌ പണ്ഡിത മഹാകവിയായ ടി. ആർ. നായർ അവതാരികയിൽ രേഖപ്പെടുത്തിയിട്ടുള്ളതു്‌. ക്രിസ്തുമതസംബന്ധികളായ കാവ്യങ്ങളിൽ വാഗ്മയ വൈദഗ്ദ്ധ്യംകൊണ്ടും മഹത്വംകൊണ്ടും കാരണവസ്ഥാനം ശ്രീയേശു വിജയത്തിന്നാണെങ്കിൽ മേരീവിജയം ഉമാകേരളത്തിന്റെ ഒരു കനിഷ്ഠസഹോദരിയാകാൻ അർഹതയുണ്ടു്‌. അര നൂററാണ്ടു കാലമായി മഹാകവി തേർമാത്തിന്‌ മനസ്സിൽ ഉറഞ്ഞുകൂടിക്കിടന്നിരുന്ന ഒരാശയമായിരുന്നു_കന്യകാമറിയത്തെക്കുറിച്ചു ഒരു മഹാകാവ്യം രചിക്കുക എന്നുള്ളതു്‌. ആ ചിരകാല സ്വപ്നം നിറവേററിയതോടെ ക്രൈസ്തവ ജനതക്കും ഭാഷക്കും ഒരമൂല്യസംഭവം ലഭിക്കുകയും ചെയ്തു.

അർണ്ണോസ്‌ പാതിരിയുടെ കൃതികൾ

മലയാളത്തിൽ ഏററവും കൂടുതൽ വിററഴിഞ്ഞിട്ടുള്ളതും പ്രചാരം നേടിയതുമായ എഴുത്തച്ഛന്റെ രാമായണ ഭാരത കൃതികൾ കഴിഞ്ഞാൽ അടുത്ത സ്ഥാനം വിദേശ മിഷനറിയാ

യിരുന്ന അൎണ്ണോസ് പാതിരിയുടെ 'പുത്തൻപാന' യാണെന്ന് പറയാം. ഭാഷയിലെ ആദ്യത്തെ വിലാപകാവ്യവുമതാണല്ലോ. പാതിരിയുടെ മലയാള കൃതികൾ തേടിപ്പിടിച്ച്

സംശോധിത പാഠം തെയ്യാറാക്കി മഹാകവി തേൎമഠം സ്വന്തമായി പ്രസാധനം ചെയ്തിരിക്കുന്നു. പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കടലുതാണ്ടി ഇന്ത്യയിലെത്തി, തൃശ്ശൂരിലെ ബ്രാഹ്മണരിൽ നിന്ന് സംസ്കൃതം പഠിച്ച്, വേലൂരിൽ താമസിച്ച് കാവ്യങ്ങൾ രചിച്ച് പഴുവിൽ വന്ന് മരിച്ചുപോയ അൎണ്ണോസ് പാതിരി (1681–1732) ക്ക് ശാശ്വത സ്മാരകം നിൎമ്മിക്കുന്നതു്, പാവറട്ടി സംസ്കൃത വിദ്യാപീഠത്തിൽ നിന്ന് സംസ്കൃതത്തിൽ ഉന്നത ബിരുദമെടുത്തു് അര നൂറ്റാണ്ടിലേറെ കാലം സാഹിത്യ സേവനമനുഷ്ഠിച്ച സംസ്കൃത ചിത്തനായ് മറ്റൊരു കത്തോലിക്കാ വൈദികനാണ്. വിദേശിയനായ ഒരു കവിക്ക് നാട്ടുക്രിസ്ത്യാനിയായ ഒരു മഹാകവിയുടെ തിരുമുല്ക്കാഴ്ച—അതാണ് ഫാദർ തേൎമഠം കാഴ്ചവെയ്ക്കുന്ന അൎണ്ണോസ് പാതിരിയുടെ പദ്യകൃതികൾ.



അർണ്ണോസ്സ് പാതിരിയെക്കുറിച്ച്—

യശശ്ശരീരനായ അർണ്ണോസ്സ് പാതിരി മലയാള സാഹിത്യ നഭോമണ്ഡലത്തിൽ വിദേശീയരുടെ ഗണത്തിൽ ഒരുജ്ജ്വലതാരകമാണ്. വിദേശത്ത് നിന്ന് കേരളക്കരയിലെത്തി മലയാളവും സംസ്കൃതവും അഭ്യസിച്ചുകൊണ്ട് മലയാള സാഹിത്യത്തിൽ പ്രത്യേകിച്ച് പദ്യശാഖയിൽ വിശിഷ്ട ഗ്രന്ഥങ്ങളെഴുതി ക്രൈസ്തവ സമുദായത്തെ സമുദ്ധരിക്കുവാൻ അർണ്ണോസ്സ് പാതിരി പരിശ്രമിച്ചതോർക്കുമ്പോൾ ആരാണ് അദ്ദേഹത്തെ വിസ്മരിക്കുക. 1982 മാർച്ച് 20-ാം-ന്നു് മലയാളഭാഷയ്ക്കും സംസ്കൃതത്തിനും അവിസ്മരണീയമായ സംഭാവനകൾ നല്കിയ അർണ്ണോസ്സ് പാതിരി അന്തരിച്ചിട്ട് ഇരുനൂറ്റിഅമ്പതു് കൊല്ലം തികയുകയാണ്. ഈ സന്ദർഭത്തിൽ അദ്ദേഹത്തെ സ്മരിക്കേണ്ടതു് കേരളീയരുടെയും പ്രത്യേകിച്ച് കേരള ക്രിസ്ത്യാനികളുടെയും കർത്തവ്യമാണ്.

അർണ്ണോസ്സ് പാതിരി എന്നു് മലയാളത്തിൽ അറിയപ്പെടുന്ന ഈ പാതിരിയെൻ ഹംഗറി ദേശക്കാരനായിരുന്നു. ഹംഗറി അന്നു് ജർമ്മൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നതുകൊണ്ട് പാതിരി ജർമ്മൻകാരനാണെന്നു പറയുന്നവരും ഉണ്ടു്. ഏർണ്ണസ്റ്റ് ഹാൻക്സിലേഡൻ എന്നായിരുന്നു അദ്ദേഹത്തിന്റെ സാക്ഷാൽ പേര്. 1681 ൽ ഓസ്നാബ്രൂക്കിൽ ജനിച്ച അദ്ദേഹം 1699 ഒക്ടോബർ 8-ാം- വെബ്ബർ, മേയർ, ഫാദർ ഷില്ലിംഗർ എന്നീ വൈദികരോടുകൂടി ഇന്ത്യയിലേക്കു പുറപ്പെട്ടു. അവരുടെ റോവിസ്സ് മാറ്റർ ഫാദർ വില്യം ആയിരുന്നു. 20-ാമത്തെ വയസ്സിൽ, 18-ാം നൂറ്റാണ്ടിന്റെ ആരംഭ ദശയിൽ കേരളത്തിൽ എത്തിച്ചേർന്ന അർണ്ണോസ്സ് പാതിരി അമ്പഴക്കാട്ട് ആശ്രമത്തിലാണ് ആദ്യമായി താമസമുറപ്പിച്ചതു്. അദ്ദേഹം ഒരു ഈശോസഭാ സന്ന്യാസി വൈദികനായി പൗരോഹിത്യപട്ടം സ്വീകരിച്ചതു് അവിടെവെച്ചു് തന്നെയായിരിക്കണം. പാതിരിയുടെ ആഗമനകാലത്തു് കേരളത്തിലെ കത്തോലിക്ക സഭാന്തരീക്ഷം കലഹം കൊണ്ടും നിറഞ്ഞതായിരുന്നു. പോർച്ചുഗീസുകാരുടെ ആഗമനത്തിനു മുമ്പു് പാപ്പായുടെ അംഗീകാരത്തോടു കൂടി ബാബേൽ പാത്രിയാർക്കീസുമാരായിരുന്നു കേരള സഭയുടെ ഭരണകർത്താക്കൾ. 1599 ൽ നടന്ന ഉദയംപേരൂർ സൂനഹദോസു മൂലം കേരള സഭയിൽ സമൂലമായ മാറ്റം സംഭവിച്ചു. തന്മൂലം കേരള സഭയെ ബാബേൽ പാത്രിയാർക്കീസുമാരുടെ ഭരണത്തിൽനിന്നു് വേർപെടുത്തി പോർച്ചുഗീസുകാരുടെ ആധിപത്യത്തിലാക്കി. 1600 ൽ ഫ്രാൻസിസ് റോസ് പോർച്ചുഗീസുകാരനായ ഒരു ഈശോ സഭാംഗം സുറിയാനിക്കാരുടെ മെത്രാനായി നിയമിക്കപ്പെട്ടു. കൽദായ സുറിയാനി റീത്ത് മാറ്റി ലത്തീൻ റീത്ത് സ്വീകരിക്കുവാൻ ആരംഭിച്ചു. ഇതോടു് കൂടി റീത്ത് സംവാദങ്ങളും

ഉടനുണ്ടായി. സുറിയാനി ക്രിസ്ത്യാനികൾ ഒരിക്കലും പോർച്ചുഗീസുമെത്രാന്മാരുടെ മർദ്ദന നയവും വിശ്വസിക്കുവാനും എതിർക്കുവാനും ഇടങ്ങിയിരുന്ന കാലഘട്ടമായിരുന്നു. പോർച്ചുഗീസുകാരായ ഈശോ സഭക്കാർക്ക് അധീനമായി വർത്തിക്കയില്ലെന്ന് ഉറക്കെ പ്രഖ്യാപിച്ച 'കൂനൻ കുരിശു സത്യം' ചരിത്ര പ്രസിദ്ധമാണല്ലോ. കലങ്ങിമറിഞ്ഞിരുന്ന സാഹചര്യത്തിൽ കേരള പ്രവേശനത്തിന് വിദേശീയർക്കുണ്ടായിരുന്ന തടസ്സങ്ങൾ 1698-ാമാണ്ടോടുകൂടി നീങ്ങിയപ്പോൾ കർമ്മലീത്ത വൈദികന്മാർ വീണ്ടും കേരളത്തിൽ വന്ന് സുറിയാനിക്കാരുടെ പുനരൈക്യ പ്രവർത്തനത്തിന് ആരംഭമിട്ടു. 1700 ൽ കർമ്മലീത്താ വൈദികരിൽ ഒരാളായ ആൻജെല്ലൂസ് ഫ്രാൻസീസ് കേരളത്തിലെ വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. അങ്ങനെയാണ് കൊടുങ്ങല്ലൂർ രൂപതയിൽനിന്ന് വരാപ്പുഴ ഒരു സ്വതന്ത്ര കേന്ദ്രമായിത്തീർന്നത്. കൊച്ചിരാജാവ് കരമൊഴിവായി നല്കിയ സ്ഥലത്ത് (വരാപ്പുഴ) രാജാവിന്റെ അനുമതിയോടുകൂടി ഒരു ദേവാലയവും സെമിനാരിയും അവർ സ്ഥാപിച്ചു. അന്നുമുതൽ കൊടുങ്ങല്ലൂർ രൂപതയെ വരാപ്പുഴയെന്നും കൊടുങ്ങല്ലൂർ എന്നും രണ്ടു രൂപതകളായി തിരിച്ചത്. പോർച്ചുഗീസ് ഈശോസഭക്കാരുടെ മെത്രാസനാധികാരം കൊടുങ്ങല്ലൂർ കേന്ദ്രമാക്കിയും റോമിൽനിന്ന് നേരിട്ട് ഭരണം നടത്തുന്നതിന് കർമ്മലീത്താ വൈദികന്മാർ വരാപ്പുഴ കേന്ദ്രമാക്കിയും ഭരണം നടത്തിപ്പോന്നു. ഈശോസഭക്കാർ നടത്തിയിരുന്ന ഭരണത്തെ പാദ്രുവാദോ ഭരണമെന്ന് പറയുന്നു. കൊടുങ്ങല്ലൂർ പട്ടണം ഡച്ചുകാരുടെ ആക്രമണത്തിന് അധീനമായപ്പോൾ സാമൂതിരി രാജാവിന്റെ കൈവശമുണ്ടായിരുന്ന പുത്തൻചിറയിൽ താമസിച്ച് കൊടുങ്ങല്ലൂർ രൂപതയെ ഭരിച്ചുകൊണ്ടിരുന്നു. 1701 ൽ കൊടുങ്ങല്ലൂർ രൂപതയുടെ ഭരണം മാർ ജോൺ റിബെയ്റോ എന്ന പോർച്ചുഗീസ് മെത്രാനാണ് ഭരണം ഏറ്റെടുത്തിരുന്നത്. അദ്ദേഹം അധികകാലം അമ്പഴക്കാട്ട് താമസിച്ചിട്ടുണ്ട്.

(തൃശ്ശൂർ രൂപത ജൂബിലി സോവനീറിൽനിന്ന്.)

അദ്ദേഹത്തിന്റെ കാലത്താണ് അർണ്ണോസ് പാതിരി അമ്പഴക്കാട്ട് എത്തിച്ചേർന്നത്.

പുത്തൻചിറ വന്നു എന്നു പറയുന്നതിൽ തർക്കത്തിന് ഇടയില്ല. പുത്തൻചിറയിലും അമ്പഴക്കാട്ടും വെച്ച് ഓരോ വസ്തുക്കളെ ചോദിക്കും തൊട്ടുകാണിച്ച് ആദ്യമായി മലയാളം പഠിച്ചെന്നാണ് പാരമ്പര്യം. അമ്പഴക്കാട്ട് നിന്ന് അദ്ദേഹം പല സ്ഥലങ്ങളിലും പോയി ക്രൈസ്തവരുടെ ആത്മീയ ഉന്നമനത്തെ ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്നെന്ന് അദ്ദേഹത്തെ കുറിച്ച് പഠിക്കുമ്പോൾ കൂടുതൽ മനസ്സിലാക്കുവാൻ കഴിയുന്നുണ്ട്. പുത്തൻചിറയിൽനിന്ന് വേലൂർക്ക് പോരുന്നതിന് അദ്ദേഹത്തെ കുറിച്ച് ഒരു

ഐതിഹ്യം പറയപ്പെടുന്നു. അദ്ദേഹത്തിന് ഉദരരോഗമുണ്ടായി. വളരെ വൈദ്യം ചെയ്തു് ഒടുവിൽ ഒരു വൈദ്യന്റെ നിർദ്ദേശാനുസരിച്ച് 'കറുപ്പ്' തിന്നാൽ ഭേദമാകുമെന്ന് കേട്ടപ്പോൾ ധാരാളം കറുപ്പ് കിട്ടുവാൻ സാദ്ധ്യതയുള്ള വേലൂക്ക് പോന്നുവെന്നതാണ് ആ ഐതിഹ്യം. അങ്ങനെയാണ് "വെളുത്ത പാതിരി കറുപ്പിന് വിധേയമായതു്."

കേരളത്തിലെ സാധാരണ ജനങ്ങളിൽ ക്രൈസ്തവ മതസിദ്ധാന്തങ്ങളെ ആഴത്തിൽ പതിപ്പിക്കുവാൻ ഭാഷാജ്ഞാനമില്ലാതിരുന്നതു ഒരു പോരായ്മയായി അദ്ദേഹത്തിനു തോന്നി. അത് പരിഹരിക്കുവാൻ അദ്ദേഹം ഭാഷയും അക്കാലത്ത് നിലവിലുള്ള സംസ്കൃതവും പഠിക്കുവാൻ പ്രേരിതനായി. ആധുനിക മലയാളത്തിന്റെ പിതാവെന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന എഴുത്തച്ഛന്റെ കൃതികൾ നിറഞ്ഞ സമുദായത്തിലെ കുടുംബാംഗങ്ങൾ സന്ധ്യാസമയത്ത് ഭക്തിനിർഭരം പാരായണം ചെയ്യുന്നത് കേൾക്കുകയും കാണുകയും ചെയ്തിരുന്ന അദ്ദേഹത്തിന് കൂടുതൽ അഭിനിവേശം നല്കുകയുണ്ടായിട്ടുണ്ട്. ആഗ്രഹങ്ങൾ കലശലായപ്പോൾ മലയാളഭാഷയും സംസ്കൃതവും പഠിക്കുവാൻ അമ്പഴക്കാട്ട്നിന്ന് കേരളത്തിലെ പണ്ഡിതന്മാരുടെ കേന്ദ്രസ്ഥാനമായി കഴിയുന്ന തൃശിവപേരൂർ പട്ടണത്തിന്റെ പരിസരപ്രദേശമായ വേലൂർ വന്നുവെന്ന് അനുമാനിക്കുന്നതാണ് ഏറ്റവും യോജിക്കുന്നതു്. അവിടെ ഒരു പള്ളി സ്ഥാപിക്കുവാൻ പരിശ്രമിച്ചപ്പോൾ പല പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടി വന്നെങ്കിലും ശൗരിയാർ പുണ്യവാന്റെ പ്രത്യേക അനുഗ്രഹത്താൽ അതു സാധിച്ചു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ നാമത്തിൽ പള്ളി സ്ഥാപിതമായതു്.

വേലൂരുള്ള താമസകാലഘട്ടത്തിൽ എഴുത്തച്ഛന്റെ ശിഷ്യന്മാരും കൂടാതെ സംസ്കൃത പണ്ഡിതന്മാരായ നമ്പൂതിരിമാരും ആ ദിക്കിലുണ്ടായിരുന്നു. അവരുടെ പരിചയം സമ്പാദിക്കുവാൻ പാതിരിക്ക് കുറെ വിഷമങ്ങൾ ഉണ്ടായി. ആദ്യകാലത്ത് നമ്പൂതിരിമാർക്ക് ഈ വെള്ളക്കാരനെ കുറിച്ച് അല്പം നീരസവും അധികം സംശയവുമുണ്ടായതിനാൽ സംസ്കൃതം പഠിക്കുന്നതിനുള്ള ഉത്കൃഷ്ടഗ്രന്ഥങ്ങൾ കൈയ്യിൽ കൊടുക്കുന്നതിന് അവർ ഒട്ടും മനസ്സായില്ല. എങ്കിലും ഒടുവിൽ അങ്കമാലിയിലുള്ള കുഞ്ഞൻ എന്നും കൃഷ്ണൻ എന്നും പേരായ രണ്ട് നമ്പൂതിരിമാർ പാതിരിയെ യഥാർത്ഥമായി സഹായിക്കുവാൻ തയ്യാറായി. അവർ അദ്ദേഹത്തിന് താളിയോലയിൽ എഴുതിയ സിദ്ധരൂപം മുതലായ സംസ്കൃത വ്യാകരണകൃതികളും മഹാഭാരതം മുതലായ കാവ്യഗ്രന്ഥങ്ങളും നല്കി പ്രോത്സാഹിപ്പിച്ചു. മലയാള

ത്തിലുള്ള എഴുത്തച്ഛന്റെ കൃതികൾ അദ്ദേഹം ആദ്യംതന്നെ ഹൃദ്യസ്ഥമാക്കിയിരിക്കണം. വളരെക്കാലത്തെ അദ്ധ്യയനത്തിന്റെ ശേഷം രണ്ടു ഭാഷകളിലും സാമാന്യം വ്യുല്പന്നനായിത്തീർന്നു. പിന്നീട് അദ്ദേഹം ഈ രണ്ടു ഭാഷകളിലും കാവ്യകൃതികൾ എഴുതി തുടങ്ങി. "അർണ്ണോസ്സ് പാതിരി സ്മാരകം വായനശാല" പഴയൂർ പി. ഒ. പഴുവിൽ കൊച്ചിൻ സ്റ്റേറ്റിൽ പ്രസിദ്ധം ചെയ്തിരുന്ന "അർണ്ണോസ്സ് പാതിരി" എന്ന ഗ്രന്ഥത്തിൽ 23 പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അർണ്ണോസ്സ് പാതിരി വേലൂർ താമസമാക്കി പാർത്തുവെങ്കിലും കൃതികൾ മിക്കതും പഴയൂർ പള്ളിയിൽ ഇരുന്നാണ് എഴുതിയിട്ടുള്ളതെന്നു പഴമക്കാർ പറയുന്നു. കാരണം നമ്പൂതിരി ഇല്ലക്കാർക്ക് അർണ്ണോസ്സിനെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുന്നതിന് പല കാരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരിക്കൽ ഞായറാഴ്ച പള്ളിയിൽ പോകാതെ മീൻ പിടിച്ചിരുന്ന ഒരു ക്രിസ്ത്യാനിയെ അർണ്ണോസ് പാതിരി ശകാരിക്കുകയുണ്ടായി. ശകാരമേറ്റവൻ നമ്പൂതിരി ഇല്ലത്തിന്റെ പണിക്കാരുടെ കുടുംബത്തിലെ അംഗമായിരുന്നതിനാൽ നമ്പൂതിരിയെ വിവരം ബോധിപ്പിച്ചതിനാൽ അർണ്ണോസിനോട് വിരോധം തോന്നാൻ മറ്റ് ഒരു വഴി വേണമെന്നില്ല. കൂടാതെ വേറൊരു ദിവസം വലിയ പ്രീതിക്കുവേണ്ടി യാഗം നടത്തിക്കൊണ്ടിരിക്കവേ ക്രിസ്തുവിന്റെ വേഷഭൂഷാദികളോടെ കുതിരപ്പുറത്ത് കയറി യാഗസ്ഥലത്ത് ചെന്ന് യാഗപാത്രമെടുത്തുകൊണ്ടുവന്ന് തന്റെ മുറിയിൽ സൂക്ഷിച്ചു. ചതുരംഗകളിയിൽ പ്രാവീണ്യം നേടിയ അർണ്ണോസ്സ് പാതിരിയോട് കൂടി നമ്പൂതിരിമാർ കളിക്കാറുണ്ടായിരുന്നു. കളിക്കാൻ വന്ന നമ്പൂതിരിയോട് യാഗത്തെക്കുറിച്ച് ചോദിച്ചപ്പോൾ ഭഗവാൻ പ്രസാദിച്ച് മഴപെയ്യുമെന്ന് പറഞ്ഞപ്പോൾ താൻ തലേദിവസം കൊണ്ടു വന്ന യാഗപാത്രം മുറിയിൽനിന്ന് കൊണ്ടുവന്നു കാണിച്ചുകൊടുത്തു. ഇത് കണ്ടപ്പോൾ നമ്പൂതിരിമാരുടെ വിരോധത്തിന് മൂർച്ചകൂടി. മറ്റൊരു ദിവസം സാക്ഷാൽ ക്രിഷ്ണന്റെ രൂപത്തിൽ മറ്റൊരു നമ്പൂതിരി കുടുംബത്തിൽ പ്രവേശിക്കുകയും നമ്പൂതിരി ഇല്ലത്ത് ഇല്ലാതിരുന്നതിനാൽ വീട്ടുകാർ യഥോചിതം സ്വീകരിക്കുകയും ചെയ്തു. നമ്പൂതിരി ഇല്ലത്ത് വന്നപ്പോൾ ഈ വിവരം വീട്ടുകാർ പറഞ്ഞു. നമ്പൂതിരി കാര്യം മനസ്സിലാക്കി ഭ്രഷ്ട് ഭയന്ന് അന്നു രാത്രിതന്നെ സ്ഥലം വിട്ടതായി പറയുന്നു. ഈ ഐതിഹ്യങ്ങൾ ഫാദർ സി. കെ. മറ്റത്തിന്റെ "അർണ്ണോസ്സ് പാതിരിയിൽ" രേഖപ്പെടുത്തിയിട്ടുണ്ട്. നമ്പൂതിരി ഇല്ലക്കാർക്ക് വെറുപ്പ്, ഭ്രഷ്ട് നേടുന്ന കാര്യങ്ങൾ പ്രവർത്തിച്ചു പോന്നിരുന്ന അർണ്ണോസ്സിനോട് നീരസം തോന്നുകയും അദ്ദേഹത്തെ വകവരുത്തു

വാൻ ആഗ്രഹിക്കുകയും ചെയ്തു. അതിന്നുവേണ്ടി നമ്പൂതിരി കുടുംബത്തിലെ പണിയാളുകളായ ക്രിസ്ത്യാനികളെ തന്നെ കരുക്കളാക്കി. ക്രിസ്ത്യാനികളായ അവർ അർണ്ണോസിനെ കൊല്ലുവാൻ തീരുമാനിച്ചു. കൊല്ലുന്നതിന്ന് വട്ടമൊരുക്കിയ രാത്രി ഈഴവ കുടിയന്റെ വീട്ടിൽ പോയി കള്ള് മൂക്കറ്റം സേവിച്ചു. കള്ള് അകത്ത് ചെന്നപ്പോൾ കള്ളം പുറത്ത് വന്നു. ഈഴവസ്ത്രീ അത് മനസ്സിലാക്കി. ആ വിവരം അർണ്ണോസ്സ് പാതിരിയെ അറിയിച്ചു. അന്നു രാത്രിതന്നെ താൻ കിടന്നിരുന്ന കട്ടിലിന്മേൽ വാഴത്തടിവെച്ച് പുതപ്പിച്ച് വാതിൽ കതകിന്റെ പിറകിൽ ഒളിച്ചുനിന്നു. രാത്രിയായപ്പോൾ കൊലയാളികൾ വരുകയും കട്ടിലിൽ കിടന്നിരുന്ന വാഴത്തടി അർണ്ണോസ്സ് പാതിരിയെന്നു വിചാരിച്ച് വെട്ടി കഷ്ണങ്ങളാക്കി അട്ടഹസിച്ച് പോകുകയും ചെയ്തു. അന്നുരാത്രി സ്ഥലംവിട്ട അർണ്ണോസ്സ് പാതിരി പഴുവിൽ എത്തിച്ചേർന്നു എന്നതായിരുന്നു പഴുവിലെ പഴമക്കാരുടെ അഭിമതം.

പഴുവിൽ എത്തിച്ചേർന്ന അർണ്ണോസ്സ് പാതിരി കാവ്യകൃതികൾ എഴുതാൻ തുടങ്ങിയെന്നതിന്ന് തെളിവായ കാരണമുണ്ട്.

“പുത്തൻപാന” യുടെ ആരംഭത്തിൽ “മാർ അന്തോനിയനോട് കല്പിച്ചന്നാൾ” എന്ന വരിയിൽനിന്ന് മെത്രാനായിരിക്കുന്ന അന്തോണിസ്സ് പരാമർശിച്ച് താൻ കൃതികൾ എഴുതാൻ തുടങ്ങിയത്. ആരാണ് ഈ മെത്രാൻ? മാർ അന്തോണി പിമെന്റൽ മെത്രാപ്പോലീത്തയായിരിക്കണം. അദ്ദേഹം 1701ൽ കൊടുങ്ങല്ലൂർ രൂപതയുടെ ഭരണം ഏറ്റെടുത്തുവെന്ന് ചരിത്രമുണ്ട്. അദ്ദേഹത്തെ പിൻതുടർന്ന അന്തോണി പിമെന്റൽ മെത്രാപ്പോലീത്തയുടെ കാലം 1721 മുതൽ 1762 കൂടിയുള്ളതായിരുന്നു. 1752 കുംഭമാസം 21-ാംനു- പുത്തൻചിറ വെച്ച് മരണം പ്രാപിച്ചതായി രേഖകളിൽ കാണുന്നു. 1906ൽ “ഒല്ലൂർ പള്ളി മാഹാത്മ്യം” എന്ന പേരിൽ അച്ചടിച്ചിറക്കിയ ഗ്രന്ഥത്തിൽ അന്തോണി പിമെന്റൽ മെത്രാപ്പോലീത്ത ഈശോ സഭാംഗമായിരുന്നെന്നും അദ്ദേഹത്തിന്റെ കാലത്ത് പള്ളികളുടെ അഭിവൃദ്ധിയും ജനങ്ങളുടെ ഐക്യത്തിനും ഉത്സാഹത്തോടെ പരിശ്രമിച്ചിരുന്നെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ഒരു തികഞ്ഞ പണ്ഡിതനും ശാസ്ത്രജ്ഞനുമായിരുന്നെന്നും തെളിയിക്കുന്ന വരികൾ പുത്തൻപാനയിൽനിന്ന് തന്നെ എടുക്കാം; അദ്ദേഹത്തിന്റെ കാലഘട്ടം സുവർണ്ണഘട്ടമായിരുന്നു. 1722 മിഥുനമാസം 13-ാംനു- മാർ അന്തോണി പിമെന്റൽ മെത്രാപ്പോലീത്ത ഒല്ലൂർ പള്ളിയുടെ പ്രതിഷ്ഠാകർമ്മം നടത്തിയെന്നും അന്നു അർണ്ണോസ്സ് പാതിരിയുണ്ടായിരുന്നെന്നും പ്രസംഗം ചെയ്തിരുന്നെന്നും രേഖയുണ്ട്. (ഒല്ലൂർ പള്ളി

മാഹാത്മ്യം.) പഴുവിൽ പള്ളിയിൽ നിന്നു് പിരിഞ്ഞു് പോയി പ്രതിഷ്ഠാ കർമ്മം നടത്തുന്ന കർമ്മത്തിൽ മുൻപള്ളി വികാരി പങ്കെടുക്കയെന്നുള്ളത് പ്രധാന ചുമതലയാണ്. അതനുസരിച്ചായിരിക്കും അദ്ദേഹം പങ്കെടുത്തത്. ഈ കാരണങ്ങൾ വച്ചു് നോക്കുമ്പോൾ അന്തോണി പിമെന്റൽ മെത്രാപ്പോലീത്തായുടെ കാലം തുടങ്ങുന്നതിനു് 1721ലും 1722ൽ ഒല്ലൂർ പള്ളിയുടെ പ്രതിഷ്ഠാ കർമ്മത്തിൽ അർണ്ണോസു് എത്തിയിരുന്നെന്നും പറയുമ്പോൾ 1721 നു് പിൻപു് പഴുവിൽ താമസിച്ചിരുന്നെന്നു് വ്യക്തമായി തെളിയുന്നു. ആ സ്ഥിതിയ്ക്കു് "പുത്തൻപാന" തുടങ്ങിയ കൃതികൾ പഴുവിൽവെച്ചു് തന്നെയാണ് എഴുതിട്ടുള്ളത്. പള്ളിക്കുറ്റുള്ള കിണറിന്റെ മെത്താരണയിൽ ചാരിയിരുന്നാണ് പുത്തൻപാനയെഴുതിയിരുന്നതെന്നു് മറ്റൊരു ഐതിഹ്യം പഴുവിൽ പരന്നിട്ടുള്ളതാണ്. ആ കിണറ്റിന്റെ മെത്താരണയ്ക്കു് അരികിൽ കൊല്ലവർഷം 1113ൽ അരിക് വളഞ്ഞു മതിൽകെട്ടിയത് ഇന്നും നിലനില്ക്കുന്നുണ്ട്. കൂടാതെ പള്ളിയിൽ മൊസായിക് ഇടുന്നതിനു് പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കുഴിമാടം ഇടിഞ്ഞു കണ്ടു് നോക്കിയപ്പോൾ അസ്ഥികളും മറ്റും കിട്ടുകയുണ്ടായി. അതു് അദ്ദേഹത്തിന്റേതാണെന്നു് വിശ്വസിക്കുന്നു. പരിശോധനയ്ക്കു് വിധേയമാക്കിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 1732 മാർച്ച് 20-ാം തിയ്യതി അർണ്ണോസിനെ പഴുവിൽ പള്ളിയിൽ സംസ്കരിച്ചുവെന്നു് കാണിക്കുന്ന ഒരു ശിലാലേഖനമുണ്ട്. അദ്ദേഹത്തിന്റെ മരണം സർപ്പദംശനം മൂലമാണ് ഉണ്ടായിട്ടുള്ളതു്. പണ്ഡിതന്മാരായ നമ്പൂതിരിമാരുടെ ഇടയിൽ വളർന്ന അദ്ദേഹത്തിനു് തർക്കങ്ങളിലും സംഭാഷണങ്ങളിലും പ്രത്യേക പാണ്ഡിത്യമുണ്ടായിരുന്നതായി തെളിയിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

ഒരിക്കൽ ഒരു നമ്പൂതിരി പാതിരിയെ കണ്ടപ്പോൾ "ഗണപതി വാഹനാരിപുനയന" (പൂച്ചക്കണ്ണാ) എന്നു് പരിഹസിച്ചപ്പോൾ "ശേഷധ നന്ദന മുഖമുഖ" (കരണ്ടന്റെ മുഖത്തോടു കൂടിയവൻ) എന്നർത്ഥത്തിൽ തിരിച്ചടിച്ചു. മറ്റൊരിക്കൽ ഒരിളയത് പാതിരിയെ മാത്സര്യസ്ഥതിനു് നല്ല തന്നഭിപ്രായത്തിൽ പാതിരി ചില്ലിനു് വിശേഷമാണെന്നു പറഞ്ഞപ്പോൾ ഉടനെതന്നെ "ഇളയതായാൽ ശ്രാദ്ധശേഷം" എന്നുള്ള പ്രത്യുത്തരവും കൊടുത്തു.

അർണ്ണോസു് പാതിരിയുടെ പ്രധാന ഉദ്ദേശം ഹിന്ദുക്കൾക്കുള്ള രാമായണ ഭാരതാദി കൃതികളെപ്പോലെ ക്രിസ്ത്യാനി കുടുംബങ്ങളിൽ സന്ധ്യാ സമയത്ത് പാരായണത്തിനു് ഉത്കൃഷ്ട കാവ്യകൃതികൾ ഉണ്ടാവണമെന്നുള്ളതു്

മാത്രമാണ്. അതിനുവേണ്ടി എഴുത്തച്ഛൻ, ചെറുശ്ശേരി, പൂന്താനം എന്നിവരെ അനുകരിച്ച് ക്രിസ്തുവിന്റെ ജനനം മരണം ഉത്ഥാനം എന്നിവയെ പുരസ്കരിച്ച് രചിച്ചതാണ് പുത്തൻപാന. ആകൃതിയിലും മട്ടിലും അവയോട് സാമ്യമുണ്ടെന്ന് അനുവാചകർക്ക് ആസ്വദിച്ചറിയാവുന്നതാണ്. എഴുത്തച്ഛന്റെ കൃതികളിലെ ചില ആശയങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ സ്ഥലം പിടിച്ചിട്ടുണ്ട്.

പുത്തൻപാന, ചതുരന്ത്യം, ഉമ്മാപർവ്വം ഉമ്മായുടെ ദുഃഖം, ഉമ്മാടെ വ്യാകുലപ്രബന്ധം, ജനോവപർവ്വം, സംസ്കൃതവ്യാകരണം, മലയാള സംസ്കൃത നിഘണ്ടു, മലയാളം പോർച്ചുഗീസ് നിഘണ്ടു മുതലായവ അർണ്ണോസ്സ് പാതിരിയുടെ കൃതികളാണ്.

നാട്ടും വീടും ഉപേക്ഷിച്ച് ക്രിസ്തുവിന്റെ മുന്തിരി തോപ്പിൽ വേല ചെയ്ത് സാധാരണ ജനങ്ങളിൽ ക്രിസ്തുവിനെ സാഹിത്യ സരണിയിലൂടെ കാണിച്ച് കൊടുത്ത് മൺമറഞ്ഞ അദ്ദേഹത്തിന്റെ നാമം പഴയ ഏട്ടുകളിൽ മങ്ങികിടക്കുകയാണ്. അവയെ വെളിച്ചത്ത് കൊണ്ട് വന്ന് സാഹിത്യസരണിക്ക് മനുഷ്യ ഹൃദയത്തിൽ എന്ത് സ്ഥാനമുണ്ടെന്ന് കാണിച്ച് കൊടുക്കാൻ പിൻതലമുറക്കാരായ നാം മുമ്പോട്ട് വന്ന് പരിശ്രമിക്കേണ്ടതാണ്. പാഠാവലികളിൽ അദ്ദേഹത്തെയോ അദ്ദേഹത്തിന്റെ കാവ്യ കൃതികളെയോ ഉൾപ്പെടുത്തിക്കൊണ്ട് പുത്തൻതലമുറയ്ക്ക് ആ പേര് സുപരിചിതമാക്കേണ്ടതാവശ്യമാണ്.

എൻ. എ. ജോസ്
പഴുവിൽ.

അർണ്ണോസ് പാതിരിയുടെ കവിതകൾ

ആമുഖം

വിദേശീയരായ പല ക്രിസ്ത്യാനികളും കേരളത്തിൽവന്ന് താമസിച്ച് മലയാളവും സംസ്കൃതവും പഠിച്ച് മലയാളത്തിൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മിഷ്യനറിമാരിൽ പലരുടെയും ഉദ്ദേശ്യം ക്രിസ്തുമതത്തിന്റെയും ക്രിസ്തുദേവന്റെയും ആദർശങ്ങളുടെ പ്രചാരണമായിരിക്കാം. എങ്കിലും ആ വിദേശികൾ മലയാളഭാഷയിൽ ആദ്യമായി നിഘണ്ടുവും വ്യാകരണവും നിർമ്മിച്ചു എന്നതു് പ്രത്യേകം സ്മരണീയമാണ്. എങ്ങനെ ആയാലും കേരളത്തിൽ വന്ന് നിരന്തരമായ പരിശ്രമശീലത്തിന്റെ ഫലമായി മലയാളത്തിലും സംസ്കൃതത്തിലും പാണ്ഡിത്യം നേടി ആ ഭാഷകളിൽ ഗ്രന്ഥങ്ങൾ നിർമ്മിച്ച് കേരളത്തിന്റെ മഹിമ വിദേശങ്ങളിൽ പരത്തിയ ആ വിദേശീയർ അഭിനന്ദനീയരാണ്. അവരിൽ വെച്ച് പ്രഥമഗണനീയനാണ് അർണ്ണോസ് പാതിരിയെന്ന് പറയാം.

ജീവചരിത്രം

മഹാകവി ഉള്ളൂർ സാഹിത്യചരിത്രത്തിൽ എഴുതിയിരിക്കുന്നു. യൂറോപ്പിൽ ഹംഗറി രാജ്യത്തുജനിച്ച അർണ്ണോസ് 1699ൽ കേരളത്തിൽ വന്നുചേരുകയും ആദ്യം അമ്പഴക്കാട്ട് ഈശോസഭക്കാരുടെ ആശ്രമത്തിൽ കുറെക്കാലം താമസിക്കുകയും പിന്നീട് തൃശ്ശൂരിൽ ചെന്ന് കുഞ്ഞനെന്നും, കൃഷ്ണനെന്നും പേരുള്ള രണ്ടുനമ്പൂതിരിമാരുടെ സഹായത്തോടുകൂടി സംസ്കൃതഭാഷ അഭ്യസിക്കുകയും ചെയ്തു. അദ്ദേഹം ആദ്യമായി പഠിച്ച കാവ്യം യുധിഷ്ഠിരവിജയമായിരുന്നു. വേലൂർ എന്ന സ്ഥലത്തെ പള്ളി പണിയിച്ചതു് അദ്ദേഹമായിരുന്നു. 1732 ാമാണ്ട് (കൊല്ലം 907ൽ) മീനമാസം 20-ാംനു- പഴുവിൽ പള്ളിയിൽ വെച്ച് കാലധർമ്മം പ്രാപിച്ചു.

കൃതികൾ

അർണ്ണോസ് പാതിരിയുടെ മുഖ്യകൃതികൾ ഒൻപതു് എണ്ണമാണ്.

1 ചതുരന്ത്യം. 2 പുത്തൻപാന. 3 ഉമ്മാപർവം 4 വ്യാകുലപ്രബന്ധം 5 ആത്മാനുതാപം. 6 വ്യാകുലപ്രയോഗം 7 മലയാ

ഉനിഘണ്ടു 8 മലയാള പോർത്തുഗീസ് നിഘണ്ടു. 9 മലയാള വ്യാകരണം, ഇവ കൂടാതെ അദ്ദേഹം വാസിഷ്ഠസാരം, ചില ഉപനിഷത്തുകൾ, വേദാന്തസാരം, അഷ്ടാവക്ര ഗീത, യുധിഷ്ഠിരവിജയം എന്നീ സംസ്കൃത കൃതികളെ അധികരിച്ചു ലാററിൻ ഭാഷയിൽ പ്രബന്ധങ്ങൾ രചിച്ചതായും അറിയുന്നു.

അർണ്ണോസ് പാതിരിയുടെ കവിതകളുടെ സമാഹാരമാണല്ലൊ പ്രസ്തുത ഗ്രന്ഥം, അതിൽ അടങ്ങിയിട്ടുള്ള കൃതികൾ താഴെ പറയുന്നവയാണ്.

1 മരണപർവ്വം 2 വിധിപർവ്വം 3 മോക്ഷപർവ്വം 4 നരകപർവ്വം 5 ദേവമാതൃസംക്ഷേപ ചരിത്രം 6 പുത്തൻപാന. 7 ദേവമാതാവിന്റെ വ്യാകുലപ്രബന്ധം.

അർണ്ണോസു പാതിരിയുടെ വിവിധകൃതികളെ വിവരിക്കുന്ന ഒരു ചെറിയ ഗ്രന്ഥം 1790-ാം മാണ്ടിനിടക്കു പൌലിനൊസ് പാതിരി രചിച്ചിട്ടുണ്ടെന്ന് മഹാകവി ഉള്ളൂർ പ്രസ്താവിച്ചിട്ടുണ്ട്.

കവിതകൾ

പാതിരി ആദ്യമായി നിർമ്മിച്ച കൃതിയായ ചതുരന്ത്യത്തിൽ പെട്ടതാണ് മരണപർവ്വം, വിധിപർവ്വം, നരകപർവം മോക്ഷപർവം എന്നിവ. മഹാഭാരതത്തെ അനുകരിച്ച് കവി പർവം എന്ന വിഭാഗ സംജ്ഞ നൽകിയിരിക്കുന്നു. ആസന്നമരണനായ മനുഷ്യന്റെ അന്തർഗതങ്ങളുടെ വിവരണമാണ് മരണപർവത്തിലെ പ്രതിപാദ്യവിഷയം. മരണാനന്തരം മനുഷ്യാത്മാവിന്ന് ലഭിക്കുന്ന വിധിയാണ്_പുണ്യവാന് സ്വർഗ്ഗലബ്ധി, പാപിക്കു നരകപ്രാപ്തി വിധിപർവത്തിൽ വിവരിക്കുന്നതു്. നരകത്തിന്റേയും മോക്ഷത്തിന്റേയും സ്വർഗ്ഗത്തിന്റെയും_വർണ്ണനയാണ് യഥാക്രമം നരകപർവത്തിലും മോക്ഷപർവത്തിലും അടങ്ങിയിരിക്കുന്നതു് എന്നു പറയേണ്ടതില്ലല്ലൊ. മനുഷ്യജീവിതത്തിന്റെ അവസാനത്തിലുള്ള നാലെണ്ണമാണല്ലൊ മരണവിധ്യാദികൾ അതുകൊണ്ടായിരിക്കും ആ നാലുകൃതികൾക്കുംകൂടി ചതുരന്ത്യം എന്ന സംജ്ഞകൊടുത്തതു് എന്നു തോന്നുന്നു. മരണപർവം മഞ്ജരീവൃത്തത്തിലും, വി

ധിപർവം കളകാഞ്ചിയിലും തദനന്തരമുള്ള രണ്ടു പർവങ്ങൾ കേകയിലും ആണ്ട് നിബന്ധിച്ചിരിക്കുന്നതു്.

ഉമ്മാപർവത്തിലെ ദേവമാതൃസംക്ഷേപചരിത്രത്തിലെ പ്രമേയം ക്രിസ്തുദേവന്റെ മാതാവായ മേരിയുടെ ജീവചരിത്രസംഗ്രഹമാണ്. പ്രസ്തുതകൃതിയും നിബന്ധമായിട്ടുള്ളതു്. കേകാവൃത്തത്തിൽ തന്നെ. പുത്തൻപാനയിലെ അല്ലെങ്കിൽ രക്ഷാകരവേദകീർത്തനത്തിലെ ഇതിവൃത്തം ബൈബിളിലെ ലോകസൃഷ്ടിമുതൽ ക്രിസ്തുവിന്റെ സ്വർഗാരോഹണം വരെയുള്ള കഥയാണ്. അതിൽ പതിനാലുപാദങ്ങൾ അടങ്ങിയിരിക്കുന്നു. പാന എന്ന പേരുകൊണ്ടുതന്നെ വൃത്തം ഇന്നതാണെന്ന് തീരുമാനിക്കാമല്ലോ പ്രസ്തുതകൃതിയിലെ പന്ത്രണ്ടാം പാദം ദൈവമാതാവിന്റെ വ്യാകുലപ്രലാപമാണ്. പുത്രനായ ക്രിസ്തുവിന്റെ കുരിശുമരണത്തിൽ മാതാവായ കന്യാമറിയത്തിന്റെ വിലാപമാണ്. അതിൽ വഞ്ചിപ്പാട്ടാണ് നതോന്നതയാണ് കവി സ്വീകരിച്ചിട്ടുള്ള വൃത്തം ക്രിസ്ത്യാനികളുടെ ഇടയിൽ ചിലപഴയ പാനകൾ പ്രചരിച്ചിരുന്നതിനാലായിരിക്കണം പുത്തൻപാന എന്നു് കവി കൃതിക്ക് പേരിട്ടിരിക്കുന്നതു് എന്നു് ഡോ. പി. ജെ. തോമസ് പ്രസ്താവിച്ചിരിക്കുന്നു.

ദൈവമാതാവിന്റെ വ്യാകുലപ്രലാപം പന്ത്രണ്ടാം പാദമായി പുത്തൻപാനയിലുണ്ടല്ലോ. താദൃശമായ ഒരു കൃതിതന്നെയാണ് ദൈവമാതാവിന്റെ വ്യാകുലപ്രബന്ധവും. അതു് നിബന്ധമായിട്ടുള്ളതു് സംസ്കൃതവൃത്തമായ ഉപജാതിയിലാണ്. അറുപതിൽപരം ശ്ലോകങ്ങളുടങ്ങിയ ഒരു ലഘുകൃതിയാണ് ഇതു്.

പശ്ചാത്തലം

ഒരു ഗ്രന്ഥത്തെപ്പററി നിരൂപണം ചെയ്യുമ്പോൾ അന്നത്തെ സാഹിത്യത്തിന്റെ സ്ഥിതി എന്തായിരുന്നുവെന്നും അന്നത്തെ പ്രവണതകൾ എന്തായിരുന്നുവെന്നും മനസ്സിലാക്കേണ്ടതു് അത്യാവശ്യമാണു്. മാത്രമല്ല ആ കവി ഗ്രന്ഥനിർമ്മിതികൊണ്ടും, ഉദ്ദേശിച്ചിട്ടുള്ളതു് എന്തായിരുന്നുവെന്നും നാം ഗ്രഹി

ക്കേണ്ടതാണ്. 250 ൽപരം കൊല്ലങ്ങൾക്കു് മുമ്പ് വിദേശീയനായ അർണ്ണോസ് പാതിരി കേരളത്തിൽവന്നു് സംസ്കൃതവും മലയാളവും പഠിച്ച് ഉപനിഷത്തുക്കളിലും മററും വിജ്ഞാനം സമാർജിച്ചു. എഴുത്തച്ഛന്റെ രാമായണം, ഭാരതം തുടങ്ങിയ ഗ്രന്ഥങ്ങൾ വായിച്ചു. സുപരിഷ്കൃതമായ മണിപ്രവാള ഭാഷയിലായിരുന്നുവല്ലോ അന്നത്തെ കവിതകൾ. ആ കവിതകളുടെ അനുവാചനം. കവിതയും പാണ്ഡിത്യവും തോളോടുതോൾചേർന്നു് പരിലസിക്കുന്ന അർണ്ണോസ് പാതിരിയെ ക്രിസ്തുവിനേയും ബൈബിളിലെ ആശയങ്ങളേയും അവലംബമാക്കി ഭക്തിസംബന്ധകങ്ങളായ കവിതകൾ എഴുതുവാൻ പ്രേരിപ്പിച്ചു. ഹിന്ദുക്കളുടെ ഇടയിൽ ഉണ്ടായിരുന്ന അത്തരം കൃതികൾ അന്നു ക്രിസ്ത്യാനികളുടെ ഇടയിൽ അപൂർവമായിരുന്നുവല്ലോ. അങ്ങനെ ക്രിസ്തുമതധർമ്മങ്ങൾ പ്രചരിപ്പിക്കാനും മലയാളഭാഷയെ സേവിക്കാനും അദ്ദേഹം ഒരുങ്ങി. അതിന്റെ ഫലമായി ഉണ്ടായതാണ് അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ കവിതകൾ. സംസ്കൃത കാവ്യങ്ങളുടേയും എഴുത്തച്ഛൻ മുതലായ മലയാളകവികളുടെ കവിതകളുടേയും അനുവാചനം കൊണ്ടും ഉണ്ടായ ഒരു സംസ്കാരവിശേഷം പ്രസ്തുതകവിയുടെ കൃതികളിൽ നിഴലിച്ചിട്ടുള്ളതായി കാണാം.

ഭാഷാരീതി.

പാതിരിക്കവിതകളിലെ ഭാഷാരീതിയെ ആദ്യമായി പരിശോധിച്ചുനോക്കാം. ആദ്യമാദ്യം എഴുതിയകവിതകളിൽ സംസ്കൃത പദബാഹുല്യം കാണപ്പെടുന്നുണ്ടു്. അവസാനത്തേത് എന്നു് ഊഹിക്കാവുന്ന പുത്തൻപാനയിലെ ഭാഷ വളരെ മധുരവും ലളിതവുമാണ് എന്നു പറയാം. നോക്കുക.

ദൈവപ്രസാദഗുണങ്ങളെ വർജ്ജിച്ചെൻ
ഭാവിസുഖാഗ്രഹം ദൂരെനീങ്ങി
ഉഗ്രമദത്തോടുകൂടെ മദിപ്പതി-
ന്നാഗ്രഹം മാനസേതോന്നീയുള്ളൂ.

(മരണപർവ്വം)

സർവ്വനന്മക്കടലൊന്റെ സർവ്വനന്മപാട്ടുകേട്ട്

V

സർവ്വജ്ഞത്വം നിറഞ്ഞുള്ളോ പുത്രനെ നോക്കി
എൻമകനെ നിർമ്മലനെ നന്മയൊക്കും നിറഞ്ഞോനെ
ജന്മദോഷത്തിന്റെ ഭാരമൊഴിപ്പോനെ പുത്രാ

(പുത്തൻപാന)

വിദേശീയരായ ക്രിസ്ത്യാനികളാൽ കവിത്വംകൊണ്ട് പ്രഥമഗണനീയനായി പരിശോഭിക്കുന്നതു് അർണ്ണോസ് പാതിരിയാണ്. എന്നുപറഞ്ഞ മഹാകവി ഉള്ളൂർ തന്നെ കവിക്ക് ആശയസമ്പത്ത് ഉണ്ടെങ്കിലും രചന ദോഷഭൂയിഷ്ഠമാണെന്നും പറയാതെ നിവൃത്തിയില്ല എന്നും പ്രസ്താവിച്ചിട്ടുണ്ട് എന്നതു് ഈയവസരത്തിൽ സ്മരണീയമാണ്. ദ്രാവിഡവൃത്തങ്ങൾ പ്രത്യേകിച്ചും ഗാനാത്മകങ്ങളാണ്. ഗാനാത്മകതക്ക യോജിക്കാത്ത ഈരടികൾ ധാരാളം കാണാം. സംസ്കൃതവൃത്തത്തിലുള്ള കവിതയിൽ ഗുരു ലഘുവാക്കിയും ലഘു ഗുരുവാക്കിയും ചൊല്ലിയാലെ ശരിയാകയുള്ളു. രണ്ടിനും യഥാക്രമം ഉദാഹരണങ്ങൾ നോക്കുക.

മമഗതി കരുണനിർജ്ജനയനമൊട്ട ദർശിച്ചവർ
അനുഗ്രഹഫലം രസിച്ചു കൊള്ളുവിൻ
കരിശിലേററ തന്ദുഃഖമോക്ക
സ്വാകീർത്തിഹീനം ബഹുസങ്കടത്താൽ
ഈ ദുഃഖമെല്ലാം മനസ്സും സഹിച്ചു
സ്വപ്രാണയാത്രാ സമയം ഭവിച്ചു.

പദരചനയിലും അർത്ഥായബോധത്തിലും സമസ്തപദങ്ങളിലും കഷ്ടത പലയിടത്തും അനുഭവപ്പെടുന്നതായി തോന്നും എങ്കിലും മററനേകം ഗുണങ്ങളും ഉള്ള ഇതിൽ ഈ ദോഷം ചന്ദ്രനിൽ കളങ്കം പോലെ മുങ്ങിപ്പോകുന്നു എന്നു പറയാം.

മഹാകവി ഉള്ളൂരിന്റെ കവിതയെപ്പോലെ ഇദ്ദേഹത്തിന്റെ കവിതയിലും സാധാരണക്കാർക്കു ദുർഗ്രാഹാർത്ഥങ്ങളായ പദങ്ങൾ ധാരാളം കാണാം. ഭവിഷ്ഠം, അണ്ണസ്സ്, തർഷം പുഷ്കരം, ഘൃഷ്ടി; ഘൃണാരിഷ്ടം, കപൂയം തുടങ്ങിയവ ഉദാഹരിക്കാവുന്നതാണ്. പണ്ഡിതന്മാർക്ക് സന്ദർഭാനുസൃതമായി സാദൃശ്യങ്ങളായി പദങ്ങളും കവിതയെഴുതുമ്പോൾ രസനാഗ്രത്തിൽ ഉദയം ചെയ്യുകയാണ്. ഉള്ളൂരിന്റെ ആദ്യ

കാല കവിതകളെപ്പോലുള്ള കഠിനപദങ്ങൾ പിൽക്കാലത്തു് എഴുതിയകവിതകളിൽ കാണുകയില്ല. അതുപോലെതന്നെയാണ് അർണ്ണോസ് പാതിരിയുടെ കവിതയിലേയും സ്ഥിതി.

വിശേഷണപദങ്ങളെ നാമരൂപങ്ങളായി പ്രയോഗിക്കുന്ന സമ്പ്രദായം പ്രസ്തുത കവിതയിൽ ധാരാളം കാണാം. ചഞ്ചലം, പരിപൂർണ്ണം, ക്രോധഹീനം, കലുഷം, നിർമ്മലം, പരവശം എന്നീ വിശേഷണപദങ്ങൾ ചാഞ്ചല്യം, പരിപൂർണ്ണത, ക്രോധഹീനത കാലുഷ്യം, നിർമ്മലത, പാരവശ്യം എന്നീ അർത്ഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളതു്. അന്നത്തെ ഭാഷാകവികളുടെ കവിതകളിലും ഏതദൃശമായ പ്രയോഗം കാണുന്നുണ്ട്. എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. വിശേഷണവിശേഷ്യപദങ്ങളുടെ പൌർവ്വാപര്യം മാററിക്കൊണ്ടുള്ള പദപ്രയോഗവും കാണാവുന്നതാണ്. വധൂവിശിഷ്ട, ദോഷാൽപം തുടങ്ങിയ വാക്ക് വിശിഷ്ടവധു, അൽപദോഷം എന്നർത്ഥമാണ് കവി വിവക്ഷിച്ചിട്ടുള്ളതു് വിഷയമനുപമം, നിരുപമസങ്കടം, അനൌപമ്യദുഷ്കരെ പ്രബലയത്നമനുപമം, ധീരതാ, നിരുപമാ എന്നിങ്ങനെ ഒരേ പദത്തിന്റെ ആവർത്തനം കാണപ്പെടുന്നുണ്ട്. അതുപോലെ ക്രിസ്തുവിനെപ്പററി വർണ്ണിക്കുമ്പോൾ കരുണാബ്ധി, ദയാലു, കൃപാവാരിധി, കരുണാലയം എന്നിങ്ങനെ കരുണവാൻ എന്നർത്ഥത്തിലുള്ള പദങ്ങൾ ധാരാളം പ്രയോഗിച്ചിരിക്കുന്ന ഭക്തനായ എഴുത്തച്ഛൻ ശ്രീരാമനെപ്പററി പറയുമ്പോൾ എന്നപോലെ അർണ്ണോസ് പാതിരി ക്രിസ്തുവിനെപ്പററി പറയുമ്പോൾ ധാരാളം വിശേഷണപദങ്ങൾ പ്രയോഗിച്ചിരിക്കുന്നതായി കാണാം. സംഭാഷണഭാഷയിലെ ജീവനുള്ള പല പദങ്ങളും കവിതയിൽ സന്ദർഭാനുസൃതമായി പ്രയോഗിച്ച് അതിനെ ചൈതന്യവത്താക്കിത്തീർക്കുന്നതിൽ കവി ശ്രദ്ധിച്ചിട്ടുണ്ട്.

അലങ്കാരങ്ങൾ

കവിതയുടെ ശോഭാധായകങ്ങളായ ധർമ്മങ്ങളാണ് അലങ്കാരങ്ങൾ. ശബ്ദാലങ്കാരങ്ങളും അർത്ഥാലങ്കാരങ്ങളും സന്ദർഭാനുസൃതമായി പ്രയോഗിക്കുന്നതിൽ പ്രസ്തുത കവിക്ക് അസാധാരണമായ കഴിവുണ്ട്.

ശബ്ദാലങ്കാരങ്ങൾ

ശബ്ദാലങ്കാരങ്ങൾ കവിതയുടെ ശരീരത്തെ മനോഹരമാക്കിത്തീർക്കുന്നു. രചനക്കു് ആകർഷകത്വം നൽകുകയും ചെയ്യുന്നു. മലയാളഭാഷയുടെ നെടുമംഗല്യമെന്നു് പറയപ്പെടുന്ന ദ്വിതീയാക്ഷരപ്രാസം സാമാന്യേന കാണാവുന്നതാണ്. അനുപ്രാസത്തിനു് ഒരുദാഹരണം താഴെ കൊടുക്കുന്നു.

അടിതൊട്ടു മുടിദേഹം കടുകിടയിടയില്ല
കഠിനമായ് മുറിച്ചല്ലോ വലഞ്ഞോ പുത്രാ

(പുത്തൻപാന)

യമകം തുടങ്ങിയ അലങ്കാരങ്ങളുടെ പ്രയോഗങ്ങളിലും കവി പിന്നണിയിലല്ല. നോക്കുക.

തനുജന്മത്തിൽ ദേവൻ
ജനിപ്പാൻ കല്പിക്കുമ്പോൾ
തനുജൻ മമ പിന്നെ
യെങ്ങനെ പിറക്കുന്നു.
നാര്യാദ്യാഹാവാസർപ്പ-
ശ്രവണനിയിതമായ്
നാര്യാദ്യാവാപൃഥിവ്യോ
രനിഷ്ടം ഭവിപ്പിച്ചു.

ദേവമാതൃസംക്ഷേപചരിത്രം, അർത്ഥത്തെ ബലികഴിപ്പിച്ചുകൊണ്ടു് ശബ്ദാലങ്കാരത്തിനു് അടിമപ്പെടുന്നില്ല. കവിയുടെ രസനാഗ്രത്തിൽ ഏതാദൃശങ്ങളായ പദങ്ങൾ അഹമഹമികയാ നൃത്തം ചവിട്ടുന്നതായി നമുക്കുതോന്നാം. കവിയുടെ പദസ്വാധീനം കവിതയിൽ എങ്ങും തെളിഞ്ഞുകാണാം.

അർത്ഥാലങ്കാരങ്ങൾ

ഇനി നമുക്കു് അർത്ഥാലങ്കാരപ്രയോഗത്തിൽ കവിക്കുള്ള കഴിവിനെയും ഒന്നുപരിശോധിച്ചു നോക്കാം. ധാരാളം ആഭരണങ്ങൾ അണിഞ്ഞു് തന്റെ സമ്പത്തിനെ പ്രകാശിപ്പിക്കുന്ന കുബേരവനിതയെപ്പോലെയല്ല അർണ്ണോസ് പാതിരിയുടെ കവിത. സന്ദർഭാനുസൃതമായി ആവശ്യത്തിനനുസരിച്ചു് വേണ്ട അലങ്കാരങ്ങളെ പ്രയോഗിക്കുന്നുള്ളു. അവയാകട്ടെ പ്രായേണ അചുംബിതാശയങ്ങളും ആയിരിക്കും. നോക്കുക.

കുപ്പിക്കു കോട്ടം വരാതെയാദിത്യൻ
കുപ്പി തന്നുള്ളിൽ കടക്കുമതുപോലെ
ഉദരത്തിന്നു ഖേദം വരുത്താതെ
മേദിനിയിലിറങ്ങി സർവ്വ പ്രജ

പുത്തൻപാന

പുറത്തുനിന്നു ജലം വരാതെ നാളികേരേ
നിതരാമങ്ങുള്ളിൽ ഭവിക്കും തൈലം പോലെ
നിർമ്മല ജനനിക്കു കന്യാത്വ ഹാനം വിനാ
മാതാവിന്നുദരത്തിൽ ഗർഭമായി ചമഞ്ഞുടൻ
മർത്ത്യനായ് കന്യാ പുത്രൻ ഭൂമിയിൽ പിറന്നു നീ
അർക്കാഭ പളുങ്കിനകക്കടക്കുമതുപോലെ

മോക്ഷപർവം

സമുദ്രതീരത്തു് മൃത്തികാ സംഖ്യയെ
സംഹരിച്ചീടുകിൽ ഒപ്പിക്കാമോ
വർഷക്കാലത്തെ തുള്ളിയു് ഇത്രയെന്നു്
പരിച്ഛേദിച്ചു കൊള്ളുവാൻ കൂടുമോ.
സികതഭൂതൃണ പൃഷത സംഖ്യകൾ
ഒക്കെക്കാളെൻ ദുരിതങ്ങൾ ഏറ്റം
എന്നുടെ ദോഷങ്ങൾ ഒക്കെക്കൂട്ടുന്നേരം
അംബുധിത്തുള്ളികൾ ഒക്കെയില്ല

മരണപർവം

മേലെഴുതിയ ആദ്യത്തെ രണ്ടു ഭാഗങ്ങളിലെ ഉപമകൾ മനോഹരങ്ങളായിട്ടുണ്ടു്. സാധാരണക്കാർക്ക് ഏറ്റവും സുപരിചിതങ്ങളായ ഉപമാനങ്ങളാണു് അതിൽ കൊടുത്തിട്ടുള്ളതു്. വർണ്ണ്യത്തിന്റെ രൂപം ഹൃദയത്തിൽ പതിപ്പിക്കാൻ ഉപമാനങ്ങൾക്കു് കഴിയും. അവസാന ഭാഗത്തിലെ അതിശയോക്തിയും വിദ്യാഭ്യാസമില്ലാത്ത സാധാരണക്കാർ പോലും ഉപയോഗിക്കാറുള്ളതാണു് ഇതൊരലങ്കാരമാണെന്നു് അവർക്കറിയില്ലെങ്കിൽകൂടി. ഉൽപ്രേക്ഷ രൂപകം തുടങ്ങിയ മററലങ്കാരങ്ങൾക്കും ഉദാഹരണങ്ങൾ ധാരാളമുണ്ടു്. വിസ്തരഭയത്താൽ ഈരടികൾ ഉദ്ധരിക്കുന്നില്ല.

തുഞ്ചത്തെഴുത്തച്ഛന്റെ കൃതികൾ വായിച്ചിട്ടുള്ള ഒരു സംസ്കാരവിശേഷം പാതിരിയുടെകൃതികളിൽകാണാം.

സർവ്വേശം മൃത്യുഞ്ജയം	സുകൃത ജനപ്രിയം
നരത്രാതാരം നാഥം	ദേവജം മേ തനയം
സർവ്വജ്ഞവേദജ്ഞം	മർത്ത്യജം ദേഹിനരം

ദേവജ്ഞം മനുഷ്യം പാ മൃതഞ്ചാ, മൃതംചെയ്ത്‌വാ
വേദാന്തമിച്ഛു, പ്രദം നിർഗ്ഗുണം ദയാകരം
വേദനാഹരം സാക്ഷാൽ ഗുണദം മോക്ഷപ്രദം
ദുരിതഹരം പീഡിതാധാരം നരാശ്രയം
സ്വരീശം സർവ്വപാലം സാംഷ്ടാംഗം നമാമിഹം

സാഷ്ടാംഗം നമാമ്യഹം ഇത്ര ശ്രീരാമനെപ്പററി പറയുമ്പോഴ്‌ എഴുത്തച്ഛൻ ഉപയോഗിക്കാറുള്ള വിശേഷണപദങ്ങൾ പലതും മേലെഴുതിയ ഈരടികളിൽ കാണാവുന്നതാണ്‌.

വർണ്ണനകൾ

സുദീർഘങ്ങളും ആശയസമ്പന്നങ്ങളുമായ വർണ്ണനകൾ ധാരാളം അർണ്ണോസ്‌ കൃതികളിൽ ഉണ്ട്‌. മരണപർവ്വത്തിലെ ആസന്ന മരണത്തിന്റെ ചിന്തകൾ, സ്വർഗ്ഗത്തിലെ സുഖങ്ങളെ പററിയും, നരകത്തിലെ ദുഃഖങ്ങളെപ്പററിയും ഉള്ള വിവരണം മരണാനന്തരമുള്ള വിധിനിർണ്ണയം എന്നിവയെല്ലാം വർണ്ണനകളുദാഹരണങ്ങളാണ്‌ നോക്കുക.

പരസ്ത്രീ ശാമിജനം	നിയതം പൊറുക്കുന്നു.
കത്തുന്ന ചൂളതന്നിൽ	സരസങ്ങൾ സാധിച്ചീടാൻ
സർപ്പങ്ങളുടെ സുദാഹിഷ്ടാ	ക്ലേശിച്ചവർ
ദുർഗ്ഗന്ധം കടികളും	മാംസകൃമികളിപ്പോൾ
സുഗന്ധത്തോടും കൂടെ	പ്രാത്ഥിച്ച്‌ പീഡിക്കുന്നു

നരകപർവ്വം

തേനിന്റെ മാധുര്യവും
പഞ്ചസാരയും പാലും
എന്നതിന്നല്പരസ
ഉപരിലോകത്തിലെ
രസസാധനങ്ങളോടൊട്ടുമേയൊക്കുന്നില്ല
അസാരരസം ദൈവ്യ ഭക്ഷ്യമെന്നറിയുക
മോക്ഷവിഷ്ടപത്തിങ്കൽ
ഭവിക്കും ശ്രേഷ്ഠഭാഗ്യം

സുകമുലമറിവാനിന്ദ്രിയമെന്നറിയേണം
നാസിക സുഗന്ധങ്ങളെപ്പോഴും ഘ്രാണിച്ചീടും
കസ്തൂരി പരിമള ഗന്ധയോഗങ്ങളാം കൂട്ടി

മോക്ഷപർവ്വം

നരകവർണ്ണനം ദുഃഖാനുഭൂതിക്കു കാരണമായ പാപകൃത്യങ്ങളിൽ നിന്ന് പിൻതിരിപ്പിക്കാനും, സ്വർഗ്ഗവർണ്ണനം സുഖപ്രാപ്തിക്കു നിദാനമായ പുണ്യകർമ്മങ്ങളിൽ താല്പര്യമുണ്ടാക്കാനും അനുവാചകരെ പ്രചോദിപ്പിക്കാൻ പര്യാപ്തമാണ്. സ്വഭാവോക്തി കവിതയിലെ കൊച്ചു ചിത്രമാണെങ്കിൽ വർണ്ണനവിപുലമായ ചിത്രപരമ്പരയാണ് എന്ന് പറയാം.

കുഞ്ചൻ നമ്പ്യാരെപ്പോലെ ആശയത്തെ വിസ്തൃതമാക്കി പ്രതിപാദിക്കാനുള്ള കവിയുടെ കഴിവ് വെളിപ്പെടുത്തുന്നവയാണ് താഴെ കൊടുക്കുന്ന ഈരടികൾ

മരണം നിങ്ങൾക്കുമൊരു കാലം വരും
പരാപരേശ്വര കല്പനയാൽ
കാലമെന്നതെന്ന് നിശ്ചയിച്ചില്ലല്ലോ
എല്ലാക്കാലങ്ങളിൽ പേടിക്കണം
എവിടെയെന്നതുനിശ്ചയമില്ലല്ലോ
സർവ്വസ്ഥലങ്ങളിൽ ശങ്കവേണം
ഏതുപ്രകാരത്തിൽ മൃത്യും വരുന്നതോ
അതുമറിഞ്ഞുകൂടാത്തതല്ലോ
എല്ലാക്കാലങ്ങളിടങ്ങളൊക്കയിൽ
എല്ലാപ്രകാരത്തിൽ സൂക്ഷിക്കണം
നല്ലവണ്ണമൊരിക്കൽ മരിച്ചീടുകിൽ
നല്ലതുണ്ടായ്‌വരും മോക്ഷം കിട്ടും

ആശയസമ്പത്ത്

മരണപർവ്വം ആശയസമ്പത്തിലും താത്ത്വികങ്ങളായ ചിന്തകളിലും കവി അദ്വിതീയനാണ്. നോക്കുക.

അക്ഷിഗോചരത്തെക്കാൾ ജ്ഞാനഗോചരം മുഖ്യം
ചക്ഷുഷാ സുഖത്തെക്കാൾ സംവിദാ സുഖമേറും

മോക്ഷപർവ്വം

മൃത്യുകാലം കൃശം പാദം കുളിർച്ചുപോം
അധരം മുറുങ്ങിപ്പോം ഫലം വിനാ
പാദം കുഴഞ്ഞുപോം സാരകാര്യത്തിന്നു
പാദകരങ്ങളുത്സാഹിച്ചില്ല

മരണപർവം

രണ്ടാമത്തെ ഈരടികളിലെ ആശയം ഒരു സംസ്കൃത ശ്ലോകത്തിൽ നിന്ന് എടുത്തതാണെന്നു തോന്നുന്നു.

മലയാളത്തിൽ മാത്രമല്ല, സംസ്കൃതത്തിലും പ്രസ്തുത കവിക്ക് കവിതയെഴുതാൻ കഴിയും. മന്ത്രം ചൊല്ലി കുമ്പസാരം നടത്തണമെന്ന് പാതിരി പ്രസ്താവിച്ചിരിക്കുന്നു. ഭാരതീയരുടെ മന്ത്രങ്ങളെല്ലാം സംസ്കൃത ഭാഷയിലും ആണല്ലോ. അതുകൊണ്ട് ഇതും കവി സംസ്കൃത ഭാഷയിലാക്കിയിരിക്കയാണ്.

സർവ്വസ്മാൻ പരം മയാസ്സ്വാതത്വം തത കൃതം ദുരിതം ചേഷ്യാമ്യഹം ആയതി: സൽഭാവേന വർജ്ജിതം തയാ സർവ്വം വർജ്ജിഷ്യാമ്യഹം സദാ

ഈ മന്ത്രം ജപിച്ചുടനേനസാം സങ്കീർത്തനം

രസഭാവങ്ങൾ

അർണ്ണോസ് കവിതയിലെ പ്രധാനമായ രസം ഭക്തിയാണ്. മറ്റുള്ള രസങ്ങൾ അംഗങ്ങളായി പ്രധാനരസത്തെ പരിപോഷിപ്പിക്കുന്നു എന്നു മാത്രം. ജനങ്ങളിൽ ഭക്തി എന്ന ഭാവം വളർത്തുക, പുണ്യത്തിലും ധർമ്മത്തിലും താല്പര്യമുളവാക്കുക, അധർമ്മത്തിലും പാപകർമ്മങ്ങളിലും വെറുപ്പ് വർദ്ധിപ്പിക്കുക, സർവ്വോപരി ക്രിസ്തുദേവനിൽ വിശ്വാസം ഉണ്ടാക്കിത്തീർക്കുക എന്നിവയാണ് പ്രസ്തുത കവിതയുടെ ഉദ്ദേശ്യങ്ങൾ. അവ നിറവേറുന്ന

വിഷയത്തിൽ നമ്മുടെ കവി വിജയശ്രീ ലാളിതനായിട്ടുണ്ട് എന്ന് തീർത്തു പറയാവുന്നതാണ്. (മധുരവും ആകർഷകവുമായ രീതിയിൽ അവ പ്രതിപാദിച്ചു മനുഷ്യഹൃദയത്തിൽ ആനന്ദത്തിന്റെ തേൻമധു പൊഴിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു)

ഉപസംഹാരം

കേരളത്തിൽ വന്ന് സംസ്കൃതവും മലയാളവും പഠിച്ച് കവിതാ രചന നടത്തിയ വിദേശീയരിൽ അഗ്രഗണ്യനാണ് അർണ്ണോസ് പാതിരി. ആശയ സമ്പത്ത്, ഭാവനാ വിലാസം, കവിത്വം മുതലായവ അദ്ദേഹത്തിൽ തോളോടു തോൾ ചേർന്ന് പരിലസിച്ചിരുന്നു. അദ്ദേഹത്തിന്റെ കവിതകൾ മലയാളഭാഷക്ക് എന്നെന്നും അലങ്കാരങ്ങളായി പ്രശോഭിക്കുന്നു. രചനാദോഷം മുതലായ ദോഷങ്ങളുണ്ടെങ്കിലും അവ ഗുണധോരണിയിൽ അദൃശ്യങ്ങളായിത്തീരുന്നുണ്ട്. അർണ്ണോസ് പാതിരിക്ക് മററു സ്മാരകങ്ങളില്ലെങ്കിലും കവിതകൾ തന്നെയാണ് അദ്ദേഹത്തിന്റെ സ്മാരകങ്ങൾ എന്ന് നിസ്സംശയം പറയാം.

പുത്തൻപാന

അഥവാ

രക്ഷാകരവേദകീർത്തനം

മൂന്നാം പാദം

— (*) —

ദൈവത്തിൻറ സ്ഥിതി. അവിടുന്ന് ആകാശവും ഭൂമിയും സൃഷ്ടിക്കുന്നു. ദൈവദൂതന്മാരിൽ ഒരു വിഭാഗം ദൈവാധിപത്യത്തോട് എതിർക്കുന്നു. അവരെ ശിക്ഷിക്കുന്നു .. മനുഷ്യനെ സൃഷ്ടിക്കുന്നു, അവരെ ചതിക്കുവാൻ പിശാച് സർപ്പരൂപത്തിൽ ഹവ്വായുടെ സമീപത്തേയ്ക്കു വരുന്നു.

ദ്രോഹംചെയ്തു പിഴയാലെ വന്നതും.
ഖേദനാശവും രക്ഷയുണ്ടായതും, 1
ശിക്ഷയാംവണ്ണം ചൊല്ലുന്നു സത്വരം
ദക്ഷരായോർ കഥ കേൾക്കേണമെവരും. 2
എല്ലാ മംഗലകാരണ ദൈവമേ!
നല്ല ചിന്തയുദിപ്പിക്കേണമെ. 3
ജന്മദോഷമൊഴിച്ചു രക്ഷിച്ചോരു
നിർമ്മലനീശോ കാരുണ്യമേകണം. 4
അമ്മകന്യകേ! ശുദ്ധ ശോഭാനിധേ,
എന്മനസ്സിരുളൊക്കെ നീക്കണമെ. 5
വാനവർ നിവിയന്മാർ ശ്ലീഹന്മാരും,
വാനത്തിൽ വിളങ്ങും പുണ്യവാളരും 6
വന്നെനിക്ക സഹായമായുള്ളിലെ
മന്ദം നീക്കി വെളിവുദിപ്പിക്കണം. 7

സത്യമിതറിയിച്ച ഗുരുവരൻ,
മാർത്തോമ്മായാം സഹായമേകനാമ! 8
ഇന്നും കേരളസത്യവേദികളെ
നിത്യം ചിന്തയാൽ പാലനം ചെയ്യുന്ന 9
ദൈവമാതാവിൻ സന്മയശോഭനൻ.
മെല്പട്ടത്തിന്നലങ്കാരം വർദ്ധനൻ, 10
മെത്രാനമ്മാരിലഗ്രസരോത്തമൻ
ശാസ്ത്രജ്ഞന്മാരിലാദ്യൻ തപോനിധി, 11
പാവന ഗുണാഞ്ചിത ശീലകൻ
മാർദ്ദിവന്നാസ്യോസെന്നാദ് കല്പിച്ചനാം 12
ആശംസയാശീർവ്വാദത്തിന്നനുഗ്രഹം,
മംഗല വാഗ്ദത്തമറിയിച്ചു ഞാൻ, 13
വരവാഗ്ദാനമായ് ചൊന്ന ഗുണവര
സാരസ്യമിതു കേട്ടുകൊൾക്കുന്നമെ. 14
ആദിക്ക മുമ്പിൽ സർവ്വ ഗുണങ്ങളാൽ
സാമ്യമെന്നിയെ സംപൂർണ്ണ മംഗലൻ, 15
ആദിതാനുമനാദിയായൊരു പുരാൻ
ഖേദനാശനനാം സ്വസ്ഥനാഥൻ 16
ഇഹമാകെയും വ്യാപിച്ച സ്വാമിയും,
ഇടത്തിലടങ്ങാത്ത മഹത്വവും, 17
സർവ്വകർമ്മങ്ങൾക്കാദിയുമന്തവും,
സർവ്വവസ്തുക്കൾക്കാധാരനാഥനും, 18
എല്ലാ രൂപത്തിന്നരൂപരൂപവും
എല്ലാ തൃപ്തി നിറവൊരു പ്രാപ്തിയും. 19
എല്ലാം ബുദ്ധിയാൽ കണ്ടറിയുന്നവൻ,
എല്ലാം സാധിപ്പാനാം വശമുള്ളവൻ, 20
ഒന്നിനാലൊരു മുട്ടു വരാത്തവൻ,
ഒന്നും തിട്ടതിയില്ലാത്ത ഭാഗ്യവാൻ. 21
തന്റെ മുഷ്കരം കാട്ടുവാൻ കാരണം
മറ്റു സൃഷ്ടികൾ നിർമ്മിച്ചാരംഭിച്ചു. 22

ആകാശമുടൻ ഭൂമിയുമാദിയായ്
വാക്കിൻ ശക്തിയാൽ ഭൂതമായ് വന്നിതു്. 23

ഏറ്റുഭേദമായുള്ള ലോകങ്ങളെ
ചിത്രമർമ്മലക്ഷണംകൊണ്ടു സൃഷ്ടിച്ചു 24

ഭൃതിയുള്ളതമായതിൽ നിർമ്മിച്ചു
ചിത്രകൗശലമെത്ര മനോഹരം! 25

മാലാഖമാരാം പ്രതാപമേറിയ
സ്വർല്ലോക പ്രഭു സമൂഹവും തദാ 26

സൂക്ഷ്മം അക്ഷയം, ദീപ്തി, ലഘുത്വവും
രക്ഷകൻ നൽകി ഭൃത്യവൃന്ദത്തിനു് 27

ധീ, സ്മരണ, മനസ്സിതു ത്രിവരം
വിസ്മയനാഥൻ നൽകി സ്വാതന്ത്ര്യവും. 28

തൽപ്രതാപപ്പെരുമയറിവാനും,
തല്പരനെ സ്തുതിച്ചാരാധിപ്പാനും, 29

ഇപ്രകാരമരൂപി സമൂഹത്തെ
താൻ പ്രിയത്തോടെ സൃഷ്ടിച്ചനാധി- 30

അവർക്കാനന്ദമോക്ഷത്തെ പ്രാപിപ്പാൻ
ദേവൻ കല്പിച്ചു ന്യായപ്രമാണവും 31

അരൂപരൂപമായവനിയതിൽ
നരവർഗ്ഗത്തെ സൃഷ്ടിക്കും ദാസരായ് 32

ഭൂനരകത്തിലായ് വലയും വിധൌ
ഭൂനരത്രാണത്തിന്നു മമ സുതൻ 33

ഭൂതലേ നരനായവതരിക്കും
ഭൂതനാഥനെ വന്ദിച്ചാരാധിച്ചു 34

നീതിസമ്മതമൊടു കൃപാഫലം
സതതാനന്ദ മോക്ഷത്തെ നേടുവിൻ. 35

മേ വിധിയിതു സമ്മതമല്ലെങ്കിൽ
ഭവിക്കും സദാ സങ്കടം നിശ്ചയം. 36

പരീക്ഷിപ്പതിന്നായൊരു കല്പന
പരമദേവൻ കല്പിച്ചനന്തരം 37

സ്വാമിതന്നുടെ ന്യായമായാവിധി
സുമനസ്സോടെ സമ്മതിച്ചു പലർ 38
അസമേശനെക്കണ്ടവരക്ഷണേ
അസമഭാഗ്യപ്രാപ്തിയെ നേടിനാർ 39
മോക്ഷഭാഗ്യം ഭവിച്ച മാലാഖമാർ
അക്ഷയസുഖം വാഴുന്നാനന്ദമായ്. 40
ശേഷിച്ച മഹാ മുഖ്യസ്വരൂപികൾ,
ഭോഷത്വം നിരൂപിച്ചു മതിച്ചുടൻ. 41
അവർക്കു ദേവൻ നൽകിയ ഭാഗ്യങ്ങൾ
അവർ കണ്ടു നിഗളിച്ചനേകവും. 42
ദേവനോടു സമമെന്നു ഭാവിച്ച്,
ദേവകല്പന ലംഘനം ചെയ്തവർ. 43
നിന്ദ ചെയ്തതു കണ്ടഖിലേശ്വരൻ
നിന്ദാഭാജന നീചവൃന്ദത്തിനെ 44
സ്വരൂപശോഭ നീക്കി വിരൂപവും
അരൂപികൾക്കു നൽകി നിരാമയം 45
ദേവകോപ മഹാശാപവും ചെയ്ത്
അവനിയുടെ ഉള്ളിലധോലോകേ, 46
നിഷ്ഠുരികളെ തട്ടിക്കളഞ്ഞുടൻ.
കഷ്ടമായ മഹാ നരകാഗ്നിയിൽ 47
ദുഷ്ടരായ പിശാചുക്കളൊക്കെയും
നഷ്ടപ്പെട്ടതിൽ വീണു നശിക്കിലും 48
ധൃഷ്ടത, ഗുണദോഷ, ചൈതന്യവും
ഒട്ടുമേ കുറവില്ലവർക്കൊന്നുമേ. 49
മുന്നമിങ്ങനെ സൃഷ്ടിച്ചു തമ്പുരാൻ
പിന്നെ മന്നിലുണ്ടാക്കി പലതരം 50
ആറാംനാളതിൽ മർത്യരിൽ മുമ്പനെ
ആറാവൃത്തായിൽ സൃഷ്ടിച്ചു തമ്പുരാൻ. 51
മണ്ണുകൊണ്ടൊരു യോഗ്യശരീരത്തെ-
യുണ്ടാക്കിയതിൽ ജീവനെ പൂകിച്ചു. 52

ബുദ്ധി ചിത്തവും പഞ്ചേന്ദ്രിയങ്ങളും
ആത്മമെന്നൊരു പേരും കൊടുത്തിട്ടു 53
പറുദീസായിലിരുത്തിയാദത്തെ
ഏറ്റെസ്സൗഖ്യമുള്ള സ്ഥലമായതു്. 54
സ്വപ്നത്തിലവന്റെയൊരു വാരിയാൽ
തമ്പുരാൻ സ്ത്രീയെ നിർമ്മിച്ചു തൽക്ഷണം. 55
ആദിനാഥനു പുത്രിതന്നെപ്പോൽ
ആദം ഹവ്വായും നരപിതാക്കളായ്. 56
തൽബുദ്ധിയും മനസ്സുമതുപോലെ
നൽകി ദൈവമവർക്കു കരുണയാൽ 57
നേരു ബുദ്ധിയാൽ തോന്നിടും നേരിനു
വൈരസ്യമവർക്കില്ലയായ് വന്നിടാ 58
ന്യായംപോൽ നടപ്പാൻ വിഷമമില്ല.
മായമെന്നതു ബുദ്ധിയിൽ തോന്നിടാ. 59
ദൃഷ്ടിക്കൊത്തുന്ന വസ്തുക്കളൊക്കെയും.
സൃഷ്ടമായൊരീഭൂമിയും വ്യോമവും 60
അവർക്കുപകാരത്തിനു തമ്പുരാൻ
കീഴടക്കിക്കൊടുത്തു ദയവോടെ, 61
സിംഹവ്യാഘ്രങ്ങളും പക്ഷിനാല്ക്കാലികളും
അങ്ങനൊക്കെ മാനുഷർക്കു നൽകിനാൻ. 62
മൃഗങ്ങളും, വിധിയായവണ്ണമുടൻ
വശ്യത്താൽ സ്വർഗ്ഗനാഥനെ ശങ്കിക്കും, 63
നക്ര, ചക്ര, മകരാദി മത്സ്യങ്ങളും,
ഭക്ഷ്യകായ്കനികളുടെയുമവ്വണ്ണം 64
വൃക്ഷങ്ങളും പുല്ലും പുഷ്പാദിവസ്തുവും
കൈക്കയാദത്തിൻ കല്പന കേൾക്കുമേ. 65
കണ്ടതെല്ലാമനുഭവിപ്പാൻ വശം
ഖേദത്തിനുടെ പേരുമില്ല സദാ. 66
കേടും ക്ലേശവും ഏതെന്നറിവില്ല,
പേടിക്കുമൊരു ശങ്കരിപ്പുവില്ല. 67

പൈയും ദാഹവും തീൎപ്പതിന്നൊക്കവെ
വിയൎപ്പെന്നിയെ ഭൂമി കൊടുത്തീടും! 68

ചിന്തിച്ചതെല്ലാം സാധിച്ചുകൊള്ളുവാൻ
അന്തമില്ലാത്തൊരീശൻ ദയാപരൻ. 69

തൻപിതാവു തനയന്മാൎക്കെന്നപോൽ
താൻ പ്രിയത്തോടു സൃഷ്ടിച്ചു നൽകിനാൻ. 70

പിൻപവൎക്കൊരു പ്രമാണം കല്പിച്ചു
അൻപിനോടിതു കാക്കേണം പഥ്യമായ് 71

തല്പരനെന്നൊരുൾഭയമെപ്പോഴും
ഉൾപ്പൂവിലവരോൎക്കണമെന്നിട്ട്, 72

വൃക്ഷമൊന്നു വിലക്കി സൎവ്വേശ്വരൻ,
അക്ഷിഗോചരമൊക്കെയും ഭക്തമായ്. 73

ഒന്നുമാത്രമതൊരു കായ്കനി,
തിന്നാൽ ദോഷവും നാശവുമാമതു് 74

എപ്പോഴുമെന്നെയോൎത്തു പ്രിയത്താലെ
ഇപ്രമാണം വഴിപോലെ കാക്കണം. 75

ഇക്കല്പനയ്ക്കൊരീഷൽ വരുത്തായ്കിൽ
എല്ലാ ഭാഗ്യവുമന്തരിക്കയില്ല. 76

അവൎക്കുമവൎക്കുള്ള ജന്മത്തിന്നും
നിൎവ്വിശേഷസൗഖ്യം രസിക്കാം സദാ. 77

കല്പനയ്ക്കൊരു വീഴ്ച വരുത്തിയാൽ
അപ്പോൾ മൃത്യുവാതിൽ തുറന്നുപോം. 78

അനൎത്ഥങ്ങളനേകമുണ്ടായ് വരും
സന്തതിയും നശിക്കുമനന്തരം, 79


ഇഗ്ഗുണ ശ്രേഷ്ഠഭാഗ്യവും നാസ്തിയാം,
നിൎഗ്ഗുണ താപവാരിയിൽ വീണുപോം. 80

ഇപ്പടി ഗുണദോഷ ഫലങ്ങളും
തൽപ്പരനരുളിച്ചെയ്തിരുത്തിനാൻ 81

ചൊല്ലേറിയവൻ കല്പിച്ചതുപോലെ
ഉൾപ്രസാദിച്ചവരിരിക്കും വിധൌ. 82

അറപ്പാഴ് നരകത്തിലസുരകൾ
ഉറപ്പുവിലതിദ്വേഷം കലർന്നവർ 83
മുന്നം വാനതിപാവുകളായ് നാം
ഉന്നതപ്രഭയോടെ വിളങ്ങുന്നോർ 84
അന്നു ദൈവതിരുവുള്ളക്കേടിനാൽ
ഘോരനരകത്തിൽ പോന്നതിവർഗ്ഗം 85
ദൈവമെന്നെ വന്ദിച്ചാരാധിപ്പാൻ
ചിന്തിച്ചിന്നും നമുക്ക വിധിച്ചുള്ള്. 86
ഒത്തുസമ്മതിച്ചില്ലെന്ന കാരണാൽ
കർത്താവു നമ്മെ ശിക്ഷിച്ചു യോഗ്യരാക 87
അന്ന നാശം നമുക്ക ഭവിച്ചുള്ള-
തിന്നരകത്തിന്റെ കാരണം. 88
എന്നതുകൊണ്ടീമാനുഷവർഗ്ഗത്തെ
ഇന്നരകത്തിൽ കൂടെ മുടിക്കേണം. 89
ദൈവൻ നമ്മെ ശിക്ഷിച്ചതിനന്തരം
ദൈവസേവകരെ നശിപ്പിക്കേണം. 90
ദൈവനോടും മാലാഖാ വൃന്ദത്തോടും
ആവതല്ലിവരോടെ ഫലിച്ചീടു. 91
എന്നതിനൊരുപായം നമുക്കെന്നു
വന്നരക പിശാചുക്കൾ ചിന്തിച്ചു. 92
ദൈവനിഷ്ടരവരത്രെ കാരണം.
ആവതില്ല നമുക്കവരോടിപ്പോൾ 93
അവരിൽ തിരുവുള്ളം കുറയുമ്പോൾ
അവരോടു ഫലിക്കും നമുക്കഹോ. 94
തിരുവുള്ളം കുറയണമെങ്കിലോ
അരുളപ്പാടവർ കടക്കേണം 95
ദൈവകല്പന ലംഘിക്കിലാരെയും
ദൈവൻ ശിക്ഷിക്കുമെന്നു ഗ്രഹിച്ചല്ലോ 96
എങ്കിലോയിവർക്കൊരു പ്രമാണം
സകലേശൻ കല്പിച്ചിട്ടുണ്ടല്ലോ. 97

എന്നാലാവില്ല ഖണ്ഡനം ചെയ്യിപ്പാൻ
എന്ന വേലചെയ്യേണം നാമിപ്പുഴെ. 98
എന്നതു പിശാചു പുറപ്പെട്ട
താനവനാകുന്ന തൻവ്യാജക്രിയയ്ക്കു്. 99
തക്കവാഹനമായുള്ളൊരു സർപ്പത്തെ
എക്കാലവും മർത്യർക്കു രിപു സർപ്പം 100
അറപ്പാൻ യോഗ്യൻ വിഷം ധൂളുന്നവൻ.
മാറാതിഴയും ഭൂമിയിൽ മേവുന്നോൻ. 101
നീചൻ ഘാതകൻ മർത്യരിപു സാത്താൻ
നീചസർപ്പത്തിൽ ചെന്ന ഹവ്വായോടോന്നിത്. 102



രണ്ടാംപാദം

—(*)—

പിശാചു് ഹവ്വയോടു പറഞ്ഞ വഞ്ചനാവാക്കുകൾ. ആദാം അവരെ വിശ്വസിച്ചു് ഫലം ഭക്ഷിക്കുന്നു. ആദം ഭാര്യയുടെ ഉപദേശമാവും കേട്ടു ദൈവാജ്ഞ ലംഘിക്കുന്നു. ദൈവത്തോടു മാപ്പപേക്ഷിക്കുന്നു. അവരുടെ പശ്ചാത്താപത്താൽ സംപ്രീതനായ ദൈവം പാപത്തിനു പരിഹാരം വരുത്തുവാൻ രക്ഷകനെ വാഗ്ദാനം ചെയ്യുന്നു. മിശിഹായുടെ ആഗമനത്തിനു വേണ്ടി പൂർവ്വപിതാക്കന്മാർ പ്രാർത്ഥിക്കുന്നു.

മാനുഷരെ പിഴപ്പിച്ചുകൊള്ളുവാൻ
മാനസമോഹമോടു് പിശാചവൻ. 1
തൻകരുത്തു മറച്ചിട്ടുപായമായ്
ശങ്കകൂടാതെ ഹവ്വായോടോതിനാൻ. 2
മങ്കമാർ മണി മാണിക്യമേ,
പെൺകുലമൗലേ, കേൾ മമ വാക്കു നീ 3
നല്ല കായ് കനിയും ഭവതീന്നതിങ്ങനെ
അല്ലലായിരിപ്പാനെന്തവകാശം 4

ഉന്നതന്റെ മഹത്വം പറഞ്ഞപ്പോൾ
ചൊന്നവന്നോട് നന്ദിയായ വർത്തകൾ 5
കണ്ടതെല്ലാമടക്കി വാണീടുവാൻ
മടിയെന്നിയെ കല്പിച്ചു തമ്പുരാൻ 6
വേണ്ടുവതെല്ലാം സാധിച്ചുകൊള്ളുവാൻ
വേണ്ടുന്ന വരവും തന്ന തങ്ങൾക്ക്. 7
പിന്നെയിമ്മരത്തിന്റെ കനിയത്
തിന്നായ്കെന്ന പ്രമാണം കല്പിച്ചു. 8
ഈ മഹാകല്പന കാത്തുകൊണ്ടിങ്ങനെ
ദേവസേവികളായിരിക്കുന്നിതാ. 9
ദൈവമിങ്ങനെ ചൊന്നതിനന്തരം
അവരും സമ്മതിച്ചുമനുഷ്യരാം 10
വഞ്ചനയായ വൻചതിവാക്കുകൾ
നെഞ്ചകം തെളിവാനരചെയ്യുവൻ. 11
കണ്ടകാര്യമിതെന്തുകൊണ്ടിങ്ങനെ
ക്ഷുദ്രരായ് നിങ്ങളും വാഴ്‌വതെന്താണ്? 12
സാരമായ കനിഭുജിച്ചീടാതെ,
സാരഹീന ഫലങ്ങളും ഭക്ഷിച്ച്, 13
നേരറിയാതെ സാരരഹിതരായ്
പാരിൽ മൃഗസമാനമതിങ്ങനെ. 14
എത്ര വിസ്മയമായ കനിയിത്!
ഭദ്രമാണെന്റെ വാക്കെന്നറിഞ്ഞാലും! 15
നന്മയേറും വളർത്തുമിതിൻകനി
തിന്മാനാം രുചിയുണ്ടതിന്നേറവും 16
ഭാഗ്യമായ കനിയിതു തിന്നുവാൻ
യോഗ്യരോ നിങ്ങളെന്നറിഞ്ഞില്ല ഞാൻ. 17
ആരുമില്ലിതു തിന്നാലതിൽ ഗുണം
കാര്യമവർക്കറിയാമെന്നതേ വേണ്ടു, 18
ദിവ്യമായ കനിയിതു തിന്നുകിൽ
ദേവനു സമമായ് വരും നിങ്ങളും 19

ഇത്യാദിയുള്ളകൊണ്ടു ദേവൻ വിരോധിച്ചു
ആജ്ഞാപാലനത്തിന്നു ഗ്രഹിച്ചു താനെ 20

സ്നേഹം നിങ്ങളെല്ലാരോടുമുള്ളതുകൊണ്ടു
മഹാനന്ദരഹസ്യം പറഞ്ഞു ഞാൻ. 21

ചൊന്ന സാരം ഗ്രഹിച്ചിട്ടു തിന്നുകിൽ
വന്നിടും മഹാ ഭാഗ്യമറിഞ്ഞാലും 22

ദുഷ്ടനിഷ്ടം പറഞ്ഞതു കേട്ടപ്പോൾ
ദുഷ്ടമാംകനി തിന്നു പിഴച്ചഹോ. 23

നഷ്ടമാമെന്നറിയാതെ പിന്നെയും
ഇഷ്ടഭക്ഷ്യമായ് നൽകി ഭർത്താവിന്നും. 24

ഹാവാ തങ്കൽ മനോരുചിയാകയാൽ
അവൾക്കിമ്പം വരുവതിന്നാദവും. 25

ദേവകല്പന ശങ്കിച്ചീടാതന്നു
അവളോ ചൊന്നതു സമ്മതിച്ചുകനി 26

തിന്നവൻ പിഴപ്പെട്ടോരനന്തരം
പിന്നെയും ദേവഭീതി ധരിച്ചില്ല 27

ഉന്നതനായ ദേവനുള്ളകണ്ടു
തന്നുടെ നീതിലംഘനം ചെയ്കയാൽ. 28

താതൻ തന്റെ തനയരോടെന്നപോൽ
നീതിമാനഖിലേശ്വരൻ കോപിച്ചു. 29

ആദം! നീയെവിടെയെന്നരുൾചെയ്തു
നാദംകേട്ടു കലങ്ങി പറുദീസാ. 30

ആദവുമഴകേറിയ ഭാര്യയും
ഭീതിപൂണ്ടു ഭ്രമിച്ചു വിറച്ചുടൻ. 31

ദൈവമംഗലനാദങ്ങൾ കേട്ടപ്പോൾ
ദൈവികമുള്ളിൽ പുക്കടനാദവും 32

ദൈവന്യായം കടന്നതു ചിന്തിച്ചു
ദൈവമേ പിഴച്ചെന്നവൻ തേറിനാൻ 33

നാണമെന്തെന്നറിയാത്ത മാനുഷർ
നാണിച്ചു പത്രവസ്ത്രം ധരിച്ചുടൻ. 34

ചെയ്ത ദോഷത്തിനന്തരമപ്പോഴെ
സന്താപത്തോടനുഭവിച്ചാരവർ 35

അന്നവഴിയെ പിശാചിനോടൊന്നിച്ചു
പാമ്പു ദേവാജ്ഞ ലംഘിപ്പിക്കുന്നതാൽ. 36

നിന്റെ വായാൽ നീ വഞ്ചിച്ചതുകൊണ്ടു
നിന്റെ ഭോജ്യം നിൻവായിൽ വിഷമെന്നും 37

പൂണ്ടു മണ്ണിലിഴഞ്ഞു വലകെന്നും,
കണ്ടവർ കൊല്ലുകെന്നും ശപിച്ചുടൻ. 38

സർവ്വനാഥനെയാദം മറക്കയാൽ
സർവ്വജന്തുക്കളും മറന്നാദത്തെ 39

തമ്പുരാൻ മുമ്പവർക്കു കൊടുത്തൊരു
വമ്പുകമാം വരം നീക്കി വിധിച്ചിതു 40

വിശപ്പും ദാഹം ക്ഷമിക്കേണമെന്നതും,
വിയർപ്പോടു പൊറുക്കേണമെന്നതും, 41

വ്യാധി ദുഃഖങ്ങളാൽ വലകെന്നതും,
ഒടുവിലായി മരിക്കേണമെന്നതും' 42

ഉദരസങ്കടം കൊണ്ടു പ്രസൂതിയും
ഏറ്റമായുള്ള ബന്ധസമൂഹവും 43

മുള്ളുകളാം ഭൂമി തന്നിൽ മുളച്ചിതു
പള്ളക്കാടു പരന്ന ധരിത്രിയിൽ. 44

സ്വൈരവാസത്തിൽനിന്നവരെയുടൻ
ന്യായം കല്പിച്ചു തള്ളി സർവ്വേശ്വരൻ. 45

മൃഗങ്ങളുമവർ ചെയ്ത ദോഷത്താൽ
മൃഗവാസത്തിൽ വാഴുവാൻ യോഗ്യരായ്. 46

ഇമ്പമോടു പിഴച്ചതിന്റെ ഫലം
പിമ്പിൽ കണ്ടുതുടങ്ങി പിതാക്കന്മാർ 47

നല്ലതെന്നറിഞ്ഞീടിലും നല്ലതിൽ
ചെല്ലുവാൻ മടിപ്രാപിച്ചു മാനസേ 48

വ്യാപിച്ചു ഭുവി തിന്മയെന്നുള്ളതും.
മുമ്പിൽ തിന്മയറിയാത്ത മാനുഷർ. 49

തിന്മചെയ്തവർ തിന്മയിലയെപ്പോം
നന്മ പോയതിനാൽ തപിച്ചേറ്റവും 50

ഉള്ള നന്മയറിഞ്ഞീടുവാൻ പണി
ഉള്ള തിന്മയറിയായ്വാനുംപണി. 51

ആശ്രമത്തിലെ വിരസം കണ്ടവ-
രാഴ്ന്നുമുങ്ങീട്ടു ദുഃഖസമുദ്രത്തിൽ 52

വീണുതാണതി ഭീതി മഹാധിയാൽ
കേണപജയമെണ്ണിക്കരയുന്നു. 53

ജന്മപര്യന്തം കല്പിച്ച നന്മകൾ
മോഹംകൊണ്ടശേഷം കളഞ്ഞയ്യോ. 54

നല്ലകായ്കനി തോന്നിയതൊട്ടുമേ
നല്ലതല്ലതു ദോഷമനവധി. 55

സ്വാമിതന്റെ പ്രധാനമാം കല്പന
മോഹത്തിനാൽ ലംഘനം ചെയ്തു 56

കഷ്ടമെത്രയും സ്വർലോകനാഥനെ
ദുഷ്ടരായ നാം മറന്നതെങ്ങനെ! 57

സത്താം ദേഹവും തന്ന സ്രഷ്ടാവിനെ
എന്തുകൊണ്ടുനാം നിന്ദനം ചെയ്തയ്യോ. 58

ആപത്തെല്ലാം വരുത്തിച്ചുമല്ലൊ നാം
താപവാരിയിൽ വീണുമുഴുകിയ. 59

വീഴ്ചയാലടി നാശവും വന്ന നാം
താഴ്ചയേറും കുഴിയതിൽ വീണിതു് 60

പോയ്പോയ ഗുണം ചിന്തിച്ചു ചിന്തിച്ചു
താപത്തിന്നു മറുകര കാണാതെ 61

പോറ്റു പോറ്റു കരഞ്ഞവർ മാനസേ
ഒറ്റു ചിന്തിച്ചു പിന്നെപ്പലവിധം. 62

ശിക്ഷയായുള്ള നന്മ കളഞ്ഞു നാം
രക്ഷക്കെന്തൊരുപായം നമുക്കിനി. 63

ഇഷ്ടവാരിധി സർവ്വൈകനാഥനെ
സാഷ്ടാംഗസ്തുതിചെയ്തു സേവിക്കണം. 64

അവിടെനിന്നിനി മംഗലമെ വരൂ
അവിടെ ദയാലോര മാർഗ്ഗമുണ്ടാം. 65
ആററമററ ദയാനിധി സ്വാമിയെ-
ക്കാററം പോവതിനേററ സേവിച്ചവർ. 66
സർവ്വൈക ഗുണസ്വരൂപ ദൈവമേ!
അവധി തവ കരുണയ്ക്കില്ലല്ലോ, 67
പാപം ചെയ്തു നാമേററ പീഡിക്കുന്നു
താപം നീക്കുക സർവ്വദയാനിധേ! 68
ന്യായം കല്പിച്ചു ദൈവമേ നിന്നുടെ
ന്യായം നിഷേധിച്ചു ഞങ്ങൾ ദുരാത്മാക്കൾ. 69
ന്യായലംഘനം കാരണം നിന്നുടെ
ന്യായശിക്ഷ തികയ്ക്കല്ലേ നായകാ! 70
കണ്ണില്ലാതെ പിഴയ്ക്കയാൽ ഞങ്ങൾക്ക്
ബന്ധമിപ്പോൾ ഭവിച്ചു പലവിധം. 71
ബന്ധത്തിൽ നിന്റെ തിരുവുള്ളക്കേടാൽ
ബന്ധമററം നമുക്കയ്യോ ദൈവമേ 72
ഉത്തരമറിയുന്നോരാർത്തിയമററുവാൻ
പോററു നീയൊഴിഞ്ഞാര ദയാനിധേ! 73
സർവ്വേശാ നിന്റെ കാരുണ്യശീതളം
സർവ്വവ്യാപ്തി സുഖം സകലത്തിനും 74
ദേവസൗഖ്യം ഞങ്ങൾക്ക കുറകയാൽ
അവധിഹീന സംക്രമവേദന, 75
അയ്യോ പാപം നിരന്ന മഹത്തമമേ
അയ്യോ ബുദ്ധിക്കന്ധതം ദുർഭാഗ്യമെ. 76
നിൻ തൃക്കൈബലം രക്ഷിച്ചില്ലെങ്കിലോ
ഗതിയെന്നിയെ മുടിഞ്ഞു നാം സമാ 77
ഇപ്രകാരമനേക വിലാപമായ്
സുപീഡയോടവരിരിക്കും വിധൗ 78
കണ്ണുനീരും തൃക്കൺപാർത്തു നായകൻ
ത്രാണം കല്പിച്ചനുഗ്രഹിച്ചു പുനഃ. 79

സ്ത്രീ, പാപത്തിന്റെ കേട വന്നിടാതെ
സർപ്പത്തിന്റെ തല തകർത്തിടും. 80
ആ ദോഷത്തിന്റെ നാശമേല്ക്കാതെ ക-
ണ്ടാമത്തിന്റെ ജനനി ശുദ്ധയായ്. 81
കറകൂടാതെ നിർമ്മല കന്യകാ
സർവ്വപാലന്റെ ജനനിയായ് വരും. 82
പുത്രൻ തമ്പുരാൻ നരാവതാരത്തിൽ
ധാത്രിദോഷവിനാശമൊഴിച്ചീടും. 83
ദിവ്യവാക്കുകളും കേട്ടാരനന്തരം
ഉൾവ്യാധി കുറഞ്ഞാശ്വസിച്ചാരവർ. 84
രക്ഷകനന്തരം വരാതിരിപ്പാനായ്
ശിക്ഷയാം വസ്ത്രമിതന്ന സന്തതം. 85
അവർകളുടെ കാലം കഴിഞ്ഞിട്ട്
അപേക്ഷയൊഴിക്കും പ്രകാരങ്ങളും. 86
മുമ്പിലോമത്തോടുതളിച്ചെയ്തപ്പോൾ
തമ്പുരാൻ പിന്നെ മോഹാഹത്തിനോടും, 87
ദാവിദാകുന്ന പുണ്യരാജാവോടും,
അവർക്കാത്മജൻമിശിഹായായ് വരും 88
എന്നുള്ള ശുഭവാർത്തയറിയിച്ച്,
മാനസാശയമേറെ വർദ്ധിപ്പിച്ചു. 89
ലോകമാന്യരായ മഹാജനം
ലോകനായകനെ സ്തുതിച്ചീടിനാർ. 90
ലോകൈകനാഥ! സർവ്വദയാനിധേ!
ലോകരക്ഷയ്ക്കു വന്നുകൊള്ളണമേ. 91
മേഘം പെയ്യുന്ന മഞ്ഞതിലെങ്കിലും
ശീഘ്രം നീയും വരാത്തതെന്തയ്യോ 92
ആകാശം വെടിഞ്ഞിറങ്ങും രക്ഷകാ,
ആകെ നിൻകൃപയില്ലാതെന്തുഗതി! 93
നിശ്ശ താമസം പാർക്കാതെ വേദന
പോക്കിക്കൊള്ളുക വേഗമെന്നാരവർ. 94

മൂന്നാം പാദം സമാപ്തം

മൂന്നാം പാഠം

— (*) —

ജന്മപാപംകൂടാതെയുള്ള പ. മറിയത്തിന്റെ ജനനം. ദേവാലയത്തിൽ താമസമാക്കിയ മറിയം കന്യാവ്രതം നേരുന്നു. ഒരത്ഭുത പ്രവൃത്തി വഴി വി. യൗസേപ്പിനെ മറിയത്തിന്റെ ഭർത്താവായി ദൈവം തിരഞ്ഞെടുക്കുന്നു. അവരുടെ വിവാഹം. അവർ നസ്രത്തിൽ താമസമാക്കുന്നു.

[illegible] കുഴിയിൽ പിറന്നുയരുമാറാകും പോലെ
[illegible] 1
[illegible]
[illegible] 2
[illegible]
[illegible] 3
വെളിപ്പെടും നക്ഷത്രമെന്നപോൽ
തെളിവായ്‌വിളങ്ങി കന്യാമണി. 4
[illegible] ശരിവർദ്ധനത്തിനായ്
[illegible] 5
ഉത്തമഫലം പൂവിനാലുളവാൻ
ചിത്താപഹാര രൂപ പുഷ്പമിതു്. 6
ദൈവപുത്രനിറങ്ങിപ്പാനവനിയിൽ
ദേവാനുഗ്രഹ താരമുദിച്ചിതു്. 7
രാജരാജൻ ധര എഴുന്നെള്ളുവാൻ
രാജസിംഹാസനം പണിയിച്ചിതു്. 8
രാജപുഷ്കരതടത്തിനൊത്തൊരു
രാജധാനി പണിചെയ്തു ശോഭയിൽ 9
സ്വർമോക്ഷത്താൽ വലയും മർത്ത്യരെ
സ്വർമോക്ഷമകററി രക്ഷിച്ചിടാൻ 10
സർവ്വേശൻ നരനാവാൻ ജനനിയായ്
സന്നിർമ്മല കന്നി പിറന്നിതു്. 11
മാനക്കളങ്കശ്രേഷ്ഠതമിതു്,
തിരയററഗുണഗണശാലിനി. 12

ഭൂർല്ലോകത്തിന്നപജയകാരണം,
സ്വർല്ലോകത്തിന്നു മാന്യമാം സ്ത്രീവരഃ 13
കറയററ നൈർമ്മല്യം ധരിച്ചവൾ
നിറവുള്ള ധർമ്മങ്ങടെ ഭാജനം. 14
ജനിച്ചുടനെ സംപൂർണ്ണ ചന്ദ്രൻപോലെ
ഗുണാളിപ്രഭ വീശിത്തുടങ്ങിയോൾ 15
പാപത്തിന്റെ നിഴലും തൊട്ടില്ല
തമ്പുരാനിഷ്ടപ്പെടുന്നതെല്ലാമുണ്ട്, 16
മരണശേഷം നിഴൽപോലും തീണ്ടാതെ
നഭസ്സിൽ ഉള്ളപ്പെണ്ണായ നിർമ്മല 17
പുരോഹിതരായവളെയുടൻ
ഏകൻ സ്നേഹത്താലലംകരിച്ചുള്ള്. 18
ആത്മാവിന്റെ സാമർത്ഥ്യമായവ
സമ്മതിച്ചുകൊണ്ടൊരു പ്രിയത്തോടെ. 19
മാലാഖമാർക്കും മനുഷ്യർക്കുമുള്ള
അത്ഭുതപ്പെട്ടിയിതിന്നൊരുത്തുവരാ. 20
പുത്രൻ തമ്പുരാൻ ജനനിയാകുവാൻ
മതിയെന്നങ്ങ വരച്ചു കൈക്കൊണ്ടു. 21
ബാവാ പുത്രിയിവളെന്നതുപോലെ
സർവ്വത്തേക്കാളുമേറെ സ്നേഹിച്ചിതു. 22
മാലാഖമാരിൽ പ്രധാനികളവർ
വെളിച്ചം നില്പാനൊരായുണ്ടാക്കിച്ചു. 23
ഗബ്രിയേലിനെ തമ്പുരാൻ കല്പിച്ചു
സന്നിധിയാമറിയത്തെ കാപ്പാനായ്: 24
സദ്ഗുണത്തമാതരിപ്പാനായി
മറിയമെന്ന നാമധേയമിട്ടു 25
ത്രിലോകത്തിലും പൂജ്യമാം നാമത്തെ
കല്പിച്ചു പേരുമിട്ടു സാർവ്വേശ്വരൻ, 26
ജനിച്ചുടനെ തികഞ്ഞ ബുദ്ധിപ്രഭ
മാനസത്തെ നടത്തും യഥാചിതം. 27

അങ്ങനെ പക്ഷമുള്ളാക്കിയ തമ്പുരാൻ
അവളെക്കിഷ്ടമിതത്രെ പ്രമാണമാം 28

ബുദ്ധിധ്യാനവും ചിത്തരസങ്ങളും
പ്രധാന ഗുണമിപ്പിക്കും സന്തതം, 29

ഇഹലോകം പ്രീതിയിഷ്ടു ഒരിക്കലും
ഉള്ളിൽ പൂകാതെ വാണതപസ്വിനി. 30

മൂന്നുവയസ്സിൻകാലം കഴിഞ്ഞപ്പോൾ
അന്നോറശലേം പള്ളിയിൽ പാർത്തവൾ 31

പിതാക്കന്മാരെ ചിന്തിക്കാതെ സദാ
ശാസ്ത്രത്തിലുറപ്പിച്ചു മാനസം. 32

അല്പഭക്ഷണം ദൈവജപം തപ-
സ്സെപ്പോഴുമിവ വൃത്തികളയാതെ 33

ഉറക്കത്തിലും മനസ്സും ബുദ്ധിയും
ഉറക്കത്തിന്റെ സുഖമറിയാതെ 34

ദൈവമംഗലം ചിന്തിച്ചും സ്നേഹിച്ചും
ജീവിതം കഴിച്ചീടുമാറായതു. 35

പുണ്യവാസത്തിൽ മാലാഖമാരുടെ
ശ്രേണിനിയതം കന്നിയെ സേവിക്കും 36

ശാസ്ത്രത്തിന്റെ പൊരുളും തിരിച്ചീടും
ഉത്തരലോകെ വാർത്തയറിയിക്കും 37

ആദത്തിന്റെ ദോഷമൊഴിപ്പാനായ്
യൂദജനത്തിൽ ജനിപ്പാൻ തമ്പുരാൻ 38

മുമ്പിൽ നിവ്യന്മാരോടരുൾ ചെയ്തപോൽ
കല്പിച്ചകാലമൊട്ടു തികഞ്ഞതു് 39

തമ്പുരാനെയീഭൂമിയിൽ കാൺമതി-
ന്നുപായമത്രെ വന്നിവയെന്നതും 40

സത്യവാർത്തകളറിയിക്കും വിധൌ
ചേതസി മോഹമുജ്ജ്വലിക്കും സദാ, 41

ശക്തിയേറിയ തീയിലനന്തരം
ഘൃതം വീഴ്ത്തിയാൽ കത്തുമതുപോലെ 42

വന്നരുളുക ദൈവമേ! താമസം
നീക്കുവാനനുഗ്രഹിക്ക സത്വരം 43

ഗുണമൊന്നും നീയല്ലാതെയില്ലല്ലോ,
പുണ്യം കൂട്ടുവാൻ വന്നരുളേണമേ! 44
പ്രാണപ്രാണൻ നീ സർവമംഗല്യമേ!
പ്രാണനാഥാ എന്നെ വന്നാശ്വസിപ്പിക്ക 45
കണ്ണിനു വെളിവെനിക്കു നീ തന്നേ
എന്നാലോചിതം പോവതാണിക്കനീ 46
പണ്ടു കാരണവർ ചെയ്തതോർക്കുമ്പോൾ
കണ്ടു നിന്നെ ഞാൻ വന്ദിച്ചുകൊള്ളുവാൻ 47
ഭാഗ്യത്തിനുടെ യോഗ്യനാകുമോ?
അഗതികൾ സഹായമുണ്ടാകകിൽ 48
അന്നിനിക്കുള്ള മോഹവിനാശമാം
അന്നതൽപരം ഭാഗ്യം വേണ്ടു ഭുവി. 49
നീയിഭൂമിയിൽ ജനിച്ചുകൊള്ളുകിൽ
പ്രിയത്താലപ്പോൾ ദാസിയാകയ്ക്കു ഞാൻ 50
ഭുവി വേണ്ട സമ്മാനവും ചെയ്യുമേ
വേലയാകെക്കഴിച്ചുമോളു ഞാൻ നിശ്ചയം 51
നിന്നെക്കാപ്പാനും നിന്നെയൂട്ടാനും
എന്നിലെല്ലാം മടിയില്ല ദൈവമേ! 52
ഉറങ്ങുന്നേരം നിന്നെ ദയവോടെ
ഉറങ്ങാതെ ഞാൻ കാത്തുകൊണ്ടിരുവാൻ, 53
ഉറക്കത്തിനു ഭംഗം വരുത്താതെ
വെറുപ്പിക്കാതിരിക്കും തൃക്കാല്ക്കൽ ഞാൻ 54
തൃക്കാൽമയത്താൽ പരിഭവിക്കാതെ
ഭക്തിയോടു ഞാൻ മുത്തമിടുന്നേരം 55
ഉയർന്നിട്ടില്ലയൊക്കെയും സാധിപ്പാൻ
തണുപ്പിച്ചീടും മൂടുള്ള കാലത്തിൽ 56
ശീതംപോക്കുവാൻ കുളിർന്നിരിക്കുമ്പോൾ
ഒത്തപോൽ സദാ ഇരിക്കുന്നുണ്ടു ഞാൻ 57
നടപ്പാൻ കഴിവു തൃക്കാലിനുള്ളപ്പോൾ
പിടിച്ചുണ്ണിയെ നടത്തിക്കൊള്ളുവാൻ. 58
പ്രേമത്തിനുടെ കിരീടം ദൈവമേ!
എന്മനോരസം മുഴുപ്പിക്കുന്നുണ്ടു". 59

കന്യകാരത്നമീശനെ ചിന്തിച്ചു
പിന്നെത്തന്നിൽ വിചാരിച്ചപേക്ഷിച്ചു. 60

ഇക്കുമാരിയായ ഞാനിങ്ങു ചിന്തിച്ചാൽ
ഇക്രിയകൾക്ക യോഗ്യമെനിക്കെന്തോ? 61

നീയനന്തഗുണ സകലാംബുധി.
നീയഖിലപ്രഭു സർവ്വ മുഖ്യകരൻ. 62

ഒൻമ്പതുവൃന്ദം മാലാഖമാർ നിന്റെ
മുൻപിലാദരിച്ചുകൂപ്പിട്ടും നിൽക്കുന്നു. 63

ദേവനിന്നുടെ ശുശ്രൂഷയാസ്ഥയായ്
സേവിച്ചവർനിന്നെ സ്തുതിക്കുന്നു. 64

മൺപാത്രം കഴിവുള്ളവൾ ഞാനല്ലോ
ഇപ്രകാരം ഞാനെന്നു മോഹിക്കുന്നു. 95

കാരുണ്യത്തിന്റെ വിസ്മയത്താലെ നീ
പരിപൂർണ്ണമെനിക്ക വരുത്തുക. 66

സൂര്യവെളിവത്തെ നോക്കുമ്പോലെ
ദൂരെയെങ്കിലും കണ്ടാവു നിൻപ്രഭ. 67

ഈവണ്ണം നിത്യംമാനസേ ചിന്തിച്ചു
ദൈവാനുഗ്രഹം പാർത്തിട്ടും കന്യക, 68

അന്യഭാവമൊന്നാകതന്നമ്മെ
മാനസത്തിലുദിച്ചില്ല നിശ്ചയം. 69

മാംസമോഹങ്ങളെറ്റെയറ്റവൾ
കന്യാത്വം നേർന്നു സർവ്വേശ സാക്ഷിണി 70

പന്തിരണ്ടു വയസ്സു തികഞ്ഞപ്പോൾ
ഭർത്താവൊരുവനാകുന്ന വിചാരമായ് 71

വിവാഹംചെയ്തു കന്യക്കു പുത്രനായ്
ദേവൻ ജനിപ്പാൻ കല്പിച്ച കാരണം 72

ദുഷ്ടിവർഗ്ഗമെല്ലാം വേൾക്കുന്നമെന്നു്
പൂർവ്വകലാപനയായതറിഞ്ഞാലും 7

ഈവണ്ണം നരജനത്തിലാരുമേ
ഭൂമിയിലുണ്ടായില്ലെന്നു നിശ്ചയം 74

രൂപസൗന്ദര്യം മഹാ വിരക്തിയും
ഉപേക്ഷാപേക്ഷ സൂക്ഷ്മ നീതിയും 75

ദേവസേവയും ശാസ്ത്രവിജ്ഞാനവും
ഇവയങ്ങനെ കണ്ടവരാരുള്ളൂ. 76

ഇക്കന്യയുടെ മുഖത്തു നോക്കുമ്പോൾ
ശങ്കാചാരങ്ങൾ പറഞ്ഞുകൂടുമോ? 77

ദേവിയില്ലെന്നു ശാസ്ത്രത്തിൽ കണ്ടു നാം
ഇവൾ ദേവിയെന്നോർത്തു പോമല്ലെങ്കിൽ 78

ഭുവാംക്ക ഇണയാകുവാൻ യോഗ്യനെ
ദ്യോവിൽനിന്നങ്ങു വരുത്തിക്കൂടുമോ? 79

പട്ടക്കാരരിതിങ്ങനെയെണ്ണുമ്പോൾ
കൂടുന്നില്ല വിചാരത്തിൽ ചഞ്ചലം 80

ദേവഭാവമപേക്ഷിക്കയെന്നതു്
നിർവ്വൈഷമ്യ മുറപ്പുവെച്ചു തദാ. 81

ദേവധ്യാനഫലമതിലെവരും
ദേവസേവാധ്യാനം ചെയ്യരപേക്ഷിച്ചു. 82

ദേവൻ താനറിയിച്ചീയു വാർത്തകൾ
സേവകരറിഞ്ഞവണ്ണം കല്പിച്ചു. 83

വിവാഹം ചെയ്യാനുള്ള പുരുഷന്മാർ
വിവാഹത്തിനു പള്ളിയിൽ കൂടുവാൻ 84

കൈവടിയാൽ വരുവാനറിയിച്ചു
കൈവടിയുമെടുത്തുകൊണ്ടാരവർ 85

കല്പിച്ചുപോലെ വേഗം പുറപ്പെട്ടു
ശില്പമായൊക്കെ ശൃംഗാരവേഷത്തിൽ 86

വന്നു പള്ളിയകം പുക്കനന്തരം
പിന്നാലെ വന്നു ധന്യനൗസപ്പും 87

ചിൽപുരുഷന്ന കൈവടിയില്ലാഞ്ഞു
കോപിച്ചു പട്ടക്കാരനയാളോട് 88

ഭക്തൻ മനോഭീതി പൂണ്ടപ്പോൾ
കൈവടിയൊന്നു നൽകിയൊരു സഖി 89

മർത്യരാജനാം പുണ്യവാന്റെ കൈയിൽ
ചേർന്ന മന്ധു വരണ്ടതറിഞ്ഞാലും. 90

പുണ്യശാലയിൽ കൈവടി വച്ചുടൻ
പൂവിതു കയ്യിട്ടുപേക്ഷിച്ചു സാദ്ധ്യമായ്. 91

കന്യകയെനിക്കാകണം ഭാര്യയായ്
എന്നപേക്ഷിച്ചു ബാലരെല്ലാവരും. 92
കന്യാതപക്ഷയം വരാതിരിപ്പാനായ്
ധന്യനാം യൗസേപ്പുമപേക്ഷിച്ചു. 93
ഒട്ടുനേരം കഴിഞ്ഞതാനന്തരം
ഏറ്റുള്ള വടി നോക്കിയ നേരത്ത് 94
ആശ്ചര്യമൊരു ശുഷ്കമായ വടി
പച്ചവെച്ചു കിളിർത്തു ചിത്രമഹോ. 95
ശാഖാപത്രവും പുഷ്പഫലങ്ങളും
ശാഖതന്മേലിറങ്ങിത്തു രൂഢമായും. 96
മന്നവരെല്ലാവരും നോക്കിയ നേരത്ത്
പുണ്യനാം യൗസേപ്പെന്നറിഞ്ഞുടൻ 97
ദാവീദിന്നുടെ രാജകുലമുള്ള
സുവിനീതൻ യൗസേപ്പു കന്യയെ 98
അക്കാലം യൂദരുടെ മര്യാദയ്ക്ക്
തക്കപോലെ വിവാഹവും ചെയ്തുടൻ. 99
ഭാര്യസുവ്രതം തന്നിലു കേട്ടപ്പോൾ
വീര്യവാൻ യൗസേപ്പു തെളിഞ്ഞുടൻ 100
ധർമ്മത്തിന്നു സഹായമതായെന്നു
ബ്രഹ്മചാരി പ്രധാനി സ്തുതിചെയ്തു. 101
ഭാര്യയ്ക്കുള്ള മുഖപ്രഭ നോക്കുമ്പോൾ
സൂര്യൻപോലെ തെളിഞ്ഞു വിളങ്ങുന്നു 102
പുണ്യഭാവമുദിച്ചു ശോഭിക്കുന്നു,
ഗുണത്തിന്നു ചെലുത്തീടും മാനസം. 103
ആയവളെക്കൊണ്ടു യൗസേപ്പു ഭാഗ്യവാൻ
ഭാര്യയും കൊണ്ടുപോയി നസറസിൽ. 104

നാലാം പാദം

— (*) —

യൗസേപ്പും മറിയവും നസ്രത്തിൽ താമസിക്കുമ്പോൾ ഗബ്രിയേൽ ദൈവദൂതൻ മറിയത്തോട് ദൈവാവതാരത്തെപ്പറ്റി സംസാരിക്കുന്നു- മറിയം എലിസബത്തിനെ സന്ദർശിക്കുന്നു- തിരിച്ചുവരുന്നു- മറിയം ഗർഭ

വതിയാണെന്നു മനസ്സിലായപ്പോൾ യൗസേപ്പ് വളരെ ദുഃഖിക്കുന്നു. ദൈവദൂതൻ സത്യം വെളിപ്പെടുത്തുന്നു. ദൈവപുത്രന്റെ ജനനത്തെ ഉത്സവം പ്രതീക്ഷിക്കുന്നു.

അമ്മകന്യക നസ്രസിൽ പോയപ്പോൾ
നന്മയ്ക്കുംഗുണവൃത്തി തപസ്സിനും 1
ഇമ്പമേറും വരുത്താതെ നിഷ്ഠയായ്,
മുമ്പിൽ പള്ളിയിൽ പാർത്തിരിക്കുംവണ്ണം 2
സ്വാമിതന്നുടെയിഷ്ടമതുപോലെ
ശ്രമിച്ചു പുണ്യഭർത്താവും താനുമായ് 3
ഏകമാനസാൽ പുണ്യകാര്യത്തിനു
സങ്കല്പിച്ചു പുറപ്പെട്ടു സന്തതം 4
ഒട്ടൊഴിയാതെ ധർമ്മഗുണത്തിനും
കൂടെ ക്ലേശിച്ചു വിഘ്നം വന്നിടാതെ 5
അവർകളുടെ മംഗലവൃത്തിയെ
നാവിനാൽ പറഞ്ഞൊപ്പിച്ചുകൂടുമോ? 6
യൗസേപ്പു ഗുണപൂർണ്ണനായിയെങ്കിൽ
ആ സ്ത്രീരത്നമബ്ധിയോടുപമിക്കാം 7
ആയവൻ മുഖ്യതകൊണ്ടദ്രിയെങ്കിലോ
ആയമ്മ മലമുകളെന്നു നൂനം 8
മാണിക്യംകൊണ്ടയാൾ പൊന്നെന്നാകിലോ
മണിനായകക്കല്ലായമ്മതന്നെ. 9
ഭൂതലത്തിലും സ്വർഭവനത്തിലും
ആ സ്ത്രീരത്നത്തോടൊപ്പമില്ലാരുമേ. 10
സൃഷ്ടിചെയ്ത കർത്താവിന്റെ മുഖ്യത
സൃഷ്ടിമുഖ്യമിതെന്നു സ്തുതിക്കുന്നു, 11
സൽഗുണനിധികളാൽ വ്യാപ്തമലംകൃതം
തമ്പുരാന്റെയിരിപ്പിനു പാത്രമായ് 12
എന്നു തോന്നിയ സമയം തമ്പുരാൻ
തന്നുടെ മനിഷ്പത്തയയച്ചു ഉട്. 13
കന്യകയുടെ സമ്മതം കേട്ടിട്ട്
കന്യകയ്ക്കു സുതനാകുവാൻ തമ്പുരാൻ 14
ദ്വിതീയത്തിന്നുടെ യോഗ്യമാകും യഥാ
ഒത്തരിൽ ബെച്ഛമാന്യനെ കല്പിച്ചു 15
രാത്രി പാതി ചെന്നെത്തിയ നേരത്തു
ഉത്തമധ്യാനയുക്തയുമമ്മയുമായ് 16

രഹസ്യനമസ്കാരം ചെയ്യുന്നപ്പോൾ
മഹാശക്തനാം ഗബ്രിയേൽ മാലാഖാ 17

സ്വസ്ഥാനമിതെന്നെത്തിയും ഭക്തിയാൽ
ചെന്നു വന്ദിച്ചു കമ്പിട്ടുണർത്തിനാൻ 18

''സ്വസ്തം നിന്നിൽ സർവ്വേശതിരുവുള്ളം
ഭക്തമാം ഗുണംകൊണ്ടു നിറഞ്ഞോരാളെ 19

നിന്നോടുകൂടി നാഥനാം തമ്പുരാൻ
സ്ത്രീവധുക്കളിലാശീർവാദപ്പെട്ട.'' 20

ഇത്യാദി വാക്കു കേട്ടുടൻ കന്യക
അത്യന്തം പരിഭ്രമിച്ചു ശങ്കിച്ചു. 21

സ്തുതിരൂപമാം വാക്കിതെന്തിങ്ങനെ
ചിന്തിച്ചു മഹാവികാരം പൂണ്ടുടൻ 22

മാനസത്തിലെ ശങ്കാകാരണം വിധൗ
വന്ന ദൂതനുണർത്തിച്ചുത്തരം. 23

''ചിന്ത നീക്കിൻ മറിയം, ഭയപ്പെടിക്കണ്ട
തമ്പുരാന്റെ പ്രസാദം നിനക്കുണ്ട് 24

നിനക്കുടനെ ഗർഭമുണ്ടായ്‌വരും
സൂനുവെ പ്രസവിക്കുമെന്നതും 25

''അവനെ 'യീശോ' പേർ നീ വിളിക്കണം
ഭുവനങ്ങളിൽ വലിയവനാകും 26

ഏകത്തപ്പെട്ടവനാം പുത്രനിവൻ
സകലേശനാനന്ദദയാപരൻ. 27

ജനകനാകും ദാവീദുരാജന്റെ
തനയനിയാം വാഴും സിംഹാസനം'' 28

അന്നേരമതുളിച്ചെയ്തു കന്യക
''എങ്ങനെ ഭവിച്ചീടുമിതൊക്കവെ! 29

പുരുഷസംഗമറിയുന്നില്ലഞാൻ
നരസംഗമാഹവ്യത്യാശയില്ലമേ. 30

നിർമ്മലനായ സർവ്വേശസാക്ഷിണി
നിർമ്മലകന്യാവ്രതവും നേർന്നു ഞാൻ.'' 31

ഉത്തരമുണർത്തിച്ചിതു മാലാഖാ
സത്യമായ വചനങ്ങളും പിന്നെയും 32

“റൂഹാദക്കുദശായിറങ്ങും നിന്നിൽ
സിംഹാസനമായാംക്ഷ നീയാകുമേ, 33
അത്ഭുതപൂർവ്വ വിസ്മയവൃത്തിയാൽ
നിൻവയററിൽ ജനിച്ചീടും സുപ്രജ 34
കന്യാത്വത്തിന ക്ഷയമുണ്ടാകാതെ
കന്യകേ! ദേവമാതാവാകും നീയേ 35
ആലാഹാ പുത്രൻ നിൻമകനായ്മതം
ആലസ്യം നരർക്കായാളൊഴിച്ചീടും 36
ഏറ്റവും തന്നെയുമല്ല വിശേഷിച്ചും
നിന്നുടെയിളയമ്മയാമേലീശാ 37
വൃദ്ധത പൂക്കിരിപ്പതറിവല്ലോ?
വാർദ്ധക്യത്തിങ്കൻ ഗർഭം ധരിച്ചിട്ടു 38
മാസമാറായി മച്ചിയെന്നെങ്കിലും
അസാദ്ധ്യകാര്യം സർവ്വേശനില്ലല്ലോ.” 39
മാലാഖായങ്ങുണർത്തിച്ചുള്ളനേരം
കാലം വൈകാതെ കന്യയതാംചെയ്തു. 40
“ദൈവത്തെ ദാസിയാകുന്നു ഞാനിതാ!
ദൈവനിഷ്ടംപോലെയെനിക്കാകട്ടെ” 41
എൻപോടിങ്ങനെ കന്യക ചൊന്നപ്പോൾ
തമ്പുരാൻ റൂഹാ കന്യാമണിയുടെ 42
ഉദരത്തിലതിശുദ്ധ രക്തത്താൽ
സുദേഹം നിർമ്മിച്ചുണ്ടാക്കി സത്വരം 43
സർവ്വാബാധം നിറഞ്ഞൊരാത്മാവിനെ
സർവ്വേശൻ നിർമ്മിച്ചാദേഹെ പൂകിച്ചു 44
പുത്രൻ തമ്പുരാൻ കന്യാമണിയുടെ
പുത്രനായിയെഴുന്നള്ളി മനുഷ്യനും 45
ആത്മാവും ദേഹമായുസ്സാൽ വഹിച്ചു
ആത്മനാഥനമിങ്ങനെ മർത്ത്യനായ് 46
പുത്രൻ തമ്പുരാൻ ജഡമെടുത്തിങ്ങു
പുത്രരായ നരാദിയെ രക്ഷിപ്പാൻ 47
ദൈവമർത്ത്യസ്വഭാവമെടുത്തിങ്ങു
ദൈവമാനുഷനായിയാളിങ്ങനെ. 48

സാദരം തന്നിലുമമ്മക്കാൺമാനായ്
സാരപരാൎത്ഥകന്യക യാത്രയായ് 49
ശ്ലീവാപ്പൎവ്വതം കടന്നെഴുന്നെള്ളി
ശ്ലീവാപാതയിൽ ശ്ലീവ്യാഗ്രഹംപുക്ക് 50
അമ്മകന്നി, ശുഭയമ്മയെക്കണ്ടുടൻ
"ശ്ലാമ" ചൊല്ലിയന്നത്തു തഴുകിനാരവർ. 51
സ്വസ്തിയൊന്നത്രെ കേട്ടോരെലീശ്വാ
സന്തോഷത്താൽ പരിപൂൎണ്ണത പ്രാപിച്ചു. 52
ആഹ്ലാദക്കരയൊടുമുള്ളനാം
രഹസ്യവിധമെല്ലാമറിയിച്ചു 53
സത്യമെലീശാ ഗൎഭത്തിലെ പ്രജ
അത്യുദാരം തെളിഞ്ഞോടിച്ചാടിക്കൊണ്ട് 54
കന്നിതന്നുദരത്തിലെ നാഥനെ
വന്ദിച്ചെലീശ്വാതൻ പ്രജ കുമ്പിട്ട് 55
ഈശോനാഥനാം കന്യകാഫലം
ആശീൎവ്വാദം കൊടുത്തു യോഹന്നാനെ 56
ശുദ്ധമാക്കിയുദരത്തിൽവെച്ചു താൻ
ശ്ലീഹ്ശുദ്ധനെ സൎവ്വേശപാലൻ 57
അനന്തരം കന്നിതന്നെയെലീശ്വാ
വന്ദിച്ചാനന്ദത്തോടെയും ചൊല്ലിനാൾ 58
"നീ വധുക്കളിലാശീൎവ്വാദപ്പെട്ട
നിൻവയറ്റിലെ പ്രജയ്ക്കാശീൎവ്വാദം 59
എന്റെ നാഥമാതാവായുള്ളവൾ
എന്നെക്കാൺമതിന്നായെഴുന്നള്ളുവാൻ 60
എനിക്ക യോഗ്യതയെന്തതന്നെ?
നിനക്കുള്ള പ്രിയമെന്നതു വേണ്ടു. 61
നിന്നോടു ദൈവം കല്പിച്ചവയെല്ലാം
നിന്നിലിന്ന് തികഞ്ഞിടും നിൎണ്ണയം 62
വിശ്വസിച്ചു നിനക്കു ഭാഗ്യമഹോ
നിശ്ചയം നമസ്കാരിക ചൊല്കി നീ 63
നിൻനാദമെന്റെ കൎണ്ണത്തിലെത്തുടൻ
എന്നുള്ളിൽ പ്രജ ചാടി സന്തോഷിച്ചു." 64
അനന്തരം ദേവമാതാവരുൾചെയ്തു:
"എന്നുടെ ജീവൻ ദൈവം സ്തുതിക്കുന്നു. 65
എന്നുടെയാത്മാ സത്യ സൎവ്വേശനിൽ
ആനന്ദം ധരിച്ചേറെ സ്തുതിക്കുന്നു, 66

തനിക്കുള്ള ദാസിയുടെ താഴ്മയെ
അനുഗ്രഹമായ് തൃക്കൺപാർത്തമൂലം 67
എന്നതുകൊണ്ടു ഭാഗ്യമെനിക്കെന്നു
ജന്മംതോറും പറയുമെല്ലാവരും 68
മുഖ്യകരമെന്നെ സല്ക്കരിച്ചുററവും,
ശ്രേഷ്ഠതപൂണ്ടങ്ങ നാമമതുകൊണ്ടു 69
നിർമ്മലൻതന്നെ പേടിയുള്ളോർകളെ
ജന്മംതോറുമങ്ങുള്ളനുഗ്രഹം 70
തൻ തൃക്കൈ ബലമങ്ങിന്നെടുത്തുടൻ
ചിതറിച്ചഹങ്കാരമുള്ളോർകളെ 71
മുഖ്യരാസനത്താഴ്ത്തി, താഴന്നോർകളെ
സ്ഥാപിച്ചുയർത്തി സർവ്വേശ്വരൻ. 72
ഞെരുക്കമുള്ളോർകൾക്കു സംപൂർണ്ണം നല്കിതാൻ
വിത്തമുള്ളോരെ ശൂന്യരായും വിട്ടു 73
മുൻപറിവാളരോടരുളിച്ചെയ്തപോൽ,
തമ്പുരാന്റെ വിശ്വാസികളാം 74
താതനാകമബ്രാഹത്തിനും തന്റെ
സന്തതി കൂട്ടമാകും മനോജ്ഞനാം 75
ഓർമ്മിച്ചു തൻ ദയാവിനെയോർത്തൊരു
ദാസനാമിസ്രായേലെപ്പാലിപ്പാൻ 76
അന്തമില്ലാത്ത തന്റെ ദയവിനാൽ
സന്തതിയായി വന്നു ജനിച്ചു താൻ. 77
ഇത്യാദി ചൊല്ലിയവാറം തെളിഞ്ഞമ്മ
സന്തോഷമിളയമ്മയോടൊന്നിച്ചു 78
പലനാൾകൂടി പാർത്താളവിടത്തിൽ
പലമൊരാറു തിനാലു ദിനമായിട്ട്. 79
സൂര്യനാലിരുൾ നീങ്ങി തെളിവാകുംപോൽ
തീയടുക്കയാൽ ശീതമകലുംപോൽ 80
എന്നതുപോലെ ജന്മദോഷത്തിരുൾ
നീങ്ങിയുസ്നാപകൻ പുണ്യപൂർണ്ണനായ് 81
മോഹനമായിൽ നിറഞ്ഞിതു മോദവും
സ്നേഹമാതാവുതന്നുടെ ശക്തിയാൽ 82
ആ വീട്ടിലുള്ള ശീതളം നീക്കീട്ടു
മോക്ഷപ്രിയ പ്രകാശമുദിപ്പിച്ചു 83
സന്നിധിയുമവിടെയിരിക്കുമ്പോൾ
എന്നാലാവീട്ടിൽ ദാരിദ്ര്യമുണ്ടാമോ? 84

മൂന്നുമാസമവിടെയിരുന്നിട്ടു
കന്യ സ്വാലയം പ്രതിയെഴുന്നള്ളി 85
അർക്കൻ മേഘത്തിൽ പുക്കിരിക്കും വിധൗ
പ്രകാശമതിനു മറയ്ക്കമെന്നപോൽ; 86
ദിവ്യൻ പോകയ്ക്ക മനോഹരശോഭയും
ഭാഗ്യേശ്വരാതാതാദ്യവൃത്തിയും 87
ഉദരം തന്നിലീ ലക്ഷണമുണ്ടായി
ക്രമത്താലെ പ്രജ വളർന്നിങ്ങനെ 88
ഭാര്യ തന്നുടെ ലക്ഷണം കണ്ടിട്ട്
ഭർത്താവിനുള്ളിലുണ്ടായ ചഞ്ചലം 89
വൃത്തിഭേദം വിചാരിപ്പതിനൊന്നും
ഹേതു കണ്ടില്ല പുണ്യമെ കണ്ടുള്ളു. 90
ഏതവകാശമിങ്ങനെ കണ്ടതു്
ചിന്തയാലതിനന്തവും കഴിവില്ല 91
നിർമ്മലവൃത്തം താനുമെൻ ഭാര്യയും
ധർമ്മഭേദകരം ഏതിതു ദൈവമേ! 92
ഗർഭമെന്നു നിശ്ചയമെങ്കിലോ
കീർത്തിഹാനിയെ വരുത്തിക്കൊള്ളാതെ 93
ഭാര്യതന്നെ ഉപേക്ഷിക്കണമെന്നു്
ധൈര്യമുള്ളിലുറപ്പിച്ചു താപസൻ. 94
പുണ്യവാന്റെ മനസ്സിലെ വേദന
തണുപ്പിപ്പാൻ ദയാപരൻ കല്പിച്ചു 95
മാലാഖായുമന്നേരമയാളോടു
കാലം വൈകാതെ ചൊല്ലി സ്വവാർത്തകൾ 96
“സംശയമിപ്പ പാപിയെ ശങ്കിപ്പാൻ
ആശു ഭാര്യയെപ്പാലിക്ക സാദരം 97
ഗർഭം നവോഢ റൂഹായാലെന്നറി
നീ ഭയം നീക്കിസ്സന്തോഷിച്ചീടുക. 98
പുത്രനെപ്പെറും നിർമ്മലകന്യക
പുത്രനെ 'ഈശോ' പേർ നീ വിളിക്കണം. 99
ദോഷത്താലുള്ള കേടുകൾ തീർത്തിട്ടു
രക്ഷിക്കുമീശോ തനിക്കുള്ളോർകളെ.” 100
ദിവ്യവാക്കുകൾ കേട്ടാരനന്തരം
ഉൾവ്യാധിയൊഴിഞ്ഞാനന്ദിച്ചന്നയാൾ 101
വന്ന ഭാര്യയെക്കണ്ടിട്ടു പുണ്യവാൻ
തനിക്കുണ്ടായ ശങ്കയും കേൾപ്പിച്ചു 102

ദൈവമാതാവോടുള്ളലിവോടു താൻ
സേവിച്ചതിന്റെ പിഴ നീ പൊറുക്കണം. 103
ഉള്ളിലാധിയൊഴിഞ്ഞൊരു തന്നുടെ
ഉള്ളിലുള്ള സന്തോഷവും കേൾപ്പിച്ചു 104
പുണ്യവാളൻ പറഞ്ഞതു കേട്ടപ്പോൾ
പുണ്യവാരിധി കന്യയതാംചൊല്ലി. 105
“ഭർത്താവിനുള്ള രീതിയറിഞ്ഞു ഞാൻ
ഹൃദയം കണ്ട ഭാവവികാരത്താൽ 106
ദൈവത്താലുള്ള ഗർഭമിതെങ്കിലോ
ദൈവം താനറിയിച്ചിടും നിശ്ചയം 107
[illegible] ഞാൻ പാർത്തിരിക്കും വിധൌ
തീർന്നു സംശയം അശേഷമെന്നാൽ.” 108
ഇത്തരമാം ബഹുകാരുണ്യഭാഷയിൽ
മാന്യനാം പതിയോടരുളിച്ചെയ്തു. 109
അന്നുതൊട്ടിയാളെത്രയും ഭക്തിയാൽ
കന്യകാരത്നത്തെപ്പരിപാലിച്ചു. 110
[illegible]തിമാസമടുക്കുന്നതാകുമ്മാ
ചിന്താപങ്കളേറെ വർദ്ധിപ്പിച്ചു 111
ജനിച്ചിടേണമെൻ മൽപ്രിയ ദൈവമേ!
വെളിച്ചമുടൻ വന്നരുളീടുക! 112
ഇത്രമാസം ദിനംപ്രതി നാഴിക.
[illegible] മാനസം 113
ഓർക്ഷണം മഹായുഗമെന്നു തോന്നും
ഓർക്ഷണമീവിധ[illegible]പക്ഷവും 114
സന്തോഷത്തോടമ്മാ പാർത്തിരിക്കുമ്പോഴേ
പൂർണ്ണ വന്നിതു കാലമടുത്തിതു”. 115

അഞ്ചാം പാഠം

— (*) —

കാനേഷുമാരി കണക്കു കൊടുക്കുവാൻ ഔസേപ്പും മറിയവും ബേത്‌ലഹെമിലേക്കു പോകുന്നു. ഒരു രാത്രി വസിക്കുവാൻ സ്ഥലം കിട്ടാതെ ഒരു കാലിത്തൊഴുത്തിൽ അഭയം തേടുന്നു. അവിടെ ദൈവപുത്രനെ പ്രസവിക്കുന്നു. ദൈവദൂതന്മാർ പാട്ടുപാടി സ്തുതിക്കുന്നു. ദൈവദൂതന്മാരിൽനിന്ന് വിവരമറിഞ്ഞ് ഇടയന്മാർവന്നു ശിശുവിനെ ആരാധിക്കുന്നു. എട്ടാം ദിവസം ശിശുവിനു ഛേദനാചാരം നല്കി,

ന്നു, ഒരു നവീന നക്ഷത്രത്തിന്റെ ഉദയം കണ്ടു് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ദിവ്യ പൈതലിനെ വന്നു ആരാധിച്ചു് സ്വർണ്ണവും, കുന്തുരുക്കവും മീറയും തിരുമുൻകാഴ്ച വെക്കുന്നു. നാല്പതാം ദിവസം ശിശുവിനെ ദൈവാലയത്തിൽ കാഴ്ചവെച്ചപ്പോൾ മുനീന്ദ്രനായ ശിമെയോൻ ദിവ്യ ശിശുവിനെ കരങ്ങളിലെടുക്കുന്നു. ഈ ശിശുമൂലം മറിയത്തിന്റെ ഹൃദയം വ്യാകുലവാളുകൊണ്ടു് പിളരുമെന്നു പ്രവചിക്കുന്നു. തിരുക്കുടുംബം ഈജിപ്തിലേക്കു് ഒളിച്ചോടുന്നു. ഹേറോദേസ് കുട്ടികളെ കൂട്ടക്കൊല നടത്തുന്നു. ഈജിപ്തിൽനിന്നു തിരിച്ചുവരുന്നു. പന്ത്രണ്ടാമത്തെ വയസ്സിൽ ദേവാലയത്തിൽ വെച്ചു് യേശുവിനെ മൂന്നുദിവസത്തേക്കു കാണാതാവുന്നു. അനന്തരം വളർത്തുപിതാവിനാൽ കീഴ്പ്പെട്ടു് നസ്രത്തിൽ താമസിക്കുന്നു.

വൻപനാം ഔഗുസ്തൂസ് കേസർ മഹാരാജൻ
കല്പിച്ചു തന്റെ ലോകരെയെണ്ണുവാൻ 1
നൂതനം തലക്കാണവും വാങ്ങിച്ചു്
സാധനത്തിലെഴുതേണം ലോകരു 2
ജന്മമായ നഗരിയിൽ കൂടുവാൻ
തന്മഹീപതി കല്പിച്ചറിയിച്ചു 3
ദാവീദു രാജപുത്രൻ യൗസേപ്പും
ദേവമാതാവും ദാവീദു ഗോത്രികൾ 4
താതൻ രാജാവു ദാവീദു വാണുള്ള
ബെത്ലഹം തന്നിലെന്നുള്ള കാരണം 5
പോകുന്നവർ ബെത്ലഹം ചന്തയിൽ
സകലരേവിധിയുമുള്ളപോലെ 6
ഉമ്മായും യൗസേപ്പു [illegible];
ജഗദ്ഗുരുവായവന്റെ മാതാവും, 7
ബെത്ലഹം പുക്കു രാജവീഥി പോലെ
ബെത്ലഹം ചന്തയാകെ നടന്നവർ 8
ഇരിപ്പാനൊരു വീടു തിരഞ്ഞാറെ
ആരും കൈക്കൊണ്ടില്ല നരമുഖ്യരെ 9
മുഷ്കരന്മാർ നൽകി ഭവനങ്ങൾ
സൽക്കരിച്ചു കൊടുക്കുന്നില്ലാവരും, 10
ഇവരെത്രയും നിർദ്ധനരാകയാൽ
ആവാസത്തിനു സ്ഥലമില്ലാഞ്ഞാറെ 11
ശ്രേഷ്ഠനാഥയും നിയോഗ്യയോഗത്താൽ
ഗോഷ്ഠാനത്തിലിറങ്ങി പാർത്താരവർ 12

വിഖ്യപഞ്ചവിംശതി തീയതി വാസരെ
സമാധാനം ഭൂമിയിൽ വ്യാപിച്ച കാലത്തിൽ 13
തീരാതുള്ള പാപങ്ങളെ നീക്കുവാൻ
ഭൂമിക്കാനന്ദത്തിനുള്ള കാരണം 14
ഉത്തമധ്യാനം പൂണ്ടൊരു കന്യക
പുത്രദർശനമതെ ഇച്ഛിച്ചുറപ്പാൽ 15
രാത്രി പാതി കഴിഞ്ഞോരനന്തരം
ചിത്രമെത്രയും നീങ്ങിയിട്ടുകൾ. 16
മനോജ്ഞനായൊരു മർത്ത്യാപമാനനായ്
കന്നിപുത്രൻ കൃപാലൻ പിറന്നു! 17
കന്യാത്വലക്ഷണം വരാതെ നിർമ്മല
[illegible] പൊരു സവിസ്മയം! 18
കണ്ണാടിക്കു ദുഃഖം വരാതെയാദിത്യൻ
കണ്ണാടിയിൽ കടക്കുമതുപോലെ 19
ഉദരത്തിനാമയം വരുത്താതെ
മെഴിനിയിൽ പിറന്ന സദ്ഗുണൻ 20
സൃഷ്ടിതാവെങ്ങുമറിയാതെ
പുത്രനെ [illegible] 21
ഉള്ളകത്തു കൊള്ളുന്ന സന്തോഷാൽ
പിള്ളതന്നെയങ്ങു ഭക്തിയാൽ 22
ആരാധിച്ചു [illegible] മുത്തി ബാലന്റെ
[illegible] മാനസെ പൂരിച്ചു 23
ദേവപുത്രനായ് വന്നു പിറന്നോരു
[illegible] കൊണ്ടാടിനാൾ 24
[illegible] സംശയം
[illegible] സമയത്തിൽ 25
[illegible]
[illegible] 26
[illegible]
[illegible] വികാര കാരണം 27
[illegible]
"[illegible] നിരവിൻ 28
[illegible]
[illegible] കാലമിതായല്ലോ" 29
അത്യ[illegible] കൊണ്ടാടുവിൻ
സത്യദേവനും വന്നു പിറന്നിതാ! 30

രക്ഷിതാവു നിങ്ങൾക്കു ഭവിച്ചുയാം
അക്ഷിഗോചരനായിട്ടുമപ്പോൾ 31
ദാവീദിന്റെ നഗരെ ചെല്ലുവിൻ
ഞാൻ പറഞ്ഞപോലുണ്ണിയെക്കണ്ടിടും 32
“അസഭോ”ന്നെന്ന ശീലയും ചുററിച്ചു
ആസകലനെ ഗോസ്ഥാനം തന്നിലെ 33
തൃണത്തിന്മേൽ കിടക്കുന്ന നാഥനെ
കാണുവിൻ നിങ്ങൾ ലോകങ്ങൾക്കീശനാം.” 34
ഈവണ്ണം ചൊല്ലിക്കൂടിയ തൽക്ഷണം
ദിവ്യന്മാർ വന്നുകൂടി സംഖ്യവിനാ. 35
“ഉന്നതത്തിലിരിക്കുന്ന ദേവന്നു
നിരന്തരസ്തുതി സർവ്വലോകത്തിനും 36
സുമനസ്സുള്ള ഭൂമി ജനത്തിനും
അനന്താനുകൂലമുണ്ടായിടുക,” 37
ഇത്യാദി ബഹു സുന്ദരഭാഷയിൽ
സത്യദേവനിൻ ദൂതന്മാർ പാടിനാർ. 38
ആനന്ദാന ദേവപാദവും വന്ദിച്ചു
സന്തോഷിച്ചു നടനം ചെയ്തവർ 39
ഇടയന്മാരും നേരം കളയാതെ
ഓടിച്ചെന്നവരുണ്ണിയെക്കണ്ടുടൻ 40
മുട്ടുംകുത്തി വന്ദിച്ചു തിരുമേനി
സാഷ്ടാംഗനമസ്കാരവും ചെയ്തുടൻ! 41
“ഇടയർ ഞങ്ങളെളുതവരികിലും
ആടുകൾ നിനക്കായിലപാലക! 42
ആടുകളെ ഞങ്ങൾ രക്ഷിക്കുമെന്നപോൽ
ഇടയൻ നീയേ ഞങ്ങളെ പാലിക്ക 43
കണ്ണിന്നിവിടെ ദുർബലനെങ്കിലും
ഉണ്ണി നീ തന്നെ സർവ്വേശനല്ലോ 44
ദീനനെന്നു തോന്നീടിലും മംഗലം
ആനന്ദം നിനക്കുന്ന വിശ്വാസമായ്” 45
നിൻമുമ്പിലൊന്നർത്ഥിച്ചു കൊള്ളുവാൻ
സാമർത്ഥ്യം ഞങ്ങൾക്കില്ലെന്നറിഞ്ഞു നീ 46
ഉപേക്ഷിക്കാതെ കൈക്കൊണ്ടു ഞങ്ങളെ
നീ പാലിക്കേണം സർവ്വദയാനിധേ.” 47
ഇതു ചൊല്ലി സ്തുതിച്ചു തൃക്കാൽ മുത്തി
സന്തോഷത്തോടു പോയാരവർകളും 48

എട്ടാന്നാൾ തികഞ്ഞന്നു ഛേദകർമ്മം
ഇട്ടു നാമവും "ഈശോ" വിളിച്ചിതു", 49
അന്നു മുമ്പിൽ ഭൂമിയുടെ രക്ഷയ്ക്കു"
തൻ തിരുമേനി ചിന്തി തിരുരക്തം 50
ഈശോ നാമാർത്ഥം രക്ഷകനെന്നല്ലോ
നിശ്ചയിച്ചവതരി പരമാർത്ഥം 51
ഈ നാമത്തിനാലന്നു മുമ്പിൽ ഭയം
മാനുഷപൂർണ്ണ ദുർഗ്ഗതിവാസികൾ 52
ഇതിനാല്പരലോക പുണ്യജനം
അത്യന്തസുഖം പ്രാപിച്ചു നിശ്ചയം 53
സർവ്വനാഥനെ ഭൂമിക്കു കാട്ടുവാൻ
പൂർവ്വദ്ദിശ ശോഭാന്വിത നക്ഷത്രം 54
കിഴക്കിൽനിന്നുദിച്ചു പുറപ്പെട്ടു
കീഴിൽക്കാണാത്ത താരകശ്രീയാൽ 55
മൂന്നു ലോകശ രാജപ്രസൂതിയെ
മൂന്നു രാജാക്കൾ ബോധിച്ചാരന്നേരം 56
സർവ്വപാലപ്രജയെന്നു ബോധിച്ചു
കീഴ്‌വഴങ്ങണമെന്നു ന്യായവശാൽ 57
ഗാംഗേയം, കുന്തുരുക്കവും മുതലും-
വേഗം കാഴ്ചയുംകൊണ്ടു പുറപ്പെട്ടു 58
നക്ഷത്രം വഴികാട്ടിയ ശോഭയാൽ
ഋക്ഷത്തോട്ടു നടന്നു രാജാക്കന്മാർ 59
പ്രാപിച്ചുടനവരോറശലേം പുര
അപ്പോളംബരേ നക്ഷത്രം മറഞ്ഞു പോയ്" 60
പകച്ചു പ്രത്യുത്തമപ്പന്നേരം
ലോകരാജനെ ചോദിച്ചന്വേഷിച്ചു, 61
ഹെറോദേശതു കേട്ടതി സംഭ്രമാൽ
ഏറെ ശാസ്ത്രികളെ വരുത്തീട്ടിനാൽ 62
ആ ജനത്തോട്ടു ചോദിച്ചവനപ്പോൾ
രാജരാജനാദ്യന്ത്യസ്വവാർത്തകൾ 63
ശാസ്ത്രോക്തംപോലെ മിശിഹാടെ ജാതം
ശാസ്ത്രസിദ്ധമറിഞ്ഞവർ ചൊല്ലുവിൻ. 64
ശാസ്ത്രക്കാരതുകേട്ടു വിചാരിച്ചു
ശാസ്ത്രസാക്ഷിയിൽ കണ്ടുണർത്തിച്ചു. 65
"ഇക്ഷിതാവായ ദാവീദിൻ പുത്രനായ്"
രക്ഷിപ്പാൻ മിശിഹാവരും നിശ്ചയം 66

ദാവീദ്‌രാജ ജനനഗരിയാം
ബെത്‌ലഹെമിൽ മിശിഹാ പിറന്നീടും" 67
ശാസ്ത്രക്കാരിത്ഥം ചൊന്നതു കേട്ടാറെ
ഒട്ടുനേരം വിചാരിച്ചു ചൊന്നവൻ 68
"പോക നിങ്ങളന്വേഷിച്ചു കണ്ടിട്ടു
പോരുമ്പോൾ വന്നിങ്ങെന്നോടു ചൊല്ലണം. 69
നിന്ദിച്ചു ഹിംസിപ്പാനറച്ചു ദുഷ്ടൻ
വന്ദിപ്പാനാശയുണ്ടെന്നു ചൊല്ലിനാൻ 70
ആയതുകേട്ടു ക്ഷത്രിരാജാക്കൾ
ആയവിടന്നു വേഗം നടകൊണ്ടു 71
പൂർവ്വനക്ഷത്രം പിന്നെയും കണ്ടവർ
ഉൾവ്യാധിയപ്പോൾ നീക്കി സന്തോഷിച്ചു 72
ബെത്ലഹം നഗരിയുടെ അന്തികെ
അന്നേരം തൊഴുത്തിന്നരികെ നിന്നടൻ 73
തൊഴുക്കൂട്ടിൽ പുക്കിതു രാജാക്കന്മാർ
തൊഴുതാദരവോടവർ നിന്നടൻ 74
രാജരാജനായുള്ളൊരു ബാലനെ
രാജാക്കൾ ഭക്ത്യാ സൂക്ഷിച്ചു നോക്കിനാർ 75
ആനനം നല്ല പ്രതാപപുഷ്ടിയും
മേനി സൂര്യനെ തോല്പിക്കും ശോഭയും 76
സർവ്വലക്ഷണമെല്ലാം തികഞ്ഞൊരു
സർവ്വപാലനാം ദേവജനന്നിയെ 77
കണ്ടുകൊണ്ടാടി നിന്നാനന്ദിച്ചവർ
വീണു സാഷ്ടാംഗം ചെയ്തവർ നാഥനെ 78
കാണിക്കയവർ വെച്ചു തിരുമുമ്പിൽ
സ്വർണ്ണം നല്ല കുന്തുരുക്കമെന്നതും, 79
മരത്തിൻ പശയാം മുരളെന്നിവ
പരൻമുമ്പിൽ സവിശ്വാസഭക്തിയാ" 80
രാജസമ്മതം പൊന്നും കുന്തുരുക്കം,
രാജരാജനാം ദേവനിയാളെന്നും 81
മാനുഷനെന്നും മരിക്കുമെന്നതും
തനുവിൽ ക്ഷയഹീനവും മൂന്നിവ 82
ഉറപ്പിന്നതിന്നടയാളമവർ
മുമ്പിൽ കാഴ്ചകൊടുത്തു ഭക്തിയോടും 83
കുന്തുരുക്കത്താൽ വിശ്വാസമെന്നതും,
പിന്നെ മുരളാൽ സുപ്രതീക്ഷാഗുണം 84

പൊന്നിനാൽ സർവ്വനായകസ്നേഹവും,
ചിഹ്നമായിവ കാഴ്ചവെച്ചാരവർ 85
ഉൾക്കാമ്പും മുത്തി യാത്രയുണർത്തിച്ചു
അകക്കാമ്പു തെളിഞ്ഞു പിരിഞ്ഞവർ 86
പോകുന്നേരം ഹേറോദേശറിയാതെ
പോകണമെന്ന ദിവ്യനറിയിച്ചു. 87
തൽക്കാരണത്താലന്യമാർഗ്ഗമായി
സ്വർല്ലോകം പ്രതി പോയവർ സാദരം 88
നാല്പതാം ദിനം തികഞ്ഞ കാലത്ത്
സ്വപുത്രനെയോറശലം പള്ളിയിൽ 89
ബാവാതമ്പുരാൻ മുമ്പിൽ കന്യാമണി
സ്വഭക്തിയോട് കാഴ്ചയായ് നൽകിനാൾ 90
അന്നേരം വയസ്സേറിയ ശെമഓൻ
ചെന്നു ജ്ഞാനദൃശാ ബാല്ല സാദരം 91
പാർത്തുകൊണ്ടു തൻ ബാഹുകമുയർത്തി
ചിത്തസമ്മതം വന്ദിച്ചു ചൊല്ലിനാൻ:- 92
"ഭൂനരന്മാക്കിഷ്ടകം നീക്കുവാൻ
ഭൂനരനായി വന്ന ദയാപരാ! 93
ത്രൈലോകനിസ്സാരായെല്ലാരിക്കും
എല്ലാ ഭൂമിക്കും പ്രത്യക്ഷമാകുക! 94
വെളിവായിട്ടെൻ കണ്ണുകൾ കാണ്കയാൽ
വെളിവൊക്കെയും നീയല്ലോ! ദൈവമേ! 95
വെളിവു നിന്റെ ലോകർക്കു കാട്ടുവാൻ
തെളിവോടിങ്ങു വന്ന സർവ്വപ്രഭോ! 96
ഇപ്പോൾ ദാസനെ അനുക്രമത്തോടെ
പ്രേമപ്രഭോ യാത്രയാക്കിക്കൊൾക നീ. 97
അമ്മയോടുടൻ ചൊല്ലി വിദ്യാധികൻ
നിന്മകനിപ്പോൾ വിരോധലക്ഷ്യമാം 98
പലർക്കുമിസ്രായേലിലുണ്ടാം മംഗലം
പലർക്കുമിസ്രായേലിൽ വരും നാശവും 99
നിന്നുടെ ചിത്തം ദുഃഖാസിഭേദനം:
സങ്കടമേറെമേവിക്കും നിശ്ചയം" 100
പുണ്യദീർഘദർശിനിയാം "അന്നായും"
"ഉണ്ണിതന്നുടെ കാലമിതെന്നും 101
ലോകനാഥനെഴുന്നള്ളിയെന്നും"
സാക്ഷിച്ചു ദേഹയായന്നേരം ചൊന്നു 102

കന്യകതാനമുണ്ണിയെയുംകൊണ്ടു
ധന്യനാം യൗസേപ്പുമവിടന്നു് 103
കാലം വൈകാതെപ്പോയി നസറസ്സിൽ
ബാലനെ പരിപാലിച്ചിരിക്കുമ്പോൾ 104
അക്കാലമൊരു മാലാഖാ തൽക്ഷണം
"ഇക്കാലമിവിടെ പാർക്കരുതെന്നു" 105
മാർ യൗസേപ്പോടും കന്യക തന്നോടും
കാര്യകാരണമൊക്കെയും ചൊല്ലിനാൻ 106
"ബാലകവധം ഭാവിക്കുന്നു ചിലർ
കാലം വൈകാതെ പോകമെസ്റേനിൽ 107
വൈരികൾ വരവിന്നു സമയമായ്
വരുംമുമ്പെ നടകൊൾക വേഗത്തിൽ 108
ഒളിക്ക പരദേശത്തിൽ ബാലനെ
വെളിച്ചത്തുവരുവാൻ സമയമായ് 109
പിൻതിരിഞ്ഞിങ്ങു പോരുവാൻ കാലത്തിൽ
അറിവാനവിധി ഞാൻ വന്നറിയിക്കാം." 110
എന്ന ഇതുകേട്ടു യൗസേപ്പു മുമ്മായും
അന്നവിടന്നു വാങ്ങി മെസ്റേനിൽ 111
ഉണ്ണിയെപ്പരിപാലിച്ചിരുപേരും
പുണ്യവൃദ്ധിയാൽ വാണു ചിരകാലം 112
ഹെറോദേശപ്പോളുണ്ണിയെക്കാണാഞ്ഞു
ഏറെക്കോപിച്ചു ശങ്കിച്ചു കശ്മലൻ 113
മറ്റൊരു രാജനിങ്ങു വാഴ്കിൽ
തന്റെ രാജ്യം തനിക്കൊരു ബാധമായ് 114
ശത്രുവാരെന്നറിയായ്ക കാരണം
ചിന്തിച്ചിട്ടുപായത്തെ കണ്ടില്ല. 115
എങ്കിലാസമയത്തിൽ പിറന്നോരെ
കൈക്കൊല്ലണമെന്നു കല്പിച്ചവൻ 116
കൈക്കൊന്നിട്ടും ത്രിലോകനാഥനു
സങ്കടം ഭവിച്ചില്ലിവയൊട്ടുമേ 117
ഹെറോദേശതിന്നന്തരം ചീട്ടവാൻ
അറപ്പാംവണ്ണം പുഴുത്തുചത്തവൻ 118
വർത്തമാനമതൊക്കെയും മാലാഖാ
മാർ യൗസേപ്പിനു പ്രത്യക്ഷമാക്കിനാൻ 119
മെസ്റേനിൽനിന്നമ്മയും യൗസേപ്പും
നസ്രസുനാട്ടിൽവന്നു പാർക്കിനാൻ 120

പന്തീരാണ്ടു വയസ്സിൽ മിശിഹായും
ആനന്ദാശയുത്തമമായും യൗസേപ്പും 121
ചെന്നു പള്ളിയിൽ കമ്പിട്ടനന്തരം
അന്നാളലോകരിൽ താൻ മറഞ്ഞീടിനാൻ 122
കന്നനിരാലെ യൗസേപ്പുമമ്മയും
ഉണ്ണിയെത്തിരഞ്ഞെങ്ങും കാണാഞ്ഞു 123
കൂട്ടം തന്നിലും, വീട്ടിലും, നാട്ടിലും,
കാട്ടിലും തിരഞ്ഞെങ്ങുമേ കണ്ടില്ല 124
മൂന്നാം നാളമ്മ യൗസേപ്പും പള്ളിയിൽ
ചെന്നു പുത്രനെക്കണ്ടു തെളിഞ്ഞുടൻ 125
അന്നവിടത്തിൽ ശാസ്ത്രികളോടൊത്തു
ഉന്നതനായ ഉണ്ണിമിശിഹാ താൻ 126
ശാസ്ത്രയുക്തികൾ ചോദിച്ചും കേൾപ്പിച്ചും
ശാസ്ത്രികളൊക്കെ വിസ്മയം കൊൾകയും 127
അനന്തരം സുതസന്നിധിയമ്മയും
ചെന്നു ഭക്തിവിനയത്തോടെ ചൊന്നാൾ: 128
"എന്തിതിങ്ങനെ പുത്ര! നമ്മോടു നീ
എന്തനിഷ്ടം നമ്മിലെന്നു ചൊല്ലുക! 129
നിന്റെ താതനും ഞാനും സുതാപത്താൽ
നിന്നെയന്വേഷിച്ചുററം വലഞ്ഞിതു 130
നിന്നെക്കാണാഞ്ഞു നിശ്വാസപ്പെട്ടേറെ,
നിന്നെക്കണ്ടിപ്പോളാശ്വാസമായി നാം 131
എന്നമ്മ ബഹുസന്തോഷഭക്തിയാൽ.
ചൊന്നതുകേട്ടു പുത്രനരുൾചെയ്തു 32
സ്നിഗ്ദ്ധമനാമെൻ ജനകന്റെ കാര്യങ്ങൾ
സാധിപ്പാൻ വിധിയെന്നറിഞ്ഞില്ലയോ 133
തദ്ധാപ്പുള്ളവനെയന്വേഷിക്കേണമോ?
വ്യാധിയ്യാതുമുള്ളോർക്കും ഗ്രഹിപ്പാനായ് 134
മിശിഹായിതു ചൊന്നോരനന്തരം
സംശയം പോക്കി കൂടെയെഴുന്നള്ളി 135
അവരെ വഴിക്കൊത്തുകൂടവെ
ആവാസം ചെയ്തു നസ്രസ്സുപുരേ. 136

ആറാം പാഠം

— (•) —

യേശുവിന്റെ ജന്മസ്ഥാനം—നിരാഹാരനായി നാല്പതു ദിവസം വന

ത്തിൽ വസിക്കുന്നു. പിശാചിന്റെ പ്രലോഭനം-കാനായിലെ കല്യാണത്തിൽ വെച്ച് വെള്ളം വീഞ്ഞാക്കുന്നു-ദേവാലയത്തിൽ കച്ചവടക്കാരെ ആട്ടിയോടിക്കുന്നു. ശമരിയാസ്ത്രീയുടെ മാനസാന്തരം പ്രഭുവിന്റെ മകന്റെ രോഗശമനം വരുത്തുന്നു-ഗ്ലീലായിൽ അനേകം രോഗികളെ സുഖപ്പെടുത്തുന്നു-പീററർ അന്ത്രയോസ് യാക്കോബ് യോഹന്നാൻ എന്നിവരെ ശിഷ്യഗണത്തിൽ ചേർക്കുന്നു. പിശാചുക്കളെ ഓടിക്കുന്നു. തളർവാതരോഗിയെ സുഖപ്പെടുത്തുന്നു. യാറുസിന്റെ പുത്രിക്കു പുനർജീവൻ നൽകുന്നു. രക്തസ്രാവമുള്ള സ്ത്രീക്കു സുഖം നൽകുന്നു. മററുപല അത്ഭുതകൃത്യങ്ങളും നടത്തുന്നു.

ത്രിംശതി തിരുവയസ്സു ചെന്നപ്പോൾ
മിശിഹാ സ്വകർത്തവ്യമുടിപ്പാനും 1
സ്വാമി തന്റെ വരവറിയിപ്പാനും
സ്വാമിഭക്തൻ മഹാ മുനിശ്രേഷ്ഠനാം 2
യോഹന്നാൻ പുരോഗാമിയെ കല്പിച്ചു
മഹാ ഭക്തനയാൾ വന്നു ദൂതനായ് 3
അനുതാപാദാം പ്രായശ്ചിത്തം മാമ്മോദീസാ
അനുസ്ഥയായ് മുക്കി പലരെയുമായാൾ. 4
ഭക്തപ്രിയൻ മിശിഹായും മാമ്മോദീസാ
ഭക്തനാമിയ്യാളെ കയ്യാൽ മുങ്ങിനാൻ. 5
"ഇഷ്ടയോഗ്യ മൽപുത്രനിയാളെന്നും"
ഉച്ചത്തിലൊരു നാദം പ്രത്യക്ഷമായ് 6
സ്നേഹാലയനിയാളെന്നറിയിപ്പാൻ.
സ്നേഹറൂഹായിറങ്ങിയാളിന്മേൽ 7
അവിടെന്നു വനത്തിലെഴുന്നള്ളി
അവിടെപ്പാർത്തു നാല്പതുനാളു താൻ 8
ശിക്ഷയാംവണ്ണം ദേവധ്യാനം ചെയ്തു
ഭക്ഷ്യമൊന്നും രസിക്കാതെ നിഷ്ഠയാൽ 9
തല്ക്കാലമാഗതൻ പിശാചിൻ വ്യാജങ്ങളാം
ദൃക്കിൻ ഗോചരമായ പരീക്ഷകൾ 10
ക്ഷുത്താപത്താലിരിക്കാതെ നീയിപ്പോൾ
ക്ഷുത്തിന്നിഷ്ടയാം ഭക്ഷണസാധനം 11
കല്പിക്കദേവനെങ്കിൽ നീയിക്കല്ല്
അപ്പമാക്കീട്ടു തിന്നു ജീവിക്കടോ" 12
ഇപ്രകാരം പിശാചു പറഞ്ഞപ്പോൾ
തൽപരനന്നേരമരുളിച്ചെയ്തു: 13

"അപ്പത്താൽ മാത്രം മർത്യൻ ജീവിക്കില്ല
തൽപരന്റെ തിരുവുള്ളംകൊണ്ടത്രേ 14
പിന്നെ നാഥം വഹിച്ചു ദേവാലയ
ഉന്നതമാം ചുവരിൽ സ്ഥാപിച്ചവൻ 15
"ദേവൻ നീയെങ്കിൽ ചാട്ടുക തൽക്ഷണം
സേവകരാം മാലാഖാമാർ താങ്ങീടും" 16
പരീക്ഷാവാക്ക ചൊന്ന പിശാചോട്ട്
പരമദേവൻ താനരുളീടിനാൻ: 17
"കോവണിയിരിക്കനേരം ചാട്ടുവാൻ
അവകാശവുമില്ലൊരു തിട്ടതി 18
നിന്റെ നാഥനെ നീ പരീക്ഷിക്കേണ്ട"
നിന്റെ വാക്കിന്നെടുത്തു പൊട്ടത്തരം 19
മൂന്നാംവട്ടം പിശാചവൻ നാഥനെ
ഉന്നതാദ്രി മുകളിൽ നിവൃത്തീട്ട 20
അവധിഹീന സമ്പൽ സുഖങ്ങളെ
അവൻ മായാവ്യാജത്താല് കാട്ടിക്കൊണ്ട് 21
നാണംകെട്ട പിശാചവൻ ചൊല്ലിനാൻ
"കാണുന്ന വസ്തുവകയെയിനിക്കുള്ളു. 22
വീണുനീയെന്നെ കുമ്പിട്ടന്നാകിലോ
വേണമെങ്കിലിതെല്ലാം തരുവൻ ഞാൻ" 23
സർവ്വനിന്ദ പറഞ്ഞ പിശാചിനെ
സർവ്വമുഷ്കരനായകനാട്ടിനാൻ 24
"പോക; നീചൻ നീയെന്റെ മുമ്പിൽനിന്ന്"
സകലേശ്വരകല്പന കേട്ടപ്പോൾ 25
ഭീതിപൂണ്ട പിശാചു വിറച്ചുടൻ
ഭീതിലോകംപോയി മറഞ്ഞവർ 26
ചിത്തനീതിയും വർജ്യങ്ങളെന്നതും
വൃത്തിയിൽക്കാട്ടി നൂക്കറിവാനായി 27
മർത്യരക്ഷകനായ മിശിഹാതാൻ
മർത്യർക്ക് ബോധമാവാൻ ശ്രമിച്ചു" 28
കർത്താവീശോയെ കണ്ടൊരുനാൾപിന്നെ
കീർത്തിയുള്ള യോഹന്നാനരചെയ്തു :- 29
"മർത്യദോഷങ്ങളാം നീക്കുവാൻ തമ്പുരാൻ
യാത്രയാക്കിയ ആട്ടിൻകുട്ടിയിതാ! 30
തമ്പുരാന്റെ പുത്രനിയാളെന്നു"
തമ്പുരാനന്നോടരുളിച്ചെയ്തിതു" 31

ഇയാളീലോക രക്ഷയ്ക്കു വന്നവൻ
ഇയ്യാളാൽ ദൈവത്തെ സമ്പൂർണ്ണവും 32
കിട്ടുവാൻ വഴിയുള്ളൂ" വെന്നിങ്ങനെ
പട്ടാങ്ങനാക്കി മാംദാനാ ചൊല്ലിനാൻ 33
യൂദായിൽനിന്നു മിശിഹാ ഗ്ലീലായിൽ,
തദനന്തരം പോയ് കല്യാണത്തിന്ന് 34
വിവാഹത്തിന്നു മുന്തിരിങ്ങനീര
സ്വവിസ്മയത്താൽ വെള്ളം കൊണ്ടാക്കിനാൻ 35
പെൺകെട്ടിന്നു പൂരം കൂട്ടിയിങ്ങനെ
തൻകരുണയ്ക്കടയാളം കാട്ടിനാൻ 36
അക്കാലം യൂദന്മാരായ മൂഢന്മാർ
വില്പും കൊള്ളുമൊരോതരം പള്ളിയിൽ 37
എന്നതുകൊണ്ടു കോപിച്ചു നാഥനും
നിന്ദചെയ്യുന്ന നീചവൃന്ദത്തിനെ 38
തിന്മയായ പ്രവൃത്തികൾ ചെയ്കയാൽ
ചമ്മട്ടികൊണ്ടു ദുഷ്കൃതം ശിക്ഷിച്ചു 39
പുണ്യവൃത്തിയിലാചാരയോഗ്യമാം
പുണ്യമായ സ്ഥലമെന്നരുളിനാൻ 40
ആ ദിക്കിൽ മുമ്പിൽ മാമ്മോദീസാമുക്കി
യൂദായിലതിനാജ്ഞയറിയിച്ചു 41
ശമ്രായിൽ പരസ്ത്രീയവൾക്കു ധർമ്മം
ദുർമ്മനമൊഴിവാനരുളിടിനാൻ 42
നല്ല സാധുതയുള്ള വചനത്താൽ
ചൊല്ലി ദൈവത്താവുമുൾപ്പിച്ചു 43
അവളുമുടൻ മിശിഹാ വന്നതും
സുവൃത്തികളതെല്ലാമറിയിച്ചു 44
നീളെ ചൊല്ലി നടത്തിയ ലോകരും
ഉള്ളിൽ വിശ്വാസംകൊണ്ടവർ വാക്കിനാൽ 45
പാർപ്പിച്ചു രണ്ടുനാളവർ നാഥനെ
ഒപ്പിച്ചു ദൈവന്യായമവരെത്താൻ 46
ഇത്തരമാംവണ്ണം നല്ലവചനത്താൽ
നിശ്ചയിച്ചു പഠിപ്പിച്ചു വേദാർത്ഥം. 47
പണ്ടു കേളാത്ത വാക്കിന്റെ ശക്തിയാൽ
കൊണ്ടാടി സ്തുതിച്ചാരവർ നാഥനെ 48
പിന്നക്കമെന്നിയെ മനോമോദത്താൽ
ഉണ്ണതിന്നായുറപ്പിച്ചു മാനസം 49

ഗ്ലീലാനാട്ടിന്നവിടെന്നെഴുന്നള്ളി
ഗ്ലീലാക്കാരമൊരാശ്ചര്യം പുരെ 50
ചെയ്തു വിസ്മയംകണ്ടു വിശ്വാസത്താൽ
സന്തോഷത്തോടു കൈക്കൊണ്ടു സ്വാമിയെ 51
നാട്ടുവാഴിയൊരുത്തൻ മകനുടെ
കേടുപോക്കുവാൻ കൂടവെ പോരണം 52
എന്നപേക്ഷിച്ചു വൈഷമ്യം കേൾപ്പിച്ചു.
അന്നേരം സകലേശനരുൾചെയ്തു:- 53
"എങ്കിൽ നിൻമകനിപ്പോൾ സുഖംവന്നു"
സങ്കടമൊഴിഞ്ഞെന്നരച്ചു പ്രഭു 54
പൊറുത്തെന്നരുളിച്ചെയ്തനേരത്തു
പൊറുതിയങ്ങുവന്നു പ്രഭുസുതന് 55
സങ്കടമെല്ലാം തീർന്നു സുഖംവന്നു
തങ്കൽ വിസ്മയം പൂണ്ടു തെളിഞ്ഞവൻ 56
ഗ്ലീലായിൽ ചുറ്റിസ്സഞ്ചരിച്ചു നാഥൻ
നല്ല നേർവഴി സേവിക്കണമെന്നും, 57
തന്നെ വിശ്വസിച്ചീടണമെന്നതും
അന്നാലോകരോടൊക്കെ പ്രസംഗിച്ചു 58
എന്നെല്ലാദിക്കിലുള്ള നരാമയം
അന്നുതാൻ തീരവാക്കാലൊഴിച്ചു താൻ 59
കേപ്പാതന്നെയുമന്ത്രയോസിനെയും
ചിൽ പുത്രൻ യാക്കോ, യോഹന്നാനെയും 60
കൂട്ടരാക്കി അരുൾചെയ്തു വേദത്തിൽ
കൂട്ടത്തിന്നുടെ ശിഷ്യരാക്കീടിനാൻ 61
ചൈത്താൻ ക്ലേശം പൊറുപ്പിച്ചു തമ്പുരാൻ
ചെയ്തു വിസ്മയം പ്രത്യക്ഷം കേട്ടവൻ 62
ശതപതിക്കധിപനായുള്ളവൻ
ചിത്തദാഹത്താൽ വന്നടനപ്രഭു 63
സന്നിപാതത്താൽ വലഞ്ഞ ഭൃത്യനു
താനാരോഗ്യം കൊടുപ്പാനപേക്ഷിച്ചു 64
കൂടെപ്പോരാമെന്നപ്പോൾ മിശിഹായും
കേട്ടു ഭക്തനുണർത്തിച്ചു തൽക്ഷണം 65
"കൂടെപ്പോരുന്ന മതിയാമെന്നില്ലല്ലോ
കേടുപോവാൻ കല്പിച്ചാൽ മതിതാനും 66
ഭാഗ്യനാഥനാം നീയെഴുന്നെള്ളുവാൻ
യോഗ്യമില്ലെനിക്കുമെൻ വീട്ടിനും" 67

ചിന്തയുമവൻ ഭക്തിയും കണ്ടുതാൻ
സന്തോഷിച്ചവന്റെ വിശ്വാസത്തിനാൽ 68
"പോക നിന്റെ വിശ്വാസമതുപോലെ
ആകട്ടെ നന്മചെയ്തു കേട്ടം തീർത്തു 69
കപ്പൽകേറി ശിഷ്യരുമായോടുമ്പോൾ
കോപിച്ചു കടലോളവും വായുവാൽ 70
ശിഷ്യർപേടിച്ചു രക്ഷയപേക്ഷിച്ചു
തൽക്ഷണം കടൽക്കോപമടക്കി താൻ 71
രക്ഷാനാഥൻ മിശിഹാടെ വാക്കിനാൽ
അക്ഷോഭ്യം പോലടങ്ങി കടലപ്പോൾ 72
വിസ്മയംപൂണ്ടു വാഹനലോകരും
വിശ്വനാഥൻ കരക്കിറങ്ങിയപ്പോൾ 73
പിശാചുക്കളാൽ പീഡിതരെ കണ്ടു
പിശാചുക്കളും തന്നോടപേക്ഷിച്ചു 74
"തമ്പുരാന്റെ പുത്രൻ മിശിഹായെ നീ
വൻപാ ഞങ്ങളെ ശിക്ഷിക്കല്ലെയെന്ന്" 75
ഇങ്ങനെ പിശാചുക്കൾ പറഞ്ഞപ്പോൾ
'വാങ്ങുവിനെന്നവരോടരുൾചെയ്തു 76
കല്പനയതുകേട്ടു പിശാചുക്കൾ
തല്പരനോടപേക്ഷിച്ചു ചൊല്ലിനാർ 77
"നിന്നുകൂടാ മനുഷ്യരിലെങ്കിലോ
പന്നിക്കൂട്ടത്തിൽ പോകാൻ കല്പിക്കണം" 78
പോകയെന്നനുവാദം കൊടുത്തപ്പോൾ
പുക്കുപന്നിയശേഷവും കൊന്നുടൻ 79
പോർക്കിപ്പാലവരോടിവന്നക്ഷണം
പോർക്കശേഷം നശിച്ചെന്നു ചൊല്ലിനാർ, 80
എന്നാൽ നായകൻ മുൻപേയറിഞ്ഞത്രെ
അന്നവർക്കനുവാദം കൊടുത്തതു് 81
മാനുഷരോടും വസ്തു സമ്പത്തോടും
ദീനരായ പിശാചു ഗണങ്ങൾക്ക് 82
പൈശൂന്യമവർക്കെന്നറിയിപ്പാൻ
മിശിഹായനുവാദം കൊടുത്തതു് 83
അപ്പുരിയതിൽ പാർത്തിരിക്കും വിധൌ
ആൾപ്പെരുപ്പത്താൽ കൂടിയ യോഗത്തിൽ 84
സർവ്വാംഗം വാതമുള്ള വ്യാധികനെ
പര്യങ്കത്തിന്മേൽ വച്ചുകൊണ്ടുവന്നപ്പോൾ 85

തൻ തിരുമുമ്പിൽ കൊണ്ടുവന്നീടുവാൻ
ചിന്തിച്ചാവതില്ലാഞ്ഞപ്പുരപ്പുറം കൊണ്ട്" 86
എന്നാൽ മേൽപ്പുര നീക്കിത്തിരുമുമ്പിൽ
അന്നാരോഗിയെ വെച്ചപേക്ഷിച്ചവർ 87
ആത്മദോഷത്താൽ വന്ന രോഗമിത്
ആത്മനാഥൻ പൊറുത്തെന്നരുൾചെയ്തു 88
രക്ഷിതാവിന്റെ കല്പന കേട്ടപ്പോൾ
രക്ഷവന്നു നടന്നിതു രോഗിയും 89
ആരിയാളെന്നു ചിന്തിച്ചു ലോകരും
ദുരിതങ്ങളെ തമ്പുരാനെന്നിയേ 90
പോക്കുവാനാർക്കും മുഷ്കരമില്ലല്ലോ!
പോക്കി രക്ഷവരുത്തിയതുള്ളതും 91
അപ്പോൾ സർവ്വേശനീയാളാകുന്നിതോ!
ഇപ്പടി വിചാരിക്കുന്നു ലോകരും 92
അപ്പോൾവന്നയിറോസെന്ന വൻപനും
തൻപുത്രിയുടെ സങ്കടം പോക്കുവാൻ 93
കൂടെപ്പോരണേ മതിയാമെന്നറവും
ആദരവോടെയപേക്ഷിച്ചു നായകൻ 94
പോകുന്നനേരത്തൊരു സ്ത്രീയുടനുടൻ
രക്തസ്രാവം നില്ലുമെന്നുറത്താൽ 95
ത്രാതാവിന്റെ കുപ്പായം തൊട്ടവൾ
ത്രാതാവന്നേരം കല്പിച്ചു വിസ്മയം 96
"ആരെന്നെ തൊട്ടതെന്നു ചോദിച്ചുടൻ,"
ആയതു കേട്ടാറെ ലോകരുണർത്തിച്ചു 97
"എല്ലാരും ചുറ്റിയെഴുന്നുള്ളും വിധൗ
പലരും തിരുമേനിമേൽ തൊട്ടല്ലോ" 98
അന്നേരമരുൾചെയ്തിതു തമ്പുരാൻ
"എന്നെ തൊട്ടതു ചോദിപ്പാൻ കാരണം 99
എന്നിൽനിന്നു ഗുണം പുറപ്പെട്ടിതു
എന്നതുകൊണ്ടു ചോദിച്ചു ഞാനിപ്പോൾ 100
പിന്നെയുമരുളിച്ചെയ്തു തമ്പുരാൻ
"എന്നെത്തൊട്ടവരാരെന്നു ചൊല്ലുവിൻ" 101
പേടിച്ചു വീണു കമ്പിട്ടു സ്ത്രീയവൾ
പേടിപോക്കി മിശിഹായരുൾചെയ്തു:- 102
"നിന്റെ വിശ്വാസം നിന്നെപ്പൊറുപ്പിച്ചു
നിന്റെ രോഗമൊഴിഞ്ഞു നീ പോയാലും" 103

അപ്പോൾ വൻപൻെറ പുത്രി മരിച്ചെന്നു
കേൾപ്പിച്ചാളുകളോടീശന്നക്ഷണം 104
ഏറ്റെപ്പീഡിതനോടരുൾചെയ്തു താൻ
"തേറികൊൾക നിൻ പുത്രി ജീവിച്ചീടും 105
എന്നരുൾചെയ്താവീട്ടിലെഴുന്നള്ളി
ചെന്നുതാൻ കൈപിടിച്ചരുളി ചെയ്തു 106
"എഴുന്നേല്ക്ക പെണ്ണേ"യപ്പോൾ ബാലയും.
എഴുന്നേറ്റു ജീവിച്ചു സുഖത്തോടും 107
ഇപ്രകാരത്തിൽ സർവേശസുതനാം
സൽപ്രവൃത്തികൾ ചെയ്തു സംഖ്യാവിനാ 108
അന്ധന്മാർക്കു വെളിവു കൊടുത്തതും,
വ്യാധിശാന്തിയെ വാക്കിനാൽ ചെയ്തതും 109
ചൈത്താന്മാരെ താൻ കല്പന കേൾപ്പിച്ചു,
ചത്തോരെയൊരു വാക്കാലുയർപ്പിച്ചു 110
അതിനാൽ സകലേശ്വരൻ താനെന്നു
മർത്യർക്കു ബോധമാവാൻ കല്പിച്ചിതു 111
ബോധിപ്പിപ്പാൻ താനാഗ്രഹിക്കുന്നിതു
ബുദ്ധിയിൽ കൊൾവാൻ വേല മഹാപണി 112
മാനുഷരറിയേണ്ടുന്ന കാര്യത്തിൽ
മനസ്സാശയുള്ളോരു ചുരുക്കമേ 113
അതീന്ദ്രിയങ്ങൾ ബോധിച്ചുകൊള്ളുവാൻ
അത്യന്തം വിഷമം നരദൃഷ്ടിയിൽ 114
നിർവ്വികല്പനും സർവ്വശക്തനും താൻ
സർവ്വജ്ഞാനനിധിയാം ഗുരുവും താൻ 115
ശുദ്ധമാനസ ശക്തിയാൽ നൽകുകിൽ
ശ്രേഷ്ഠശാസ്ത്രമുറച്ചീടും ചേതസി 116
അതുകൊണ്ടു താനാരെന്നതാദിയിൽ
പ്രത്യക്ഷമാക്കിയരുളി സംശയം 117

ഏഴാം പാദം

— (*) —

ശിഷ്യന്മാരുടെ എണ്ണം പന്ത്രണ്ടാകുന്നു- അവരെ പഠിപ്പിക്കുന്നു.

തൻവാക്കിലൂനമില്ലാത്ത തമ്പുരാൻ
സർവ്വത്തെയറിയുന്ന സർവ്വേശ്വരൻ

പൂർവ്വം ഈശോ ശ്ലീഹാ ജനങ്ങളെ
വരിച്ചു വേദസാരമരുളിച്ചെയ്തു. 2
അത്യാഗ്രഹമില്ലാത്തോർക്ക് ഭാഗ്യമേ!
സ്വർല്ലോകരാജ്യമവർക്കാമനന്തരം 3
സാധുക്കൾക്കു ഭാഗ്യമവർകളുടെ
ബുദ്ധി സന്തോഷം പൂണ്ടിരിക്കും സദാ 4
ഖേദം ചെയ്തുകൊണ്ടു ദുഃഖിപ്പോർക്ക്
തുഷ്ടിവന്നീടും ഭാഗ്യമവർക്കഹോ 5
പുണ്യത്തിന്നാഗ്രഹമുള്ളോർകൾക്ക
പൂർണ്ണതവരും നിത്യസമ്മാനവും 6
കാരുണ്യംകിട്ടും കരുണയുള്ളോർക്കും
അന്തർമലമുള്ളോർ ദൈവത്തെ കണ്ടിടും 7
നിരപ്പുശീലമുള്ളോർക്ക് ഭാഗ്യമേ
സർവ്വേശൻ പുത്രരെന്നു വിളിച്ചീടും 8
ന്യായത്തെപ്രതി കഷ്ടമേൽക്കുന്നോർക്കഹോ
ആയതിൻഫലം, മോക്ഷരാജ്യലാഭം. 9
സാമർത്ഥ്യമുള്ളോർക്കുള്ളോനിർഭാഗ്യമേ
ഭൂമിതന്നിലനുഭവമുള്ള 10
ഇവിടെ പരിപൂർണ്ണമുള്ളോർക്കയ്യോ!
അവർ മേലിൽ വിശക്കുമനന്തരം. 11
ഭൂമിതന്നിൽ സന്തോഷമുള്ളോർകൾക്ക്
പിന്നെ ഖേദവും കണ്ണുനീരും വരും 12
ധാത്രിയിൽ സ്തുതിയുള്ളവരൊക്കെയും
ഉത്തമലോകെ നിന്ദിതരായ് വരും. 13
സർവ്വനാഥനെ സർവ്വകാലത്തിലും
സർവ്വാത്മാവാലും സ്നേഹിച്ചുകൊള്ളണം 14
ബാവായെന്നും തൻപുത്രൻ താനെന്നും
സർവ്വനാഥൻ റൂഹായെന്നിങ്ങനെ 15
ദൈവൈകത്വത്തിലീമൂവരെന്നും
നിശ്ചിക്ക്യ വിശ്വാസമായിടണം. 16
തൻനാമത്തിൽ മാമ്മോദീസാ മുങ്ങണം.
എന്നെ മർത്ത്യന മോക്ഷം കിട്ടിക്കൂട 17
കുർബ്ബാനയും ക്രൂദാശയശേഷവും
കുറ്റംവരാതെ കൈക്കൊള്ളണമഹോ 18
ദൈവികത്വമില്ലാത്ത മറ്റൊന്നിനെ
ദൈവഭക്തിയാൽ സേവിച്ചിടുകില്ലാ 19

ചോദിപ്പാൻ ഞാനവരോടു നിശ്ചയം
ആ ദോഷത്തിന്റെ നരകമുത്തരം 20
എനിക്കുള്ളസ്തുതി മറ്റൊരുത്തന്
ദാനം ചെയ്കിലെനിക്കതു വൈരമാം 21
ഒന്നീശനാക്കുമേല സാദ്ധ്യമല്ല
പ്രണയത്തിന്നന്തരമായ്‌വരാം 22
ഞാൻ വിളിച്ചാൽ മടിയുള്ള ദർശനം
എന്റെ വേഷവും യോഗ്യമല്ല 23
എന്നെ സ്നേഹിക്കുമ്പോൾ മറ്റൊരുത്തനെ
നിന്നെയെങ്കിലും സ്നേഹിക്കിൽ മോഹമാം 24
എല്ലാമെന്നെ പ്രതിയുപേക്ഷിക്കിലോ
നല്ല ശിഷ്യനവനിൽത്തെളിയും ഞാൻ. 25
ഏകനാഥനാമുള്ളവന്നെ ബുദ്ധിയാൽ
തൻ കല്പനകളെ കേൾക്കണം കേവലം 26
ആ നാഥനോടെ ശിക്ഷ പേടിക്കണം
അന്യരാൽ ഉണ്ടുപ്രസാദമാക്കണം 27
മാനുഷർ തമ്മിൽ കൂടപ്പിറന്നോരെ
എന്നപോൽ പ്രിയം ചിന്ത ധരിക്കണം 28
നിനക്ക വേണമെന്നിച്ഛിക്കുന്നതു
മാനുഷർ ശേഷത്തോടു നീ ചെയ്യണം 29
ന്യായമല്ലാത്ത ക്രിയ നിനച്ചീല,
രാജകല്പന സമ്മതിച്ചീടേണം. 30
പിതാക്കന്മാരെ സ്നേഹമുണ്ടാകണം.
ചേതസ്സാപാപവും വരുത്തൊല്ല, 31
കൊല്ലുകതുകൊണ്ടു തന്നെ പോരാ
ചൊൽക്കൊണ്ടുമതു പാപമാം ദോഷമാം. 32
ചിത്തത്തിങ്കലും വൈരമൊഴിക്കണം
ശത്രുഭാവങ്ങളൊക്കെയും നീക്കണം 33
ഇഷ്ടന്മാരെ പ്രിയമുണ്ടായാൽ പോരാ
ദോഷമുള്ളോരെ സ്നേഹമുണ്ടാകണം 34
പൊറുക്ക പരാകൃതം · ിന്നതെ
കർമ്മപാപം പൊറുത്തിടുമപ്പനും 3
പൊറുക്കാഞ്ഞീടിലോ സത്യമറിഞ്ഞിരി
പൊറുതി നിനക്കെന്നു മമ്പായ്‌വരാ 36
കവിളിലടികൊണ്ടിട്ടു പിന്നെയും
കവിളം നീയടിച്ചിടുവാൻ കാട്ടുകിൽ 37

ആയതെത്രയുമിമ്പമെനിക്കാകും.
പ്രിയനൊട്ടു ഞാൻ സമ്മാനം നല്കുവൻ 38
പകരം ഭ്രമിക്കേണ്ട നീ ഭൂമിയിൽ,
പകരത്തെ ഞാൻ കല്പിക്കും നീതിമാൻ 39
അന്യദൃഷ്ടിക്കാചാരമതതെന്നല്ലോ!
മാനാപത്താലുമാഗ്രഹം ദോഷമാം 40
മോഹചിന്ത വിഷമെന്നറിക നീ
മോഹാനന്ദാശകളുകാരണം 41
കുറ്റം നിന്നിൽ നീ പോക്കുവാനോക്കണം.
മറ്റൊരുത്തർക്കും കുറ്റം വിധിക്കല്ല 42
കുറ്റം കാൺകിലോ സ്നേഹത്താൽ നീയതു്
മാറുവാൻ വേലചെയ്തുകൊണ്ടീടണം 43
ദോഷംപൂണ്ടു ഭ്രമിക്കിലോ നിർണ്ണയം
ശേഷിക്കും കുറ്റം നിനക്കു നാശവും 44
അന്യരെ ബഹുമാനിച്ചുകൊള്ളണം
നിന്ദിച്ചീടുകിൽ പകരം വീട്ടുവാൻ 45
അന്യദോഷത്തിന്നാരോപം ചെയ്കിലോ
നിനക്കു ദോഷം സംഖ്യാവിനായറി 46
നിന്നാളും ദൃഷ്ടാന്തമില്ലെന്നതു്
മനസ്സിലാക്കിയിരിക്ക സന്തതം 47
പരാതിയതയും പരാതിയാക്ഷേപവും
ധരിച്ചീടല്ല ചിന്തമനസ്സിനാൽ 48
ഒന്നിനാൽ ക്ഷയമില്ലാത്ത സന്നിധി
ധന്യലാഭമിച്ഛിക്ക നീ സന്തതം 49
സ്വാമി സ്വാമിയെന്ന വിളിച്ചാൽപാദാ
നന്ദിചെയ്കില സമ്മതമായ്‌വരു 50
എന്നോട്ടുകൂടെ വാഴേണമെങ്കിലോ
എൻപ്രമാണങ്ങൾ മാനിച്ചു കാക്കണം 51
കേട്ടില്ലെങ്കിലോ വൃത്തിഫലം വരാ
അഭിമാനമില്ലാത്ത പണിയിതു്, 52
എല്ലാവസ്തുക്കൾക്കീശൻ ഞാനെന്നുടെ
കല്പനയ്ക്കൊത്ത വിശ്വവർത്തിയാൽ 53
ഉത്തരമതിന്നെന്നറിയണം
അത്യല്പം മറന്നീടുകയില്ല ഞാൻ 54
മോഹത്താൽ പിഴയുള്ള മോക്ഷത്തിന്നു്
ദേഹം കൂടവേ ഭക്ഷിക്കും നിർണ്ണയം 55

ചത്തുപോകമെന്നോർക്കേണ്ട നീ ബലാൽ
ചത്തവർകളെ ജീവിപ്പിച്ചീടും ഞാൻ 56
നല്ലോർദേഹത്തിൽ സ്തുതിയുള്ളോരായ് വരും
അല്ലൽവന്നീടും ദുഷ്ടജനങ്ങൾക്ക് 57
ചോദിച്ചീടും ഞാൻ സർവ്വജനത്തോടും
ചോദിക്കും നാളിൽ ഭയമുള്ളോരായ് വരും 58
എന്നെ സമ്മതമില്ലാത്ത ദുർജ്ജനം
ഞാനാരെന്നറിഞ്ഞീടുമെല്ലാവരും 59
ഇന്നാനന്ദിച്ചവരും ഞാൻ മേഘത്തിൽ
എന്നുടെ മുമ്പിലാകെ വരുത്തും ഞാൻ 60
അന്യർ സേവിച്ച ദേവന്മാരെന്നും
ഞാനാരെന്നും കണ്ടെന്ന മൂഢന്മാരും 61
സൽകൃത്യം നിന്ദിച്ചീട്ടപ്പോൾ ധാത്രിയിൽ
ദുഷ്കൃത്യം ചെയ്ത പാപികളെല്ലാവരും 62
ഞങ്ങളെ മലകളടക്കീടുവിൻ!
ഞങ്ങളെ ധര വിഴുങ്ങിക്കൊള്ളുവിൻ 63
എന്നപേക്ഷിച്ചു പീഡിക്കും ദുർജ്ജനം
എന്നൊടുള്ളൊരു ലോകഭയത്തിനാൽ 64
ദേവസന്നിധി ദീപ്തിക്കൊപ്പമില്ല
ദീവഹങ്ങളിൽ സംഭ്രമരായുള്ള് 65
ദുസ്തൃഗന്ധിയതിലതി സഹ്യമാം
ഭാഗ്യഹീനരല്ലോ ഞങ്ങളെന്നവർ 66
സുകൃതത്തോട് നടന്നവർ തദാ
ആകമാനുതെളിഞ്ഞു സന്തോഷിക്കും 67
സൂര്യൻ പോലെ ശോഭിക്കും മനോഹരം
ഭയവും നാശവുമില്ലവർക്കെന്നും 68
അനന്തസ്സുഖത്തിലതിലംഘനാൽ
ആനന്ദിച്ചീടും കാരുണ്യനിലനറവും 69
ആമോദത്തിന്നൊടുക്കമില്ലന്തമേ
സ്വാമിയോടൊരുമിച്ചവർ തോഷിക്കും 70
വൻപരെങ്കിലും ദീനരായീടിലും
തമ്പുരാൻ മുമ്പിലൊക്കെയെല്ലാവരും 71
നല്ല വൃത്തിയാൽ ഭാഗ്യലാഭംവരും
അല്ലാതൊന്നിനാലും പകരം വരാ 72
ഭിന്നമാക്കെന്നെപ്രതി വർജ്ജിക്കിൽ
അർത്ഥം ഞാനപ്പോൾ നിർലോഭം നൽകുവൻ 73

ജീവിതകാലമെന്നോർപ്പെടിക്കണം
ഭാവികാലത്തിലെന്ന സുഖംവരു. 74
സംശയവസ്തു ബുദ്ധിമാനമല്ല;
അക്ഷയാനന്ദമേകം മാന്യമഹോ 75
അതുകൂട്ടുവാനെന്തു ശ്രമിക്കുന്നു?
കൃത്യവത്സരമൊപ്പം തൽഫലമെന്തുചൊൽ 76
നിന്റെ ദേഹം നീയേറെ സ്നേഹിക്കിലോ
നിന്റെ സ്നേഹത്താൽ നാശം നിനക്കു് 77
ഇന്ദ്രിയത്തിൻ സൌഖ്യം വരുത്തുകിൽ
പിന്നെ ഖേദിപ്പാനാകമില്ല ശ്രമം 78
മോഹാഗ്രഹിച്ചീടേണ്ട നീ ബലാൽ
മോഹിസൌഖ്യത്താൽ കുടെയുണ്ടാമതു് 79
ഇഷ്ടങ്ങളൊക്കെയും സമ്മതിച്ചീടല്ല
നിശ്ചയമാശനാശം വരുത്തുമേ 80
ദേഹം ശത്രുവെന്നോർത്തു നടക്ക നീ
മോഹക്ഷയത്തിനായുണ്ടായ്‌വരും 81
ശുദ്ധിയില്ലുള്ളതാകെ ലഭിക്കിലും
ആത്മനാശം വന്നാൽ ഫലമെന്തു ചൊൽ 82
ഏതു കാരമാവേണം നിത്യാത്മാവെന്നും
ഏകകാര്യം തൽക്കാര്യവിചാരവും 83
ആത്മരക്ഷയാൽ രക്ഷ സകലവും
ആത്മനാശത്താൽ നാശങ്ങളൊക്കെയും 84
ഇവ സംശയം ചിത്തത്തിലോർത്തു നീ
താല്പരമാവിനയേവേണ്ടി ശ്രമിക്കഹോ 85
സർവ്വമായ മോഹാചരത്തിനാൽ
അറചരമെന്ന ബോധിക്ക ബുദ്ധിമാർ 86
അക്ഷയമായ മോക്ഷനന്ദം
തൽക്ഷയമില്ലെന്ന ധരിക്ക നീ 87
ഞാൻ നടക്കുന്ന മാർഗ്ഗേ നടക്ക നീ
അനേകകാലമാഴിഞ്ഞിട്ടമെപ്പൊഴും 88
ദുഃഖങ്ങളെ ഞാൻ സഹിച്ചീടുന്ന
നീ സഹിപ്പാനെന്നോടു പഠിക്കണമേ 89
എന്നോടുകൂടെ ക്ഷമയിലുറ്റീക്ക നീ
എന്നാലെന്ന സ്നേഹമെന്ന സമ്മതം 90
ദുഃഖത്താൽ ഭുവനാന്തര സന്തതം
സുഖലാഭമെൻക്ഷമയാൽ കാൺക നീ 91

അല്പകാലമീ ഭൂമിയിൽ വാഴും നീ
സ്വല്പപാപങ്ങളാൽ സുഭാഗ്യമഭാഗ്യവും 92
അനന്തഭാഗ്യം സദ്ഗുണവൃത്തിയാൽ
അനന്തനാശം ദുഷ്ടകർമ്മത്തിനും 93
സൽകാര്യംപ്രതി ക്ലേശിക്ക വേഗത്തിൽ
അകാര്യമെല്ലാം നിസ്സാരമാർക്ക നീ 94
ദുർബോധംകൊണ്ടു ദോഷത്തിൽ വീണു നീ
സൽബോധംകൊണ്ടു പിന്നെ പിഴയ്ക്കല്ലേ 95
ചെയ്തദോഷമറച്ചെന്നെ സേവിക്ക
പുത്രതാതൻ ഞാൻ നിന്നെക്കളയുമോ 96
ഭാരം നിങ്ങൾക്കെന്നൻപക്കൽ വന്നാലും
തൃപ്തിതീർത്തു ഞാൻ തണുപ്പു നല്കുവൻ, 97
ഭാരം കല്പിച്ചതൊന്നു പേടിക്കല്ല
കാരുണ്യത്തോടു ഞാൻ തുണയുണ്ടല്ലോ 98
ഇത്തരമുപദേശമതാം ചെയ്തു
തൽ ജ്ഞാനമുദിപ്പിച്ചു ഭൂമിയിൽ. 99



എട്ടാം പാദം

- (•) —

മറിയം മദ്ദലേനക്കു പാപവിമോചനം നൽകുന്നു - അഞ്ചപ്പംകൊണ്ടു് അയ്യായിരം ആളുകൾക്കു് ഭക്ഷണം കൊടുക്കുന്നു. അവിടുത്തെ രാജാവാക്കാൻ ശ്രമിച്ചപ്പോൾ അപ്രത്യക്ഷനാകുന്നു. സമുദ്രത്തിന്റെ ഓളങ്ങളിൽ സഞ്ചരിക്കുന്നു. ഏഴപ്പംകൊണ്ടു നാലായിരം ആളുകൾക്കു ഭക്ഷണം നൽകുന്നു. പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം-അദ്ദേഹത്തിനു അധികാരം കൊടുക്കുന്നു. കുരിശുമരണത്തെപ്പറ്റി പ്രവചിക്കുന്നു. താബോർമലമുകളിൽ വെച്ചുണ്ടായ ദിവ്യദർശനം-പിറവിക്കുരുടനു കാഴ്ച നൽകുന്നു. അവനെ സിനഗോഗിൽനിന്നു പുറത്താക്കുന്നു. ശാബത്താചരണത്തെപ്പറ്റിയുള്ള സംവാദം-അവിടുത്തെ വധിക്കുവാനുള്ള ഗൂഢാലോചന-

അങ്ങനെ ദയയോടു സർവ്വേശ്വരൻ
ഞങ്ങളെപ്രതി ക്ലേശിച്ചീടും വിധൌ 1
പ്രീശന്മാരിലൊരുത്തൻ വന്നകാലം
മിശിഹായെ വിളിച്ചു വിരുന്നിനു് 2
ഭക്ഷണം കഴിഞ്ഞീടുന്ന ശാലയിൽ
തൽക്ഷണമൊരു സ്ത്രീവന്നു കമ്പിട്ടു- 3

പിന്നെ തൃക്കാല്ക്കു മുത്തി ഭക്തിയോടെ
കണ്ണുനീർകൊണ്ടു കഴുകി കാലിണ, 4
കണ്ടവരുടൻ തൽകൃതം നിന്ദിച്ചു
തൊട്ടപോയതു മറച്ചു മാനസേ, 5
സൎവ്വജ്ഞനിവനെന്നു വരികിലൊ
ഇവളാരെന്നറിഞ്ഞീടും നിർണ്ണയം. 6
ദുഷ്ടസ്ത്രീയിവളാം സൎവ്വലോകത്തിലും
ദോഷകാരണമെന്നു തന്മോളെ 7
ഇവളെയധികമറപ്പാൻ വിധി
ഇവണ്ണമടുപ്പിക്കുന്നതെന്തിനവൻ. 8
ഇപ്പടിയുള്ളിൽ ചിന്തിച്ചതൊക്കെയും
തമ്പുരാൻ കണ്ടു ചൊല്ലോടരുളിച്ചെയ്തു 9
ഒരു വൻമുതലാളിയുടെ പണം
ഇരുവർക്കു കടമാകപ്പെട്ടിതു. 10
ഒരുത്തൻ പണമഞ്ഞൂറു കൊണ്ടവൻ
മററവൻ പണമമ്പതു കൊണ്ടവൻ. 11
വീട്ടുവാനിരുവർക്കും വകയില്ല,
കെട്ടിളച്ചുടയോനിരുവരോടും. 12
ആർക്കതിലേറെ സ്നേഹമുടയോനെന്നു
ഓർക്ക ചിന്തിച്ചു ചൊൽക നീയുത്തരം 13
"ആരോടു മുതലേറെയിളച്ചാൻ
അവനോടേറെ സ്നേഹിപ്പാനവകാശം." 14
എന്നതുകേട്ടു നാഥനരുളിച്ചെയ്തു:-
"നന്നു നീ ചൊന്നപോലെയിവളെന്നെ 15
ഏറെ സ്നേഹിച്ചപേക്ഷിച്ചുകാരണം
ഏറെ ദോഷം പൊറുത്തവളോടു ഞാൻ." 16
പിന്നെ നാഥനവളോടരുളിച്ചെയ്തു:-
"നിന്നുടെ ദോഷമെല്ലാം പൊറുത്തു ഞാൻ" 17
തൃക്കാൽ തൊട്ടവൾ നൽവഴി ബോധിച്ചു
സുകൃതത്തോടു നടന്നു സന്തതം. 18
മറിയം മഗ്ദലേനത്തായവളിൽ താൻ
തിരുവുള്ളം കുറയാതെ വർദ്ധിച്ചു. 19
ലോകാർത്ഥം ലോകനായകനാം ഗുരു
ലോകരെ പഠിപ്പിച്ചോരു കാലത്തിൽ 20
ആരണ്യം തന്നിൽകൂടിയെല്ലാവരും
നാരിബാലരും കൂടാതൈയ്യായിരം. 21

വൈകിന്നേരവും ഭക്ഷിച്ചില്ലാതമ്മേ,
ഏകനാഥൻ മിശിഹാ ദയയോടെ, 22
അന്നുകൂടിയുള്ള ലോകരെല്ലാരെയും
ഇരുത്തി പച്ചപ്പുല്ലാം വാസത്തിൽ 23
അപ്പമഞ്ചും വറുത്തമീൻ രണ്ടിനാൽ
അയ്യായിരംലോകർക്കൊക്കെ നിറച്ചുതാൻ 24
പരിപൂർണ്ണം വരുത്തിയെല്ലാവർക്കും
പരൻ നാഥൻ മിശിഹായും വിസ്മയം 25
ശേഷിച്ചിരുന്നു കൊട്ടപന്ത്രണ്ടും
ശേഷം ചിന്തിച്ചു കൂടിയലോകരും:- 26
ഈശോനാഥനെ രാജാവാക്കീടുവാൻ
ആശ ലോകർക്കിരുന്നു മിശിഹാ താൻ 27
രക്ഷകനെന്ന ഭക്തികൊണ്ടല്ലത്രെ
ഭക്ഷണരുചി ലാഭമാർത്തിട്ടത്രെ 28
ദിവ്യാ സഹിനന്മാരെയകറ്റുവാൻ
വിശ്വനായകൻ കല്പിച്ചുപായമായ് 29
കടല്ക്കരയിലയച്ചു ശിഷ്യരെ
അടവിതന്നിൽ താനുമൊഴിഞ്ഞുപോയ് 30
ശിഷ്യർ തോണിയിൽ പോകുന്നനേരത്തു
തൽക്ഷണം കടൽ കോപിച്ചനേകവും 31
ഓളമേറിയലറുന്ന വായുവാൽ
തള്ളിത്തോണിയെ മുക്കിത്തുടങ്ങീതു് 32
അന്നേരം കടലോളത്തിൽ നടന്നു
വന്നൊരു മർത്ത്യദേഹം പ്രത്യക്ഷമായ് 33
പേടിപൂണ്ടു കരഞ്ഞു ശിഷ്യരും
പേടിപോക്കി മിശിഹായരുൾചെയ്തു:- 34
"ഭയം നീക്കുവാൻ വന്നതു ഞാൻ തന്നെ"
ഉൾക്കനിവോടു കല്പന കേട്ടപ്പോൾ 35
ഉടനെ കേപ്പാ താനുണർത്തീടിനാൻ:-
"ഉടയോൻ നീ യീവന്നവനെങ്കിലോ 36
കടൽമീതെന്നെ വരുത്തിക്കൊള്ളുക"
കടൽ ഭൂ സകലേശനവനോടു്:- 37
"വന്നുകൊൾകെ"ന്നു താൻ തിരുവാക്കിനാൽ
ചെന്നു കേപ്പാ കല്ലിൻമീതെയെന്നപോൽ 38
അക്കാലം കടൽ കോപിച്ചു കേപ്പായും
ശങ്കിച്ചു രക്ഷയപേക്ഷിച്ചീടിനാൻ. 39

മിശിഹാ തൃക്കൈ നീട്ടിപ്പിടിച്ചുടൻ
"വിശ്വാസാല്പാ നീയെന്തു പകച്ചതു"" 40
എന്ന കാററമതാംചെയ്തു തോണിയിൽ
താനും കൂടെയെഴുന്നള്ളിയക്കരെ 41
പുക്കവിടെ വസിച്ചോരനന്തരം
അക്കലത്തോട് മാർഗ്ഗമറിയിച്ചു. 42
അവിടെ പല വൻപാപം ശിഷ്യർക്ക
തിൻ വിശുദ്ധിയില്ലെന്നു പറഞ്ഞിതു" 43
കുളിയാതെയും കൈ കഴുകാതെയു-
മുള്ള ഭക്ഷണദോഷമറിയിച്ചു. 44
ഉത്തരമപ്പോൾ നാഥനതാംചെയ്തു:-
'ഏതു കല്പനകൊണ്ടതു ദോഷമായ്" 45
പുറത്തുള്ളതുകൊണ്ടൊരു ദോഷത്തിൻ-
കറ ദേഹിക്ക വരുവതല്ലഹോ 46
ഉള്ളിൽനിന്നുള്ള ദോഷമലത്തിന്നു
ക്ഷാളനംകൊണ്ടു ശുദ്ധിയുണ്ടാകുമോ? 47
നാട്ടാചാരത്തെ ഏററവും വർച്ചു"
കാട്ടുള്ളിൽവച്ചു തെറികാട്ടു ചിലർ 48
ദൈവകല്പന ലംഘിക്കാത്ത കാ
ഭജിക്കമെന്നു ശങ്കിക്കണ്ട ബലാൽ" 49
ഇതുകേട്ടവർ കോപം മുഴുത്തുടൻ
അതിൻശേഷമരുൾചെയ്തു തമ്പുരാൻ:- 50
"കണ്ണില്ലാതുള്ളോൻ കരടുക്കൂട്ടത്തെ
ഗുണമാംവണ്ണം നടത്തിക്കൂടുമോ? 51
വഴിക്ക പുറപ്പെട്ടവർ പോകിലോ
കുഴിയിലവർ വീഴുമൊരുപോലെ" 52
തന്നുടെ സാരവാക്യരസത്തിനാൽ,
പിന്നെയുംകൂടി നാലായിരം ജനം 53
മൂന്നുനാൾകൂടെ പാർത്തവരൊക്കെയും
അനുഗ്രഹിച്ചു തമ്പുരാനന്നേരം 54
ഏഴപ്പംകൊണ്ടും കുറഞ്ഞ മീൻകൊണ്ടും
അഴകാംവണ്ണം വിളമ്പൂട്ടിനാൽ 55
എല്ലാരും തിന്നു പരിപൂർണ്ണംവന്നു
നല്ല തീൻതരം ശേഷിച്ചു പിന്നെയും 56
ഏഴുകൊട്ട മിച്ചൽ നിറച്ചു താൻ
നേരോടീശോമിശിഹാടെ വിസ്മയം. 57

രക്ഷാനാഥൻ മിശിഹായതിൻശേഷം
ശിഷ്യരെ വിളിച്ചിവണ്ണം ചോദിച്ചു:- 58
"ഞാനീക്കാട്ടിയ പ്രത്യക്ഷം കണ്ടിട്ട്"
ഞാനാരെന്നു പറയുന്നു ലോകരും" 59
എന്നരുളിച്ചെയ്തു നേരത്തു ശിഷ്യരും
തന്നാലോകരിൽ കേട്ടുണർത്തിച്ചു:- 60
"നിബിയന്മാരിലൊരുത്തനെന്നു ചിലർ
ഗ്രുവാർത്ത ചിലർ റാംശാനയെന്നും" 61
അന്നേരം ശിഷ്യരോടരുളിച്ചെയ്തു:-
"എന്നാൽ നിങ്ങൾക്കു നേരെന്തുറച്ചിതു"? 62
ഞാനാരെന്നു ശിഷ്യർ നിങ്ങൾ ചൊല്ലുവിൻ:-
അന്നവനിതു കല്പിച്ച നേരത്തു" 63
തമ്പുരാനോടു കേപ്പാ ഉണർത്തിച്ചു:-
"തമ്പുരാൻ പുത്രൻ നീയെന്നു നിശ്ചയം" 64
"കേപ്പാ ഭാഗ്യവാൻ നീയിതു മാനുഷൻ
കേൾപ്പിച്ചില്ല സർവ്വേശ്വരൻ തമ്പുരാൻ 65
എൻപിതാവത്രേ നിന്നെ ചൊല്ലിച്ചതു
കേപ്പാ നിന്റെ നാമാർത്ഥവും കല്ലല്ലോ. 66
എന്റെ ലോകസഭയ്ക്കടിസ്ഥാനം നീ
നിന്റെമേലെന്റെ പള്ളി പണിചെയ്യും 67
അല്ലൽ ഭവിപ്പിക്കാമതിനല്ലാതെ
വെല്ലുവാൻ നരകം മതിയായ്‌വരാ. 68
സ്വർല്ലോകത്തിന്റെ താക്കോൽ തരുവാൻ ഞാൻ
ഈ ലോകത്തിൽ നീ കെട്ടിയഴിച്ചപോൽ 99
മോക്ഷലോകത്തും ഞാൻ തികച്ചീടുവാൻ
മുഖ്യകാമതികന്നാകെത്തരുവൻ ഞാൻ 70
ഇക്കാര്യാന്തരം മൃത്യുവും വരാ"
ഉൾകൃപകൊണ്ടു കല്പിച്ചതിൻ ശേഷം 71
പിന്നെ ഞാൻ മരിച്ചീടും പ്രകാരങ്ങൾ
തന്റെ ശിഷ്യരോടരുളിച്ചെയ്തു:- 72
"ആദമാദി നരകുല രക്ഷയ്ക്കു"
യൂദരാകുലെ ഞാനോറോശലം പുര 73
യ്യൂദർ കയ്യാലെ പാടുകളേറ്റീടും,
ഖേദാഖ്യവും ക്ഷമിച്ചു മരിച്ചീടും 74
ഇൻപമോടു ഞാൻ ത്രിദിനം ജീവിക്കും
മുൻപേ വ്യക്തമരുൾചെയ്തു സർവ്വവും 75

ഈവണ്ണമരുളിച്ചെയ്തു കേട്ടപ്പോൾ
ദൈവശിഷ്യൻ മനസ്താപമോടുകൊണ്ടു 76
കേവലമുണർത്തിച്ചിതു കേപ്പാ താൻ:-
"ദേവ മൽഗുരോ സൽകൃപാവാരിധേ! 77
നീയേവം ദുഃഖം കൈക്കൊള്ളരുതയ്യോ!
ആയതു നിനക്കൊട്ടുമേശകല്ല! 78
ഇവ കേപ്പായുണർത്തിച്ചുള്ളനേരം
അവനോട് തിരുവുള്ളക്കേടുമായ്; 79
"ഇവ ചൊല്ലാതെ പോക"യെന്നാട്ടിത്താൻ
നീ വപുസ്സിൻ സുഖമറിയും നീചൻ 80
നീ വ്യാകുലൻ മറ്റൊരുമറിവില്ല
ദൈവനിശ്ചയമീ കാര്യമെന്നറി 81
ദൈവകാര്യപ്രീതി മറിച്ചീടുവാൻ
അവനിയിൽ പിറന്നതാൻ മർത്യനായ്" 82
സർവ്വേശൻ പിന്നെയാറാമാം ദിനം,
പർവ്വതമേറി താബോറാഗ്രം നാഥൻ 83
കേപ്പാ, യാക്കോ, യോഹന്നാനെയുംകൊണ്ട്
അപ്പർവ്വതത്തിൻ മുകളിൽ ചെന്നപ്പോൾ 84
മൂശ ഏലിയായെന്ന നിവിയന്മാർ
ഈശോ മുന്നിൽ പ്രത്യക്ഷമായതുള്ളതും 85
ആത്മനാഥൻെറയാത്മാവിലെ മോക്ഷം
ആത്മാവിൽനിന്ന ദേഹത്തിൽ ചിതറിച്ചു 86
ചിതറിയൊന്നു മോക്ഷനിഴലത്രേ;
തൻ തിരുമേനി സൂര്യനെ തോല്പിക്കും 87
കുപ്പായത്തിന്റെ നിർമ്മലവെണ്മയാൽ
കൺപറിക്കുന്ന പ്രകാശയുക്തമാം 88
ഭാവിഭാവ പ്രഭാവ പ്രഭയെന്ന്"
അവൻ കണ്ടപ്പോൾ രൂപി പകർന്നിതു" 89
മൂശയോടുമേലിയായോടുമപ്പോൾ
ഈശോനാഥനരുളിച്ചെയ്തീടിനാൻ:- 90
"ശത്രുവാലുള്ള പാടുപെടുമെന്നും
ശത്രുകയ്യാലേ താൻ മരിക്കുമെന്നും, 91
ലോകമോക്ഷാന്തരം ചെയ്യുമെന്നതും,
ലോകരക്ഷ വരുത്തും പ്രകാരവും" 92
ശക്തനായ ദയാപരൻ തമ്പുരാൻ
വ്യക്തമാം വണ്ണം സർവ്വമരുളിച്ചെയ്തു. 93

അപ്പോളസ്ഥല ശോഭകളും കണ്ടവാറെ
കേപ്പാ സന്തോഷം പൂണ്ടുണർത്തിച്ചുടൻ:– 94
"എത്ര നല്ലോരിടമിവിടത്തിൽ നാം
ചിത്രമായ്ക്കൂടിൽ മൂന്നു ചമയ്ക്കണം 95
ഒന്നു സ്വാമിക്കൊന്നേലിയായ്ക്കിതു"
ഒന്നുമൂശനിവിയായിക്കാക്കണം 96
നല്ല വിസ്മയമെന്തെന്നറിയാതെ
ചൊല്ലി ശിഷ്യരിവ്വണ്ണമറിഞ്ഞെന്നെ 97
അനേരം മേഘം മൂടിയെല്ലാരെയും,
അന്നു മേഘാവിലെ നാദവും കേട്ടുടൻ:– 98
"ഇയ്യാളെൻ പുത്രനെനിക്കു മഹാ പ്രിയൻ
ഇയ്യാൾ ചൊല്ലുന്നതെല്ലാരും കേൾക്കണം" 99
വിസ്മയമെല്ലാം മാഞ്ഞുപോയനേരം
വിസ്മയനാഥൻ താനും ശിഷ്യരുമായ് 100
അമ്മലയിൽ നിന്നപ്പോളെഴുന്നള്ളി
നിർമ്മലനാഥൻ താഴ്‌വരെ വന്നപ്പോൾ 101
പിറന്നപ്പോളെ കാഴ്ചയില്ലാത്തവൻ
പുറത്തെ വഴിതന്നിലിരുന്നിതു" 102
നാദം കേട്ടപ്പോൾ നാഥനെ കമ്പിട്ടു
ഖേദം പൂണ്ടപേക്ഷിച്ചോരനന്തരം 103
മണ്ണാൽ തുപ്പൽ കുഴച്ചു കുഴമ്പതു
കണ്ണിൽത്തേച്ചു വെളിവുകൊടുത്തു താൻ 104
യൂദന്മാരുടെ പ്രധാന ദർശനം
വേധാവു ചെയ്ത പ്രത്യക്ഷം മുട്ടുവാൻ 105
നാഥൻ കാഴ്ചകൊടുത്ത പുരുഷനെ
ഖേദാ മുമ്പിൽ വരുത്തീട്ടു ചൊന്നവർ 106
"ദുഷ്ടനാം ദോഷപൂർണ്ണനിവൻ നിന്റെ
ദൃഷ്ടി നൽകുവാൻ യോഗ്യമില്ലാത്തവൻ 107
മുമ്പിലന്ധ കുരുടൻ നീയെങ്കിലോ
ഇപ്പോൾ പുത്തനായ്ക്കണ്ടു നീയെങ്ങനെ?" 108
ചിന്തിച്ചുത്തരം ചൊന്നവരോടവൻ:–
എന്തുവേണ്ടു രഹസ്യമിതല്ലല്ലോ? 109
ഈശോയെന്നയാൾ ചെയ്തു ദയവിനാൽ
ദർശനമെനിക്കുണ്ടായി നിശ്ചയം 110
ദോഷമുള്ളവനെന്നറിഞ്ഞില്ല ഞാൻ
ദുഷ്ടർക്കു ദൈവസഹായമില്ലല്ലോ 111

ജനിച്ചപ്പോഴേ ദൃഷ്ടിയില്ലാത്തെൻ"
കണ്ണിവാടയാം തന്നെനിക്കിങ്ങനെ." 112
നേരവനിതു ചൊല്ലിയകാരണം
വൈരത്താലവനെ പുറത്താക്കിനാർ 113
കേട്ടിതു നാഥൻ തൻ കരുണാധിക്യം
കാട്ടിവീണ്ടവനെ കണ്ടെത്തിയപ്പോൾ 114
തമ്പുരാനരുൾചെയ്തു ദയവോടെ,
തമ്പുരാന്റെ സുതനെ വിശ്വാസമോ? 115
നിനക്കാമ്പിലെന്നതിനുത്തരം.
നിർമ്മലനാഥനോടുണർത്തിച്ചവൻ: 116
"തമ്പുരാന്റെ പുത്രനെ നീ കാട്ടുകിൽ
അൻപിനോടു ഞാൻ വിശ്വസിച്ചീടുവൻ" 117
തമ്പുരാൻ ചൊല്ലി "നിന്നോടു ചൊന്ന ഞാൻ
തമ്പുരാന്റെ പുത്രനെന്നറിഞ്ഞാലും" 118
ഇതു കേട്ടപ്പോൾ കുമ്പിട്ടു വീണവൻ
കനിവോടെ തേറി വിശ്വസിച്ചാനന്ദം 119
ഇങ്ങനെ സമ്മതം ചെയ്തു പുരുഷന്
സുജ്ഞാനാശിസ്സ് നൽകി സർവ്വേശ്വരൻ 120
മാനുഷനായി വന്ന സർവ്വേശ്വരൻ
ശനിയാഴ്ച പൊറുപ്പിച്ചു രോഗങ്ങൾ 121
എന്നതുകേട്ടു യൂദന്മാരത്രയും
അന്നുകോപിച്ചു വിസ്മയം പൂണ്ടവർ 122
വ്യാധിയുള്ളൊരു നാരിയെ പിന്നെയും
ആധിപോക്കി മിശിഹാ പൊറുപ്പിച്ചു 123
അന്നാളിലതു ചൊല്ലാരു കാരണം
ആ നഗർ വിചാരത്തിന്നുടെ വൻപൻ 124
കുറ്റം നാഥനെ നീചൻ പറഞ്ഞപ്പോൾ
കുറ്റമറ്റ സർവ്വേശ്വരൻ കല്പിച്ചു:- 125
"കേൾക്ക നീ ശനിയാഴ്ച ദിവസത്തിൽ
നാല്ക്കാലിയൊന്നു വീണു കുഴിയതിൽ 126
പാർക്കുമോ ശനിയാഴ്ച കരേറ്റുമോ
ഓർക്കമർത്ത്യനതിൽ വലുതല്ലയോ 127
ന്യായമുള്ളവരെന്നു പറകയും
ന്യായക്കേടനേകം നിങ്ങൾ ചെയ്കയും" 128
ഇപ്രകാരങ്ങൾ കേട്ടു പ്രധാനിയും
കോപപ്പെട്ടുന്നും വർദ്ധിച്ചു മാനസേ. 129

അവർകളുടെ ദുഷ്കൃത വൃത്തത
അവരോടതുളളിലൊളിച്ചു ചൊല്ലുമ്പോൾ 130
പല നാളിൽ മിശിഹായെക്കൊല്ലുവാൻ,
ഫലമെന്നിയെ വേലചെയ്തോരവർ, 131
നാശമേൽപ്പാനുറച്ചു താനെങ്കിലും
മിശിഹാ മനസ്സാകും കാലത്തിലും 132
താൻ കല്പിച്ച ദിവസം വരുമ്പോളും
താൻ കല്പിക്കാത്തതൊയാവതില്ലാർക്കുമേ. 133
രോഗക്കാരെ പൊറുപ്പിച്ചുകൊള്ളുവാൻ
വേഗം വൈദ്യനെയവരന്വേഷിക്കും 134
കണ്ടാലേറമവനെ പ്രിയപ്പെടും,
പണ്ടൊരുനാളും കണ്ടിട്ടില്ലെങ്കിലും 135
ആത്മനാഥൻ മിശിഹായുമവ്വണ്ണം
ആത്മരോഗികളെ രക്ഷിച്ചീടുവാൻ 136
പാപദുഷ്ടരെ രക്ഷിച്ചുകൊള്ളുവാൻ
പാപികളോടെന്നും കരുണയാൽ 137
സ്നേഹമോടവരെ ബഹുമാനിക്കും,
മഹാ കഷ്ടമതെന്നു ചിലർ ചൊല്ലും 138
ലോകനായകൻ സർവ്വമറിഞ്ഞവൻ
തൽകൃതത്തിനു സാമ്യമരുൾചെയ്തു:- 139
"നൂറാടുകളുള്ളവനൊന്നിനെക്കാണാഞ്ഞാൽ;
നൂറതിലൊന്നൊഴിഞ്ഞെന്നു ഖേദത്താൽ 140
അക്കൂട്ടത്തെയവിടെ വിട്ടവൻ
പോയ്പ്പോയതൊരജത്തിനെ തേടുമേ 141
ഇന്നു ഞാനതുപോലെ ക്ലേശിക്കുന്നു
വന്നു ഞാൻ പാപിക്കൂട്ടത്തെ രക്ഷിപ്പാൻ."

ഒമ്പതാം പാദം

— (*) —

ലാസറിനു പുനർജീവൻ നൽകുന്നു. യൂദപ്രമാണിമാർ യേശുവിനെ വധിക്കുവാൻ ആലോചിക്കുന്നു. മറിയം മഗ്ദലനയുടെ തൈലാഭിഷേകം. ജെറുസലം ദേവാലയത്തിൽ ഉപചാരിതാഘോഷത്തോടെ പ്രവേശിക്കുന്നു. യേശു കഴുതപ്പുറത്തിരുന്നു കരയുന്നു. യേശുവിനെ ഒറ്റിക്കൊടുക്കുവാൻ യൂദാസ് പള്ളി മേധാവികളുമായി ആലോചന നടത്തുന്നു. അമ്മയോടു യാത്ര പറയുന്നു.

പാപം തീൎത്ത മഗ്ദലെത്തായും സമ
തൻപ്രിയമൊക്കെയീശോ മേലാകിനാറാം 1
അവൎക്കുള്ളോരു ഭ്രാതാവിന്നാമയം
സ്വവൈഷമ്യമാമയററവും വൎദ്ധിച്ചു: 2
അവസ്ഥയെല്ലാം ചൊല്ലിവിട്ടാളുടൻ
ജീവരക്ഷാ നാഥനോടുണൎത്തിപ്പാൻ. 3
തൽപ്രിയനായ ലാസറിന്നാമയം
തമ്പുരാനോടു ദൂതരറിയിച്ചു. 4
കൎത്താവീമൊഴി കേട്ടിട്ടു രണ്ടുനാൾ
പാൎത്തു പിന്നെയും പോയില്ല രക്ഷകൻ. 5
ഇഷ്ടനാഥൻ ശിഷ്യരോടു കല്പിച്ചു
ഇഷ്ടനാമെന്റെ ലാസർ മരിച്ചുന്നു", 6
ഒട്ടുമെഴുന്നള്ളി സൎവ്വപ്രഭു
ഓടിവന്നപ്പോൾ മാൎത്തയുണൎത്തിച്ചു:— 7
"ഉടയോൻ നീയിവിടെയുണ്ടെങ്കിലോ
ഉടപ്പിറന്നവൻ മരണംവരാ. 8
ഇപ്പോഴും നീ പിതാവോടപേക്ഷിച്ചാൽ
തല്പിതാവെല്ലാം കേൾക്കുമറിയുന്നു ഞാൻ" 9
വിശ്വനാഥൻ മിശിഹായരുളിച്ചെയ്തു:—
"വിശ്വസിക്ക നിൻ ഭ്രാതാവു ജീവിക്കും" 10
മറിയം മഗ്ദലെത്തായുമന്നേരം
അറിഞ്ഞപ്പോളവളോടി വന്നുടൻ 11
ചേതസി പ്രിയമുള്ളവൎകളുടെ
ചേതസ്സന്താപത്തെക്കണ്ടു ദയാപരൻ 12
അല്പംകൊണ്ടു പുറപ്പെട്ടു കണ്ണുനീർ
തല്പരൻ തന്റെ പ്രിയത്തെക്കാട്ടിനാൻ. 13
മുഖ്യന്മാരവരാകുന്ന കാരണം
ദുഃഖം പോക്കുവാൻകൂടി മഹാജനം 14
ഭൂമിരന്ധ്രത്തിൽവെച്ചു മുമ്പേ ശവം
ഭൂമിനാഥനവിടെയെഴുന്നള്ളി 15
കല്ലടപ്പും നീക്കുവാൻ കല്പിച്ചു
"നാലുവാസരം ചൊന്നവൻ ചത്തിട്ടു" 16
കൎത്താവേ പാരം നാറീടുമീദ്രവം"
മാൎത്തായിങ്ങനെ വാൎത്തയുണൎത്തിച്ചു. 17
വിശ്വനായകൻ പിന്നെയും കല്പിച്ചു:
"വിശ്വസിച്ചാൽ മരിച്ചവൻ ജീവിക്കും." 18

ത്രാതാവു തൻ പിതാവോടപേക്ഷിച്ചു:-
"പിതാവേ യെന്റെയപേക്ഷ കേട്ട നീ 19
അതു കാരണം നിന്നെ സ്തുതിക്കുന്നു
ഇതിഹയിപ്പോഴും ഞാനപേക്ഷിക്കുന്നു. 20
ഞാനപേക്ഷിക്കും കാര്യങ്ങളൊക്കെയും
അനുകൂലമറിഞ്ഞിരിക്കുന്നു ഞാൻ" 21
ഈ മഹാജനം കണ്ടു വിശ്വസിപ്പാൻ
ആമയമിതു പറഞ്ഞു കേൾപ്പിച്ചു:- 22
അതിൻശേഷമനന്ത ദയാപരൻ
പുത്രൻ തമ്പുരാനുന്നതാനന്ദത്താൽ 23
"ലാസർ നീ പുറപ്പെട്ടുവാ" യിങ്ങനെ
"ലാസറുമപ്പോൾ ജീവിച്ചു വിസ്മയം! 24
ഇടിപോലൊരു നാദം കേൾക്കുമപ്പോൾ
ഉടൻ ചത്തവൻ ജീവിച്ചെഴുന്നേറ്റു 25
പലരുമിപ്പോൾ രക്ഷിതാവെന്നും
കലുഷംനീക്കി വിശ്വസിച്ചീടിനാർ 26
ചിലരിക്കഥ പട്ടക്കാരനോടും
വലിയ ജനത്തോടുമറിയിച്ചു. 27
പൈശുന്യമവർ മാനസേ വ്യാപിച്ചു
മിശിഹാടെ സ്തുതിയാലേറവും 28
യോഗംകൂടി വിചാരിച്ചു ദുഷ്ടരും
വേഗമീശോയെക്കൊല്ലണമെന്നും 29
അന്വേഷിച്ചു പെരുകീടും മുമ്പേ
അഗ്നിവ്യാപം കെടുത്തേണമല്ലെങ്കിൽ 30
ശക്തിപ്പെട്ടന്നാലഗ്നി കെടുത്താമോ?
ശക്തിയേറിവരുമതുപോലിപ്പോൾ 31
ഇവൻ ചെയ്യുന്ന വിസ്മയം കാൺകയാൽ
ദൈവമെന്നിതു ലോകരുറച്ചുപോം, 32
അവന്റെ ചൊല്ലിൽ നില്ക്കുമെല്ലാവരും
അവസ്ഥകൊണ്ടു കാണാമിതപ്പോഴേ 33
റോമ്മാരാജാവും പരിഭവിച്ചീടും,
നമ്മുടെ നാട്ടിന്നന്തരവും വരും. 34
ശത്രുവെന്നവനെല്ലാരും നോക്കവേ
അന്തരമൊടെല്ലാരും ഗ്രഹിച്ചല്ലോ!" 35
കയ്യാപ്പായെന്ന മേൽപട്ടമുള്ളവൻ
ന്യായത്തെയവൻ തന്നെ വിധിച്ചിതു:- 36

"ലോകമൊക്കയും രക്ഷിപ്പതിന്നായി
ലോകരിലൊരുത്തൻ മരിക്കനല്ല" 37
മരണംകൊണ്ടു രക്ഷ ലോകത്തിന്നു
വരുമെന്നറിയാതെ പറഞ്ഞവൻ 38
ഹിംസിപ്പാനുള്ള മനസ്സുകൊണ്ടത്രേ
ഈ സാദ്ധ്യമെന്നു പറഞ്ഞു കയ്യപ്പാ, 39
അന്നരാത്ര മിശിഹായെക്കൊല്ലുവാൻ
വന്നവർക്കു മനസ്സിലെ നിശ്ചയം 40
പെസഹാ പെരുന്നാളെടുക്കുന്നതിനു
വാസരമാറു മുൻപിൽ മിശിഹാ താൻ. 41
ലാസരോടെ വിരുന്നിരിക്കുന്നപ്പോൾ
അസ്ഥലത്തിൽ മഗ്ദലൈത്താ ചെന്നുടൻ 42
മാണിക്കമായ സുഗന്ധമിലിസം
പുണ്യകാൽകളിൽ പൂശി ഭക്തിയോടെ 43
സ്കറിയോത്താ ദുരാത്മാവന്നേരം
പറഞ്ഞു: "മഹാ ചേതമിതെന്നവൻ 44
ഇതിന്റെ വില മുന്നൂറു കാശുണ്ടു"
ഇതിനാലെത്ര ദാനധർമ്മം ചെയ്യാം?" 45
കള്ളൻ മോഷ്ടിപ്പാനാഗ്രഹം പൂണ്ടവൻ
ഉള്ളിൽ ദീനദയവുകൊണ്ടല്ലിതു" 46
അന്നേരമരുളിച്ചെയ്തു രക്ഷകൻ
"എന്നുടെ ദേഹം പൂശിയിതുകാലം 47
അവൾ ചെയ്തതിന്നർത്ഥമുണ്ടെന്നറി
ശവത്തെയടക്കുമ്പോളുള്ള ക്രിയ 48
കാലമുമ്പിതിനടത്തിരിക്കുന്നു"
എല്ലാരും കൃതം നന്നെന്നു ചൊല്ലീടും 49
മർത്ത്യപാപം നാണിപ്പിച്ചീടുന്ന
പ്രതാപമില്ലനാഥനൂറശലം 50
പുകുവാൻ തിരുമനസ്സിൽ കൽപ്പിച്ചു
അരക്കാപ്പുറത്തും ചിത്രം ചിത്രമഹോ! 51
തേരിലാനക്കഴുത്തിലുമല്ലല്ലാ
വീര്യമേറുമശ്വത്തിന്മേലുമല്ല 52
കഴുതയേറി മഹാ ഘോഷത്തോടും
എഴുന്നള്ളി മിശിഹാ പുറപ്പെട്ടു. 53
സ്വർണ്ണം സുവർണ്ണം പക്കത്തിലെങ്കിലും
ഐശ്വര്യം പക്കവും പൊന്നിലിരിക്കിലും 54

സ്വർണ്ണത്തിൻ കാന്തിമാനം മങ്ങാത്തപോൽ
സ്വർണ്ണവർണ്ണസ്വരൂപിയാം നാഥനെ 55
അസംഖ്യം ലോകർ കൂടിയെതിരേറ്റു
"പ്രസാദം മഹാ സ്തുതിഘോഷത്തോടും 56
ഓശാന ദാവീദിന്നുടെ പുത്രനാം
ആശീർവ്വാദം സർവ്വേശന്റെ നാമത്താൽ 57
സാധുവാംവണ്ണം വരുന്ന നാഥനാം
സാധുലോക ജനത്തിന്നു സ്വത്വവും 58
ഉന്നതത്തിലും തമ്പുരാനു സ്തുതി
എന്നെല്ലാവരും സ്തുതിച്ചു ഘോഷിച്ചു 59
വൈരമുള്ളവരു മുടക്കിനാർ
ഗുരുവെ ദയന്തിതെന്നു കേട്ടാറെ 60
ദുർജ്ജനമിവ്വ ചൊന്നതിന്നുത്തരം
സജ്ജന സർവ്വനാഥനരുൾചെയ്തു. 61
"ഈജ്ജനത്തെ മുടപ്പിയാൽ, കല്ലുകൾ
അവരെക്കൊണ്ടെന്നെ സ്തുതിപ്പീടുമെന്ന്' 62
എന്നതുകേട്ടു ശത്രു മനസ്സിങ്കൽ
അന്തകോപാഗ്നി ജ്വലിച്ചു ദ്രുതം 63
രാജധാനികടുത്തു മിശിഹായും
യശസ്സമതിൻ മുഖ്യവും പാർത്തു താൻ 64
വാർത്തു കണ്ണുനീരിന്നുടെ ധാരകൾ
പൊത്താരശലമെ, യെന്നരുൾചെയ്തു:- 65
മുന്നം നീ നിവിയന്മാരെക്കൊന്നവൾ
വന്നകൂട്ടം നിനക്കതിന്റെ ഫലം 66
ചിന്തിക്കാതെ നിനക്കുള്ള ഭാഗ്യം നീ
അന്ധത്വംകൊണ്ടു കാണാതെ നിന്ദിച്ചു 67
കൂട്ടം കുഞ്ഞിനെ കുക്കുടപ്പിടപോൽ
കൂട്ടുവാൻ നിന്നെയാഗ്രഹിച്ചെത്ര ഞാൻ 68
കിട്ടിയില്ല നിനക്കതിന്റെ ഫലം,
വീട്ടുവാനുള്ള കാലം വരുന്നഹോ 69
ശത്രുക്കൂട്ടം, വളഞ്ഞും ഞെരുക്കീടും,
മിത്രമന്നു നിനക്കാരുമില്ലാത 70
ചിന്തവെന്തതി സംഭ്രമ ഭീതിയാൽ
അന്തവും നിനക്കാവഹിക്കും പുനർ 71
കല്ലിന്മേലൊരു കല്ലു ശേഷിക്കാത
എല്ലാം നിന്നിലൊടുങ്ങുമസംശയം" 72

പന്തനാത്തിൽ ചൊല്ലി മഹായോഗത്തിൽ:-
പിതാവേയിപ്പാത്രം കാക്ക പുത്രനെ! 73
ഇതിപ്പോളൊരു നാമം കേൾക്കായുടൻ
കോട്ടി നിന്ന ഞാൻ കാട്ടുവനേലിലും 74
ശിഷ്യരോട് താൻ പിന്നെയുമാം ചൊല്ലി:-
പാപാത്മികളുടെ പക്കൽ കയ്യാളിച്ചു 75
കുരിശിലെന്നെ തൂക്കുവാൻ കല്പിക്കും
ധരിക്കയിപ്പാത്രം കാണുമട്ടന്നെ" 76
നന്തിന്റെ പ്രശ്രപോലെ മിശിഹായെ
സ്തുതി മുഖ്യജനത്തിന്ന സഹ്യമായ് 77
അക്രമകാരണം മേല്പട്ടക്കാരനും
ശത്രുയോഗവും കൂടിയൊരുമ്പെട്ട 78
ഇവൻ ചെയ്യുന്ന ക്രിയകളാം കണ്ടിട്ട്
സർവ്വലോകരനുസാരം ചെയ്യുന്നു 79
ചതിയാലിവനെ വധിപ്പിക്കണം
അതല്ലാതൊരുപായവും കണ്ടില്ല 80
പെരുന്നാളിലും കൂട്ടവാൻ പണി
വിരോധിച്ചിട്ടും ലോകരൊരുപോലെ 81
സ്വീകരിയാത്ത ദ്രവ്യത്തിന മോഹിതൻ
നെറിവുകെട്ട ദുഷ്ടൻ നരാധമൻ 82
എന്തു നീക്കം തരും നിങ്ങളാം ചൊല്ലുവിൻ
ചതിച്ചപോലെ സാധിപ്പിച്ചീടുവാൻ 83
നിങ്ങൾക്കുള്ള പ്രത്യർത്ഥി ജനത്തിന
നിങ്ങൾക്കൊന്നവകാശമാക്കുവൻ 84
മുപ്പതു വെള്ളിക്കാശു വിലയിട്ടു
അപ്പോളെല്ലാരുമൊത്തു ബോധിപ്പിച്ചു 85
സൽഗുരുവായ സർവ്വേശനെയവൻ
നിർഗ്ഗുണനിധി ദ്രവ്യത്തിൽ നീചകൻ 86
വിറ്റവൻ വില വാങ്ങി മടിയാതെ
ഒറ്റുവാൻ തരം നോക്കി നടന്നിതു 87
സ്വാമി തന്റെ മരണമടുത്തപ്പോൾ
സ്വമാതാവിനൊക്കെയു മിശിഹാ താൻ 88
യാത്രചൊല്ലി വരുന്ന ദുഃഖങ്ങളും
പിതാവിന്റെ ദയാരാജ്യത്തെയും കേൾപ്പിച്ചു:- 89
സർവ്വസൃഷ്ടിയിൽ മേല്പ്രിയ കന്യകേ!
ഓഹിയാകുന്ന വസ്തുക്കളാം ചൊല്ലുവാൻ 90

മടിയെങ്കിലും പീഡയെന്നാകിലും,
മുട്ടുവാൻ യോഗമല്ലെന്നുറച്ചു ഞാൻ 91
ഞാൻ പിതാവിന്റെ രാജ്യത്തു പോകുവാൻ
ഇപ്പോഴാം കാലം വന്ന സമയമായ് 92
പോകും മുമ്പിൽ ഞാൻ നിന്നോടു വാർത്തകൾ
ആകെയുമറിയിപ്പാനായ് വന്നിതു്: 93
"ഇഷ്ടമാതാവേ കേട്ടുകൊണ്ടാലുമെ
ദുഷ്ടന്മാരുടെ കൈകളാൽ ഞാൻ മഹാ 94
നിഷ്ഠുര ദുഃഖങ്ങളേൽക്കുവും
ഇഷ്ടപാപനാശത്തിന്നു ക്ഷമിക്കും ഞാൻ 95
എന്നെ വിററുകഴിഞ്ഞതറിഞ്ഞുടൻ
പിന്നെ ശത്രുക്കളെന്നെ പിടിച്ചിട്ടും 96
കെട്ടും തല്ലുമിഴയ്ക്കും നിഷ്ഠുരമായ്
അടിക്കും ദേഹം പൊളിക്കും തല്ലിനാൽ 97
മുൾമുടിവെയ്ക്കും കുരിശിൽ തൂക്കീട്ടും
ഉളയ്ക്കും ഹൃദയത്തെ കുന്തത്തിനാൽ 98
ഇതെല്ലാം ക്ഷമിപ്പാനുറച്ചു ഞാൻ
പിതാവുമുള്ള കല്പിച്ചു നിശ്ചയം 99
ലോകദോഷത്തിന്നുത്തരമെല്ലൂന-
മെങ്കിലിതിന്നു സമ്മതമാകണം 100
ഭൂമിഖണ്ഡവും തമ്പുരാനെപ്രതി
ശങ്കിപ്പാൻ യോഗ്യമല്ലെന്നു കാട്ടുവാൻ. 101
പരലോകസുഖമേകമാര്യമെ-
ന്നൂഴിലോകരിതിനാലറിയേണം 102
എന്നുടെ ദുഃഖംകൊണ്ടു വലയും നീ
ഞാനതുകൊണ്ടു സഹിക്കേണമേററവും 103
മനസ്സിൽ ധൈര്യം കൊള്ളുക നാമിനി
തനിക്കുള്ളവർ കല്പന കേട്ടിട്ടും 104
ദിവ്യന്മാരിതു മുമ്പെയറിയിച്ചു
സർവ്വവും തികഞ്ഞീടുമിക്കാലം 105
ഇടികൊണ്ടപോൽ തപിച്ചു സ്ത്രീവര
വധൂടി കണ്ണുകൾ പെയ്തു പെരുമഴ 106
ഒട്ടുനേരമഭാഷയായ് നിന്നിട്ട്
ഇടമുട്ടിപ്പറഞ്ഞു വധൂത്തമ 107
ഇതുദുഃഖമിനിക്കു മറെറാന്നിനാൽ

വസ്തുവൊക്കെയും സൃഷ്ടിച്ചോരുംവരാ 108
ദേവകല്പന കേട്ടു മതിയാവൂ
അവിരോധായോഗ്യമല്ലാട്ടമേ 109
ദുഷ്കർമ്മം ക്രൂരരക്കാരന്ന ഞാൻ നിന്നോട
സങ്കടം കുറപ്പാൻ മമ വാഞ്ഛിതം 110
അതുകൊണ്ടെന്നെ തണുപ്പൂന്നോം മമ
ചേതസ്സിലകൂടാതെന്തു ഗതി 111
സർവ്വനാഥനാം പുത്രനിതുകേട്ടു
സർവ്വസ്നേഹമാതാവോടരുൾചെയ്തു– 112
“ഇരുവരുടെ ദുഃഖം പൊറുക്കനീ
ഇരുവരുടെ ദുഃഖവും ഞാൻ തഥാ 113
എന്റെപുത്രൻ, അരുൾചെയ്ത നേരത്ത്”
അനന്തരം ദേവമാതാവരുൾചെയ്തു 114
“നിന്റെ ദുഃഖത്തിന്ന പ്രതിശ്രുതി
എന്നാത്മാവിലതിനുമുഗ്രം തഥാ 115
പോകപുത്ര! വിരോധമെന്നാകിലും,
ലോകരക്ഷയതിനായിട്ടാമല്ലോ! 116
എന്നിലുള്ള ദണ്ഡങ്ങളെനിക്കിഷ്ടമാം
നിന്നാലും പിതൃകല്പന സമ്മതം” 117
അനന്തരം സുതൻ മൂന്നാന്നാൾ രാവിലെ
നിന്നെക്കാണ്മതിനായ് വരുന്നുണ്ടു ഞാൻ 118
പിന്നെയെന്നും മരണമില്ലായ്‌വരാ
അനന്തരം നിന്നെ തെളിപ്പിച്ചീടുവാൻ 119
ഇവണ്ണം പ്രത്ര യാത്ര വാങ്ങീട്ടു
പോയ് വിധിപോലെ പെസഹാ കല്പിച്ചു 120

പത്താം പാഠം

പെസഹാ ഭോജനത്തിനുവേണ്ട സാമഗ്രികൾ ഒരുക്കുവാൻ യേശു ശിഷ്യന്മാരെ കല്പിക്കുന്നു. ഭക്ഷണസമയത്ത് യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്നു. യൂദാസ് ഒറ്റിക്കൊടുക്കുമെന്നു പ്രവചിക്കുന്നു. പരിശുദ്ധ കുർബ്ബാന സ്ഥാപിക്കുന്നു. ശിഷ്യന്മാർക്ക് അന്തിമോപദേശം നൽകുന്നു. പത്രോസിന്റെ വിശ്വാസത്യാഗം പ്രവചിക്കുന്നു. ഭക്ഷണാനന്തരം ഗത്സെമനി തോട്ടത്തിൽ പോയി പ്രാർത്ഥിക്കുന്നു. ദുഃഖാധിക്യത്താൽ രക്തം വിയർക്കുന്നു. ഉറങ്ങിക്കിടക്കുന്ന ശിഷ്യന്മാരെ വിളിച്ച് ശത്രുക്കളുടെ സമീപാഗമനം ചൊല്ലുന്നു. യൂദാസിന്റെ ചുംബനം–പത്രോസ് സേവകന്റെ ചെവി ഛേദിക്കുന്നു. യേശു അത്ഭുത

കരമായി മുറിവ് സൃഷ്ടപ്പെടുത്തുന്നു. യേശുവിനെ ശത്രുക്കൾ ബന്ധിച്ച് ഹന്നാന്റെ മുമ്പിൽ ഹാജരാക്കുന്നു. ഒരു നീചൻ യേശുവിനെ ചെകിട്ടത്തടിക്കുന്നു. കയ്യ്ഫാസിന്റെ മുമ്പിൽ ഹാജരാക്കുന്നു. കള്ളസ്സാക്ഷികളെക്കൊണ്ടുവരുന്നു. മർദ്ദിക്കുന്നു.

പുളിയാത്തപ്പം തിന്നുന്നും മുമ്പിലെ
നാളിൽ ശിഷ്യരടുത്തു ചോദിച്ചിതു്:- 1
“ഇപ്പെസഹായുടെ ഭക്ഷണമെവിടെ
കോപ്പുകൂട്ടേണമെന്നരുളീടുക.” 2
പരമപരൻ മിശിഹാ തമ്പുരാൻ
അരുളിച്ചെയ്തു ശിഷ്യജനത്തോട്:- 3
“പുരത്തിൽ നിങ്ങൾ ചെല്ലുമ്പോൾ നീർക്കുടം
ഒരുത്തൻ കൊണ്ടുപോകുമവനുടെ 4
സ്ഥലത്തിൽ നിങ്ങൾ കൂടവെ ചെല്ലുവിൻ
ശാലകാട്ടുമാ വീട്ടിലെ നായകൻ 5
അതിൽ പെസഹാവിരുന്നു കൂട്ടുവിൻ”
ഇതു കല്പനപോലെ ചെയ്താരവർ 6
അക്രൂരമുള്ളൊരാട്ടുപോൽ തമ്പുരാൻ
അക്കാലം മരിക്കുമെന്ന കാരണം 7
നിർമ്മല സർവ്വജ്ഞാനിയാം ദേവനും
നിർമ്മലമുള്ളോരാട്ടു പൂജിക്കണം 8
ആട്ടിനെ ചുട്ട പത്തിരായും ദ്രുതം
വീട്ടതാറും ഭക്ഷിക്കണമെല്ലാരും. 9
എന്നു പണ്ടൊരു പ്രമാണം കല്പിച്ചു
തന്റെ ലോകർക്കിതെത്രയുമാദരം 10
ഇക്കല്പന വിഷയവും സാമ്യവും
തികപ്പാനീശോ പെസഹാ തിന്നിതു് 11
അത്താഴം കഴിയുന്ന നേരമുടൻ
വസ്ത്രമൊക്കെയും മീശപരമുള്ളവൻ 12
(ചിത്രമല്ലൊ താൻ ചെയ്യുന്നൊരു വിസ്മയം)
ചിത്തഭക്തിയെളിമ വിനയത്താൽ 13
ശീലചുറ്റി, താൻ ശിഷ്യജനങ്ങടെ
കാൽകഴുകി വിശുദ്ധി വരുത്തിനാൻ 14
അതിൻശേഷമരുൾചെയ്തു തമ്പുരാൻ:
“കർത്താവെന്നതും ഗുരു താനെന്നതും 15
എല്ലാരും നിങ്ങളെന്നെ വിളിക്കുന്നു;
ഉള്ളപോലിതു ചൊല്ലുന്നിതെന്നുടെ 16

താഴ്മയുള്ള വൃത്തിയിൽ കണ്ടപോൽ
തെളിവോടിതു ചെയ്യേണം നിങ്ങളും" 17
ഇവ ചൊല്ലീട്ടന്തർവ്വികാരത്തോടെ
ദാവീദർശനംകൊണ്ടരുളിച്ചെയ്തു – 18
"സത്യം നിങ്ങളിലൊരുത്തനൊററാനായ്"
ശത്രുക്കൾക്കെന്നെ കയ്യാളിക്കുമിതു" 19
ആരാരെന്നെല്ലാരും ചോദിച്ചീട്ടും വിധൗ
തിരിച്ചു സ്കറിയോത്തായെ കാട്ടിനാൻ 20
അതിന്റെശേഷം വാക്കിനഗോചരം
അതുല്യപ്രിയത്തിനാടെ രക്ഷയ്ക്കും 21
അർച്ചയ്ക്കുമാത്മാവിന്നാടെ രക്ഷയ്ക്കും
അർച്ചശിഷ്ടകർബ്ബാനയും നല്കിതാൻ. 22
തൻവിശുദ്ധ ശരീരവും ചോരയും
ഒരുമാനുഷ മംഗല ഭക്ഷമായ് 23
ഉള്ളിൽ ചെന്നിരിപ്പാൻ പ്രിയത്താലതു
കൊള്ളുകയെന്നു മിശിഹാ കല്പിച്ചു. 24
എപ്പോഴുമുള്ള ഭക്ഷണസാധനം
അപ്പംകൊണ്ടു ശരീരബലംവരും 25
മുന്തിരിങ്ങാഫലരസ പാനത്താൽ
സന്തോഷമുണ്ടാം നരർക്കും മോദവും 26
ഈ രണ്ടിൽ ഗുണം കൊള്ളുമാത്മാവിന്നും
വരുമെന്നതിനർത്ഥമറിയിപ്പാൻ 27
തദ്രൂപങ്ങളിൽ രഹസ്യമായതു"
തദ്രൂപങ്ങളിൽ തന്നെ മറച്ചു താൻ. 28
എന്നുമെയ്കന്നിടാതിരിപ്പാനായ്"
ഉദ്ദേശോപായം കല്പിച്ചു തന്നിതു". 29
ആശിഷ്യർക്കു പട്ടം കൊടുത്തു താൻ.
പിന്നെയുമവരോടരുളിച്ചെയ്തു:– 30
"കേട്ടുകൊള്ളുവിനെന്റെയുണ്ണികളെ
ഒട്ടും വൈകാതെ പോകുന്നു ഞാനിതാ 31
പുത്തനായുള്ള പ്രമാണം നല്കുന്നു:–
അതാകുമെന്റെ ശിഷ്യർക്കു ലക്ഷണം. 32
നിങ്ങളെ ഞാൻ സ്നേഹിച്ചതുപോലെ
നിങ്ങളും തങ്ങളിൽ സ്നേഹമുണ്ടാകണം 33
ഞാൻ പോകുന്ന സ്ഥലത്തിങ്കലെത്തുവാൻ

ഉപായം നിങ്ങൾക്കിപ്പോഴുണ്ടായ്‌വരാ" 34
ഇപ്പോൾ കൂടാത്തതെന്തുകൊണ്ടെന്നതും
കേപ്പാ കൂടെ മരിപ്പാൻ ഞാനെ"ന്നവൻ 35
"നീ മരിക്കുമോ"യെന്നരുളിച്ചെയ്തു.
"ഓരാൻ കേപ്പായെ കേട്ടുകൊൾകെങ്കിൽ നീ 36
ഇന്നിശി കോഴി കൂകുന്നതിൻമുമ്പ
മൂന്നുവട്ടം നീയെന്നെയുപേക്ഷിക്കും. 37
ഞാൻപോകുംവഴി നിങ്ങൾക്കുണ്ടാകുവാൻ
ഞാൻ പ്രമാണിക്കും കൽപന കേട്ടാലും 38
എന്നോടുകൂടെ വാഴേണമെങ്കിലോ
എന്നെ സ്നേഹമുണ്ടാകിലും കൽപന 39
ഉപേക്ഷിക്കാതനുസരിച്ചീടണം
ഞാൻപോയിട്ട് നിങ്ങൾക്കുള്ള പീഡകൾ 40
പോക്കി റൂഹായെയയപ്പാൻ സത്വരം
നീക്കീടുമപ്പോൾ ചിത്ത തമസ്സിനെ 41
മുന്തിരിങ്ങാ വള്ളിയിലു തൻ കൊമ്പിൽ
നിന്നു വേർപെട്ടാൽ കായുണ്ടായീടുമോ 42
എന്റെ സ്നേഹത്തിൽനിന്നു വേർപെടുവൻ
അഗ്നിക്കുമാത്രം കൊള്ളുമക്കൊമ്പുപോൽ 43
ഞാൻ സഹായമില്ലാതൊരു കാര്യവും
നിങ്ങൾക്കു സാദ്ധ്യമായ്‌വരാ നിർണ്ണയം 44
എന്നിൽ നിന്നകലാതെ നിന്നീടുവിൻ
എന്നാൽ നിങ്ങൾക്കു ഞാൻ ഉണ്ടനന്തരം 45
ഞാൻ പോകുന്നതിനാൽ വരും മുട്ടുകൾ
അപായമതുകൊണ്ടുള്ള സംഭ്രമം, 46
നീക്കുവാൻ ധൈര്യം കൂട്ടുവിൻ നിങ്ങൾക്കു
സങ്കടം നിങ്ങൾക്കാവശ്യമായില്ല". 47
എന്റെ നാമത്താലപേക്ഷിപ്പതൊക്കെയും
ഞാൻ നിങ്ങൾക്കു വരുത്തിത്തന്നീടുവൻ" 48
ഇത്തരം ചൊല്ലി ശേഷവും തന്റെ
പിതാവിൻസ്തുതി ചൊല്ലിതിൻശേഷവും, 49
ചിത്തെ തെളിവും ഭൂമിക്കു വെളിവും,
അസ്തമിച്ചീട്ടെഴുന്നള്ളി രക്ഷകൻ 50
തൻപുരത്തിലെ സൗഖ്യമതൊക്കവേ
അപ്പോൾ കൂടെപ്പുറപ്പെട്ടു നിശ്ചയം 51

ഈശോനായകൻ ചെന്നൊരു തോട്ടത്തിൽ,
തൻശിഷ്യന്മാരെ ദൂരത്തു പാർപ്പിച്ചു 52
തൽപ്രതാപ സാക്ഷികളാം മൂവരെ
താൻ തിരിച്ചുകൊണ്ടുപോയവരോടുചൊല്ലി:- 53
"മരണാധിമെ മാനസെ പ്രാപിച്ചു
പരീക്ഷതന്നിൽ വീഴാതിരിപ്പാനായ" 54
ഉണർന്നു നിങ്ങൾക്കിരിപ്പാൻ ദൈവബലം
ഉണ്ടാവാനായി പ്രാർത്ഥിച്ചുകൊള്ളണം 55
മെ പ്രാണയാത്രയടുത്തിരിക്കുന്നു"
അല്പം പിന്നെയും നീങ്ങീട്ടു കമ്പിട്ടു 56
സ്വപിതാവോടപേക്ഷിച്ചു ചൊന്നതു":-
"മേ പിതാവേ! നിൻസമ്മതമെങ്കിലെ 57
ദുസ്സഹമീ ദുഃഖമൊഴിക്ക നീയെ!
മനക്കാമ്പു നിൻ തികഞ്ഞു കേവലം 58
ഒഴിപ്പാൻ തെളിയാതില്ലെങ്കിൽ, നിന്നാജ്ഞ
വഴിപോലെന്നിൽ പൂർത്തിയാകട്ടെന്നു 59
പിന്നെ ശിഷ്യരെക്കാണ്മാനെഴുന്നള്ളി
സ്വപ്നത്തിലകപ്പെട്ടു കണ്ടു താൻ 60
എന്നോടുകൂടെയുണർന്നിരിപ്പതിന്-
നിന്നു നിങ്ങൾക്ക സാദ്ധ്യമതില്ലയോ, 61
മനസ്സാകിലും ദുർബ്ബല പാത്രങ്ങൾ
എന്നറിഞ്ഞു ഞാനെ"ന്നു പ്രഭൂത്തമൻ 62
തമ്പുരാൻ പിന്നെയും നമസ്കരിച്ചു
മുൻപേപോലെയുറങ്ങി ശിഷ്യന്മാരും 63
മൂന്നാംവട്ടം വരുന്ന ദുഃഖങ്ങളും
തന്നുടെ കല്പനയനുസരിപ്പാത്ത 64
ചൂതക്കാരെന്നമാളുകളേറെയും
നരകത്തിങ്കൽ വീഴുമൊരെന്നതും 65
ചിന്തിച്ചിട്ടുള്ള താപമഹത്വത്താൽ
തൻ തിരുമേനി ചോര വിയർത്തു താൻ 66
ചിന്തി കണ്ണിൽ ക്ഷതജമൊഴുകീട്ടു
രക്തസ്വേദത്താൽ നനച്ചു ഭൂതലം 67
അന്നേരമൊരു മാലാഖാ വന്നുടൻ
തന്നെ വന്ദിച്ചുണർത്തിനാനിങ്ങനെ:- 68
"ആ ജയപ്രഭു നീയല്ലോ നിന്നുടെ

തേജസ്സിന്റെ സമമോ ജഗത്രയം! 69
അനന്യസ്ഥമായ മഹത്വത്തിന്റെ
ഹീനനാം ധർമ്മ മഹത്വംകൊണ്ടു നീ 70
മോഹനീതിക്കു പകരം വീട്ടുവാൻ
ഭൂവിങ്കൽ നരനായ സർവ്വപ്രഭോ! 71
നിൻതിരുനാമാർത്ഥമറിഞ്ഞല്ലോ നീ
നിൻപിതാവിന്നിഷ്ടവുമറിഞ്ഞു നീ. 72
സാമ്യമല്ലാത്ത ദയവു കണ്ടവർ
ന പാപി, നിൻജയം ഘോഷിക്കും ഞങ്ങളും 73
ശൈത്താന്മാർക്കു മഹാ തോൽവിയെങ്കിലും
ശൈത്താന്മാരാൽ വിരോധം വശമല്ല. 74
പുണ്യവാന്മാരാം ജനമൊക്കെയും
ത്രാണനം നിന്നോടു പ്രാർത്ഥിച്ചിരിക്കുന്നു 75
എന്നിതൊക്കെ ഞാൻ കേൾപ്പിക്കുന്നു വൃഥാ
അന്തരാന്തരേശ്വരൻ നീയല്ലോ ത്രാണേശാ 76
സർവ്വജ്ഞനാം നീ സർവ്വമറിയുന്നു
സംസാരനിധി മഹാ വീര്യവാൻ" 77
മാലാഖായിങ്ങനെത്തിച്ചു കുമ്പിട്ടു
കാലം വൈകാതെ നാഥൻ മിശിഹായും 78
ചെന്നു ശിഷ്യരെക്കണ്ടരുളിച്ചെയ്തു:-
"എന്നെയൊററിയ ശത്രുവരുന്നിതാ! 79
ഇങ്ങുവന്നവരെത്തുന്നതിൻമുമ്പേ
അങ്ങോട്ടു ചെല്ലേണം മടിയാതെ നാം" 80
എന്നരുൾചെയ്തെഴുന്നള്ളി രക്ഷകൻ
അനന്തരം ശത്രുവൃന്ദം വരവതാ 81
പന്തം, കുന്തം, വാൾ, വിൽ, മുൾത്തടി, വടി
ചന്തത്തിൽശൂലം, വെൺമഴു, ചൊട്ടയും 82
സന്നാഹമോടങ്ങൊററാനും കൂട്ടരും
വന്നു നാഥനാം മിശിഹാടെ നേരെ 83
അനന്തരമട്ടുത്ത സ്കറിയോത്തായും
മുന്നമൊത്തപോൽ മുത്തിമിശിഹായെ. 84
"എന്തിനു വന്നു നീയിങ്ങു സ്നേഹിതാ,
എന്തിനു ചുംബിച്ചെന്നെയേല്പിക്കുന്നു" 85
എന്നു യൂദായോടരുളിയ ശേഷം
വന്ന മാററുള്ളവരോടു ചൊന്നീശോ 86

"നിങ്ങളാരെയന്വേഷിച്ചു വന്നിതു"?
"ഞങ്ങളീശോ നസറായയെന്നവർ" 87
ഈശോ താൻതന്നെ,യെന്നതാംവചസ്സപ്പോൾ
നിഷ്ഠൂരമതു കേട്ടു വീണുടൻ 88
ചത്തപോലവർ വീണു കിടക്കിലും
ശത്രുതാപത്തിനിളക്കമില്ല താനും 89
ഏറ്റുകൊണ്ടവർ വീണതു കാരണം
തൻ തിരുദേവ വാക്കിന്റെ ശക്തിയാൽ 90
ലോകമൊക്കെയും ലോകരെയൊക്കെയും
ഏകവാക്കിനാൽ സൃഷ്ടിച്ച നാഥനാം 91
തന്മനോഗുണനാൽ മാനുഷരക്ഷാർത്ഥമായ്"
താൻ മരിപ്പാനുറച്ചിരുന്നാകിലും 92
താനനുവദിച്ചീടാതെയാർക്കുമേ
തന്നോടാവതില്ലെന്നറിയിച്ചു താൻ 93
പിന്നെയുള്ളവരൊക്കെയെഴുന്നേറ്റു
ഉന്നതനായ നാഥൻ മിശിഹായും 94
ഊഴി തന്നിൽ ശയനമെന്തിങ്ങനെ
എഴുന്നേറ്റവരെല്ലാരും വാർത്തകം 95
അടയാളമറിഞ്ഞു ശത്രുക്കളും,
അടുത്തുപിടിപ്പാനതിൽ വൈരത്താൽ 96
ശെമെയോൻകേപ്പാ വാളൂരിയെത്തനെ
തിന്മയ്ക്കധീനമാം ചെവി ഛേദിച്ചു. 97
മിശിഹായതു വിലക്കിയച്ചെവി
ആശ്ചര്യംവെച്ചു താൻ കേട പോക്കിനാൻ 98
അന്നേരം വിശപ്പേറിയ വ്യാഘ്രംപോൽ
ചെന്നു കെട്ടി വലിച്ചുമിശിഹായെ 99
ഉന്തിത്തൊഴിച്ചിടിച്ചു ചവിട്ടിയും
(മാന്തി നുള്ളി. മുഖത്തവർ തുപ്പിയും- 100
തമ്മിൽത്തമ്മിൽപ്പിണങ്ങി വലിക്കയും
നിർമ്മരിയാദ വാക്ക പറകയും 101
ഇമ്മഹാ ദുഷ്കൃതങ്ങളേറ്റുതാ)
നമ്മുടെ മഹാദോഷമൊഴിപ്പാനായ് 102
പിന്നെയുന്നതനായ മിശിഹായെ
ഹന്നാന്റെ മുമ്പിൽക്കൊണ്ടു നിറുത്തിനാർ 103
അവിടെ കയ്യപ്പായുടെ വാസത്തിൽ

തൻ വിധികേൾപ്പാൻ നാഥനെ കൊണ്ടുപോയ്" 104
മേൽപ്പട്ടക്കാരനാകുന്നവനപ്പോൾ
തല്പരൻ മിശിഹായോടു ചോദിച്ചു 105
"ശിഷ്യന്മാരെ നിന്റെ ശാസ്ത്രങ്ങളും യുക്തിയും
വ്യക്തമായുള്ള വ്യാപ്തി വചനവും" 106
ഇതിൻ വാക്കിവനിങ്ങനെ ചൊന്നപ്പോൾ
അനന്തരം സകലേശനരുൾചെയ്തു: 107
"എന്നോടെന്തിന്നു ചോദിക്കുന്നു വൃഥാ
അന്നേരം പലർ കേട്ടവരുണ്ടല്ലോ! 108
അന്വേഷിക്ക നീ അവരെല്ലാം ബോധിക്കാ"
എന്നരുൾചെയ്തു നേരത്തൊരു ഖലൻ 109
പട്ടക്കാരനോടിതോ നീ-യെന്നവൻ,
അടിച്ചു മിശിഹാടെ കവിളിന്മേൽ. 110
അന്നേരമവനോടരുളിച്ചെയ്തു:-
"ചൊന്നതിൽ കുററമുണ്ടെങ്കിൽ കാട്ടു നീ 111
ന്യായമത്രെ പറഞ്ഞു ഞാനെങ്കിലോ
ന്യായമോ നീയടിച്ചതു ചൊല്ലുക" 112
മേല്പട്ടക്കാരനിരിക്കും മന്ദിരെ,
കേപ്പാ പിന്നാലെ ചെന്നു ഗുരുപ്രിയൻ 113
ഒരു സ്ത്രീയവനോടു ചോദിച്ചപ്പോൾ
ഗുരുവിനെയുപേക്ഷിച്ചു പേടിയാൽ 114
മൂന്നുവട്ടവും താനാഗുരുവിന്റെ
സസ്നേഹശിഷ്യനല്ലെന്നു ചൊന്നപ്പോൾ 115
കോഴികൂകി, മിശിഹാടെ നോക്കിനാൻ
അഴൽപൂണ്ടവനറിഞ്ഞു ദുഷ്കൃതം 116
കോഴികൂകുന്നതപ്പോൾ കേട്ടാൽ മനം
അഴിവോടു കരയും പിന്നെസ്സദാ 117
ഭവിക്കും മുമ്പിൽ തോന്നും മനസ്ഥിരം
ഭവിപ്പാനെടുക്കുമ്പോൾ മടുത്തുപാപം. 118
മിശിഹായുടെ സമീപ്പ കൽത്തുറുങ്കിലു"
പ്രശംസിച്ചപോലെവിടെയുംസ്ഥിരം 119
കയ്യാപ്പായുമാലോകരിൽ മുഖ്യരും
ഭയംവിട്ടു മിശിഹായെക്കൊല്ലുവാൻ 120
ന്യായകാരണം വേണമെന്നുറല്ലോ
ആയതിനവർ സാക്ഷി നിരത്തിനാർ 121

സാക്ഷിത്വമതുകൊണ്ടു പോരാഞ്ഞിട്ട്"
സ്പഷ്ടം ചൊല്ലു നീ സർവ്വേശ നാമത്തിൽ:- 122
തമ്പുരാന്റെ പുത്രനോ നീ ചൊല്ലുക"
"തമ്പുരാനോടു ചോദിച്ചു കയ്യപ്പാ 123
തമ്പുരാനവനോടരുളിച്ചെയ്തു:-
തമ്പുരാന്റേകനാം പുത്രൻ ഞാൻതന്നെ 124
തമ്പുരാന്റെ പ്രാബല്യത്തോടുകൂടെ
തമ്പുരാന്റെ പുത്രൻ ഞാൻവരും മേഘത്തിൽ 125
സർവ്വഭൂതരുമന്നെന്നെക്കാണുമ്പോൾ
സർവ്വസംശയം തീർന്ന വിശ്വാസമാം" 126
എന്നിവണ്ണമരുൾചെയ്തു തമ്പുരാൻ
അന്നേരം കയ്യപ്പായുമുരചെയ്തു:- 127
എന്തിനിന്നിപ്പലതരം സാക്ഷിത്വം?
ചിന്തിച്ചാലിതു സാക്ഷിക്ക പോരായോ? 128
സർവ്വേശൻ പുത്രനാകുമിവനെന്നു
സർവ്വേശൻ തന്നെ നിന്ദിച്ചു ചൊന്നപ്പോൾ 129
മരണത്തിനു യോഗ്യനിവൻ നൂനം
കാരണം വേണ്ട ചമന്ത മതിയാവൂ 130
കാര്യക്കാരനിവനെ കൊടുക്കേണം
ദുരിതത്തിന്റെ ശിക്ഷ വേണം താനും 131
ഇവ്വണ്ണമവൻ ചൊല്ലിയതാലോകരും
അവ്വണ്ണംതന്നെ കല്പിച്ചുറപ്പിച്ചു 132
തല്ലി-നുള്ളി-യടിച്ചടിച്ചാരവർ
തലയിൽ മുടി പറിച്ചു ദുഷിച്ചു. 133
തൻമുഖത്തിലും തുപ്പി കഷ്ടമഹോ!
ജന്തുവോടിതു കാട്ടുമോ മാനുഷർ! 134
ഇമ്മഹാദോഷം പൊറുപ്പാനായതും
ക്ഷമിച്ചതൊക്കെ മഹാദുഃഖവാരിധി 135
മാനുഷരുടെ രക്ഷ മോഹത്താലും
തീർന്ന ധൈര്യം വൈര സുഫലമിതു" 136
ക്രൂരത്തിനോടെ സമുദ്ര മാണ്ടുന്നാൻ
ക്രൂരരാശി മഹാ സങ്കടം പൂകിതു 137
മിശിഹാ ദുഃഖാഗാധാബ്ധിയിൽ
നാശഭൈരവും വീണു മുഴുകിനാൻ. 138

പതിനൊന്നാം പാഠം

— (•) —

യേശുവിനെ പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കുന്നു. യൂദാസ് ആത്മഹത്യചെയ്യുന്നു. യേശു കളങ്കരഹിതനെന്നുകണ്ട് ഹേറോദേശിന്റെ അടുക്കലേക്കു അയക്കുന്നു. വെള്ളയങ്കി ധരിപ്പിച്ച് അവിടുന്നു യേശുവിനെ മടക്കി അയക്കുന്നു. ബറാബാസിനെ വിമോചിക്കുന്നു. യേശുവിനോടു ഒന്നും ചെയ്യരുതെന്ന ഭാര്യയുടെ അപേക്ഷ ദൂതൻ വഴി പീലാത്തോസിനെ അറിയിക്കുന്നു. ചമ്മട്ടിയടിയും മുൾമുടിധാരണവും. ചക്രവർത്തിയോടു പരാതി പറയുമെന്നു യൂദന്മാർ പീലാത്തോസിനെ ഭയപ്പെടുത്തുന്നു. പീലാത്തോസ് കൈകഴുകുന്നു, കുരിശുമരണത്തിനു വിധിക്കുന്നു. വേറോനിക്കാ യേശുവിന്റെ മുഖം തുടക്കുവാൻ തൂവാല നൽകുന്നു. കുരിശിൽ തറക്കുന്നു. സൂര്യൻ ഇരുണ്ടുപോകുന്നു. ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഏഴ് വാക്യങ്ങൾ. യേശുവിന്റെ കരൾ കുത്തിത്തുറക്കുന്നു. ശവസംസ്കാരം.

ആകാശത്തിൽ നിന്നൊഴിഞ്ഞു താമസി
ആകാന്ധകാരം പൂണ്ടു മാനസേ 1
പ്രകാശം നീളെ വ്യാപിച്ചിരിക്കിലും
അകക്കാമ്പിൽ പുലർച്ചയടുത്തില്ല 2
പുലർകാലേ മഹായോഗവും കൂടി
കൊലയ്ക്കു വട്ടം കൂട്ടിപ്പുറപ്പെട്ടു 3
വീര്യവാനായ സർവ്വേശപുത്രനെ
കാര്യക്കാരന്റെ പക്കൽ കയ്യാളിച്ചു 4
സ്കറിയോത്താ മിശിഹായെക്കൊല്ലുവാൻ
ഉറച്ചെന്നതറിഞ്ഞവനന്നേരം 5
ഖേദിച്ചു പട്ടക്കാരനെക്കണ്ടവൻ
ആദ്രവ്യം വീണ്ടുകൊടുത്തു പീഡിതൻ 6
ദോഷമില്ലാത്തയീശോയെ വിററു
ദോഷമത്രേ കഷ്ടമിനിയെന്നവൻ 7
വാങ്ങിയ കാശെറിഞ്ഞതു വിട്ടവൻ
തന്നത്താൻ തൂങ്ങി ദുർജ്ജനം ചത്തിതു 8
ആ ദിക്കിൽ ശവം അടക്കുവാൻ നിലം
ആ ദ്രവ്യം കൊടുത്തുകൊണ്ടു യൂദരും 9
നിവ്യന്മാരിതു മുമ്പെഴുതിവച്ചു
അവ്വണ്ണമതിന്റെ തികവായതു. 10

പീലാത്തോസിന്റെ ന്യായത്തിൽ നാഥനെ
എത്തിച്ചനന്തരം കുറ്റം ചോദിച്ചവൻ! 11
ദുഷ്ടനല്ലെങ്കിലിവനെയിവിടെ
കൊണ്ടുവരുവാൻ സംഗതിയാകുമോ" 12
ഇതിന്നു യൂദർ പീലാത്തോസുത്തരം:-
നിങ്ങളെ ന്യായമതാലെന്തിനും യഥാ 13
"ശിക്ഷിച്ചീടുന്നാൽ ഞങ്ങൾക്ക് തോന്നുമ്പോൾ,
ശിക്ഷിപ്പാൻ കുറ്റം കണ്ടില്ലിവന്നതാൻ" 14
പീലാത്തോസിതു ചൊന്നതിനുത്തരം
ആ ലോകരാചാനോടറിയിച്ചിതി 15
സാക്ഷാൽ ഞങ്ങൾക്കു ചിന്തിച്ചാൽ ദുഷ്കരം
ശിക്ഷിപ്പാനില്ലിന്നിങ്ങനെ യൂദരും 16
രാജ്യത്തിനീശോയോടു ചോദിച്ചു:-
"രാജാവാകുന്നോ നീ നേര് ചൊല്ലുക" 17
അനന്തരം നാഥൻ "രാജാവു ഞാൻതന്നെ
എന്നുടെ രാജ്യം ഭൂമികടുത്തല്ല 18
ഞാൻ രാജാവായ് പിറന്ന പട്ടാങ്ങുള്ള
ഞാൻ സാക്ഷിപ്പാനായ് ഭൂമിയിൽ വന്നിതു"" 19
ആ ലോകരാദ്യധികാരി ചൊന്നപ്പോൾ
കൊലയുള്ള യോഗ്യം കണ്ടില്ലിയാൾക്കു ഞാൻ 20
ഗ്ലീലാക്കാരനീശോയെന്നറിഞ്ഞപ്പോൾ
പീലാത്തോസയച്ചു റോദേശിൻ പക്കൽ 21
ഹെറോദേസും പല പല ചോദ്യങ്ങൾ
ആറ്റുകെട്ടു നീചകൻ ചോദിച്ചു 22
മിശിഹായും മിണ്ടാതെ നിന്ന തദാ
ഈശോയെയവർ നിന്ദിച്ചു കശ്മലർ 23
വെള്ളത്തരാ കുപ്പായമിടുവിച്ചു
ഇളപ്പത്തോടയച്ചവർ നാഥനെ 24
വീണ്ടും പീലാത്തോസിൻ പക്കൽ നാഥനെ
കൊണ്ടുവന്ന നരാധമസഞ്ചയം 25
പൈശൂന്യത്താലെ ഈശോയെക്കൊല്ലുവാൻ
ആശ യൂദർക്കറിഞ്ഞധികാരിയും 26
ഇയാളെ രക്ഷിപ്പാനയപ്പാനും
ആയതിന്ന പീലാത്തോസു വേലയായ് 27
ഭാര്യയന്നു ചൊല്ലിവിട്ടു തൽക്ഷണം:-
"നീയതിക്രമിപ്പാൻ തുടങ്ങുന്നവൻ 28
ന്യായസമ്മതമുള്ളവൻ പുണ്യവാൻ,

നീയവനോടു നിഷ്കൃപ ചെയ്യല്ലേ, 29
അവൻമൂലമീരാത്രി വലഞ്ഞു ഞാൻ
അവനോടുപദ്രവിപ്പാൻ പോകല്ലേ" 30
എന്നവൾ ചൊല്ലിവിട്ടിതു കേട്ടപ്പോൾ
എന്നതുകണ്ടു ശങ്കിച്ചധികാരി 31
എന്നാലവനൊരുപായമിതിന്നെന്നു
തന്നുള്ളിലവൻ ചിന്തിച്ചനേകവും 32
"മുന്നമെ പെരുന്നാൾ സമയത്തിന്നു"
അന്നൊരു പിഴയാളിയെ വിടുവാൻ 33
ന്യായമുണ്ടല്ലോ യൂദർക്കു കൊണ്ടു"
ആയതിന്നെന്നാൽ ഈശോയെ രക്ഷിപ്പാൻ 34
ഇന്നതിനെഴുവുണ്ടാകുമിങ്ങനെ"
നന്നായുള്ളിലുറച്ചു തെളിഞ്ഞവൻ 35
അതുകൊണ്ടു പിഴയാത്ത നാഥനെ
ഘാതകനായ മററു പാപിയെയും 36
വരുത്തി ലോകരോടവൻ ചോദിച്ചു:-
"ആരെയിപ്പോളയക്കേണ്ടു ഞാൻ ചൊല്ലുവിൻ" 37
ശിഷ്ടനെ വേണ്ട ദയയില്ലൊട്ടുമെ,
ദുഷ്ടനാം മററ പാപിയെ വീണ്ടവർ 38
സർവ്വമംഗലനിധിയെക്കൊല്ലുവർ
സർവ്വദുഷ്ടനെ സ്വീകരിച്ചു രക്ഷിച്ചു 39
അന്നേരം യൂദന്മാരോടധികാരി
"എന്നാലീശോയെക്കൊണ്ടെന്തു വേണ്ടതു"? 40
ചൊല്ലിക്കൊള്ളുവിനെന്നു പിലാത്തോസു"
ചൊല്ലി യൂദരധികാരിയോടുടൻ 41
" കുരിശിലിവനെ തൂക്കിക്കൊല്ലുക"
അതിശത്താലവരിതു ചൊന്നപ്പോൾ 42
കല്ലുപോലെയുറച്ച മനസ്സതിൽ
അല്പംതോന്നിച്ചലിവു വരുത്തുവാൻ 43
ചൊല്ലി പിലാത്തോസതിന്നുപായമായ്"
തല്ലു കല്പിച്ചു; കെട്ടിച്ചു നാഥനെ 44
വൈരിപക്ഷത്തിലാകുന്ന സേവകർ
ശരീരമുള്ളാനിത്താളെന്നോക്കാതെ, 45
ചമ്മട്ടി, വടി, കോൽ, മുൾമുരുടുകളാം
മാംസം ചീന്തുവാനാണിക്കെട്ടുകളും 46
കോപ്പുകളുംകൂട്ടി; കെട്ടി മുറുക്കിനാർ
കുപ്പായം നീക്കി ദയവില്ലാത്തവർ 47

തല്ലീട്ടാലസ്യമുള്ളവർ നീങ്ങീട്ട്
തല്ലി വൈരികൾ പിന്നെയും പിന്നെയും 48
ആളുകൾ പലവട്ടം പകന്നിട്ട
ധൂളിച്ചു തന്റെ മാംസവും ചോരയും 49
അന്തമററ ദയാനിധി സ്വദേഹം
ചീന്തിവീഴുന്നതെന്തു പറയാവൂ! 50
തലതൊട്ടടിയോളവും നോക്കിയാൽ
തൊലിയില്ലാതെ സർവ്വം മുറിവുകൾ 51
ഒഴുകുന്ന പുഴയെന്നതുപോലെ
ഒഴുകി ചോര മാംസ ഖണ്ഡങ്ങളാൽ 52
പുലിപോലെ തെളിഞ്ഞവരന്നേരം
പലപാടുകളേല്പിച്ചു കാരണം 53
മരിക്കത്തക്ക ശിക്ഷ പലവട്ടം
ധീരതയോട് ചെയ്തവരെങ്കിലും 54
മരണസ്ഥലമവിടെയല്ലാഞ്ഞതു
മരിച്ചില്ല താനെന്നു പറയാവൂ. 55
മുള്ളാലെ മുടി മെടച്ചു തലയിൽ
കൊള്ളുവാൻവെച്ചു തല്ലിയിറക്കിനാർ 56
ദുഷിച്ചു പിന്നെ രാജാവിനെപ്പോലെ
തൊഴുതു നിന്ദിച്ചുപരം പറഞ്ഞവർ 57
ഈശോതാനതൊരക്ഷരം മിണ്ടാതെ
ക്രൂരന്മാരെല്ലാം ക്ഷമിച്ചു ലോകംപ്രതി 58
മാനുഷരിതുകണ്ടാൽ മനംപൊട്ടും
ദീനരായ മഹാ ദുഷ്ടരെങ്കിലും 59
ഇങ്ങനെ പല പാടുകൾ ചെയ്തിട്ട്
അങ്ങു യൂദരെക്കാട്ടി മിശിഹായെ 60
അതുകൊണ്ടവർ വൈരമൊഴിപ്പാനായ്
"ഇതാ മാനുഷൻ" എന്നു ചൊന്നാനവൻ 61
നാശസംശയം പോക്കുവാനെന്നപോൽ
ആശപൂണ്ടു പീലാത്തോസു ചൊന്നപ്പോൾ. 62
ലേശാനുഗ്രഹം കൂടാതെ പിന്നെയും
നീചഘാതക യൂദരു ചൊല്ലിനാർ 63
"കുരിശിൽ തൂക്കുകെ"ന്നതിനുത്തരം
കാരണം കണ്ടില്ലെന്നു പീലാത്തോസും 64
എന്നതുകേട്ടു യൂദരുചൊല്ലു;

(അന്നേരം സകലേശന കററമായ്) 65
തമ്പുരാൻ പുത്രനാകുന്നിവനെന്ന്
തമ്പുരാനെ നിന്ദിച്ചു പറഞ്ഞിവൻ 66
ഇമ്മഹാ നിന്ദവാക്ക പറകയാൽ
തൻമൂലം മരണത്തിന്ന യോഗ്യനായ് 67
ഇങ്ങനെ യൂദർ ചൊന്നതു കേട്ടപ്പോൾ
അങ്ങ പീലാത്താസേറെ ശങ്കിച്ചവൻ 68
ഉത്തമമിശിഹായോട ചോദിച്ചു
(ഉത്തരമൊന്നും കേട്ടില്ല തൽക്ഷണെ) 69
എന്നോടെന്തിനിപ്പോൾ നീ പറയാത്തതു്
നിന്നെക്കൊല്ലിപ്പാൻ കർത്തൻ ഞാൻ തന്നെ 70
വീണ്ടും നിന്നെയയപ്പാനും ശക്തൻ ഞാൻ
രണ്ടിനും കർത്തനമെനിക്കുണ്ടല്ലൊ 71
എന്നറിയവെ നീ എന്നോട നേരുകേട്
ചൊല്ലികൊള്ളുകയെന്ന പീലാത്താസും 72
അന്നേരം മിശിഹായരുളിച്ചെയ്തു:—
"തന്ന മേൽനിന്ന നിനക്ക കർത്തൃത്വം 73
അല്ലെങ്കിലൊന്ന കർത്തൃത്വം വരാ
എല്ലാം മുമ്പെയറിഞ്ഞിരിക്കുന്ന ഞാൻ 74
ആളുകൊണ്ടെന്നെ ഏല്പിച്ചവനുടെ
വൃത്തിക്ക ദോഷമേറുമെന്നീശോ താൻ" 75
കാര്യക്കാരനയപ്പാൻ മനസ്സുള്ള്
വൈരികൾ കണ്ടു നിലവിളിച്ചുള്ള്:— 76
"കേസർ തന്റെ തിരുവുള്ളക്കേടും
അസംശയം നിനക്കുവരും ദ്രുതം 77
അയ്യാളുള്ളാതെ രാജൻ നമുക്കില്ല
ആയതുകൊണ്ടുമിവൻ വിരോധിച്ചു 78
താൻ രാജാവെന്ന നടത്തി ലോകരെ
നേരെ ചൊല്ലിക്കീഴാക്കിയവനിവൻ 79
കരിശിന്മേൽ പതിക്ക മടിയാതെ"
കാര്യക്കാരനതുകേട്ടു ശങ്കിച്ചു 80
കുററമില്ലാത്തവനുടെ ചോരയാൽ
കുററമില്ലെനിക്കെന്നരചെയ്തവൻ 81
കഴുകി കയ്യും യൂദരെല്ലാംകണ്ടു
പിഴയെല്ലാം ഞങ്ങൾക്കായിരിക്കട്ടെ 82

എന്നു യൂദന്മാർ ചൊന്നതു കേട്ടപ്പോൾ
അനന്തരം പീലാത്തോസു കാര്യക്കാരൻ 83
കരിശിലിപ്പോൾ മിശിഹായെ തൂക്കുവാൻ
വൈരികൾക്കനുവാദം കൊടുത്തവൻ 84
വലിയ തടിയായ കരിശിതു്.
ബലഹീനനീശോയെയെടുപ്പിച്ചു് 85
ഉന്തിത്തള്ളി നടത്തി മിശിഹായെ
കുത്തി പുണ്ണിലും പുണ്ണു വരുത്തിനാർ 86
ചത്തുപോയ മൃഗങ്ങളെ ശ്വാക്കൾപോൽ
എത്തി വൈരത്താൽ മാന്തുന്ന നുള്ളുന്ന 87
പാപികൾ ബഹുമത്സരം ക്രൂരകർമ്മങ്ങൾ
കൃപയററവർ ചെയ്യുന്നനവധി 88
അതു കണ്ടിട്ടു സ്ത്രീകൾ മറിയിട്ടു
സന്താപമീശോ കണ്ടതളിവുള്ള 89
എന്തേ! നിങ്ങൾ കരയുന്ന സ്ത്രീകളേ!
സന്തതിനാശമോർത്തു കരഞ്ഞാലും 90
എന്റെ സങ്കടംകൊണ്ടു കരയേണ്ട
തന്റെ തന്റെ ദോഷങ്ങളെയോർത്തിട്ടും 91
നിങ്ങടെ പുത്രനാശത്തെ ചിന്തിച്ചും
നിങ്ങൾക്കറിയ പീഡയുള്ളവകാശം 92
ഒരു സ്ത്രീയപ്പോൾ ശീലയെടുത്തുടൻ
തിരുമുഖത്തിൽ ഉഴി വരുത്തിനാൾ 93
ശീല പിന്നെ വിരിച്ചുടൻ കണ്ടപ്പോൾ
ശീലയിൽ തിരുമുഖരൂപമുണ്ടു്. 94
ഇതുകണ്ടവർ വിസ്മയം പൂണ്ടുടൻ
അതിന്റെശേഷം സർവ്വജ്ഞാപരൻ 95
വലിഞ്ഞു വീണു ഗോൽഗോത്താമലയിൽ
ആചുരത്തോടു ചെന്നു മിശിഹാ താൻ 96
കുപ്പായമുടൻ പറിച്ചു യൂദന്മാർ
അപ്പോൾക്കരിശിന്മേൽ മിശിഹായെ 97
ചരിച്ചങ്ങു കിടത്തി നിഷ്ഠൂരമായ്
കരം രണ്ടിലും കാലുകൾ രണ്ടിലും 98
ആണി തറച്ചുടൻ തൂക്കി മിശിഹായെ
നാനാകേടു പറഞ്ഞു പലതരം 99
കരിശിന്മേൽ കററത്തിന്റെ വാചകം

കാര്യകാരണമെഴുതിത്തറച്ചിതു് - 100
തദ്യഥാ "മിശിഹാ നസ്രായിലുള്ളവൻ
യൂദന്മാരുടെ രാജാവിവനെന്നും" 101
ലത്തീനിൽ, യവനായിൽ, എബ്രായിലും
ഇത്തരം മൂന്നു് ഭാഷാക്ഷരത്തിലു് 102
കുരിശുംപൊക്കി നിറുത്തിപ്പുറമയിൽ
(തെരുവഴി ദുഷമൊപ്പിക്കാമോ?) 103
വൃത്തിനന്തരം മയങ്ങി ഭൂതല
ഇരുട്ടുമൂടികറുത്തു രാത്രിപോൽ 104
ഉച്ചനേരത്തെന്നിങ്ങനെ കണ്ടതു്
ആശ്ചര്യമൊരു നിഷ്ഠൂരകർമ്മത്താൽ 105
ശത്രുമാനസെ കാഠിന്യമേയുള്ള
അത്താപത്താലുമാനന്ദിച്ചാരവർ 106
നിന്ദാവാക്യം പല പരിഹാസവും
സന്തോഷത്തോടു പ്രയോഗിച്ചാരവർ 107
മിശിഹാതാനും കാരുണ്യചിത്തനായ്
തൻ ശത്രുക്കളെ പ്രതിയപേക്ഷിച്ചു 108
ചെയ്യുന്നതെന്തെന്നവരറിയുന്നില്ല
പിതാവേ! ഇവർക്കു പൊറുക്കയെന്നു താൻ" 109
കൂടെ തൂങ്ങിയ കള്ളരിലൊരുത്തൻ
ദുഷ്ടൻ നിന്ദിച്ചു മിശിഹായെയവൻ 110
മറ്റവനപ്പോളുരത്തിയിങ്ങനെ
കുററം ചെയ്തവർ നമ്മൾ ക്ഷമിക്കുന്ന 111
ഇയാളൊന്നുമൊരു കുററം സർവ്വേശരാ
ഭയമില്ലായോ മരണകാലത്തും 112
പിന്നെ മിശിഹായോടർത്ഥിച്ചവൻ
"എന്നെ നീ മറന്നീടല്ലേ നായകാ! 113
നിന്നുടെ രാജ്യത്തിങ്കലെത്തീടുമ്പോൾ
എന്നോടു നീയനുഗ്രഹിക്കണമേ 114
എന്നവനപേക്ഷിച്ചതു കേട്ടാരെ
അനന്തരം തന്നെയനുഗ്രഹിച്ചു താൻ 115
ഇന്നുതന്നെ നീ പറുദീസായതിൽ
എന്നോടു ചേരുമെന്നു മിശിഹാ താൻ 116
അമ്മകന്യക പുത്രദുഃഖമെല്ലാം
അമ്മാവിലപ്പോഴുണ്ടു സമീപെ നില്ക്കുന്ന 117

അവരെ തൃക്കൺപാർത്തരുളിച്ചെയ്തു-
അവരമ്മ സുതൻ യോഹന്നാനെന്നും 118
യോഹന്നാനവൾ പുത്രനായതും
മഹാ ദുഃഖത്തിൻ തണുപ്പതാകുമോ 119
തമ്പുരാനും യോഹന്നാനുമൊക്കുമോ
താപത്തിൽ മഹാ താപമിതായതു" 120
പിന്നെ രക്ഷകൻ മഹാ സ്വരത്തോടും
തന്നുടെ മനോവ്യഥയറിയിച്ചു:- 121
"എൻതമ്പുരാനേ! എന്റെ തമ്പുരാനേ!
എന്തുകൊണ്ടു നീ എന്നെ കൈവിട്ടഹോ! 122
അതിൻശേഷം ദാഹത്താൽ വലഞ്ഞു താൻ
ശത്രുക്കളാം ചൊറുക്കാ കുടിപ്പിച്ചുടൻ 123
അപ്പോളെല്ലാം തികഞ്ഞെന്നരുൾചെയ്തു
തമ്പുരാനരുൾചെയ്തപോൽ സർവ്വതും 124
ഉച്ചൈ പിതാവിനെ നോക്കി
മിശിഹാ യാത്ര കാലമറിഞ്ഞു താൻ 125
"എൻപിതാവേ! നിൻകയ്യിലാത്മാവിനെ
ഞാൻ കയ്യാളിക്കുന്നെന്നരുൾ ചെയ്തു 126
തലയും ചായ്ച്ചു മരണം പ്രാപിച്ചു-
തൽപ്രാണനാലാഭൂമി ഗതമായ് 127
ആത്മാവു ദേഹം വിട്ടെന്നാകിലും
ആത്മാവിൽനിന്നും ശരീരത്തിൽനിന്നും 128
ദൈവസ്വഭാവം വേർപെട്ടില്ലതാനും:
അവരോടു രഞ്ജിച്ചിരുന്ന സഭാ 129
മന്ദിരത്തിൽ തിരശ്ശീല തൽക്ഷണം
ഭിന്നമായ്ക്കീറി, ഖേദാധിക്യമയ്യോ! 130
കമ്പിച്ചി ഭൂമി കല്ലുമറച്ചിതു".
കല്ലുകളും പൊട്ടി ഹാ! ഹാ! ദുഃഖം മഹാ 131
മൃതമാവും പല ശവങ്ങളിൽപുക്ക
ഭൂമിയിൽനിന്നു പുറപ്പെട്ടു പലർ 132
പ്രാണനില്ലാത്തവർകൂടെ ദുഃഖിച്ചു-
പ്രാണനുള്ളവർക്കില്ലായനുഗ്രഹം 133
സൈനികരധികൃതനായവൻ
ഉന്നതത്തോടുള്ള മരണമിതു" 134
കണ്ടനേരത്തിയാം തമ്പുരാൻ പുത്രൻ
പട്ടാങ്ങയിതു കണ്ടവൻ തേറിനാൻ: 135

ചത്തുവെന്നുള്ള കണ്ടൊരു സേവകൻ
കുത്തി കുന്തംകൊണ്ടു തൻവിലാവതിൽ 136
ചോരയും നീരും ചിന്തിയവനുടെ
ഒരു കണ്ണിനു കാഴ്ചകൊടുത്തു താൻ 137
മനസ്സിങ്കലും വെളിവു കണ്ടവൻ
ലൊങ്കിനോസവൻ തേറി പിഴയാതെ 138
ഈശോനാഥൻ മരിച്ചതിന്റെ ശേഷം
തൻശിഷ്യരിലൊരുത്തൻ യൗസേപ്പുതാൻ 139
കാര്യക്കാരനെക്കണ്ടു മിശിഹാടെ
ശരീരം തരുവാനപേക്ഷിച്ചവൻ 140
പീലാത്തോസനുവാദം കൊടുത്തപ്പോൾ
കാലം വൈകാതെ ശിഷ്യരും ചെന്നുടൻ 141
കുരിശിൽനിന്നു ദേഹമിറക്കീട്ടു
ശരീരം പൂശിയടക്കി സാദരം 142
ദോഷികളന്നു പീലാത്തോസോടുടൻ
വൈഷമ്യം ചെന്നു കേൾപ്പിച്ചു ചൊല്ലിനാർ 143
"മരിച്ചിട്ടു മൂന്നാംദിവസമുടൻ
നിശ്ചയം ജീവിച്ചുയിർക്കുന്നുണ്ടു ഞാൻ" 144
എന്നീക്കള്ളൻ പറഞ്ഞതു കേട്ടു നാം
ഇന്നതിനൊരുപായം നീ ചെയ്യണം 145
കൽക്കുഴിയതിൽ കാവൽ കല്പിക്കണം
അല്ലെങ്കിൽ ശിഷ്യർ കട്ടീട്ടുമുള്ളവം 146
ഉയിർത്തുവെന്നു നീളെ നടത്തീടും
ആയതുകൊണ്ടു ചതിദ്രം വളർന്നുപോം. 147
മുമ്പിലുള്ളതിൽ വൈഷമ്യമായ്‌വരും
നീ മനസ്സിപ്പോൾ തഞ്ചംകണ്ടാകേണം. 148
അപ്പോൾ പീലാത്തോസീശോടെ കല്ലുഴി
കാപ്പതിനാളെ ആക്കുവാൻ കല്പിച്ചു. 149
കല്പടപ്പിന്മേലൊപ്പു കുത്തിച്ചവർ
നല്ല കാവലും ചുററിലുറപ്പിച്ചു. 150
കല്പിച്ചപോലെ സാധിച്ചുകേവലം,
മേല്പട്ടക്കാരതിനാൽ തെളിഞ്ഞുപോയ് 151

പന്ത്രണ്ടാം പാദം

— (•) —

പ. ക. മാതാവിന്റെ വിലാപം

അമ്മകന്യാമണിതന്റെ നിർമ്മല ദുഃഖങ്ങളിപ്പാടം
നന്മയാലെ മനസ്സുററു കേട്ടുകൊണ്ടാലും
ദുഃഖമൊക്കെപ്പറവാനോ, വാക്കപോരാ മാനുഷർക്ക്
ഉൾക്കനെ ചിന്തിച്ചുകൊൾവാൻ ബുദ്ധിയും പോരാ,
എന്മനോവാക്കിൻ വശംപോൽ പറഞ്ഞാലൊക്കെയുമില്ല
അമ്മകന്നി ഉണ്ടായെങ്കിൽ പറയാമല്പം
സർവ്വമാനുഷർക്കുവന്ന സർവ്വദോഷോത്തരത്തിനായ്
സർവ്വനാഥൻ മിശിഹായും മരിച്ചശേഷം
സർവ്വനന്മക്കടലോന്റെ, സർവ്വപങ്കപ്പാടുകണ്ട
സർവ്വദുഃഖം നിറഞ്ഞുമ്മാ പുത്രനെ നോക്കി.

കന്തമമ്പ് വെടി ചങ്കിൽ കൊണ്ടപോലെ മനംവാടി
തൻതിരുക്കാൽ കരങ്ങളും തളർന്നപാരം
ചിന്തവെന്തു കണ്ണിൽനിന്നു ചിന്തിവീഴും കണ്ണുനീരാൽ
എണ്ണമൊല്ലാവള്ള ദുഃഖം പറഞ്ഞാലൊക്കാ
അന്തമററ സർവ്വനാഥൻ തൻതിരുകല്പനയോർത്തു
ചിന്തയോട്ടുറപ്പിച്ചു ഇടങ്ങി ദുഃഖം
എൻമകനേ! നിർമ്മലനേ! നന്മയെങ്ങും നിറഞ്ഞോനേ
ജന്മദോഷത്തിന്റെ ഭാരമൊഴിച്ചോ പുത്രാ!
പണ്ടുമുന്നോർ കടംകൊണ്ടു,കൂട്ടിയുള്ള വീട്ടുവാനായ്

ആണ്ടവൻ നീ മകനായി പിറന്നോ പുത്രാ!
ആദമാദി നരവർഗ്ഗം ഭീതികൂടാതെ പിഴച്ചു
ഫെല്ലുവതിന്നുത്തരം നീ ചെയ്തിതോ പുത്രാ!
നന്ദ നന്ദ നരരക്ഷ നന്ദിയത്രെ ചെയ്തു നീ
ഇന്നിവ ഞാൻ കാണുമാറു വിധിച്ചോ പുത്രാ!
മുന്നമേ ഞാൻ മരിച്ചിട്ടു പിന്നെ നീ ചെയ്തിവയെങ്കിൽ
വന്നിതല്ലോ മുന്നമേ നീ മരിച്ചോ പുത്രാ!
വാർത്ത മുമ്പേയറിയിച്ചു, യാത്ര നീയെന്നോടു ചൊല്ലി
ഗാത്രമിത്തം മാനുഷർക്കു കൊടുത്തോ പുത്രാ!

മാനുഷർക്കു നിൻപിതാവു മനോഗുണം നൽകുവാനായ്
മനോസാദ്ധ്യമപേക്ഷിച്ചു കേണിതോ പുത്രാ!
ചിന്തയുററങ്ങപേക്ഷിച്ചു ചിന്തവെന്ത സംഭ്രമത്താൽ
ചിന്തി ചോരവിയർത്തു നീ കുളിച്ചോ പുത്രാ!
വിണ്ണിലോട്ടുനോക്കി നിന്റെ കണ്ണിലും നീ ചോരചിന്തി
മണ്ണുകൂടെ ചോരയാലെ നനച്ചോ പുത്രാ!
ഭൂമിദോഷം വലഞ്ഞോരെ സ്വാമി നിന്റെ ചോരയാലെ
ഭൂമിതന്റെ ശാപവും നീയൊഴിച്ചോ പുത്രാ!

ഇങ്ങനെ മാനുഷർക്കു നീ മംഗലം വരുത്തുവാനായ്
തിങ്ങിന സന്താപമോടു ശ്രമിച്ചോ പുത്ര!
വേല നീയിങ്ങനെ ചെയ്തു കൂലി സമ്മാനിപ്പതിനായ്
കാലമേ പാപികൾ നിന്നെ വളഞ്ഞോ പുത്ര!
ഒത്തപോലെ ഒററി കള്ളൻ മുത്തി നിന്നെ കാട്ടിയപ്പോൾ
ഉത്തമനാം നിന്നെ നീചർ പിടിച്ചോ പുത്ര!
എത്രനാളായ് നീയവനെ, വളർത്തു പാലിച്ച നീചൻ
ശത്രുകയ്യിൽ വിററു നിന്നെ കൊടുത്തോ പുത്ര!
നീചനിത്ര കാശിനാശയറിഞ്ഞെങ്കിലിരന്നിട്ടും
കാശുനൽകായിരുന്നല്ലോ ചതിച്ചോ പുത്ര!
ചോരനെപ്പോലെ പിടിച്ചു, ക്രൂരമോടെ കരം കെട്ടി
ധീരതയോടവർ നിന്നെയടിച്ചോ പുത്ര!
പിന്നെ ഹന്നാൻ തന്റെമുമ്പിൽ വെച്ചു നിന്റെ കവിളിന്മേൽ
മന്നിലേയ്ക്കു നീചപാപിയടിച്ചോ പുത്ര!
പിന്നെ ന്യായം വിധിപ്പാനായ് ചെന്നു കയ്യാപ്പാടെ മുമ്പിൽ
നിന്ദചെയ്തു നിന്നെ നീചൻ വിധിച്ചോ പുത്ര!
സർവ്വരെയും വിധിക്കുന്ന സർവ്വസൃഷ്ടിസ്ഥിതിനാഥാ
സർവ്വനീചനവൻ നിന്നെ വിധിച്ചോ പുത്ര!
കാരണം കൂടാതെ നിന്നെ കൊലചെയ്വാൻ വൈരിവൃന്ദം
കാരിയക്കാരുടെ പക്കൽ, കൊടുത്തോ പുത്ര!
പിന്നെ ഹേറോദേസ്സുപക്കൽ, നിന്നെയവർ കൊണ്ടുചെന്ന
നിന്ദചെയ്തു പരിഹസിച്ചുവല്ലോ പുത്ര!
പിന്നെയധികാരി പക്കൽ നിന്നെയവർ കൊണ്ടുചെന്നു
നിന്നെയാക്ഷേപിച്ചു കുററം പറഞ്ഞോ പുത്ര!
എങ്കിലും നീയൊരുത്തർക്കും സങ്കടം ചെയ്തില്ല നൂനം
നിങ്കലിത്രവൈരമിവർക്കെന്തിനു പുത്ര!
പ്രാണനല്ലാനെന്നു ചരിത്ത സ്മരിക്കാതെ വൈരമോടെ
തൂണതന്മേൽ കെട്ടി നിന്നെയടിച്ചോ പുത്ര!
തുള്ളമാറിയടിച്ചല്ലോ ധൂളിനിന്റെ ദേഹമെല്ലാം
ചീളുപെട്ടു മുറിഞ്ഞു നീവലഞ്ഞോ പുത്ര!
ഉള്ളിലുള്ള വൈരമോടെ, യൂദർ നിന്റെ തലയിന്മേൽ
മുള്ളുകൊണ്ടു മുടിവെച്ചു തറച്ചോ പുത്ര!
തലയെല്ലാം മുറിഞ്ഞല്ലോ ഒലിക്കുന്ന ചോരകണ്ടാൽ,
അലസിയെന്നുള്ളിലെന്തു പറവൂ പുത്ര!
തലതൊട്ടങ്ങടിയോളം തൊലിയില്ല മുറിവല്ലോ!
പുലിപോലെ നിന്റെ ദേഹം മുറിച്ചോ പുത്ര!

നിൻതിരുമേനിയിൽ ചോര കുടിപ്പാനാവൈരികൾക്ക
എന്തുകൊണ്ടു ദാഹമിത്ര വളർന്നു പുത്ര!
നിൻ തിരുമുഖത്തു തുപ്പി നിന്ദചെയ്തു തൊഴുതല്ലോ!
ജന്തുവോടിങ്ങനെ കഷ്ടം ചെയ്യുമോ പുത്ര!
നിന്ദവാക്ക പരിഹാസം പല പല ദുഷികളും
നിന്നെയാക്ഷേപിച്ചു ദൂഷിച്ചെന്നിതു പുത്ര!
ബലഹീനനായ നിന്നെ വലിയൊരു കുരിശതു
ബലം ചെയ്തിട്ടെടുപ്പിച്ച് നടത്തി പുത്ര!
തല്ലി, തള്ളി, യടിച്ചന്നു തൊഴിച്ചു വീഴിച്ചിഴച്ചു
അല്ലലേറ്റം വരുത്തി നീ വലഞ്ഞോ പുത്ര!
ചത്തുപോയ മൃഗം ശവാക്കളെത്തിയങ്ങു പറിക്കുമ്പോൾ
കുത്തി നിന്റെ പുണ്ണിലും പുണ്ണാക്കിയോ പുത്ര!
ദുഷ്ടരെന്നാകിലും കണ്ടാൽ മനംപൊട്ടും മാനുഷർക്ക്
ഒട്ടുമേയില്ലനുഗ്രഹമിവർക്ക് പുത്ര
ഈയതിക്രമങ്ങൾ ചെയ്വാൻ നീയവരോടെന്തുചെയ്തു
നീയനന്ത ദയയല്ലോ ചെയ്തതു പുത്ര!
ഈ മഹാപാപികൾചെയ്ത നീ മഹാ നിഷ്ഠുരകൃത്യം
നീ മഹാകാരുണ്യമോടു ക്ഷമിച്ചോ പുത്ര!
ഭൂമി മാനുഷർക്ക വന്ന ദീനമഹാദോഷം പൊറുപ്പാൻ
ഭൂമിയേക്കാൾ ക്ഷമിച്ചു നീ സഹിച്ചോ പുത്ര!
ക്രൂരമായ ശിക്ഷചെയ്തു പരിഹസിച്ചവർ നിന്നെ
ജറുസലേം നഗർനീളെ നടത്തി പുത്ര!
വലഞ്ഞുവീണെഴുന്നേറ്റു കൊലമരം ചുമന്നല്ലോ
കൊലമലമുകളിൽ നീ യണഞ്ഞോ പുത്ര!
ചോരയാൽ നിൻ ശരീരത്തിൽ പറ്റിയകുപ്പായമപ്പോൾ
ക്രൂരമോടെ വലിച്ചവർ പറിച്ചോ പുത്ര!
ആദമെന്ന പിതാവിന്റെ തലയിൽ വന്നരം തന്നിൽ
ആദിനാഥാ കുരിശിൽ നീ തൂങ്ങിയോ പുത്ര!
ആണിയിന്മേൽ തൂങ്ങി നിന്റെ ഞരമ്പെല്ലാം വലിയുന്ന
പ്രാണവേദന സകലം സഹിച്ചോ പുത്ര!
ആണികൊണ്ടു നിന്റെ ദേഹം ഇളച്ചതിൽ കഷ്ടമല്ലോ
നാണക്കേടു പറഞ്ഞതിന്നളവോ പുത്ര!
വൈരികൾക്ക മാനസത്തിലെന്തുകനെക്കെറിച്ചല്ലോ
ഒരു ദയ ഒരിക്കലുമില്ലയോ പുത്ര!
അരിയ കേസരികളെ നിങ്ങൾ, പോയ ഞായറിലെൻ
തിരുമകൻ മുമ്പിൽവന്നാചരിച്ചു പുത്ര!

അരികത്തുനിന്ന നിങ്ങാം, സ്തുതിച്ചോശാനയും ചൊല്ലി
പരിചിൽ കൊണ്ടാടിയാരാധിച്ചുമെ പുത്ര!
അതിൽപിന്നെയെന്തുകുററം ചെയ്തതെൻെറ പുത്രനയ്യൊ
അതിക്രമം ചെയ്തുകൊൾവാനെന്തിതു പുത്ര!
ഓമനയേറുന്ന നിൻെറ തിരുമുഖഭംഗികണ്ടാൽ
ഈ മഹാപാപികൾക്കിതു തോന്നുമോ പുത്ര!
ഉണ്ണി നിൻെറ തിരുമുഖം തിരുമേനി ഭംഗികണ്ടാൽ
കണ്ണിനാനന്ദവും ഭാഗ്യസുഖമെ പുത്ര!
കണ്ണിനാനന്ദകരനാ, മുണ്ണി നിൻെറ തിരുമേനി
മണ്ണൊട്ടികളിമണ്ണും പോൽ മുറിച്ചോ പുത്ര!
കണ്ണില്ലാപ്പാപ ക്രൂരമയ്യോ, ബന്ധമററം ചെയ്തുചെയ്തു
പുണ്ണുംപാടായ നിൻെറ ദേഹം ചമച്ചോ പുത്ര!
അംഗിയോടുമുടിദേഹം കട്ടകീറിയിട്ടിയില്ല
കഠിനമായ് മുറിച്ചയ്യോ വലഞ്ഞൊ പുത്ര!
നിൻെറ ചങ്കിൽ ചവളത്താൽ കൊണ്ടുകുത്തുടൻ വേലസ്യ-
യെൻെറ നെഞ്ചിൽകൊണ്ടു ചങ്ക പിളന്നോ പുത്ര!
മാനുഷൻെറ മരണത്തെകൊണ്ടു നിൻെറ മരണത്താൽ
മാനുഷർക്ക മാനഹാനിയൊഴിച്ചോ പുത്ര!
സൂര്യതേജം പോയ് മറഞ്ഞയ്യോ! ഇരുട്ടായി ഉച്ചനേരം
വീര്യവാനെ നീ മരിച്ച ഭീതിയോ പുത്ര!
ഭൂമിയിൽനിന്നാറിയോര ശവങ്ങളും പുറപ്പെട്ടു
ഭൂമിനാഥ ദുഃഖമോടെ ദുഃഖമെ പുത്ര!
പ്രാണനില്ലാത്തവർകൂടെ ദുഃഖമോടെ പുറപ്പെട്ടു
പ്രാണനുള്ളോർക്കില്ല ദുഃഖമെന്തിതു പുത്ര!
കല്ലുകളും മരങ്ങളും പൊട്ടി നാദം മുഴങ്ങീട്ടു
അല്ലലോടു ദുഃഖമെന്തു പറവൂ പുത്ര!
കല്ലിനെക്കാളുറപ്പേറും യൂദർ തൻെറ മനസ്സയ്യോ
തെല്ലുകൂടെയലിവില്ലാതെന്തിതു പുത്ര!
സർവ്വലോകനാഥനായ നിൻമരണം കണ്ടനേരം
സർവ്വദുഃഖം മഹാദുഃഖം സർവ്വത്തിലും ദുഃഖം
സർവ്വദുഃഖക്കടലിൻെറ നടുവിൽ ഞാൻ വീണതാണെ
സർവ്വസന്താപങ്ങളെന്തു പറവൂ പുത്ര!
നിൻമരണത്തോടുകൂടെയെന്നെയും നീ മരിപ്പിക്കിൽ
ഇമ്മഹാദുഃഖങ്ങളൊട്ടു തണുക്കും പുത്ര!
നിന്മനസ്സിന്നിഷ്ടമെല്ലാം സമ്മതിപ്പാനാളു ഞാൻ
എന്മനസ്സിൽ തണുപ്പില്ല നിർമ്മല പുത്ര!

വൈരികൾക്കു മനസ്സതിൽ വൈരമില്ലാതിരുപ്പതും
വൈരഹീനപ്രിയമല്ലോ നിനക്കു പുത്രാ!
നിൻചരണഘോരയാഗം തൻ ശിരസ്സിലൊഴുകിച്ചു
വൻചതിയാൽ വന്നദോഷമൊഴിച്ചോ പുത്രാ!
മരത്താലെ വന്നദോഷം മരത്താലെയൊഴിപ്പാനായ്
മരത്തിന്മേൽ തൂങ്ങി നീയും മരിച്ചോ പുത്രാ!
നാരി കയ്യാൽ ഫലംതിന്നു നരന്മാർക്കു വന്നദോഷം
നാരിയാം മേ ഫലമായ് നീയൊഴിച്ചോ പുത്രാ!
ചങ്കിലും ഞങ്ങളെയങ്ങു ചേർത്തുകൊൾവാൻ പ്രിയം നിന്റെ
ചങ്കുകൂടെ മാനുഷർക്കു തുറന്നോ പുത്രാ!
ഉള്ളിലെഴും ചതിവില്ലാതുള്ള കൂറെന്നറിയിപ്പാൻ
ഉള്ളുകൂടെ തുറന്നു നീ കാട്ടിയോ പുത്രാ!
ആദിദോഷം കൊണ്ടടച്ച സ്വർഗ്ഗവാതിൽ തുറന്നു നീ
ആദിനാഥ! മോക്ഷവഴി തെളിച്ചോ പുത്രാ!
മുമ്പുകൊണ്ട കടമെല്ലാം വീട്ടിമേലിൽ വീട്ടുവാനായ്
അൻപിനോടു ധനം നേടി വച്ചിതോ പുത്രാ!
പള്ളിതന്റെയുള്ളകത്തു വെച്ചു നിന്റെ ധനമെല്ലാം
കള്ളരില്ലാതുറപ്പുള്ള സ്ഥലത്തു പുത്രാ!
പള്ളിയകത്തുള്ളവർക്കു വലയുമ്പോൾ കൊടുപ്പാനായ്
പള്ളിയറക്കാരനേയും വിധിച്ചോ പുത്രാ!
ഇങ്ങനെ മാനുഷർക്കു നീ, മംഗല ലാഭം വരുത്തി
തിങ്ങിന താപം ക്ഷമിച്ചു മരിച്ചോ പുത്രാ!
അമ്മകന്നി നിന്റെ ദുഃഖം പാടി വന്ദിച്ചപേക്ഷിച്ചു
എന്മനോതാപം കളഞ്ഞു തെളിക്ക തായേ!
നിന്മകന്റെ ചോരയാലെയെന്മനോദോഷം കഴുകി
വെണ്മ നൽകീടണമെന്നിൽ നിർമ്മല തായേ!
നിന്മകന്റെ മരണത്താലെന്റെയാത്മമരണത്തെ
നിർമ്മലാംഗി നീക്കി നീ കൈതൂക്കുക തായേ!
നിന്മകനുമൊന്നിച്ചെന്നെ നിർമ്മലമോക്ഷം നിറച്ച്
അമ്മ നീ മല്പിതാവീശോ ഭവിക്ക തസ്മാൽ.

പതിമൂന്നാം പാദം

— (*) —

യേശുവിന്റെ ഉയിർപ്പ്. അമ്മയെ സന്ദർശിക്കുന്നു. പുനരുത്ഥാനത്തിന്റെ യഥാർത്ഥ്യം മറയ്ക്കുവാൻ നേതാക്കൾ യോധാക്ക

ൾക്കു ധൈര്യം കൊടുക്കുന്നു. മറിയ മഗ്ദലേന ശവകുടീരം സന്ദർശിക്കുന്നു. യേശു അവൾക്കു പ്രത്യക്ഷനാകുന്നു. അവൾ ശിഷ്യന്മാരെ വിവരമറിയിക്കുന്നു. അമ്മാവോസിലേക്കു പോകുന്ന ശിഷ്യന്മാരെ യേശു കണ്ടുമുട്ടുന്നു. അവരുടെ മുമ്പിൽവെച്ച് അപ്പം മുറിക്കുന്നു. പുനരുത്ഥാനത്തിന്റെ സത്യം അവൻ ഗ്രഹിക്കുന്നു. കതകുകൾ അടച്ച് ഒളിച്ചിരിക്കുന്ന ശിഷ്യന്മാരുടെ മദ്ധ്യത്തിൽ യേശു പ്രത്യക്ഷനാകുന്നു. മുറിവുകൾ കാണിച്ചും അവരോടൊപ്പം ഭക്ഷിച്ചും പുനരുത്ഥാനത്തിന്റെ യാഥാർത്ഥ്യം അവരെ മനസ്സിലാക്കുന്നു. തോമാസിന്റെ സംശയം തീർക്കുന്നു. അത്ഭുതകരമായ മീൻപിടിത്തം. പത്രോസിന്റെ സ്നേഹപ്രഖ്യാപനം. സഭാഭരണം പത്രോസിനെ ഏല്പിക്കുന്നു

ശനിയാഴ്ച കഴിഞ്ഞൊരനന്തരം
അന്ധകാരമകന്ന പ്രഭാതമായ് 1
സൂര്യനങ്ങുദിച്ചീടുന്നതിൻമുമ്പെ
ഉയിർത്തു സ്വദേഹത്തെ ജീവിപ്പിച്ചു 2
പ്രഭയെല്ലാറ്റിനും കാരണമുള്ളവൻ
പ്രഭാവത്തോടുകൂടെ രക്ഷാകരൻ 3
സ്വപുത്രദുഃഖമോർത്ത കന്യാമണി
മുമ്പിൽ താദൃശ്യവേദന പോക്കിനാൻ 4
സ്വരൂപം മഹാ സുന്ദരദൃഷ്ടിയാൽ
പൂർവ്വസങ്കടം മറന്ന കന്യക 5
"മാതാവേ"യെന്നരുൾചെയ്തു രക്ഷകൻ
"പ്രതാപത്തിന്ന താപം മുമ്പായതു" 6
ആയിരോഹണം മമ സ്തുതിയുടെ
ആയി പിതാവെനിക്ക കല്പിച്ചതു" 7
ദോഷത്തിനുടെ വിഷമിറക്കുവാൻ
ഔഷധം കൈച്ചുവെങ്കിലും സേവിച്ചേൻ 8
എടുത്ത ഭാരംകൊണ്ടു വലഞ്ഞു ഞാൻ
കടുത്ത ഭാരമിറക്കിവന്നിപ്പോൾ 9
ദുഃഖം പോക്കുക നിർമ്മലമാതാവേ!
സുഖംമേലിലെനിക്കുണ്ടു സന്തതം 10
എനിക്കുള്ള ശുഭംകൊണ്ടമ്മയുടെ
മനോസൗഖ്യമറിഞ്ഞിരിക്കുന്നു ഞാൻ 11
എനിക്കുള്ള ദുഃഖത്താൽ വലഞ്ഞപോൽ
എന്നുടെ സുഖംകൊണ്ടു തെളിഞ്ഞാലും 12

കഴിഞ്ഞവർഷം വേനലിതായത്
മഴയുംപോയി കാലം തെളിഞ്ഞു! 13
താൻ കല്പിച്ചപോലൊക്കെത്തികച്ചു ഞാൻ
തൻ കരുണക്കൊരീഷൽ വരുത്താതെ 14
ആളുപോലെന്നു സമ്മതിക്കമുടൻ"
മാതാവന്നേരം സാദരം ചൊല്ലിനാൾ, 15
"പുത്രാ നിനക്കു സ്തുതിയുണ്ടാകേണം
നിൻ തിരുവടി സന്തോഷം വാഴേണം 16
അതിനാൽ മമ ചിത്തസമ്പൂർണ്ണത
അതല്ലാതൊരു ശ്രദ്ധയിനിക്കില്ല 17
ഞാൻ മരിക്കിലും നീ സന്തോഷമെങ്കിലോ
ആ നാശത്തിലുമനാശയാകും ഞാൻ" 18
ഇതമ്മയുണർത്തിച്ചു സന്തോഷിച്ചു
പുത്രനെപ്പിന്നെക്കണ്ടു പലവട്ടം 19
പുലർകാലത്തിൽ കലുങ്ങി ഭൂതലം,
മാലാഖമാരിറങ്ങിയന്നേരം 20
നരുമപ്രഭ മിന്നലുപോലെ
നിർമ്മലവെളുപ്പുള്ള കുപ്പായവും 21
കല്ലുഴിയുടെ അടപ്പു നീക്കുമ്പോഴാം!
മെല്ലെല്ലിന്മീതെയിരുന്നു കാണ്ടൊരു 22
കാവൽക്കാരതിനാൽ ഭയപ്പെട്ടു
ജീവൻ പോയ്പോകുമിപ്പോഴെന്നപോലെ 23
അവിടുന്നവരോടി ഭ്രമത്താലെ
അവസ്ഥ പട്ടക്കാരോടറിയിച്ചു 24
അവർകൂടി വിചാരിച്ചുവെച്ചുടൻ
കാവൽക്കാർക്കു ദ്രവ്യം കൊടുത്തിട്ട് 25
അവസ്ഥയിതു മിണ്ടാതെന്നവർ
അപേക്ഷിച്ചതിനുപായം ചൊന്നിത് 26
അന്നു നിങ്ങളുറങ്ങും സമയത്തിൽ
വന്നു ശിഷ്യർ ശവം കട്ടുകൊണ്ടുപോയ് 27
എന്നു ലോകരോടൊക്കെപ്പറയണം
എന്നപോലവർ നടത്തി വേല്ലസം 28
കല്ലറയ്ക്കുള്ളിലന്ന ശരീരത്തെ
കല്ലിന്മീതവർ കാത്തിരിക്കുംവിധൗ 29
കള്ളന്മാരതു കട്ടെന്നു ചൊല്ലിയാൽ
ഉള്ളതെന്നു കേൾക്കുന്നോർക്കു തോന്നുമോ? 30

മഗ്ദലെത്താ പുലരുന്നതിൻമുമ്പെ
എത്തി കല്ലുഴി നോക്കുന്ന തൽക്ഷണം 31
കല്ലടപ്പു നീക്കിയതു കണ്ടപ്പോൾ
കാലം വൈകാതെയോടിപ്പോയാനവൾ 32
വാർത്ത കേപ്പായോടും യോഹന്നാനോടും
കീർത്തിച്ചപ്പോളായവരും ചൊന്നുടൻ 33
കേപ്പാ കൽക്കുഴിപുക്കു സൂക്ഷിച്ചതു്
അപ്പോളുയിർത്തുവെന്നു വിശ്വാസമായ് 34
മഗ്ദലെത്തായും നിന്നു പിരിയാതെ
പാർത്തു കല്ലുഴി നോക്കിക്കരഞ്ഞവൾ 35
വെളുപ്പുള്ള കുപ്പായധാരികളായ്
ബാല്യമുള്ളോരിരുവരെക്കണ്ടുടൻ 36
അവർ ചോദി"ച്ചെന്തേ കരയുന്നു നീ?"
അവരോടുരചെയ്തു പുണ്യവതി. 37
"എന്റെ നാഥനെയെവിടെക്കൊണ്ടുപോയ്
തന്റെ ദേഹം വെച്ചതറിഞ്ഞില്ല" 38
പിന്തിരിഞ്ഞുടൻ നോക്കിയൊരുത്തനെ
കണ്ടു തോട്ടം നോക്കുന്നവനെന്നപോൽ 39
അയാൾ ചൊല്ലി "സ്ത്രീയെന്തേ കരയുന്നു
നീയാരെത്തിരയുന്നതു ചൊല്ലുക" 40
അവളന്നേരം "നീയെടുത്തെങ്കിലോ
എവിടെവെച്ചീശോദേഹം ചൊല്ലുക 41
നാഥന്റെ ദേഹം ഞാനെടുക്കുന്നുണ്ടു്."
നാഥനപ്പോളവളോടരുൾ ചെയ്തു- 42
"മറിയ"മെന്നു കേട്ടവൾ നാഥനെ
അറിഞ്ഞു "ഗുരുവേ"യെന്നുണർത്തിച്ചു 43
"പിതാവിന്നടെ സമീപേ പോയില്ല
അതുകൊണ്ടെന്നെത്തൊടല്ലേ ഇക്കാലം 44
എന്റെ ശിഷ്യരോടിതറിയിക്ക നീ
നിങ്ങൾക്കുമെനിക്കുമുള്ള താതനാം 45
തമ്പുരാൻ പക്കൽ പോകുന്നു ഞാനിതാ"
ഇപ്രകാരമരുൾചെയ്തു തമ്പുരാൻ 46
മഗ്ദലെത്തായിതൊക്കെയും കേൾപ്പിച്ചു
അതു നേരെന്നുറച്ചില്ല ശിഷ്യർക്ക്. 47
പല നാരികൾ പോയവിടെപ്പിന്നെ
മാലാഖായെക്കണ്ടു കല്ലുഴിയതിൽ 48

ഉൾക്കനിവോടവർ നിന്നു പേടിയാൽ
നാകനാഥൻ ദിവ്യൻ ചൊല്ലിയവരോട്" 49
"ഇങ്ങിവിടെത്തിവിശോകമാനമായ്"
നിങ്ങളും വന്നു കാര്യമറിഞ്ഞു ഞാൻ, 50
നിങ്ങളും പേടിച്ചീടേണ്ട മാലാഖാ ഞാൻ,
നിങ്ങടെ മനശ്ശുദ്ധമുള്ള പോലെ 51
ഭംഗിയിൽ വന്നിങ്ങു നോക്കിക്കാണ്മിൻ,
അത്ഭുതമിനിയതില്ല. ജീവിച്ചു' 52
ഗ്ലീലായിൽ നിങ്ങളൊരുമിച്ചു കണ്ടീടും
ചൊല്ലുവിൻ നിങ്ങളും സത്യമറിഞ്ഞിടാം." 53
അക്കാഴ്ചയവിടെന്നു നടന്നവർ
പോകുന്നവഴി കണ്ടു മിശിഹായെ 54
സത്യമായതാം കേട്ടറിഞ്ഞോരവർ
ആ ശ്രീകരം തൃക്കാൽ നമസ്കരിച്ചുടൻ 55
അന്നേരമരുളിച്ചെയ്തു "ഗ്ലീലായിൽ"
ചെന്നറിയിപ്പിനെന്റെ ശിഷ്യരോടും 56
അവിടെയെന്നെക്കാണ്ടീടും നിർണ്ണയം"
അവരായതു ചെന്നറിയിച്ചപ്പോഴം 57
"ഭ്രാന്തു ചൊന്നിവരെന്നു ശിഷ്യർ ചൊല്ലി
മാനസത്തിലും വിശ്വാസം പുക്കില്ല." 58
അന്നു രണ്ടു ശിഷ്യന്മാർ പുറപ്പെട്ട
എമ്മാവൂസ്കോട്ട വാസന്മാരവരൊന്നിച്ചുകൂടൽ 59
പോകുന്നേരം മിശിഹാടെ വാർത്തകൾ
ആകുന്നതെല്ലാമിട്ടുപേശി വഴിയതിൽ 60
അന്നേരം മിശിഹാ വഴിപോക്കനായ്"
ചെന്നവരോട്ടുകൂടെ നടന്നു താൻ 61
ചോദിച്ചു- "നിങ്ങളെന്തു പറയുന്നു
ഖേദവും നിങ്ങൾക്കെന്തെന്നു ചൊല്ലുവിൻ" 62
ഒന്നു ശിഷ്യനവരതിന്നുത്തരം
ചൊന്നു- താനറിഞ്ഞില്ലയോ വാർത്തകൾ 63
ഇപ്പോൾ യൂദന്മാരാം നസറായക്കാരൻ,
ആശ്ചര്യമാകും പ്രവൃത്തിയുള്ളവൻ 64
പൈതൃകജനം തൂക്കി കുരിശതിൽ
മിശിഹായെന്നല്ലോ നാം പാർത്തിരുന്നു" 65
താനീലോകരെ രക്ഷിക്കുമെന്നോർത്തു
മാനസാഗ്രഹം പൂക്കു വഴിപോലെ 66

മൂന്നാം നാളിൽ മരിച്ചാലുയിർക്കും ഞാൻ
എന്നുമ്പോൾ പറഞ്ഞതായതും കണ്ടില്ല 67
കാലത്തു ചില നാരികൾ ചെന്നവർ
മാലാഖമാരെ കണ്ടവർ വന്നതും 68
അങ്ങു നാഥനുയിർത്തെന്നും കേട്ടെന്നും
ഞങ്ങൾക്കായതിനാൽ പല ചിന്തയായ്" 69
എന്നവരുണർത്തിച്ചതിനന്തരം
അന്നേരം സകലേശനരുൾചെയ്തു:- 70
"ഹന്ത നിങ്ങൾ പകച്ചതെന്തിങ്ങനെ
മന്ദമാനസമുള്ള മൂഢന്മാരെ 71
മുമ്പിൽ നിവ്യന്മാർ ചൊന്നതു ചിന്തിപ്പാൻ
ഇമ്പമുണ്ടോ വരുത്തിയതുമതിൽ 72
ഇങ്ങനെയീശോ പാടുപെട്ടെന്നും
അങ്ങയാളതെല്ലാം ക്ഷമിക്കുമെന്നും, 73
സത്യം മുമ്പറിവാളരെഴുതി
ശാസ്ത്രത്തിൻ സിദ്ധിയില്ലയോ നിങ്ങൾക്ക്" 74
ശാസ്ത്രത്തിന്നുടെ പൊരുൾ തിരിച്ചു താൻ
സത്യമങ്ങു ബോധിപ്പിച്ചുചിതം. 75
പകലസ്തമിച്ചീടുന്ന കാലത്തിൽ
അക്കാലം പിരിഞ്ഞീടുവൻ ഭാവിച്ചു. 76
അവരും ചോദിച്ചെങ്ങുപോകുന്നു താൻ
ദിവസം പോയി രാത്രിയുമായല്ലോ? 77
പാർത്തുകൊള്ളുക കർത്താവേയെന്നവർ,
ഓർത്തില്ലാരെന്നറിയാതെ ചൊന്നിതു" 78
അപ്പോളീശോ താൻ പാർത്തുവിരുന്നതിൽ
അപ്പം വാഴ്ത്തിയവർക്കു കൊടുത്തു താൻ 79
മിശിഹായെയറിഞ്ഞു ശിഷ്യന്മാരും
ഈശോ താനപ്പോൾ മാഞ്ഞുമിന്നൽപോലെ 80
അവിടെന്നവരോടിയുടൻ ചെന്നു"
അവസ്ഥ ശിഷ്യരോടറിയിച്ചപ്പോൾ 81
ഇങ്ങനെയവർ ചൊന്നതു കേട്ടപ്പോൾ
ഞങ്ങളും ഗ്രഹിച്ചുന്നിവരോടവർ 82
കർത്താവുയിർത്തു, ശെമോൻ കേപ്പായിക്കു"
പ്രത്യക്ഷനായെന്നുമ്പോൾ പറഞ്ഞഹോ 83
ഇവർ തമ്മിൽ പറഞ്ഞിരിക്കും വിധൗ
പ്രത്യക്ഷനായി വാതിൽ തുറക്കാതെ 84

അടച്ചു വീട്ടിന്നുള്ളിൽ ശിഷ്യരുടെ
നടുവിൽ ചെന്നു നിന്നു മിശിഹാ താൻ 85
സ്വാതം ചൊല്ലി ശിഷ്യർക്കുത്തമൻ
"ചിത്തഭീതി നീക്കീടുവിൻ, ഞാനതന്നെ 86
കയ്യും, കാലും, ശരീരവും നോക്കുവിൻ
ആയതിനാലും വിശ്വാസം പുക്കില്ല 87
അന്നേരമീശോ ഭക്ഷണം ചോദിച്ചു
അന്നു തേൻകൂട്ടും മീൻവറുക്കമീശോ 88
തിന്നു ശിഷ്യർക്കു വരുത്തി വിശ്വാസം
പിന്നെ ദൈവവാക്കിന്നുടെ സത്യവും 89
കാട്ടി വിശ്വാസമാക്കിയവർകളെ
കേട്ടുകണ്ടവർ സമ്മതിച്ചാരാൽ 90
തോമ്മായസ്ഥലത്തില്ലാത്ത കാരണം
തന്മനസ്സിങ്കൽ സംശയം തീർന്നില്ല 91
ഇള ശിഷ്യരു ചൊന്നതു കേട്ടാറെ
അതിനുത്തരം ചൊല്ലിയവരോട്. 92
"എന്റെ നാഥനെ ഞാൻതന്നെ കാണണം
തന്റെ മെയ്‌വിലാവിൻ മുറിവതിൽ 93
എന്റെ കൈവിരൽ തൊട്ടൊഴികെത്തന്നിയെ
എന്റെ സംശയം തീരുകയില്ലഹോ" 94
എന്നു തോമ്മാ പ്രതിജ്ഞ പറഞ്ഞാറെ
പിന്നെയെട്ടുനാൾ ചെന്ന ഞായർവാരെ 95
വീടകത്തു ശിഷ്യജനമെല്ലാരും
പൂട്ടി വാതില്ലകത്തിരിക്കുന്നപ്പോൾ 96
അതിനുള്ളിലെഴുന്നള്ളി തമ്പുരാൻ
പ്രത്യക്ഷനായതിൽ ചെയ്തു സ്വാതം 97
"തോമ്മാ! വാ! നീ മുറിവതിൽ തൊട്ടുകൊൾ
നിന്മനസ്സിലെ സംശയം തീർക്കെടോ" 98
ചൊന്നു കൈവിരൽ തൊട്ടു മുറിവതിൽ
തീർന്നു സംശയം വിശ്വസിച്ചാനവൻ 99
തന്റെ തൃക്കാൽ വന്ദിച്ചുണർത്തിച്ചുടൻ
"എന്റെ നാഥനും, തമ്പുരാനും, നീയേ!" 100
എന്നു തോമ്മാ പറഞ്ഞപ്പോൾ നായകൻ:-
"ഇന്നു നീയെന്നെ കണ്ടു വിശ്വാസമായ" 101
എന്നെക്കാണാതെ കേട്ടുള്ളറിവോടെ
എന്നെ വിശ്വസിക്കുന്നവൻ ഭാഗ്യവാൻ" 102

മീൻപിടിപ്പാനായക്കാലം ശിഷ്യരിൽ
കേപ്പാ യോഹന്നാൻ പോയി കടലതിൽ 103
ആ രാത്രിയൊരു മീനും ലഭിച്ചില്ല
നേരവും വെളുത്തീടുന്ന കാലത്തു 104
കടൽ തൻകരെ നിന്നു മിശിഹാതൻ
കൂട്ടമാൻ ശിഷ്യരോടു ചോദിച്ചപ്പോൾ 105
ആളറിയാതെയില്ലെന്നു ചൊന്നവർ
വളരെ വേലചെയ്തു ലഭിച്ചില്ല 106
അവരിങ്ങനെ ചൊന്നതു കേട്ടപ്പോൾ
അവരോടരുൾ ചെയ്തു മ്ശീഹാ താൻ:– 107
"തോണിക്കു വലഭാഗത്തു വീശുവിൻ
കാണും മത്സ്യങ്ങൾ കിട്ടുമെന്നിങ്ങനെ 168
കല്പനകേട്ടു വീശി വലയില– .
നല്ലം മീനും നിറഞ്ഞതാരനവധം 109
അപ്പോളോ വലപൊക്കുവാൻ ബന്ധമായ്"
കേപ്പാ നാഥനിയാളെന്നറിഞ്ഞുടൻ 110
ചാടി തോണിയിൽനിന്നു കടലതിൽ
ഉടൻ നീന്തിയണഞ്ഞു കരയ്ക്കപ്പോൾ 111
കരക്കെല്ലാരും വന്നണഞ്ഞക്ഷണം
ആരെന്നെല്ലാരും ചിന്തിച്ചു മാനസേ 112
അന്നേരമപ്പം തീക്കനൽ മീനുമായ്"
വന്നു ശിഷ്യർ ഭക്ഷിച്ചനന്തരം 113
മീനുമപ്പവും പകുത്തു തിന്മാനായ്"
താനവർക്കു കൊടുത്തു കരുണയാൽ 114
ഭക്തപ്രിയൻ പരൻ കരുണാകരൻ
ഭക്തവാത്സല്യമിങ്ങനെ കാട്ടിനാൻ 115
തീൻകഴിഞ്ഞു കേപ്പായയോടു ചോദിച്ചു:–
"കേമക്ക കേപ്പാ നീയെന്നെ സ്നേഹിക്കുന്നോ?" 116
"കർത്താവേയതു നീയറിയുന്നല്ലോ"
ഉത്തരമിതുകേട്ടു മ്ശീഹാ തൻ 117
"എന്റെ ആട്ടുകൾ മേയ്ക്ക നീയെന്നുടൻ"
പിന്നെയുമിതു ചോദിച്ചു കേട്ടിതു 118
മൂന്നാം വട്ടവും ചോദിച്ച കാരണം
മനസ്സുംഖേദത്തോടുണർത്തിച്ചപ്പോൾ 119
"നിന്റെ കണ്ണിനു രഹസ്യമില്ലല്ലോ?
നിന്നെ സ്നേഹമുണ്ടെന്നറിയുമല്ലോ നീ" 120

അന്നേരമീശോ "കേപ്പായെ കേട്ടുകൊൾ
എന്റെയാടുകൾ മേയ്ക്കു വഴിപോലെ 121
ബാല്യമുള്ളപ്പോൾ പോം നിന്മനസ്സുകൾ
കാലം വന്നീടുമെന്ന മറെറാരുത്തൻ 122
നിന്നെക്കെട്ടീടും നീട്ടും നീ കൈകളും
എന്നെയോർത്തു ക്ഷമിക്കും നീയൊക്കയും 123
മുമ്പെ പേടിക്കുമെന്നരുൾ ചെയ്തപ്പോൾ
ഇപ്പോൾ തന്നെപ്രതി മരിക്കുമെന്നും 124
ഈവണ്ണമരുളിച്ചെയ്തു കേട്ടപ്പോൾ
ദേവനോടുണർത്തിച്ചിതു കേപ്പാ താൻ 125
"ഇവ യോഹന്നാനെങ്ങനെ"യെന്നപ്പോൾ
"ഞാൻ വരുവോളം പാർക്കുമെ"ന്നിങ്ങനെ 126
നിനക്കെന്തിനാലെന്നരുൾ ചെയ്തു
അവനിതു ചൊല്ലിയതു കേട്ടവർ 127
എന്നതുകൊണ്ടിവൻ മരിക്കാതെ
എന്നൊരു ബോധം ശിഷ്യർക്കു തോന്നിപ്പോയി" 128
തമ്പുരാനരുളിച്ചെയ്തില്ലതാനും
ഞാൻ വരുവോളം പാർക്കുമതെയുള്ളു. 129

പതിനാലാം പാദം

— (*)

യേശുവിന്റെ സ്വർഗ്ഗാരോഹണം-പരിശുദ്ധാത്മാവിനെ അയക്കുമെന്ന വാഗ്ദാനം-പവിത്രാത്മാവിന്റെ വരവ്-അപ്പസ്തോലന്മാർ പരിശുദ്ധാരൂപിയെ സ്വീകരിക്കുന്നു. അവർ പല ഭാഷകൾ സംസാരിക്കുന്നു. പത്രോസിന്റെ പ്രസംഗം മൂവായിരം പേരുടെ മാനസാന്തരം. ശിഷ്യന്മാർ സുവിശേഷ പ്രചാരണത്തിന്നായി നാനാദിക്കുകളിലേക്കും പുറപ്പെടുന്നു.

"ഇന്നിവാസമിനിക്കില്ല ഭൂമിയിൽ
എന്നമ്മയോടും ശിഷ്യജനത്തോടും 1
എൻപിതാവെന്നെ പാർത്തുവിളിക്കുന്നു
ഞാൻ പോവാൻ വട്ടം കൂട്ടുന്നു കന്യകേ! 2
ഞാൻ പോയാലുമമ്മേ! നിൻ ബുദ്ധിയിലും
മാനസത്തിലും പാർക്കുമല്ലോ സദാ 3

സൂര്യൻ കണ്ണാടിയിലെന്നതുപോലെ
സൂര്യൻ നിൻെറയാത്മാവിൽ വിളങ്ങുന്നു 4
എന്നെക്കാണ്മതിനാശ വർദ്ധിക്കില്ലോ,
ഞാൻ സമീപത്തുണ്ടെന്നു ധരിച്ചാലും 5
സർവ്വമംഗലപ്രാപ്തിക്കു കാലമായ്
സർവ്വ സ്വലോകരാരാധിക്കുന്നതു് 6
സ്വലോകംപ്രതി പുറപ്പെടുന്നു ഞാൻ
ആ ലോകമെന്നെയാഗ്രഹിക്കുന്നിതു് 7
നിന്നെക്കൂടവെ കൊണ്ടുപോയീടുവാൻ
ഇന്നു ബാവാടെ കല്പനയില്ലല്ലോ 8
സന്നിധി നിനക്കിന്നിയും കൂടുവാൻ
നിൻവൃത്തി ഫലമിതല്ലോ കന്യകേ 9
ഭൂമിയിൽ ജീവിച്ചിരിക്കുന്ന നാളിൽ
സംഗതിയതിനെന്നറിഞ്ഞതല്ലോ നീ 10
ഭാഗ്യലോക സുഖാദികളെയുള്ളു
ഭാഗ്യകാരണധനങ്ങളാം നേടുക 11
ഈലോകത്തിലെയതിനുള്ള യത്നം
ആലോകത്തിലാനന്ദിച്ചു വാഴുവാൻ 12
ചന്ദ്രാദിത്യന്മൊന്നിച്ചു വാഴുമ്പോൾ
മന്ദം ഭൂമിയിൽ കൂരിരുട്ടായ് വരും 13
മാതാപിതാവങ്ങളൊന്നിച്ചു വാണിതാൽ
പുത്രന്മാർക്കപ്പോളെത്ര തണുപ്പുള്ളു! 14
ഞാൻ ഫലവൃക്ഷം നട്ടുമുളപ്പിച്ചു
നിൻെറ ദയയാലതു വളരേണം 15
എത്തുവേണ്ടുവതൊക്കെയും ചൊൽക നീ?
ഞങ്ങൾപോലെ ഞാൻ കല്പിപ്പാൻ സർവ്വതും 16
പോയാൽ ഞാൻ പിന്നെ റൂഹായെയയപ്പാൻ
അയാം നിന്നെയുമേറെ സ്നേഹിക്കുന്നു 17
നിന്നിൽ വാസമുള്ളാകുക വേണമതും
തൻതിരുമനസ്സാവിധമായതു് 18
അപരിച്ഛിന്ന ഗുണസഞ്ചയത്താൽ
സംപൂർണ്ണം നിനക്കുണ്ടാം വരുത്തീടും 19
നിന്നെക്കൂട്ടികൊണ്ടു പോവതിന്നു ഞാൻ
പിന്നെയും വരുമെന്നതറിഞ്ഞാലും 20
എൻെറ ശ്ലീഹാകളെൻെറ ശിഷ്യന്മാരും
എനിക്കുള്ളവരെന്നതറിവല്ലോ 21

അവർക്കുള്ളോണം ചൊല്ലിക്കൊടുക്കണം
ഞാൻ വൃഥാ നിന്നോടെന്തു പറയുന്നു? 22
ഞാൻ ചൊല്ലാഞ്ഞാലും നീയതു ചെയ്തീടും
ഞാൻ കല്പിച്ചിട്ടു ചെയ്യുന്നതിഷ്ടമാം 23
എന്നാൽ ചെയ്താലും പിതാവിതിങ്ങനെ
നിന്നോടു കല്പിച്ചെന്നതറിഞ്ഞാലും 24
നിന്റെയപേക്ഷകൊണ്ടു മമ സർ
ജനനിയേ! വർദ്ധിക്കേണം ഭൂമിയിൽ 25
എനിക്കമ്മേപോലെയെന്നമ്മ നീ
സന്തോഷം വാഴ്‌ക മൽപ്രിയ കന്യകേ! 26
"പുത്രാ! പോക നീ" എന്ന നാരിമണി
"ധാത്രി നിനക്കു യോഗ്യസ്ഥലമല്ല 27
ആകാശത്തിലെ സപ്രപാത്രപീഠം
ഉൽകൃഷ്ട ജയവന്ദനം ചൊല്ലുന്നു. 28
സ്രാപ്പേയാദി മാലാഖമാർ ഘോഷമായ്
സപ്രഭുവിനെയാഗ്രഹിച്ചീടുന്നു. 29
പോക ത്രിലോകരാജ്യം വാണീടുക
സങ്കടലോകെയിതന്നുമതി 30
എന്റെ കാര്യം നിനക്കൊത്തീടുംപോലെ
എന്തനസ്സും നീ കല്പിക്കുമ്പോഴും സദാ 31
നിന്റെ ദാസി ഞാനെന്നൊരനുഗ്രഹം
നിനക്കുള്ളതെനിക്കതി മതി 32
നീ പോയാൽ, മമ പ്രാണൈകനായകാ
നിൻപരിശ്രമം മറന്നുപോകല്ലേ 33
നിൻചോരവിലയാലെ നീ കൊണ്ടതു"
നിൻ കാരുണ്യത്താൽ രക്ഷിച്ചുകൊള്ളുക 34
ബലഹീനജനമെന്നറിവല്ലോ
ബാലരെപ്പോലെ താങ്ങി നടത്തുക 35
കല്ലുതല്ലുമ്പോഴും വീണിടും ബാലകർ
നായകാ! നരരിങ്ങനെയല്ലയോ? 36
നീ തുടങ്ങിയ വൃത്തി തികച്ചഹോ
സന്തതമവർ നിന്നെ സ്തുതിക്കട്ടെ" 37
ഇതമ്മ ദയാവിനോടെയമ്മപോൽ
തൻതൃക്കാൽ മുത്തിത്തഴുകി പുത്രനെ 38
സന്തോഷത്തിന്റെ മുഴുവും കണ്ണീരാൽ
മിഴ്ത്തി മിശിഹാതാനമെഴുന്നള്ളി 39

പിന്നെയുമീശോ ഭൂമിരക്ഷാകരൻ
ചെന്ന ശിഷ്യരെക്കണ്ടരുളിച്ചെയ്തു:. 40
"എന്റെ പുത്രരെ! യെറുശലംപുരെ
നിങ്ങൾ പാർക്കണമെന്നരുളിച്ചെയ്തു 41
പിതാവൊത്തപോലവിടെ റൂഹാടെ
ശക്തി നിങ്ങൾക്കുണ്ടാകുമവിടുന്ന്" 42
ഞാൻ പിതാവിന്റെ പക്കൽ പോകുന്നിതു""
എന്നതും ചെയ്തു നേരത്തു ശിഷ്യരും; 43
അനന്തരം യൂദന്മാരുടെ രാജ്യത്തെ
നന്നാക്കുന്നതെപ്പോളെ"ന്നു ചോദിച്ചു 44
"അവരൊടിപ്പോളിതറിഞ്ഞീടുവാൻ
ആവശ്യമില്ല നിങ്ങൾക്കൊട്ടത്തില്ല 45
താതൻ കല്പിക്കുംപോൾ വരും സർവ്വവും
അതറിഞ്ഞിട്ടു കാര്യം നിങ്ങൾക്കെന്തു" 46
റൂഹാദക്കുദശായിറങ്ങുന്നേരം
സഹായം നിങ്ങൾക്കുണ്ടാകും, ശക്തിയും 47
എനിക്കു നിങ്ങൾ സാക്ഷികളാകണം
എന്റെ വേദവും നീളെ നടത്തണം 48
വിശ്വസിച്ചവർ രക്ഷ ലഭിച്ചീടും
വിശ്വസിക്കാത്തോർക്കുണ്ടാകും ശിക്ഷയും 49
വൻപരുടെയും രാജാക്കൾ തങ്ങടെ
മുമ്പിലും കൊണ്ടുപോയിടും നിങ്ങളെ 50
നിങ്ങളെ ശാസിക്കും ഭയം നീക്കുവിൻ
നിങ്ങടെ ദേഹത്തോടെയാവുള്ളൂ 51
നിങ്ങടെയാത്മാവോടാവതില്ലല്ലോ
നിങ്ങളിൽ റൂഹാ പറഞ്ഞിടും തദാ 52
വേദനേരിനു പ്രത്യക്ഷം കാട്ടുവാൻ
ഞാൻ ദാനം ചെയ്വാൻ നിങ്ങളിൽ പ്രാർത്ഥിതം 53
നിങ്ങൾക്കു വേണ്ടുന്നതെല്ലാം തോന്നിപ്പാൻ
നിങ്ങളിന്നു പറയുന്നതല്ലദഹാ 54
ദുര്യന്തത്തോളവും സഹിച്ചീടുവിൻ
സമ്മാനം പിന്നെ കല്പിച്ചു നൽകുവാൻ 55
ഇപ്രകാരം മിശിഹായരുൾചെയ്തു
തൻപ്രതാപയാത്രയ്ക്കു സമയമായ്" 56
സായിത്തെന്ന മലയിലെഴുന്നള്ളി,
ഭാവിന്നുടെ രശ്മിയും വീശിച്ചു 57

പർവ്വതാഗ്രേ താൻ പ്രാപിച്ചു തമ്പുരാൻ
അവിടെനിന്നു യാത്ര തുടങ്ങിനാൻ 58
ഉമ്മയെയും പൊഴിയാശീർവ്വാദം ചെയ്തു
ഉക്കൺപാർക്കും മാറ്റുശിഷ്യരെയും 59
ത്രിലോകം വിളങ്ങുന്ന പ്രഭാവത്താൽ
ത്രിലോകപ്പൂജ്യ ഭൂമി രക്ഷാകരൻ 60
മന്ദസ്മിതം മഹാഭാവത്തോടു താൻ
മന്ദംമന്ദം പൊങ്ങി തന്റെ ശക്തിയാൽ 61
തൻശിഷ്യർക്കൊന്നുത്തരവോളമിവ
ദർശനത്തിങ്കൽ നിന്നുമനന്തരം 62
തേർപോലെ മേഘമട്ടത്തുപൊങ്ങിച്ചു
താൻ പിന്നെ ദ്രുതം സ്വദേശം പ്രാപിച്ചു 63
സർവ്വേശൻ സിംഹാസനംപുക്കശേഷം
സർവ്വമംഗല ഘോഷമനവധി 64
വെള്ളത്തുള്ള കുപ്പായത്താലന്നേരം
ആളുകൾ രണ്ടിറങ്ങിപ്പറഞ്ഞിതു 65
ഗ്ലീലാക്കാരരെ! നിങ്ങളെന്തിങ്ങനെ
മേല്പോട്ടുനോക്കി നില്ക്കുന്നു രക്ഷകൻ 66
സ്വർഗ്ഗലോകത്തിലെഴുന്നള്ളി നായകൻ
വരും പിന്നെയുമെന്നുറച്ചാലും 67
സ്വർല്ലോകത്തിലെ സജ്ജനഘോഷവും
നരവർഗ്ഗത്തിനുണ്ടുമഹത്വവും 68
വാക്കിനാൽ വിഷയമില്ല നിർണ്ണയം
സകലേശത്വം പിതാവും നൽകിനാൻ 69
ഇതു കേവലം പറയാംശേഷവും
ചിത്തത്തിൽ നിരൂപിപ്പാനവകാശം 70
ഏറെ ചിന്തിച്ചുകൊണ്ടുവെന്നാകിലും
ഏറെ ചിന്തിച്ചാൽ ശേഷിക്കും പിന്നെയും 71
സർവ്വേശത്വം കൊടുത്തതു കേൾക്കുമ്പോൾ
ദേവപുത്രനില്ലാളെന്നിരിക്കിലും 72
സ്വഭാവത്താലതുണ്ടായി സന്തതം;
പ്രഭുത്വം നിനക്കും സ്വതയുള്ളതും 73
താൻ മാനുഷസ്വഭാവത്തിനുമതു",
തമ്പുരാൻ കൊടുത്തെന്നറിവാനത്രേ 74
ദക്ഷിണമായ ബാവാടെ ഭാഗത്തു
രക്ഷകനിരിക്കുന്നെന്നു ചൊന്നതു" 75

അവിടെനിന്ന പത്താം പുലർകാലെ
സുവിശ്വാസികളും ശ്ലീഹാജനങ്ങളും 76
കൂടിയെല്ലാരും പാർക്കുന്ന ശാലയിൽ
കൊടുങ്കാറ്റിന്റെ വരവിതെന്നപോൽ 77
സ്വരം കേൾക്കാറായി വീടു നിറച്ചിതു്
തീ രൂപത്തിലും നാവുകൾ കാണായി 78
ശീതളംപോക്കും നല്ല നിരൂപണ
ചേതസി ദയയോടു ശോഭിക്കുന്ന 79
പാവനം വരുത്തീടുമക്കാരണം
പാവകരൂപത്തിങ്കലിറങ്ങിനാൻ 80
ഓശാരത്തനേലിരുന്ന കൃപയാൽ
സർവ്വജനവും നിറഞ്ഞു റൂഹായാൽ 81
ബാവാ ഭൂമിയെ സൃഷ്ടിച്ചനന്തരം
ദേവജൻ ഭക്ഷിച്ചു റൂഹായെ നൽകി 82
ഇന്ന റൂഹായിറങ്ങിയ കാരണം
സർവ്വലോകരുമാനന്ദിച്ചീടുവിൻ 83
തിന്മ നീക്കാനും നന്മ നിറപ്പാനും
നിർമ്മലമനസ്സുവക്കുന്നാവാനും 84
പേടിപോക്കുവാൻ കേടുകൾ തീർപ്പാനും
നാട്ടെല്ലാം ഭയം നീക്കി നടപ്പാനും 85
ഇപ്പോൾ റൂഹാദക്കുദശാ തമ്പുരാൻ
കല്പന മാനസത്തിങ്കൽ വാസമായ് 86
മുമ്പിൽ മശിഹാ ചൊന്നപോൽ വന്നിതു്
തമ്പുരാൻ പുത്രനായ് കല്പിച്ചിതു് 87
സ്വാമി തന്നുടെ ദേഹമുള്ളവഴി
ഭൂമിയിൽ നീളെ നടത്തിക്കൊള്ളുവാൻ 88
മാന്ദ്യം ഭക്ഷിച്ചീട്ടുള്ളുണ്ടാകണം
തന്മൂലം തീ നാവായിട്ടിറങ്ങിനാൻ 89
അങ്ങനുള്ളിൽ തോന്നിച്ചതെപ്പേരുമെ
അന്നെല്ലാവരും ചൊല്ലി മടിയാതെ 90
മുമ്പിൽ സ്ത്രീയുടെ വാക്കിനാൽ പേടിച്ചു
കേപ്പാ താനിപ്പോൾ സംഭ്രമം നീക്കിനാൻ 91
വമ്പന്മാരുടെ സമക്ഷത്തിങ്കലും
തമ്പുരാൻ മിശിഹായെയറിയിച്ചു 92
പലഭാഷകളിവർ പഠിക്കാതെ
നല്ലപോലെ പറയുന്നതത്ഭുതം 93

മാനുഷർക്കറിയാത്ത പ്രവൃത്തികൾ
അനേകവിധം ദർശിച്ചാലോകരും 94
ആശ്ചര്യംകൊണ്ടു നേരിനെ ബോധിച്ചു
മിശിഹായെ വിശ്വസിച്ചു തെളിഞ്ഞാർ 95
ചിലർ ചൊല്ലുന്നു പാനമത്താലിവർ
വിലാസിച്ചു പുറപ്പെട്ടിരിക്കുന്നു 96
ശെമോൻ കേപ്പായന്നേരമുരചെയ്തു:-
"ഇമ്മനുഷ്യരിലെന്തിതു തോന്നുവാൻ 97
പാനത്താൽ പലഭാഷ പറയുമോ?
മുമ്പിലാരിതു കണ്ടതും കേട്ടതും; 98
അതല്ല, ദിനമിപ്പോളുദിച്ചതു"
മത്തന്മാരുടെ സംസാരമല്ലിതു" 99
നിങ്ങൾ കൊല്ലിച്ച മിശിഹാ തമ്പുരാൻ
തന്റെ റൂഹായെ ഇപ്പോളിറക്കി താൻ 100
നിവ്യന്മാരിതു മുമ്പിലറിയിച്ചു;
അവർകളുടെ വാചകം നോക്കുവിൻ. 101
അപ്പോൾ വന്നിപ്പോൾ വിസ്മയം കാട്ടുന്നു.
പ്രിയത്തോടു മിശിഹായെത്തേറുവിൻ 102
കൺതുറന്നു കണ്ടീടുവാൻ കാലമായ്
ചെയ്തതുമിപ്പോളുറച്ചുകൊള്ളുവിൻ 103
കാരുണ്യത്തിന്റെ കാലമിപ്പോളുണ്ട്
നിരുപകാരമതു കളയല്ലെ" 104
അതു കേട്ടിട്ടു മൂവായിരം ജനം
സത്യവേദവും ബോധിച്ചു സത്വരം 105
ശ്ലീഹാന്മാർ സത്യവേദം നടത്തുവാൻ
മഹീതോറും നടന്നു പലവഴി 106

ദേവമാതാവിന്റെ വ്യാകുലപ്രബന്ധം

— (*) —

അനന്തദൈവം ഗുണസർവ്വമൂലം 1
മനുഷ്യവർഗ്ഗം പ്രതിമാർദ്ദവത്താൽ
പിറന്ന ദീനന്ധരയിൽ നടന്നു
നടത്തി വേദം ദുരിതം കളഞ്ഞു.

മുപ്പത്തിമൂന്നു വരിഷം കഴിഞ്ഞി- 2
ട്ടീലോകമോക്ഷാന്തരവും കഴിച്ചു

കരിശിലേററു തൻദുഃഖമേററം
സ്വകീർത്തിഹീനം ബഹുസങ്കടത്താൽ

ഈ ദുഃഖമെല്ലാം മനസാ സഹിച്ചു 3
സ്വപ്രാണയാത്രാ സമയം ഭവിച്ചു
കരിശട്ടക്കെ തന്നയാന്തികത്തിൽ
ദുഃഖാബ്ധിയിൽ താണു വധൂവിശിഷ്ടം

കോപിച്ചു കാററാളവുമേറി കപ്പൽ 4
പന്തെന്നപോലെ കടലിൽ കളിക്കും
താഴ്ത്തും തിരാപൊക്കമെഴും ക്ഷണേന
പായും പറിക്കും മരവും തകർക്കും

അപ്പോലെയുണ്ടായതു കാലമാധി 5
ഉള്ളിൽ ധരിച്ചുള്ള വിലാസമായി
പകൽ മറച്ചിട്ടതി വർഷമോടും
സമന്തതോ വാർത്തിള കണ്ണുനീരു്

ശോകാമറസ്സും ജലഗർഭമാലാ_ 6
വശാദ്ഭുതമ കൺപ്രഭയൊക്കെമൂടി
മിന്നൽ പിണർപോലൊരുനേരമമ്മ
സ്വപുത്രനെ നോക്കി വിഷാദമോടും

ആകാംക്ഷയാലും സരസോവിമേലാൽ 7
കഴുക്കകൊണ്ടാകുമ മെന്നപോലെ
മുഴുത്ത ദുഃഖം ഹൃദയെകമുള്ളി
ജീവൻ നിലാപങ്കിലതാം ധരിച്ചു

എന്നാപ്പിതാവൊക്കവെ നിർവ്വികാരം 8
കല്ലിച്ചതെന്നമ്മയുമെത്തനേരം
സമുന്നമദ്യോ മലയെന്നപോലെ
ഉറച്ചുനിന്നു സ്വ മഹാവിഷാദെ

നിരൂപണാവാഗ് നിയതം ഭവിച്ചു 9
തിരിച്ചു തച്ചിത്തഗതം സമസ്തം
മിണ്ടാതെ സാരം സ്വമനസ്സപ്രകാരം
കൊഞ്ചിച്ചു ദുഃഖം സുതദുഃഖമൂലം

എന്നാത്മനാഥാ! പ്രിയമേകമെന്തേ 10
സ്വപ്രദേശാൽ പരദേശിയായി!
സൽപുത്ര! നീ ഹിംസകളുമിപ്പുക്ക്
ദയാവിഹീനം ഭ്രമനീതനായി!

മോഷാന്തമിഷിച്ചു പിതാമഹന്മാർ 11
സർവ്വേശ നിന്റെ വരമാഗ്രഹിച്ചു
തത്സന്തതിക്കും രിപു വൈരമായി
അതിക്രമിച്ചു പ്രതിഘാതകന്മാർ

സദൃഷ്ടപൂർവ്വം കരുണാവകാശം 12
അദൃഷ്ടപൂർവ്വം കരുണാവിരോധം
അനുഗ്രഹം രശ്മികളെറെവീശി
അന്ധത സ്വാമാറവും ചമച്ചു

കഴിഞ്ഞകാലത്തിലഭൂതമായ 13
നിന്റെ ദയയീസമയം വിളങ്ങി
നിനക്കുപുത്ര! പ്രതിയോഗി ഭാഗ്യാൽ
പ്രിയാവകാശം പ്രിയനാശമാക്കി

ബുദ്ധപ്രമണീയളവും കഴിഞ്ഞു 14
അർത്ഥത്തിനററം വരുമെന്നമില്ല
പോരായതെല്ലാം രിപു വൈരിദാഹം
നിൻചോരയാൽ തീർപ്പതിനുള്ളുറച്ചു

നിന്നേയുമെന്നാത്മജ! നീ കൊടുത്തു 15
ബുദ്ധപ്രമന്മാരിലതുല്യനിശോ
ആ ചെയ്തതിന്നന്തരമെന്തു പിന്നെ
കൈരണ്ടുമല്ലോ വിദയം തളച്ചു

മഹാശ്രമത്താൽ കൃഷിചെയ്ത പുത്ര, 16
വിത്തിൻ വിശേഷം ഭുവി നീ വിതച്ചു
വിതച്ചബീജാൽ ഫലിതം രസോനം
മുളച്ചുമുള്ളും ചരണത്തിലേററു

നിന്റെ നിലം വാഴ്‌വതിനാമം വരുത്തി 17
കൊടുത്തുദ്രവ്യം നിലവും പ്രഭൂതം

അതിൻ ഫലം സർവ്വമയക്ഷമാനം
ചെയ്യപ്രിയാനസ്മരണം വഹിച്ചു

ആ സ്വാമിയെ കേതികളഞ്ഞു നീചർ 18
ആ നാടവർ കാട്ടുചമച്ചുതീർത്തു
മുതൽ പറിച്ചു പ്രളഹിംസയോടും
വിശിഷ്ടരാജ്യം പരാധീനമാക്കി

നീ ശിക്ഷകൻ ശാസ്ത്രരഹസ്യമാകെ 19
ലോകം പഠിപ്പിച്ചിതെല്ലാം കളഞ്ഞു
ശിഷ്യർ പുനശ്ശാസ്ത്രമെടുത്തു ശത്രു
ഭാവം ധരിച്ചാർ ഗുരുവാശ്രമത്തിൽ

തല്ലക്ഷീണം ജീർണ്ണവചസ്സുകെയ്യും 20
വാളും കയററി ദ്രവബലമാക്കി
തമ്മെലീ ദുഷ്ടകപോലഭാഗേ

അടിപ്രധാനം സ്തുതിഭാസനങ്ങൾ 21
തപസ്വിശ്രേഷ്ഠൻ തപസാ ഭരിതീയൻ
നിർല്ലേശഗാധം മനസാഗ്രഹീതം
ചക്ഷുസ്സുകൾക്കററമടുത്ത ബന്ധം

മനോഗതവ്യാധ്യമിതം വചസ്സാൽ 22
സ്വരൂപപുഷ്പം ഭുവനപ്രകാശം
ഹാ പ്രീതപുത്രം ക്ഷമയാ പവിത്രം
പ്രസൂനജാതം മധു വണ്ടുപോലെ

നിൻദേഹരക്തം രിപുപീതമായോ! 23
പൊന്നെന്നപോലെ തപനം സഹിച്ചു
അയോഘനംകൊണ്ടടനാഹതൻ നീ
നിന്റെ സ്വരൂപം മലഹീനമല്ലോ

സമസ്തരൂപം പുനരെന്തതാകെ 24
ഭൂതേശരൂപൻ ശീഘ്രമൊഴിച്ചല്യൻ
അത്യന്ത ശുദ്ധൻ മമ ചിത്തലാല്യൻ
നിന്റെ ശരീരം അടിയാലെ ചീന്തി

അതിക്രമത്താൽ ശിഥിലീകരിച്ചു 25
പ്രഭാകരൻ സൂര്യനിലേററമീശോ
അനന്തലോകേ ദിനമാവഹിക്കും
ഭയങ്കരം തൻഗ്രഹണം സ്വകഷ്ടം

എന്തിങ്ങനെ നിൻപ്രിയനസ്തമിച്ചു 26
ആകാശമിപ്പോൾ സഹപീഡയെപ്പോൽ
കറുത്തവസ്ത്രം സഹിതം ധരിച്ചു
ധരാ ജ്വലത്വം സഹിയാത്തവണ്ണം

ഫലത്വമേററവുമുൽഭ്രമിച്ചു 27
പൊളിഞ്ഞു കല്ലും മലയും വിറച്ചു
അജ്ഞാനസൃഷ്ടിപ്പുകളാധി പൂണ്ടു
ഈ ഭൂമിയിങ്കൽ ജനവും ശിലാത്വം

പ്രാപിച്ചു ജനം കരുണാഹതത്വാൽ 28
നീ മന്ത്രിപോൽ ചൊന്നു കൊടുത്തുബോധം
നീ ബന്ധുപോലാധികളഞ്ഞുപോക്കി,
പിതാവുപോൽ നീ നിയതം വളർത്തി

മാതാവുപോൽ നീ ഉചിതത്വവാനായ്" 29
മനുഷ്യതാം ബലി വെളിവുറച്ചു
വിശ്വസ്തബന്ധുത്വമൊഴിച്ചു പിന്നെ
പുത്ര സ്വഭാവം ദുരിതാഗ്രഹത്താൽ

കഴിച്ചു ദുഷ്ടൻ സമനഷ്ടഭാവം 30
ഭയാനകത്തു പ്രകൃതിപ്രവൃത്തി
എടുത്തു നിന്റെ രുധിരം ധരിച്ചു
ക്ഷമിച്ചു നീ ഭൂതലമാർത്തിപൂണ്ടു

നാശോന്മുഖമെന്നത്രയുമുള്ളതാം മേ 31
ആകാശ ദീപപ്രളയം വരാതെ
വെളിവു നൽകുന്നതിനൊന്നു മൂലം
കോപിച്ചു മേഘസ്തനിതം വിനീതി

പ്രാപിച്ചതിപ്പോളിളകാത്തതെന്തു"? 32
ആയുസ്സുതന്നെ സ്വരധീശ്വരന്ന്"

ആയുസ്സു പാപി ക്ഷിതിയിൽക്കളഞ്ഞു.
ആ മോക്ഷനാം ദുഷ്കൃതമെന്നുറച്ചാൽ

തത്സാമ്യമെന്തശ്രുതമുള്ളകാലം 33
അനന്തമേവ പ്രതിഘാതകത്തി.
നന്നന്തമോക്ഷം സമബന്ധബന്ധ
ഈ മൂന്നുകൂട്ടം കൃതനിർവ്വികാരം

നീരൂപിയാതെ വൃജിനംതികച്ചു 34
മനോഭ്യരാക്രിയകളൊക്കെയേവം
നിന്നോടുകാട്ടി സ്ഥിരദുഷ്ടരാവാൻ
ദൈവൈകപുത്ര ക്ഷമയാസമുഖം

മാലാഖമാരെ വരുവിൻ സഹായം 35
എന്റെ സുഖം ജീവന ഇല്ലുരതാം
ഇദശോതമാഖ്യം പറയുന്ന നേരം
ഇരണ്ടുനേത്രം ബലഹീനദേഹം

നിന്നോടുകൂടെ ഗമനം ഇടങ്ങി 36
എന്റെ സുഖം നീ പരനാൽ മനസ്സിൽ
ആനന്ദലാഭം മമ ഭവ്യമില്ല
നിൻജീവനിപ്പോം മരണം ഗമിച്ചു

തപയാവിനാ ഞാൻ ശവമായ് ചമഞ്ഞു 37
എല്ലാം കൊടുത്താൽ വിലയാവലഭ്യം
മേ പുത്ര നീ തെറമിനിക്ക പോയാൽ
വലഞ്ഞ ഞാൻ സന്തതവും മനസ്സും

മട്ടീവിധം തല്പരമെത്രമാകും! 38
നിൻകല്പനാ സർവ്വവശംസപരിശാ
മാലാഖമാർ നിൻപ്രിയമെന്തനാകും!
എന്തിന്നിതൊക്കെ സുത! നീ ക്ഷമിച്ചു

ഒരക്ഷരംകൊണ്ടിതു മാറുമല്ലോ 39
ദോഷക്ഷതം പോക്കുവതിൻ ചികിത്സ
ചെയ്യാൻ സമർത്ഥൻ ക്ഷിതിയെ പ്രവിഷ്ടൻ
നിന്റെ ശരീരം സകലം മുറിഞ്ഞു

തളർച്ചയും ദുർബലവും മുഴുത്തു 40
നിന്റെ ക്ഷതംകൊണ്ടു ക്ഷതം ശമിക്കും
നിന്റെ ക്ഷയത്താൽ ക്ഷയവും ക്ഷയിക്കും
കൊള്ളാമതിൻ ലാഭഫലം രസിക്കും

ആ മാനുഷർ വൈരികളെന്നസഹ്യം 41
ഭൂലോകമൊക്കം കഴുകീട്ടാനായ്
നിന്റെ ശരീരം രുധിരം കൊടുത്തു
നിന്റെ ശ്രമം പാപിയുടന്തരാന്ത

കുളിക്കമെച്ചുറ്റിലാപ്പുറത്തു 42
മനുഷ്യവർഗ്ഗം പ്രതിഫലിത്തമാഹം
നിന്റെ വിനാശം ഫലവും സുഭദ്രം
പാവംകളഞ്ഞു പ്രിയ ഭാജനമാം

നന്നാകുമെന്നോ മനസിൽ ഗ്രഹിച്ച് 43
എല്ലാമറിഞ്ഞിട്ടറിയാത്തപോലെ
സ്നേഹം ഭവിപ്പാൻ പരിതാപമേറ്റു
പാപികടങ്ങൊന്നും വീട്ടുവാനം

ചോരൻ യഥാ ദുഷ്കൃതപാത്രമായി 44
നിന്റെ ക്ഷമകാര്യ സമസ്തമാകെ
വരുത്തിയാലും ഫലമൊപ്പമോ ചൊൻ
ഈ പൂന്നലോകം നരവർഗ്ഗമൊക്കെ

പങ്കം സമസ്തം മണിരത്നവും നി 45
നിൻദർശനം സ്നേഹതമസ്സുനീക്കി
കൈകെട്ടി നിന്റെ ചമയം പറിച്ചു
നിൻസൌമവും ചോരയുമൂരിച്ചു

സുതാപവും സുശ്രമവും വരുത്തി 46
നിന്റെ പ്രിയത്തിൻ ചമയം വിശേഷം
കാണംവിധം കഷ്ടമതെന്നുന്നാം
പട്ടുംതലയിൽ മുള്ളുമുള്ളരന്നും

വള്ളുമുഖത്തിന്നടികൊണ്ടനീലം 47
കൈരണ്ടുമാണിത്തുള്ളയാൽ മുറിഞ്ഞു

സർവ്വാംഗമൊക്കെ ക്ഷതമായ്ച്ചമഞ്ഞു
നിന്റെ പ്രിയത്തിൻ നിലയെന്തുവാനോ

വിലാവു കുന്തം മുനയാൽത്തുറന്നു 48
നീയോടിപ്പോരമെന്നോരു ശങ്കയാലോ
ഇരുമ്പു നിന്റെ ചരണേ തറച്ചു
നിൻ സ്നേഹസാദ്ധ്യം രിപു ബാദ്ധ്യവാലേ

കഴിച്ചതെല്ലാമനുകൂലമായി 49
മഹാതലക്കത്തെഴു നിർവ്വികല്പം
വരുത്തി രക്ഷാനിയമം വിചാരം
ഈ കുന്തിനാൽ ദുഷ്കൃതമററുപോകം

ധർമ്മം പരക്കം ഗുരുവും മവിക്കം 50
മനോജ്ഞാനന്തം തമസാവിരൂപം
കടാക്ഷമൊന്നും പ്രിയയോടുകൂടെ
നീ നോക്കമെങ്കിൽ നയനം തെളിഞ്ഞു

കാണും ഗുണം ദുഷ്കൃതവും സ്വരൂപം 51
ഞരെയ്യക്കളെല്ലാം മരിതാന്ധകാരം
കണ്ണീരുകൾകൊണ്ടു വരും വിശുദ്ധി
തപ്പാഴ്ചയാൽ ശിഷ്യനറിഞ്ഞുറച്ചു

സ്വദുഷ്കൃതം കണ്ടു കരഞ്ഞുപോകി 52
സർവ്വം മവിപ്പാൻ വശമുള്ള നാവേ
മിണ്ടാത്തതെന്തുത്തരമെന്നു ചൊൽക
ദോഷം പൊറുക്കാ നരസങ്കടങ്ങൾ

എല്ലാമൊഴിപ്പാൻ മതിവാക് പ്രമാണം 53
നിൻവാക്ക ജീവൻ ഗുണവാഹമായ
സർവ്വൗഷധം സൽഗുണകാരണം നീ
മിണ്ടാത്തതെന്തോ ക്ഷയകാലമായി

നിന്നാലുപായം ഭുവനാദികൾക്ക 54
മിണ്ടാത്തനേരം കൃതകർമ്മമേറ്റു
മിണ്ടുംവിധൗ താൻ തനമീധരിച്ചു
പാപം ക്ഷമിച്ചു ച്യുതമർത്ത്യരാത്തി

ഉൾക്കൊണ്ടു വേഗം വരുവിൻ സമീപേ 55
പാപികളേയും നീക്കിയടുത്തുകൊൾക
മൃത്യുവുണ്ടെന്നുള്ള് ബോധമൊക്ക
ആട്ടിൻഗുണംപോൽ സുമൃദുസ്വഭാവം

കണ്ണെത്തുമിപ്പോൾ കഠിനം സ്വരരെ
വിശ്വാസസത്യം മനസി ഗ്രഹിക്ക 41
ചൊന്നാലുമിപ്പോൾ കരുണാവകാശം
സിംഹം യഥാ ശങ്കിതനാകമീയാൾ

ഭയങ്കരം നീയുടനെ വരാഞ്ഞാൽ
ദുഃഖം തലോചായ്ച്ചുവന്നുവാരമോടും 42
നീ ചെയ്യതെല്ലാം ദയയാൽപൊറുക്കും
അഴിഞ്ഞു ചിത്തം വരിക പ്രിയത്താൽ

നിൻവൃത്തികൾക്കുത്തരമെന്തു കാൺക
കൺകൊണ്ടുപോക്കും തഴുകം വരുമ്പോൾ 43
അമ്മേ പ്രിയം കണ്ടഴിയാത്തതെന്തേ?
ഉള്ളംമുറന്തു ചതിയൊട്ടുമില്ല

തൻ ചങ്കിലും ചേർപ്പതിന്നാശയുണ്ട്
അതിന്നു യോഗ്യക്രിയകൾ നിനക്കു- 44
മില്ലെന്നതോർത്തൽ ചരണം പിടിക്ക
ഇക്കാൽ ഗ്രഹിച്ചാൽ കഴുകും കൃതത്തിൽ

കരയത്തിൽനിന്നു വരുന്ന രക്തം
ശ്വേതസിംഹാസന പുണ്യദേഹം 45
ചെല്ലുന്നു ഞാൻ സർവ്വ മനഃപ്രിയത്താൽ
നിൻഘോരയാൽ ഭൂമി നനഞ്ഞകാലം

മയം ധരിക്കും സുകൃതം ഫലിക്കും
നിന്റെ കരതം മിന്നിയ പത്മരാഗം 46
ദൈവവിൻ ജനത്തിൽ സുഖമാവഹിക്കും
ആമിതൃനേക്കാൾബുദ്ധരശ്മിയാലും

അറംവരാതെ സതതം വിളങ്ങും
ചെയ്തോൻ സുതന്റെ മുറിവാൽ മരിഞ്ഞു 47

തൻമൃത്യുവാലും മരണം വരിച്ചു
ശത്രുവിൻബലം കെടുത്തിതിൻ സഹായം
മോക്ഷത്തിലെ വാതില്ക്ക നീ തുറന്നു
ഞങ്ങൾക്കാമലയിൽ സുഖലാഭമാവാൻ 48

ഈവണ്ണമെന്ന പ്രിയമോടു ചൊന്നാൻ.
ആ രണ്ടു ദുഃഖം നിയതം മനസ്സിൽ
നമ്മെ ഗ്രഹിപ്പിച്ചുതരേണമമ്മേ.

ഒന്നാംപാഠം

— (*) —

സത്വരം=വേഗത്തിൽ, ശോഭാനിധേ=ശോഭക്ക് ഇരിപ്പിടമേ, എന്മനസ്സുമസ്സൊകെ=എന്റെ മനസ്സിലെ ഇരുട്ട് (അറിവില്ലായ്മ) മുഴുവനും, വാനവർ=ദേവന്മാർ, ഇത്ഥം=ഇപ്രകാരം, റമ്പാന്മാരുടെ=വലിയവരുടെ (ഒരു സ്ഥാനം), സംഘം=കൂട്ടം, വർദ്ധനൻ=വർദ്ധിപ്പിക്കുന്നവൻ, അഗ്രേസരൻ=മുമ്പൻ, തപോനിധി=താപസൻ, ഗുണാന്വിതൻ=ഗുണത്തോടുകൂടിയവൻ, വാരം=ആഴ്ച, സാരസ്യം=രസത്തോടുകൂടിയിരിക്കുക, സാദം=തളർച്ച, സമ്പൂർണ്ണമംഗലൻ=നിറഞ്ഞ മംഗളമുള്ളവൻ, അനാദി=ആദിയില്ലാത്തവൻ, സ്വസ്ഥാനനാഥൻ=സ്വർഗ്ഗസ്ഥിതൻ, അദ്വയൻ=ഏകൻ, അനരൂപരൂപവും=രൂപമില്ലാത്തവൻ, തീട്ടതി=ദുഃഖം, ഭൂതമായി=സംഭവിച്ചത്, ചിത്രചിത്രം=ആശ്ചര്യം, തദാ=അപ്പോൾ, അക്ഷയം=നാശമില്ലാത്തത് (ഉത്ഥാനം ചെയ്ത ആത്മാവിന്റെ ഗുണങ്ങൾ), ദീപ്തി=പ്രകാശം, ലഘുത്വം=ഏററവും, സൂക്ഷ്മം=സാധാരണ കണ്ണുകൊണ്ടുകാണാൻ സാധിക്കാത്തത്, ധീ=ബുദ്ധി, സ്വസാദൃശ്യം=തന്റെ സാദൃശ്യം, പരൻ=ശ്രേഷ്ഠൻ, അവനിയതിൽ=ഭൂമിയിൽ, വലയുംവിധൌ=വലയുമ്പോൾ, ഭൂതത്രാണത്തിന്=ഭൂമിയിലുള്ള മനുഷ്യരെ രക്ഷിക്കുന്നതിന്, ഭൂതനാഥൻ=ജീവജാലങ്ങളുടെനാഥൻ, സതതാനന്ദം=എപ്പോഴും ആനന്ദത്തോടുകൂടിയ, മേ=എനിക്ക്, എന്റെ, അസമേശൻ=അതുല്യനായ ഈശ്വരൻ, അഖിലേശ്വരൻ=എല്ലാററിന്റെയും ഈശ്വരൻ, നിന്ദാഭാജനം=നിന്ദക്കുപാത്രം, നി

രാമയം=ദുഃഖംകൂടാതെ, അധോലോകം=താഴെയുള്ളലോകം, നിഷ്ഠൂരികാം=ദുഷ്ടന്മാർ,

അറാത്തായിൽ

വാരി=വാരിയെല്ല്, നീരസ്യം=രസമില്ലായ്മ, വ്യോമം=ആകാശം, വ്യാഘ്രം=പുലി, നക്ര ചക്ര മകരാദി=മുതല മത്സ്യങ്ങൾ, കാകനി=പച്ചയും പഴുത്തതുമായ ഫലങ്ങൾ, ഖേദം=ദുഃഖം രിപു=ശത്രു, പൈ = വിശപ്പ്; അൻവിരോധിത് = ഭയത്തോട അക്ഷിഗോചരം=കണ്ണിന്റെ വിഷയം, ദാനം=കൊടുക്കപ്പെട്ടു, ഉത്സവം=ദാനം, ഭ്രമം, നിർവ്വിശേഷം=വിശേഷത്തോടു കൂടാത്തത് ഉൽപ്പത്തി=ചിത്തസ്ഥിതി, അനന്തരം=പിന്നീട്, നാസ്തി=ഇല്ല താപവാരി = ചുടുകാരുന്ന വെള്ളം, അസുരകാം = അസുരന്മാർ

രണ്ടാം പാഠം

പെൺകല മൗലി=സ്ത്രീവംശത്തിന്റെ അലങ്കാരം, ഖിന്നരായ്= ദുഃഖിതരായി, നിസ്സാരഹിതരായ്=സാരമില്ലാത്തവർ, മംഗലനാദം=മംഗലമായശബ്ദം, പത്രവസ്ത്രം=ഇലകൊണ്ടുള്ള വസ്ത്രം, വചിച്ചു=പറഞ്ഞു, പ്രസൂതി=പ്രസവം, മൃഗവാസം=മൃഗങ്ങൾ താമസിക്കുന്ന സ്ഥലം, ഇഷ്ടവാരിധി=ഇഷ്ടങ്ങളുടെ സമുദ്രം, ദയാലാഭം=കരുണ ലഭിക്ക, തവ=നിന്റെ, ആർത്തി=ദുഃഖം, അവധിഹീന=അറുതിയില്ലാത്ത, ത്രാണം=രക്ഷ, ജനനിഭൃത=ജനത്തിൽ ഉള്ളവ, ലോകൈകനാഥൻ=ലോകത്തിന്റെ ഏക നാഥൻ

മൂന്നാം പാഠം

വൃഷ്ടി=മഴ, സൂര്യാഗ്രേസര പ്രത്യക്ഷനക്ഷത്രം=ഉഷാകാലനക്ഷത്രം, അഹസ്സ്=പകൽ, ദ്രുതം=വേഗം, ഘനവാഹമേഘം=ഘനം വഹിക്കുന്ന മേഘം, ചിത്താപഹാര = മനസ്സിനെ അപഹരിക്കുന്ന, സ്ത്രീഷു=സ്ത്രീകളിൽവെച്ച് ശ്രേഷ്ഠാ, നൈർമല്യം=പരിശുദ്ധി, ഭാജനം=പാത്രം, കാപ്പാനായി=രക്ഷിക്കാൻ, സച്ചിന്നിധി=സച്ചിത്തിന്റെ നിധി, സർവ്വഭൂതർ=എല്ലാ ജീവജാലങ്ങളും, ബുദ്ധിപ്രഭാ=ബുദ്ധിയുടെ പ്രകാശം, ദൈവമംഗലം=ഈശ്വരന്റെ നാമം, ശ്രേണി=കൂട്ടം, നിയതി=നിശ്ചയം, ചേതസി=മനസ്സിൽ, ഘൃതം=നെയ്യ്, ഘൃണാ=കരുണ, മുഷ്കരൻ=ശക്തൻ, വൃന്ദം=കൂട്ടം, ഋ

ശുശ്രൂഷയാ=ശുശ്രൂഷകൊണ്ടു്, സർവ്വശസാക്ഷിണി=ഈശ്വരന്റെ സാക്ഷി, ഉപേക്ഷാപേക്ഷ=ത്യജിക്കലും ആശ്രയിക്കലും, ശങ്ക=സംശയം, ദ്യോവിൽ=ആകാശം, സ്വർഗ്ഗം, നിർവ്വൈഷമ്യ=വൈഷമ്യം കൂടാതെ, ശില്പമായാക്കെ=ഭംഗിയായിട്ടു്, ചിൽപുരുഷൻ=ജ്ഞാനസ്വരൂപൻ,

നാലാം പാഠം

തുമ്പം=ദുഃഖം, അബ്ധി=സമുദ്രം, അദ്രി=മല, സരന്നിധി=സമുദ്രത്തിലുള്ളനിധി, മനീഷ്ടം=പ്രതിനിധി, ദൃത്യം (ദൗത്യം)=ദൂതന്റെ പ്രവർത്തി, ദത്തം=കൊടുക്കപ്പെട്ട, ഏകത=ഏകഭാവം, വ്യത്യാശ=പ്രവൃത്തിയിലുള്ള ആഗ്രഹം, സദുപായ=നല്ലവഴി, അഭൂതപൂർവ്വം=മുമ്പു് ഉണ്ടാവാത്തതു്, ആലാഹാ=ദൈവം (സുറിയാനി) വൃദ്ധത=വാർദ്ധക്യം, മനു=മനുഷ്യൻ, നരാദി=മനുഷ്യൻ തുടങ്ങിയ ശ്ലാമ=സമാധാനം (സുറിയാനി), കന്നി=കന്യക, സ്നിഗ്ദ്ധഭൃത്യർ=സ്നേഹമുള്ള ഭൃത്യൻ, ക്ഷുത്തു=വിശപ്പു്, ഉദരസ്ഥ=ഉദരത്തിലുള്ള സൂതിമാസം=പ്രസവിക്കുന്നമാസം.

അഞ്ചാം പാഠം

നൂതനം=പുതിയതു്, ധരാധിപതി=ഒരു രാജാവു് (അതിന്റെ) ഗോഷ്ഠാനം=തൊഴുത്തു്, പഞ്ചവിംശതി=ഇരുപത്തഞ്ചു്, സൂര്യോപമാനം=സൂര്യനോടുതുല്യൻ, മേദിനി=ഭൂമി, സഞ്ചയം=കൂട്ടം, രജനി=രാത്രി, അമേയൻ=അളക്കുവാൻ വയ്യാത്തവൻ, അനന്തം=അവസാനമില്ലാത്തതു, നമനം=നമസ്കാരം, പൂർവ്വദൃഷ്ടശോഭാന്വിതം=മുമ്പുകണ്ട ശോഭയോടുകൂടിയ, പ്രസൂതി=പുത്രൻ, ഗാംഗേയം=സ്വർണ്ണം, ശാസ്ത്രോക്തം=ശാസ്ത്രത്തിൽ പറഞ്ഞതു്, ജാതം=ഉണ്ടായതു്, ക്ഷിതാവു്-ഭൂമിയിലുള്ള, താരം=നക്ഷത്രം, പുകിഴ്ത്തു=പുകഴ്ത്തി, സ്തുതിച്ചും, ആനനം=മുഖം, ദേവജൻ=ദൈവപുത്രൻ, പരൻ=ശ്രേഷ്ഠൻ, സുപ്രതീക്ഷാഗുണം=നല്ലപ്രതീക്ഷാഗുണം അകക്കാമ്പു്=മനസ്സു്, ജ്ഞാനദൃശാ=ജ്ഞാനദൃഷ്ടിയാൽ, ഭൂനരൻ=ഭൂമിയിലെ മനുഷ്യൻ, ദുഃഖാസി=ദുഃഖമാകുന്ന വാൾ, സ്നിഗ്ദ്ധൻ=സ്നേഹമുള്ളവൻ, തദ്ധേതു=ആകാരണം,

ആറാം പാഠം

പുരോഗാമി=മുമ്പിൽ ഗമിക്കുന്നവൻ, ആസ്ഥ=താല്പര്യം, ദുർഗ്ഗതി=ദുഃഖം, ഉന്നതാദ്രി=ഉയരമുള്ള മല, ദേവദത്തം=ദേവൻ കൊടുത്ത, ദുർമ്മതം=ചീത്ത അഭിപ്രായം, നരാമയം=മനുഷ്യന്റെ രോഗം, ശതപതി=ശതാധിപൻ, അക്ഷോഭ്യൻ=ഇളകാത്തവൻ, വ്യാധികൻ=രോഗി, പര്യങ്കം=കട്ടിൽ, ആടലോടെ=ദുഃഖത്തോടെ, തേററത്താൾ=വിശ്വാസം, ത്രാതാവ്=രക്ഷിതാവ്, ത്രിംശത്=മുപ്പതു്, അതീന്ദ്രിയങ്ങൾ=ഇന്ദ്രിയത്തെ കവിഞ്ഞതു്, നിഷ്പ്രകമ്പൻ=മാററമില്ലാത്ത.

ഏഴാം പാഠം

ദ്വാദശം=പന്ത്രണ്ട്, അർത്ഥഭാവം=സമ്പത്തിലുള്ള ആശ, അനഘം=പാപമില്ലാത്തതു്, ധാത്രി=ഭൂമി, ദൈവൈകത്വം=ദൈവത്തിന്റെ ഏകത്വം, ചേതസ്താപം=മനസ്താപം, പരാകൃതം=ഉപദ്രവം, ഭീവഹങ്ങൾ=ഭയമുണ്ടാക്കുന്നതു്, തോഷിക്കും=സന്തോഷിക്കും, ആർത്തി=ദുഃഖം,

എട്ടാം പാഠം

തൽകൃതം=അവൻ ചെയ്തതു്, നിർണ്ണയം=നിശ്ചയം, ലോകാർത്ഥം=ലോകത്തിനുവേണ്ടി, ആരണ്യം=കാട്, ദേഹി=ആത്മാവ്, ക്രന്ദനം=കരച്ചിൽ, മിഞ്ചൽ=ശേഷിച്ചതു്, ഭൂവാർത്ത=ലോകവാർത്ത, നാമാർത്ഥം=പേരിന്റെ അർത്ഥം, അല്ലൽ=ദുഃഖം, സുലോകം=നല്ല ലോകം, ഭൂമ്യന്ത്യം=ഭൂമിയുടെ അവസാനം, ഖേദാവല്യം=ദുഃഖം, ഏവം = ഇപ്രകാരം, വപുസ്സ് = ശരീരം, പ്രഭാവം = മഹാത്മ്യം, വേധാവ്=സൃഷ്ടികർത്താവ്, അഹം=ഞാൻ.

ഒമ്പതാം പാഠം

ഭ്രാതാവിന്നാമയം = സഹോദരന്റെ ദുഃഖം, ഉടയോൻ = നാഥൻ, ത്വൽപിതാവ്=നിന്റെ പിതാവ്, രന്ധ്രത്തിൽ=പഴുതു്, ത്രാതാവ്=രക്ഷിക്കുന്നവൻ, കല്മഷം=പാപം, വാസരം=ദിവസം, കൃതം=ചെയ്യപ്പെട്ടതു്, ആവഹിക്കും=ഏറ്റെടുക്കുക (ഉണ്ടാവുക), നരാധമൻ=നീചമനുഷ്യൻ, പ്രത്യർത്ഥി=എതിരാളി, നീചകൻ=നീചൻ, ഒട്ടുനേരമഭാഷയായി=കുറച്ചുനേരം മിണ്ടാതെ, വധൂത്തമം=ഉത്തമസ്ത്രീ, തദ്വിരോധം=അവനോടുള്ള വിരോധം, പ്രതിശ്രുതി=പ്രതിജ്ഞ.

പത്താം പാഠം

പുളിയാത്തപ്പം=പുളിക്കാത്ത അപ്പം. അക്രൂരം=ക്രൂരതയില്ലാത്ത, ദ്രുതം=വേഗം അന്തൎവ്വികാരം=ഉള്ളിലുള്ള വികാരം, അഗോചരം=കാണ്മാൻ സാധിക്കാത്തതു്, ദത്തമായ=കൊടുക്കപ്പെട്ട, തദ്രൂപം=അതിന്റെ രൂപം, യാമിനി=രാത്രി, മരണാധി=മരണദുഃഖം, പ്രേമോത്തമൻ=പ്രേമംകൊണ്ടു ശ്രേഷ്ഠൻ, ക്ഷതജം=രക്തം, സ്വേദം=വിയർപ്പു്, ജഗത്രയം=മൂന്നുലോകം, ത്രാണം=രക്ഷ, സൎവ്വസാമനിധി=എല്ലാനന്മയുടേയും ഇരിപ്പിടം, ഊഴി=ഭൂമി, നിൎമ്മരിയാദ=മര്യാദ ഇല്ലായ്മ, ദുഃഖാക്രാന്തം=വലിയ ദുഃഖം, ഖലൻ=ദുഷ്ടൻ, അഴൽ=ദുഃഖം, ഭൂമഹാദോഷം=ഭൂമിയിലുള്ള ദോഷങ്ങൾ,

പതിനൊന്നാംപാഠം

താമസി=ഇരുട്ടുള്ളരാത്രി, അന്ധകാരം=അധികമായ ഇരുട്ടു്, അല്ലൽ=ദുഃഖം, ആയകമുഖം=നികുതി,

പന്ത്രണ്ടാംപാഠം

ആണ്ടവൻ=ദൈവം, ദത്തം=കൊടുക്കപ്പെട്ടതു്, ധവളം=കാന്തം, വേൽ=ആയുധം, ചരണം=കാലു്, നിൎമ്മലാംഗി=നിൎമ്മലമായശരീരത്തോടുകൂടിയവൾ, തസ്മാൽ=അതുകൊണ്ടു്.

പതിമൂന്നാംപാഠം

വേല്ലനം=നടന, പേശി=പറഞ്ഞു, ഖേദമായി=ദുഃഖമായി, മനോസംഭ്രമം=മനസ്സിന്റെ സംഭ്രമം

പതിനാലാം പാഠം

പുരേ=നഗരത്തിൽ, പ്രാൎത്ഥിതം=പ്രാൎത്ഥിച്ചതു്, ഭൂമ്യന്ത്യത്തോളം=ഭൂമിയുടെ അവസാനംവരെ, പൎവ്വതാഗ്രേ=പൎവ്വതത്തിന്റെ ഉച്ചിയിൽ, അസ്തമഹത്വം=അസ്തമിച്ച മഹത്വം, പാവകരൂപം അഗ്നിയുടെ ആകൃതി, ദേവജൻ=ദേവപുത്രൻ.
പാനമത്തു്=കുടിച്ചതുകൊണ്ടുള്ള മത്തു്, നിരുപകാരം=ഉപകാരമില്ലാത്തതു്, മഹി=ഭൂമി.

വ്യാകുലപ്രബന്ധം

അദീനം = ദുഃഖം കൂടാതെ, ലോകദോഷോത്തര = ലോകദോഷത്തിന്റെ പരിഹാരം, ദുഃഖാബ്ധി=ദുഃഖസമുദ്രം, വധു = സ്ത്രീ,

സമന്തസ്സ്ഥിത = ചുററും, ജലഗർഭമേഘം = കാർമേഘം, സരസോവിഭേദാൽ=സരസിന്റെ പിളർപ്പുകൊണ്ടു്, നിരൂപണാവാഗ്=നിരൂപണരൂപമുള്ള വാക്കു്, നിയതം=നിശ്ചയം, സ്വാരസപ്രകാരം = സ്വാരസ്യം, ഹിംസകളൂമി = കൊലകളും, ദയാവിഹീനം = ദയകൂടാതെ, ഭ്രമനീതൻ = വിഷമിച്ചുകൊണ്ടുവരപ്പെട്ടവൻ, പിതാമഹന്മാർ = പൂർവ്വപിതാക്കന്മാർ, തത്സന്തതി=അവന്റെ സന്തതി, ദൃഷ്ടപൂർവ്വം,=മുമ്പുകണ്ടതു്, ബഹുപ്രദന്മാർ=ധാരാളം കൊടുക്കുന്നവർ, വിദയം=ദയകൂടാതെ, ബീജം=വിത്തു്, രസോനം=രസമില്ലാത്തതു്, പ്രഭൂതം=ധാരാളം, പ്രഭുഹിംസ=പ്രഭുക്കന്മാരുടെ വധം, ശസ്ത്രം=ആയുധം, അക്ഷീണം=ക്ഷീണം കൂടാതെ. അഞ്ജലി=കൂപ്പുകൈ, കപോലം=കവിൾത്തടം, ഭത്സനഭേദം=ചീത്തപറയൽ, മനസാഗൃഹീതം=മനസ്സിനാൽ ഗ്രഹിക്കപ്പെട്ടതു, മനോഗതവ്യഥയുമിതം വചസ്സാൽ=മനസിലുള്ള ദുഃഖംകൊണ്ടു ഇളവററ വാക്കുകൊണ്ടു്, പ്രസൂനജാതം=പൂക്കളുടെ കൂട്ടം, വിപുപീതമായി ശബ്ദകടിച്ചതു്, തപനം = ചൂടുപിടിക്ക, അയോഘനം=ഇരുമ്പിന്റെ കട്ട, ആഹതൻ=അടിക്കപ്പെട്ടവൻ, ശിശുമേഷം=ആട്ടിൻകുട്ടി, ചിത്തലാല്യൻ=മനസ്സിനാൽ ലാളിക്കത്തക്കവൻ, ജളത്വം=നാണമില്ലായ്മ, ചലത്വം=ചാഞ്ചല്യം, ഉൽഭ്രമിച്ചു=ഉള്ളിൽ പരിഭ്രമിച്ചു, കരുണാഹതത്വാൽ=ദയയുടെ പ്രവേശംമൂലം, ദത്തവാനായ് കൊടുത്തവൻ, ഭയോനജന്തു=ഭയമില്ലാത്ത ജന്തു, മേഘസ്തനിതം=ഇടിമുഴക്കം, വിനീതി=വിനയം, സ്വാധീശാരതേ=സ്വർഗ്ഗസ്വാധിപൻ അക്രുതം=കെടുക്കാത്തതു് പ്രതിഘാതകം=നശിപ്പിക്കുന്നതു വ്രജിനം=ദുഃഖം-പാപം, തദാഖ്യം=ആ പേര്, ത്വയാവിനാ=നിന്നോടുകൂടാതെ, വിലയാവഹം=നാശത്തിലും കിട്ടാവുന്നതു്, അഭ്യം = ഇഷ്ടപ്പെട്ടതു്, സ്വരീശൻ = സ്വർഗ്ഗനാഥൻ, പ്രവിഷ്ടൻ=പ്രവേശിച്ചവൻ, ക്ഷതം=മുറിവു്, സഹ്യം=സഹിക്കാവുന്നതു്, സുഭദ്രം=മംഗളം, ബാഷ്പം=കണ്ണു്, തമസാ=ഇരുട്ടിനാൽ, സ്വദുഷ്കൃതം=സ്വന്തം പാപം, ഭുവനാദികൾ=ലോകം മുതലായ, കൃതകർമ്മം=ചെയ്തപ്രവൃത്തി, ച്യുതമർത്ത്യൻ=അധഃപതിച്ച മനുഷ്യൻ, സുദൂരെ=വളരെ ദൂരത്തിൽ കൃതം=ചെയ്തതു്, പത്മരാഗം=ഒരുതരം രത്നം.

മരണപർവ്വം

അന്തഃഗൂഢമോർത്ത കേഴ്കമന്ദുരിക്കഹോ! 1
അന്തനരാമയ ധീചാരവം

ഭാഗ്യവിനാശന ഭീതി മഹാവ്യഥ! 2
ഭാഗമിതാർത്തിദ സമയമേ.

വിഷ്ടപേ നിയമമംഗലമില്ലതെല്ലാ- 3
മക്ഷാര്യമില്ലല്ലോ ഭൂമിനാഥ!

സുരാസുരമൊക്കെയുമടനൊടുങ്ങുവാൻ 4
കാരണമെന്തെല്ലാ? ഏതുമൂലം

ധരിത്രിയിൽ വാഴുവാനല്പകാലത്തിന്ന്- 5
മെല്ലുംവപുസ്സുടനെന്തിനോ

തനാകാശത്തിന്നാലോകസുഖങ്ങളെ- 6
ന്നാൻ സുഖിച്ചീടുവാൻ ജീവിച്ചതെന്നോ

ദശമുഖതാദികൾ സംഹതമായിട്ടുവാൻ- 7
സമയല്ലതിന്ന ക്ലേശിച്ചതെന്തോ

ഇപ്പുരവശത്തിലൊക്കെ വെടിയണം- 8
ഇപ്പാളെന്റെ ക്ഷണമടുത്തല്ലോ.

ഇന്ദ്രിയങ്ങളാലുള്ള മോദങ്ങളെ- 9
ഉപേക്ഷചെയ്തിട്ടു പൊയ്ക്കൊള്ളണം.

ഈ മേറുപാടതിരെത്രമേന്ന വേണ്ട- 10
തല്ലേൽദുഃഖമില്ല ഹാ! ഹാ! പാപം.

മിത്ര പ്രഭാ നിധിയസ്തമിച്ചീടിലും- 11
രാത്ര്യവസാനമുണ്ടായ് വരും.

രാത്രിമേജീവൻ ഭവിച്ചീടും വിധൌ. 12
ധാത്രിമുഖം പുനർഭവിക്കുമൊ?

വൃഷ്ടി വർഷിക്കിലും മൂർത്തിനം നീങ്ങിപ്പോം. 13
വർഷമൊടുങ്ങീട്ടു വേനൽവരും.

എന്നുടെ ചിത്തത്തിൽ വ്യാപിച്ച ദുഃഖങ്ങൾ- 14
പിന്നെയതുപോലെ തെളിയുമോ?

നഷ്ട ചന്ദ്രൻ പ്രഭാഹീനനായീടിലും- 15
പുഷ്ടമാകുമുടൻ പൂർണ്ണേന്ദുവായ്

ഘോരപ്രളയവിധി കഴിഞ്ഞിട്ടിനി- 16
സുഖമുണ്ടാകുമോ? മേ ദൈവമേ!

രസകാലം മമ ഭൂതലത്തിൽവരാ- 17
വാസമററതിലായ്ക്കഴിഞ്ഞിതിത്.

ക്ഷണമടുത്തു ജീവനമകന്നുപോം- 18
പ്രാണനെപ്പാർപ്പിപ്പാൻ കഴിവുണ്ടോ?

ഔഷധമൊക്കയും നിഷ്ഫലം സേവിച്ചു- 19
ഭിഷഗ്വിദ്യയ്ക്കാതുപായമില്ല.

ആമയശക്തിയാൽ ബലക്ഷയംകൊണ്ടു്- 20
കൊമ്മയിൽക്കൊള്ളുന്ന വായുമുട്ടി.

വാതപിത്തകഫനിലകൾനീങ്ങിപ്പോയ്- 21
തൾ്ശ്ലേഷ്മത്താലും ശ്വാസംമാറും.

ഗാത്രംതണുക്കുന്നു നാഡിസ്തംഭിക്കുന്നു- 22
ശീതസ്വേദമൊലിക്കുന്നിതയ്യോ!

നേത്രമിരുണ്ടു ജിഹ്വയും തടിച്ചുപോയ്- 23
ഇന്ദ്രിയമൊക്കെ വശംകെട്ടഹോ.

ദീർഘശ്വാസം വലിച്ചത്യന്തദീന- 24
പാർശ്വശം വലയിക്കുന്നിപ്പോൾ

പ്രാണനകലുവാൻ ലക്ഷണമായുള്ള- 25
ബന്ധമെല്ലാമുണ്ടു നാശമുടൻ.

ഭാസ്കരാഹസ്കര സൂര്യപ്രഭാകര- 26
ഭാസ്വന്നഹർപ്പതെ ഭൂദീപമെ!

ഇത്രകാലമെനിക്കളിച്ചു ശോഭിതൻ- 27
രാത്രി നാശംചെയ്തു ഗ്രഹപതെ.

നിത്യകാലത്തിന്നായസ്തമിച്ചീടുമൊ? 28
മാർത്താണ്ഡഭൃംഗമണെ! ചിത്രഭാനൊ!

ഇനിമേലിത്തവ രശ്മികൾകണ്ടു ഞാൻ 29
സന്തോഷിപ്പാൻ മമ ഭാഗ്യമില്ല.

മഹാഗ്ലാനത്താൽ രവിമോഹം വരുത്തിയ- 30
മഹീക്കശ്വാസമെ ശീതമേറും

ലയത്തിലൊപ്പാഴുമുത്ഭവിച്ചീടുന്ന- 31
വ്യയാവ്യയവികാരകാരമെ!

മേദിനി ചുഴവും നീ ഗമിച്ചീടുന്ന- 32
ആകാശമാർഗ്ഗം കഴിക്കുന്നിതയെ.

അബ്ദമാദിത്യൻ നീ മാസങ്ങൾ ഭേദിക്കും. 33
ഉദധിപാലനം ചെയ്തുകൊള്ളും.

നിന്നുടെ ശീതാംശു സൂക്ഷിച്ചു ഭാവിയിൽ 34
എന്നുടെ ദൃഷ്ടിതെളിവു വരാ.

ചന്ദ്രമാ നിൻ പ്രഭാ നഷ്ടമെനിക്കല്ലോ. 35
നിന്നെ മേലിൽ ഭുവി കണ്ടുകൂടാ.

എന്നുടെ ജീവിത കാലമീ ശാഖയിൽ- 36
ഇന്ദു നീയെത്തുവാൻ യോഗമില്ല.

സപ്തദിനങ്ങളെ വിശേഷിക്കുമതി- 37
പ്രതാപയുക്ത ഗ്രഹക്കൂട്ടമെ!

അംശുമാഹാത്മ്യ വിശേഷഭേദങ്ങളാൽ- 38
വിശിഷ്ടമെത്രയും സ്വരൂപമെ!

അഴകാകുംവർണ്ണം നിങ്ങളിലുകന്ന- 39
വഴിപിഴക്കാത്ത ബദ്ധപഥ!

നിങ്ങളുടെ ഭേദങ്ങൾകൊണ്ടു ഗ്രഹങ്ങളെ- 40
ദിനം വിശേഷിച്ചെൻ പലകാലം.

വയസ്സുകാലത്തിനെണ്ണം തികത്തുടൻ- 41
ആയുസ്സിനററവുമടുത്തിത.

മകുടരത്നംപോൽ നിങ്ങളാകാശത്തിൽ- 42
പ്രകാശിക്കുന്ന നക്ഷത്രങ്ങളെ.

നിങ്ങളുടെ കാന്തികൊണ്ടെന്നുടെ യാമിനീ- 43
പാങ്ങളൊ മേ തമസ്സകലുമൊ?

ഗഗനജീവനാം പക്ഷിസമൂഹമെ! 44
സുഗാനവാദിഖഗാവലിയെ!

നിങ്ങളുടെ സുസ്വരം കേട്ടാമോദത്തോടും- 45
സന്തോഷിച്ചേനഹം ബഹുകാലം.

വർണ്ണസ്വരൂപവും കണ്ടുസൂക്ഷിച്ചിട്ടു- 46
കൺപ്രസാദം ധരിച്ചിരുന്നു ഞാൻ.

എൻ പരിതാപത്തിൽ നിങ്ങൾ തണുപ്പിക്കും 47
അപായത്തിൽ മമ പീഡപോക്കും.

എന്നുടെ ഉദ്ധയിക്കാശ്വാസമാകുവാൻ- 48
ഇന്നു നിങ്ങൾക്കൊരുപായമില്ല.

ദുഃഖകാലങ്ങളിൽ ക്രൂരപ്പീഡിതരെന്നെ- 49
സഖിയുടെയേകിയോ തണൽപ്പുതി.

മമ നാശത്തിന്നു ദുഃഖഗാനത്തോടും 50
ഖമിൽ ഗമിപ്പൂ കരഞ്ഞു കൊൾവിൻ

കാകശിഖികളേ! ദ്രസ്ഥരമുള്ളവർ- 51
മേകാമതിതിയെ ചൊന്നീടുവിൻ

കരച്ചിൽ കേൾക്കുന്ന ഗാത്രവർ പീഡിപ്പതിൻ- 52
മരണത്തെവരെയൊന്നു കൊൾവിൻ

ഈ സമയം നിങ്ങൾക്കൊരു കാലം വരും- 53
ത്രാസം ധരിച്ചു പീഡിച്ചു കൊൾവിൻ.

ചഞ്ചൽമാരിയാം സിംഹാദി വൃന്ദങ്ങൾ. 54
ഗോളുരഗോരുമഹാകലമേ!

ഉപകാരം പല പല വിധങ്ങളിൽ- 55
സമ്പൂർണ്ണമാംവണ്ണം ചെയ്തു നിങ്ങൾ

തക്രവും ക്ഷീരവും ഔഷധം വ്യാധിക്ക- 56
ഭക്ഷ്യവും പാനവും മമ നൽകി

ഇത്രകാലം നിങ്ങളെന്നെ സേവിച്ചുവല്ലോ? 57
മേ താപാന്തരം കണ്ടു കൊൾവിൻ.

ജീവനെ രക്ഷിപ്പാൻ സാധിയാ നിങ്ങളാൽ- 58
മേ വേദനയ്ക്കന്തരം വേണ്ട.

ഖേദമിംഗം വരുവാൻ തന്മാത്രകമാം 59
ആദിത്യനാഗത വനം പോവിൻ.

മേഘങ്ങൾ തൊട്ടുനില്ക്കുന്ന മഹാദ്രികൾ- 60
അഗാധപരിവൃത വനങ്ങളേ!

നസ്ഥകെ വിവിധ പത്രങ്ങളോരോരോ- 61
രത്നങ്ങൾകൊണ്ട് ചമഞ്ഞപോലെ.

നിങ്ങളിലുയരവിച്ചീടുന്ന ശീതളം 62
നെഞ്ചംതണുപ്പിന്നു പോരയല്ലോ.

ചന്ദനമൊക്കെയുമൌഷധി വസ്ത്രവും- 63
ഹീനവീര്യമിനിക്കായിക്കാലം.

സസ്യങ്ങളൊക്കെയുമമ ഫലങ്ങളായ് 64
മനോവിഷയസാധനവും

ധാത്ര്യാമീദൃക്ദുഷ്ടന്മാരായിട്ടന്നിങ്ങളിൽ- 65
ഭൂതസുഖങ്ങളെ സ്മരിക്കുമ്പോഴം.

എന്തു പറയേണ്ടു? വേദന കാരണം- 66
ഇതായ്ചമഞ്ഞതിനിക്കെല്ലാ പാപം.

മൃഗയാകുശല സാരമേയദ്രവം 67
മൃഗ സംഭ്രമവും ദ്രവണവും.

മൃഗയാഘോഷങ്ങൾ നിലവിളികളും- 68
അഗസ്പൃഷ്ടമയുണ്ടായിരിക്കുമ്പോഴം.

ഈ രസമൊക്കെയും സ്വപ്ന ദൃഷ്ടം യഥാ- 69
സദ്യഃകഴിഞ്ഞനുതാപമുള്ള.

അപ്പുറം മൃഗങ്ങൾക്കു ഭവിച്ചു സംഭ്രമം- 70
ഇപ്പോളിനിക്കു ഭവിച്ചു നൂനം.

ധരണി താരങ്ങൾ ഭൂമിക്കു മണ്ഡനം- 71
ആരണ്യസൗന്ദര്യ പുഷ്പങ്ങളെ!

ഗഗനെ നക്ഷത്രം ശോഭിക്കുമെന്നപോൽ- 72
ഗഹനത്തിങ്കലും നിങ്ങളതെ.

പ്രസൂനസൗരഭ്യം ഘ്രാണിച്ചു ഞാൻ ബഹു- 73
മാനംധരിച്ചിട്ടു സന്തോഷിച്ചേൻ,

പുഷ്പജീവാല്പം മേ ജീവ രൂപം സമം — 74
പാപിയൊരിക്കലും ധരിച്ചില്ല.

അല്പിഷ്ടകാലത്ത പുഷ്പരൂപം; യഥാ — 75
രൂപവാനെങ്കിലു മഴകപോം

നിങ്ങടെ ജീവന കാലനായി വൃഥാ- 76
ഞാനെയ്യു പോലിനിക്കിതാ വന്നു.

മാലക്കാരൻ ശുഭപുഷ്പമറുക്കുന്ന- 77
പോൽ നരജീവനെ തഥാ മൃത്യു,

എന്റെ ജീവനിതാ ശുഷ്കപ്രസൂനമ്പോൽ- 78
വീണുപോവാനന്ത കാലമായി.

ചേതനാ രഹിതവസ്തുക്കളോടു ഞാൻ — 79
എന്തിന്നിവ പറയുന്നു മൃഷാ.

ഭൂതലത്തിൽ മമ സഖികളായോർ- 80
മേ താപമൊക്കെ ധരിക്കേണമേ.

എന്നെ സ്നേഹിച്ചു സ്നേഹിച്ചവർകളോട് - 81
മനസവ്യാധി കൊടുപ്പിക്കയുള്ളൂ.

ഉദാത്തമാത്മരായി സ്നിഗ്ദ്ധസഖികളെ - 82
എന്തിത്രവിധുര കാലമിപ്പാറാം.

കണ്ടുമെ സങ്കടം കേട്ടന്തതാപവും — 83
കൊണ്ടുടൻ ഖേദിപ്പാൻ നിങ്ങളുള്ളൂ.

അന്യോന്യ ഇഷ്ടികൾ ഞാൻ കളഞ്ഞ പല — 84
ദിനമിപ്പോഴും നിങ്ങളും വരുന്നുമോ?

അതീതകാലന്നിനപ്പിച്ചിരിക്കുമ്പോൾ — 85
സന്തോഷോന്നോത്തര കാലമിത്.

ഭീതിവ്യാപകങ്ങളും ഭാവികാലം തഥാ — 86
വർത്തമാനമതി ഖേദയുക്തം

ക്രീഡലീലകൾക്ക സഹായമായവർ — 87
പീഡയിലെന്നെ പിരിഞ്ഞിടുമോ.

സമ്പത്സമയത്തിൽ ബഹു സഖികളുണ്ടോ — 88
പത്തുനേരമൊക്കെയപ്പോകം.

ഞാൻ സഹായിച്ചവരെന്നെ വെടിഞ്ഞുപോയ് 89
എന്നെ തണുപ്പിപ്പാനാരുമില്ല.

മിത്രമഹാ വൃക്ഷത്തിൽനിന്നു ശേഷിച്ചു വാതം 90
പ്രിയന്മാരെ! ഞാൻ പോകുന്നേൻ.

നിങ്ങളോടുകൂടെ ക്രീഡിച്ചിരിപ്പതി— 91
ന്നിനി വിധിയില്ല കളിമതി

യാത്രയായി നിങ്ങളെ പിരിഞ്ഞുപോവതി— 92
നെത്രയും സങ്കടമപായം.

പോയെ മതിയാവു പാറ്റ കൂട്ടുന്നില്ല— 93
പോയെ മതിയാവു മടികിലും.

ഞാൻ മരിച്ചാലുമിനിക്ക മരിക്കണം 94
ഞാൻ മരിച്ചാലെനിക്കെന്തുവരും

മോക്ഷമുണ്ടാകുമോ ദുർഗ്ഗതി നാശമോ — 95
സാക്ഷാലറിയാതെ ഭ്രമിക്കുന്നേൻ

ഞാൻ വഴിപോകുന്നതു മുറച്ചില്ല— 96
സന്തതം ശ്രൂപമാഗ്രഹിച്ചേൻ

അന്ധകാരം മമ ചേതസ്സി വ്യാപിച്ചു— 97
അന്തചിന്താധിയാ സൂക്ഷിച്ചില്ല.

യാത്രയായ്പ്പോകുന്ന നീതല്ലോ ഗമനം— 98
നിൽക്കുന്നേൻ ഞാനിപ്പോഴും മരിപ്പാറായ്.

ഞാൻ പഥ ഗാമി നടന്നതൊക്കെമതി— 99
എന്നുടെ കപ്പലഴിക്കൽചെന്തു.

എന്നുടെ കപ്പലന്നത്തില്ലല്ലോ മമ— 100
മാനസികം മതം ധരിച്ചു ഞാൻ.

ബുദ്ധിതീതൃാനചിത വിസ്താരവാരിധി— 101
ബുദ്ധിപ്പോത വിനാശമാർഗ്ഗം.

വായു കല്ലോലങ്ങളേറെ കോപിക്കുമോ— 102
തോയധിലംഘനമെയ്യവേണം.

അനല്പയോഗ്യങ്ങളല്പകാലത്തിൽ ഞാൻ— 103
അനല്പമാർഗ്ഗവും കടക്കണം.

നടന്നവരില്ല വഴി കാട്ടീടുവാൻ— 104
കൂട്ടരുമില്ല പിഴച്ചുപോയാൽ.

എന്നിവ ചിന്തിച്ചു മനക്കാമ്പിലഴൽ— 105
നിറഞ്ഞു സംഭ്രമം ചെറുതല്ല.

പണ്ടു നടന്ന മെ വീഥിപ്രകാരങ്ങളോ— 106
കണ്ടവരിതാ വികാരം കാണ്മിൻ!

പൂർവ്വംകളിച്ചു ചിരിച്ചു നടന്ന ഞാൻ— 107
ദുർബ്ബലനായിപ്പോഴും ഖേദിക്കുന്നേൻ.

എന്നുടെ മുഖ്യമറിഞ്ഞവരെന്നുടെ— 108
ദീനതകണ്ടു പേടിക്കണമെ.

അഹഹാ! കൂട്ടരെ കണ്ടു നിശ്ചയിപ്പാൻ— 109
ഗഹപാതലോക സ്വഭാവമിത.

മാതാപിതാക്കളെ സഹഭ്രാതാക്കളെ— 110
ഏതുപ്രകാരം ഞാൻ പിരിയേണ്ടു.

താത ജനനിയെ നിങ്ങളെയോർക്കുമ്പോഴും — 111
ചിത്തമഴലുന്ന പിതാക്കളെ!

എന്നെ ജനിപ്പിച്ചു നിങ്ങടെ രോദനം— 112
ചിന്തിക്കുമ്പോഴും ദുരാധിക്കാരുമോ?

അത്യുന്നതികാം മമ മനസ്സിപ്പോ — 113
ഞെരുങ്ങുന്ന ഭാരമേറും?

നിങ്ങളെന്നെയാത്രയാക്കീട്ടിനിയിപ്പോൾ — 114
ഇനി എന്നാളും കാണ്മാൻകൂടാ

ഞാനീവിധിക്ക പിറന്നു ഭവിച്ചല്ലോ — 115
നിങ്ങടെ താപമൊഴിച്ചീടാമോ.

പോകുമെന്നു പറഞ്ഞു കേൾക്കിലോ — 116
പാർക്കണമെന്നപേക്ഷിക്കുകിൽ.

സ്നേഹാനുരാഗമെനിക്കുണ്ടെങ്കിലും — 117
ഇവിടത്തുടരുവാൻ വകയുണ്ടോ?

യാത്രയാക്കീടുവാനെന്നെ ദുഃഖം മമ — 118
ചേതസി പൂരിപ്പവാങ്ങിയകാലവിന്.

രാജാവിൻ നിങ്ങളെക്കണ്ടുമരിക്കുകിൽ — 119
ഇന്നാട്ടുജനമിളകീടും.

മമ ഭ്രാതാക്കളെ നിങ്ങളോടുകൂടെ — 120
മമ വാസം കഴിഞ്ഞുപോകുന്നേൻ.

സ്നിഗ്ദ്ധരാം നിങ്ങളെ ഉപേക്ഷിച്ചീടുവാൻ — 121
വിധി കൂട്ടുന്നതതിക്രമമേ!

നിങ്ങളും ഞാനുമൊന്നിച്ചു വസിച്ചിട്ട് — 122
അനന്തരകാലത്തോടു ചേർന്നനായ്.

അതിപ്രിയം നമ്മിൽ നന്നായി വളർന്നു — 123
ഇതുവരെ ഭിന്നതയൊന്നുമായില്ല.

നമ്മെ രണ്ടാക്കുന്ന നിഷ്ക്രമോപായമം — 124
അമിതം വാക്കിനാൻ ഭാഗ്യമുട്ടി.

എങ്ങോട്ടു പോകുന്നുവെന്ന ചോദിക്കുകിൽ — 125
എന്തുപറയേണ്ടു അയ്യോ! പാപം!!

എവിടത്തിൽനിന്ന വാങ്ങുന്നുവെന്നെല്ലാം — 126
അന്വേഷിക്കില്ലേ പറവൻ ഞാൻ.

ജന്മഭൂമിയെയും ബന്ധുജനത്തെയും — 127
ഒരുമയെല്ലാം പിരിഞ്ഞുപോകുന്നേൻ.

എങ്ങിനെപോകുന്നുവെന്നറിഞ്ഞു ഞാൻ — 128
എങ്ങോട്ടു യാത്രയെന്നറിഞ്ഞില്ല.

ഞാനറിയാത്തൊരു ശിക്ഷയില്ലാത്തതെന്നു- 129
നന്നാകാത്തതൊ സൂക്ഷ്മമില്ല.

നല്ല ശിക്ഷയുണ്ടു ദുഷ്കാന്തയുമുണ്ടു- 130
നല്ലതിൽ കൂടമെന്നുറപ്പില്ല.

ഊണം ലഭിക്കമൊ നരകേ വീഴ്കമൊ- 131
രണ്ടും തിരിഞ്ഞതില്ലതൊന്നുവരം.

എല്ലാമതന്നറിയായ്കകൊണ്ടു പരിഭ്രമം- 132
ചേതസി പൂരിച്ചു വലയുന്നേൻ.

മോക്ഷത്തിൽപ്പോകുവാൻ നൽവഴിപോക നീ 133
ചൊൽകിലിനിക്കതെവേണ്ടതാനും.

ഭാഗ്യസ്ഥലത്തിങ്കലെത്തണമെന്നതി- 134
ന്നാഗ്രഹമുണ്ടിനിക്കതു വേണ്ടു.

കൃതകർമ്മങ്ങൾക്കിതൊന്നുപോലെ വല്ലൊ- 135
ചിന്തതർഷിത്താലും സാദ്ധ്യമല്ല.

ദൈവവിധിക്കു മമ കർമ്മകൃതം യഥാ- 136
നിശ്ചികാരോത്തരം കല്പിച്ചീടും

എന്തെല്ലാമാരാധിക്കും ചൊദിയാതെന്തെല്ലാം 137
കൃതാകൃതമെല്ലാമന്വേഷിക്കും.

കണക്കാരെയും ഞാൻ കേൾപ്പിക്ക നീ 138
വരം- അറിയേണ്ടുകിലും തിരഞ്ഞീടും

എങ്കിലാ നേരത്ത കണക്കുകൂട്ടണം- 139
കൈക്കണമെങ്കിലതൊപ്പിക്കണം.

ഉടപ്പിറന്നവരെ! പുരോഗാമി ഞാൻ- 140
നടപ്പാറായ് നിങ്ങൾ വരംപിന്നെ.

എങ്കിൽ ഞാനായപോലന്ധരായീടാതെ- 141
ആത്മജ്ഞാനം ചിന്തിച്ചു നടക്കൊലാവിൻ.

മാതൃശിക്ഷമിനിക്കുർക്കെ വേണമെന്നോ- 142
യാത്ര ചൊല്ലീടുവിൻ ഭ്രാതാക്കളെ!

ധരണീവസ്തുക്കൾ മറന്നു ഞാനിടൻ- 143
പരലോകം നിരൂപിച്ചീടുവാൻ.

ജീവനുടലിനെക്കഴിച്ചുപോകുമ്പോൾ- 144
മോക്ഷനന്ദനം മയാകൃതം.

ധർമ്മവിധർമ്മങ്ങളെധർമ്മമെന്നതും- 145
സത്യംഭയംവിനാവിധിച്ചീടും

ദൈവകാര്യത്തിനുമുമ്പെ നിരൂപിച്ചു- 146
ഭാവിനിസങ്കടമൊഴിക്കണം.

ബാലസ്വഭാവത്തിൽ ഞാൻ നടന്നവഴി- 147
വാസമൌഢ്യക്കളിയന്ധമാർഗ്ഗം.

ശ്രുതനാഥനെ ഞാനൊന്നു നടക്കാതെ- 148
സ്വതന്ത്രി വർദ്ധിച്ചതെത്ര കഷ്ടം.

ഇവ കലർന്നു ഞാൻ ഭോഗാന്തഗാമിയായ്- 149
സ്വധർമ്മ വൃത്തിയാൽ പിഴച്ചേററം.

രക്ഷിച്ചാലഭ്യവും മാസദിനങ്ങളും- 150
വ്രതകർമ്മം വിനാ കഴിഞ്ഞയ്യൊ!

വ്രതൈകമംഗലം നിനച്ചീടാതെ ഞാൻ- 151
അകാര്യങ്ങളവ സേവിച്ചിട്ടു

യുവ മദത്തോടു മോഹവിലാസങ്ങളും- 152
യൌവ്വന വയസ്സിലപേക്ഷിച്ചേൻ.

ധിക്കരിച്ചീടുവാൻ സംശയിച്ചില്ല ഞാൻ- 153
ശിക്ഷാഭയം വിനാകളിച്ചിട്ടു

കാപഥഗാമിയായനുസരിപ്പതിന്നപ- 154
മാർഗ്ഗത്തെ ഞാൻ ശങ്കിച്ചില്ല.

ചെയ്യു കപ്പുമുടൻ സ്തുതിച്ചുകൊള്ളുവാൻ- 155
അരം.ി വാകൊണ്ട് ഞാൻ മടിച്ചില്ല.

വേശ്യാജനത്തെയും പരസ്ത്രീകളെയും- 156
സ്പർശസുഖാശയാ സേവിച്ചു ഞാൻ.

അന്യഭാര്യമാരെ ശങ്കിച്ചീടാതെയും- 157
അന്യായകർമ്മാണാരമിച്ചേററം.

പരിവർജ്യങ്ങളാമക്ഷിസുഖങ്ങളെ- 158
പരിഗ്രഹിച്ചു ഞാൻ സന്തോഷിച്ചേൻ.

പാട്ടുപാടിസ്സമാഹാസ്യഭാവത്തോടും- 159
നാട്യങ്ങളെക്കൊണ്ടും സുഖംകൊണ്ടും.

നർമ്മവിശേഷങ്ങളും കേട്ടു സന്തോഷിപ്പാൻ- 160
കർണ്ണം തുറന്നു ഞാൻ സ്പൃഹയോടും.

മേ ബഹുമാനങ്ങളാം ചൊന്ന പരന്മാരെ— 161
അപമാനമത്രെ ഞാൻ വരുത്തിയേൻ.

വാർദ്ധക്യകാലത്തിൽ സ്വർണ്ണാദിവിഷയ- 162
ശ്രദ്ധയാന്യവസ്തു ഹരിച്ചു ഞാൻ.

ധനാദിദ്രവ്യങ്ങളാം മമാന്ത കാരണം— 163
എന്നു സ്ഥാപിച്ചു ദ്രവിച്ചുവൃഥാ.

അനുഗ്രഹീതങ്കൽ ചിത്തത്തിലീർഷ്യ— 164
പൂണ്ടന്യസ്വത്തിൽ ബഹുസ്പൃഹവച്ചു.

അനന്യമംഗളമാരെ പ്രസംസിച്ചി— 165
ട്ടന്യഗുണമപമാനിച്ചു ഞാൻ.

ദീർഘദോഷം മമ ചേതസികൊണ്ടു ഞാൻ— 166
ശീഘ്രമ്പക വീഴാവാൻ വേലചെയ്തു.

എന്റെ ശത്രുവിനെ നശിപ്പിക്കുമെമ്പെ— 167
എനിക്കാനൃശംസ്യമുണ്ടായില്ല.

സദാകാലം സുരാപാനംചെയ്തു നന്നായ്— 168
മദിച്ചുന്മത്തനായ് സഞ്ചരിച്ചേൻ

കണ്ടവരെ സദാ പേപാദത്തരങ്ങളാം 169
കാട്ടിയന്യരെയാക്ഷേപിച്ചേൻ.

ആത്മസൗകൃതത്തിനു വേണ്ടുന്ന കർമ്മങ്ങളാം 170
സുമനസ്സോടു ഞാൻ കഴിച്ചില്ല.

സപ്തദിനങ്ങളിലൊന്നു മാമേശന്റെ— 171
വൃത്തിക്കു കൊള്ളുവാൻ മടിച്ചു ഞാൻ.

പാപസങ്കീർത്തനത്തെയുമഥ ശുദ്ധിയെ— 172
പ്രാപിപ്പാൻ ചേതസാ ശ്രമിച്ചില്ല.

ദൈവപ്രസാദഗുണങ്ങളെ വർജ്ജിച്ചേൻ— 173
ഭാവിസുഖാഗ്രഹം ദൂരെ നീങ്ങി.

ഉഗ്രമത്തോടുകൂടെ മരിപ്പതി— 174
ന്നാഗ്രഹം മാനസേ തോന്നിയുള്ളു.

എന്നൊരു മൗഢ്യമീതെന്നു നിനക്കുമ്പോഴം— 175
മനോപലബ്ധി വിഷമമാകും.

ദുശ്ശീലനായ ഞാനെന്തെല്ലാം ചിന്തിച്ചു 176
മേ ചിത്തസംഭവ ദോഷമത്രെ.

കർമ്മനാ സാധിപ്പാനുപായങ്ങളെ — 177
മർമ്മസാ ബുദ്ധി മോഹമാകും.

ചേതസാ മോഹിത കർമ്മനാ സാധിത — 178
വൃത്തികളൊക്കവെ യോരോവിധം.

സുകൃതികളെ കൃതികാസംഖ്യയെ — 179
സംഖ്യയിട്ടീടുകി ചൊല്ലിക്കാമോ?

വർഷകാലത്തിലെ തുള്ളിതിട്ടമായ — 180
പരിഗണിച്ചുകൊൾവാൻ കൂടുമോ?

വൃഷ്ടിമാനങ്ങളിൽ പെയ്യുന്ന ശീകരം — 181
കൂട്ടിവെക്കണക്കിലടക്കാമോ?

സികത ക്ഷേത്രപ്പുറത്ത സംഖ്യകൾ— 182
ഒക്കയൊക്കയും തിരിഞ്ഞീടാം.

എന്നാൽ ദോഷങ്ങളുടെ കൂട്ടത്തിനോ — 183
അംബുധിയിൽത്തുള്ളികളൊക്കയില്ല

സർവ്വം മനസ്സുകൾക്കടുത്തുകവാൻ— 184
ഒ വരാ സാധ്യമെന്നറിഞ്ഞീടുന്നേൻ.

അലൂത്യമറിവാൻ പാണിയുന്നത — 185
വിലയാൻ മലർ ഗുപ്തമാക്കാമോ ചെയ്തു.

ഭഗവാനപാത്ര്യനായ ഭാഗ്യം — 186
മാർഗ്ഗപ്രകാശമറിഞ്ഞുകൂടാ.

യൗവ്വന വാർദ്ധക്യകാലത്തിലെ — 187
ഈ വഴി ഗ്രഹിപ്പാനെളുപ്പമോ?

മൃത്യുകാലം കൃശംപാദംകളിപ്പോൾ — 188
അശ്രുമാർഗ്ഗിപ്പാംഫലംവിനാ

പാദം കളഞ്ഞുപാം സാരകാര്യത്തിന്ന — 189
പാദകരങ്ങളുസഹിച്ചില്ല.

ഒരുനേരം വൃഥാ പോകുന്നതി — 190
ന്നൊരനുതാപം ബുദ്ധിക്ലേശം ചെയ്യുന്നേൻ

ക്ലേശിച്ചു ക്ലേശങ്ങൾ മേലിൽ ചേർപ്പാനായ് — 191
നാശമുണ്ടാകുവാൻ ശ്രമിച്ചേറ്റം

ഹിതവൃത്തികൾ കാലം പോരായ്‌വാനായ് — 192
ഒരു ക്ഷണേ പല പാപം ചെയ്യുന്നേൻ.

അയ്യയ്യോ! പാപപാമ! യൊക്കവെയൊർക്ക- 193
മ്പോൾ — ഭയം ധരിക്കുന്നേനയ്യോ! പാപം.

എൻമതിതാളിയിലെന്നെത്തിടുവാൻ — 194
സംഭാഷസ്സീമ വരമില്ല.

എന്നുടെ നാശത്തിന്നൊളിച്ചു ദോഷങ്ങളും- 195
എനിക്കു കൂട്ടമെ പ്രത്യക്ഷമായ്.

ഒളിച്ചിരിക്കുന്ന ശത്രു മഹാപടാ- 196
വെളിപ്പെട്ടപ്പോളെ മഹാ ഭയം.

ശത്രുകാളാലമിയുക്തമെനയ്ക്കുന്ന- 197
അന്തരുപദ്രവം പറയാമൊ?

അദ്യുണ്ണം ഞാൻ പരാധീനനായെനിക്കിപ്പോൾ— 198
എവിടെ സൌഖ്യമെന്നറിഞ്ഞില്ല.

ശത്രു സമുദ്രത്തെയകാൻ ഞാൻ കാണുന്നു- 199
ചിത്തമഴ്വുന്ന ജ്ഞാനദൃശാ.

കരാതിരാത്രവും ഘോരമിപ്പോളിത- 200
കാണുന്നിതാരെടാ ആരെടാ? നീ

ക്രൂരമായം തവ രൂപം നോക്കും വിധൗ— 201
ഉണവാനല്ല നീ ദുഷ്ടനത്രെ.

തവ വിരിയുന്ന നേത്രവികാരത്താൽ. 202
ദൈവരിപുവെന്നു തോന്നുമേ.

ഭാഷണവേഷപ്രകാര വിചാരത്താൽ- 203
നരകവാസി നീയെന്നറിയാം.

ഘോരന്ന ചൊൽക്കടൊ നിന്നുടെയാഗമ- 204
കാരണം കേൾപ്പിക്ക വന്നതെന്തെ?

അതിഭീമമുഖ വികാരത്തോടവൻ- 205
ഭീതി വരുത്തിട്ടുചൊല്ലുന്നിത്.

ചിത്രമിതെന്നെയറിഞ്ഞില്ലയോ? നീയ- 206
ത്തെറ്റുമായ്വന്നും മമ സഖെ!

എന്നെയിത്രകാലമാചരിച്ചിട്ടു നീ- 207
ബന്ധുത്വമെന്നെന്നും വന്നില്ലല്ലൊ?

എന്നെ ഭജിച്ചു സേവിച്ചുള്ള കാരണം- 208
നിന്നുടെക്ലേശം സമ്മാനിപ്പാൻ ഞാൻ.

എന്നെ വെടിയാതെ നടന്ന ഹേതുനാ- 209
എന്നോടു കൂടയിരിക്കണം നീ.

ഞാൻ പിശാചാകുന്നു നിന്നെക്കൊണ്ടുപോ 210
വാൻ. ഞാൻനരകത്തിൽനിന്നിപ്പോൾവന്നു.

പെട്ടെന്നു ദുഷ്ടന്റെവാക്കുകൾ കേൾക്കയാൽ- 211
ദുഷ്ടമനസ്സാർത്തതീസംഭ്രമത്താൽ.

നിസ്സ്വരമൊടുള്ളുരുപ്പിത്തരാഗിയും- 212
ദുഷ്ടപിശാചോടു ചൊല്ലുന്നിത്.

ദുഷ്പിശാചേ നീ വാങ്ങിപ്പൊയ്ക്കൊള്ളുക- 213
യെൻ കാര്യമിഹ നിനക്കില്ല.

നിന്നോടു കൂടവെ പോരുവാൻ ഞാനില്ല- 214
യെന്നെയുപേക്ഷിച്ചു പൊയ്ക്കൊള്ളുക.

ഉഭയവംശ തമ്പുരാൻ തന്നുടെ 215
അടിയാനല്ലോ ഞാൻ വഞ്ചിയൻ.

എന്നതു കേട്ടനേരം കോപത്തോടും- 216
ദുഷ്ടപിശാചു ചൊന്ന വാക്യമിത.

നീതി സമ്പൂർണ്ണമാം ന്യായം വിധിക്കണേ- 217
ണ്ണുള്ള സത്യമിവനാമ ദാസൻ.

എന്നോടുകൂടവെ നരകെ വീഴുവാൻ. 218
നന്നായ് ഗ്രഹിച്ചിവ നിനക്കുള്ള.

ശുദ്ധനായിവനു നീ കരുതിനില്ല. 219
ശിഷ്ടനാം സ്വാമി നീ സത്യമുള്ളോം.

ജ്ഞാനസ്നാനത്തിങ്കൽ സ്വാമിയിവന്നു നീ- 220
യെന്തൊക്കെപ്പാടിവൻ സത്യം ചെയ്തു.

എന്നതൊരിക്കലുമിവൻ സേവിക്കയി- 221
ല്ലെന്നു വഴിപോലെ പറഞ്ഞൊന്നു.

മംഗലമേകുന്നോരാം നിന്നെവെടിഞ്ഞുപോയ്- 222
നിന്നെയുപേക്ഷിച്ചു നീചപാപി.

നിന്നുടെ കല്പന ലംഘനം ചെയ്തിവൻ 223
സ്വാമിയെ ഭീതി കളഞ്ഞു ദാസൻ.

ഞാൻദ്രോഹത്തിനായ് ചൊന്നതൊപ്പമെ- 224
ല്ലായ്പോയൊട്ടു നടന്നുകൊണ്ടു.

ശത്രുവെ സേവിച്ചു നാശമതിന്നടൻ - 225
ഉത്തരമെന്നറിഞ്ഞു നന്നായി.

മോക്ഷഗുണങ്ങളെ ദൂഷണം ചെയ്തിവൻ- 226
മല്പുരമേൽ ദുഷ്കൃതമാചരിച്ചിട്ടു.

ഇവനപേക്ഷിച്ചു മോക്ഷം ദൈവമെ! 227
ഇവനു നൽകുവാൻ യോഗ്യമുണ്ടോ?

മോക്ഷഗുണങ്ങളും സന്തതാനന്ദവും- 228
അക്ഷയാൎത്ഥങ്ങളും വൎജ്ജിച്ചിട്ടു.

ദുഷ്ടകൎമ്മത്തെയും കൎമ്മഫലത്തെയും- 229
കൂടെയറിഞ്ഞിട്ടപേക്ഷിച്ചവൻ.

പാപമനസ്സോടു പരിഗ്രഹിച്ചിതു്- 230
പാപിക്കു കല്പിക്ക നീതിമാനെ.

ചെയ്തതിനവനറിഞ്ഞില്ലെന്നു ചൊല്ലിയാൽ 231
നീതിസ്വരൂപിയെ! യുക്തമോ?

നിന്നുടെ വേദമറിഞ്ഞവൻ ദുൎഗ്ഗതി- 232
അംഹശിക്ഷകളെന്നു ഗ്രഹിച്ചല്ലി.

തന്മഹത്വമിവനറിയാഞ്ഞതു്- 233
മടികൊണ്ടായതിവന്റെ ദോഷം.

ദോഷവിരൂപമറിഞ്ഞു കാണുംവിധം- 234
ദുഷ്ടത ശങ്കിക്കുമെന്നുതോന്നി

എങ്കിലജ്ഞാനമകററുമതിന്നിവൻ - 235
അകമലരതിലുറച്ചിട്ടു

ഭീതികൂടാതെ പിഴപ്പതിന്നായിവൻ- 236
അന്തരന്ധത്വമുപേക്ഷിച്ചില്ല.

കൊള്ളരുതാത്തൊരു കഷ്ടമിതെത്രയും 237
കേളാത്ത ദുൎബ്ബുദ്ധി മഹാകഷ്ടം

എങ്കിലെന്നെപ്പോലെ നിത്യദുഃഖങ്ങളിൽ- 238
ആകാത്ത ദാസനെ ശിക്ഷിക്ക നീ

ഇങ്ങനെ പണ്ടു നീ കല്പിച്ചതല്ലയോ? 239
അംഹഫലം നരകാഗ്നിയല്ലി.

ഇങ്ങനെ പണ്ടു നീ ശിക്ഷിച്ചതല്ലയോ?- 240
ഞങ്ങൾക്കെല്ലാവൎക്കും ന്യായമാകും.

ദിവ്യസ്വരൂപികളാകിയ ഞങ്ങളെ- 241
ദുഃഖത്തിലിട്ടതനേകദോഷം.

മൺപാത്രമാമിവൻ നീചസ്വഭാവിയും- 242
ഒന്നിന്നാകാത്തവൻ മഹാപാപി.

ആഗസ്സേകമല്ല പാപ ശതമല്ല- 243
അഗണിതാഗങ്ങളാം പ്രവൃത്തിച്ചു.

എന്തിന്നിത്താമസം വിധിക്ക ശിക്ഷിക്ക- 244
നീതിമാൻ തമ്പുരാനഹസ്സിപ്പോൾ,

ഉത്തരം ഭാഷിതം കേട്ടനേരം മമ- 245
ചേതസ്സി വേദന വർദ്ധിച്ചേററം.

സങ്കടം പോക്കുവാനെന്തു കഴിവുള്ളു- 246
ഭോഷ്കല്ല കേട്ടതു സത്യംതന്നെ.

ഇതു ഞാൻ നരകപാത്രമെന്നവനോ- 247
ഇതിനെക്കാൾ മഹാചേതമുണ്ടോ?

ദുർഗ്ഗതി തന്നിൽ ഞാൻവീഴുമാറായിപ്പോൾ- 248
ദുർഭാഗ്യയോഗമെ! നശിച്ചു ഞാൻ.

സന്തതം വഹ്നിയിൽ ജ്വലിപ്പാറായുടൻ- 249
സംശയമില്ല ഹാ! ഹാ!! പാപമെ!!!

ഉപായമില്ലയൊ? ശരണമില്ലയൊ? 250
അപായ മുറച്ചുകഴിഞ്ഞിതൊ?

ഞാൻ മരിച്ചില്ലല്ലൊ ശ്വാസമുണ്ടല്ലൊ- 251
ഞാൻ ശ്രമിച്ചീടുകിൽ രക്ഷപ്പെടും.

ദുഷ്കൃതംചെയ്യുവൻ ദോഷത്തെയുപേക്ഷിച്ചാൽ 252
സകലേശനനുഗ്രഹിച്ചീടും.

എങ്കിലോ താമസമുണ്ടാകരുതിനി- 253
അനുഗ്രഹത്തിന്ന കാലമിപ്പോൾ

മരണകാലത്തു ദേവദയാവിനാൽ- 254
ഘോരദുഃഖത്തിന്ന മോക്ഷമുണ്ടായ്

ദുഷ്ടസ്ത്രീയായവൾ ഉൾക്കാമ്പുണ്ണത്തെപ്പോൾ 255
ഉടനാഗസ്സു പൊറുത്തു ദേവൻ.

ആകാത്തമാർഗ്ഗത്തിലേററമകന്നവൻ- 256
ഇക്കാൽപിടിച്ചു സന്മാർഗ്ഗേക്കൂടി.

മോക്ഷത്തെക്കാളം സകലശമനോല്ലാസം- 257
സൃഷ്ടി മഹത്പാപപരിവർജ്ജനം.

നരകവർഗ്ഗത്തിനെ രക്ഷിച്ചുകൊള്ളുവാൻ- 258
നരാവതാരത്തിൽ വന്ന ദേവൻ.

ശോധിച്ചു ക്ലേശിച്ചു ദുഃഖിച്ചു ക്ഷമിച്ചു- 259
ദുഷ്കൃതികളുടെ ഗുണം പ്രതി

മാനവർക്കിന്നാരാം ശുദ്ധത്തെപ്പോൽ സമ്പൂ- 260
ർണ്ണിരാത പൂണ്ടരാൻ മരിച്ചഹോ.

ക്ഷമിച്ചതൊക്കയും മമ ഗുണംപ്രതി- 261
മമ രക്ഷാർത്ഥമൊഴുക്കിയ ചോരം.

സദ്ദയാനിധേ സർവ്വഗുണാന്വിത- 262
ഐശ്വര്യഭാവം വിനാശകലശ!

കാരുണ്യപൂരിത മനോജ്ഞനാക- 263
പരമദൈവമേ! ദയാനിധേ!

അരൂപ സ്വരൂപ ചാരു സ്വരൂപക- 264
പരാപര പ്രഭോ സർവ്വനാഥ!

അങ്ങെയല്ലാതിനിക്കാധാരമാരുള്ളു- 265
അങ്ങിനെ മേ പിതാവേകാശ്രയം

അങ്ങയോടുണർത്തിപ്പാൻ യോഗ്യമിനിക്കില്ല 266
തികഞ്ഞ ദുഷ്ടനീ മഹാപാപി.

യോഗ്യമില്ലെങ്കിലും യാചിതമങ്ങിന്ന- 267
തെല്ലേണ ഹേ ഗുരോ കേട്ടുകൊൾക.

പുത്രത്വം ദുസ്സ്വതൻകളഞ്ഞു ഞാൻ വൃഥാ- 268
എത്രയും കഷ്ടമിതെന്നൂനം.

സൽപ്രീതിഭാവം മങ്ങിന്നൊരിക്കലും- 269
ഉപേക്ഷിച്ചില്ലല്ലോ മമ താത.

ദുഷ്പുത്രൻചെയ്യുമ ചിന്തിച്ചറിഞ്ഞിട്ടു- 270
ഞാൻ പിതൃക്കാല്ക്കലാരാധിക്കുന്നേൻ.

അങ്ങിന്നാരാകുന്നു ഞാനാരാകുന്നു- 271
എന്നിവയോർക്കുമ്പോൾ ലജ്ജിക്കുന്നേൻ.

ദുരിതരഹിതൻ സർവ്വ ഗുണാംബുധി- 272
പരാപരപ്പുള്ള സമസ്തേശൻ.

സ്നേഹവിഷയവും സേവാ വിഷയവും- 273
മഹാ ശോഭയുതൻ സർവേശനീ.

സൽഗുണരഹിതൻ ദുരിതപൂരിതൻ- 274
ഫൽഗുനീഖത്യാജ്യനാകുന്ന-

എന്നുടെ പ്രാണനും തേ ദാനമാകുന്നു- 275
എൻ ധനമല്ലീതു നിനക്കുള്ള.

എന്നുടെ ദേഹവും ദുർഗ്ഗന്ധ സാധനം- 276
ഒന്നിന്നാകാത്ത കൃമിബീജവും.

അത്യന്തനിസ്സാരൻ ഞാൻ ദോഷവിഷയ 277
ഞാൻ-ദുഃഖമൺപാത്രവും മഹാ പാപി.

സർവ്വഗുണാംബുധിയോടു മറുത്തു ഞാൻ- 278
നിർല്ലജ്ജം പൂണ്ടു ധിക്കാരിയായേൻ.

ഞാൻ മരണം വിധേയ എന്നെ നിത്യാഗ്നി- 279
യിൽ-സന്തതം താഴ്ത്തിയാൽ ന്യായമാകും.

അന്തമില്ലാത്തൊരു കാരുണ്യ കാരണം- 280
അന്നു ശിക്ഷിച്ചില്ല ദയാപരൻ.

അങ്ങയനുഗ്രഹ മഹത്വം ചിന്തിച്ചു- 281
ഞാൻ കൃതാഗസ്സുകൾ ദ്വേഷിക്കുന്നേൻ!

ശിക്ഷ പേടിക്കുന്നേൻ ശിക്ഷ പേടിച്ചിട്ടും- 82
ദോഷദ്വേഷമതു ധരിച്ചില്ല.

ലയമില്ലാത്തൊരു മനോജ്ഞഗുണത്തെ ഞാൻ 283
പ്രിയമധരിച്ചു ദോഷമറച്ചേൻ.

അനന്തമാകുന്ന തവ ഗുണത്തോടു- 284
കന്മഷം ശത്രുവാകുന്ന മൂലം.

അനന്തമാകുന്ന പാപദ്വേഷം മമ- 285
മാനസെ പൂണ്ടു പാപം ദ്വേഷിച്ചേൻ.

വർജ്ജ്യഗുണം പ്രതിസതത നിർഗ്ഗുണം- 286
വർജ്ജനംചെയ്തു ഞാൻ മഹാ കഷ്ടം!

അന്യഗുണങ്ങളും തവഗുണങ്ങളും- 287
നന്നായ് ധരിച്ചു ചിന്തിക്കുന്നേരം.

അന്യഗുണത്തെക്കാൾ സദ്ഗുണങ്ങളാൽ- 288
അന്തഹീനപ്രിയ ഭാജനമേ!

ഉഷഃകാലത്തിലീ ഭൂമിയിൽ വീഴുന്ന- 289
 തുഷാര ശീകരമനുഗുണം.

അനാദ്യന്തമാമഗാധ വാരിധി- 290
 അനവദ്യാംബുധി തവ ഗുണം.

അനുഗുണമെല്ലാം ഗുണഹീനമല്ലോ- 291
 അങ്ങെ ഗുണത്തിനു ദോഷമില്ല.

ഭാരമഹാപ്രതിമട്ടിലെന്നപോൽ- 292
 അനുഗുണങ്ങളിലങ്ങെ ഗുണം.

പ്രത്യക്ഷമാം ഗുണംഗുണനിഴലുള്ള- 293
 ചിന്നമപഹരിച്ചീടും താനും.

എങ്കിലനന്ത സ്നേഹത്തിനു ഗോചരം- 294
 അങ്ങെ ഗുണമല്ലോ ദയാനിധെ!

ദൈവവിഷയമാം ദൈവഗുണത്തെ ഞാൻ- 295
 ഇഷ്ടം ധരിച്ചു തേ സ്നേഹം വിനാ.

മലമപഹരിപ്പാൻ മനമപഹരിച്ചു- 296
 സൽഗുണം ത്യജിച്ചു ഭ്രാന്തനാഹം.

ചെയ്യതിനുത്തരം ദൈവഗുണാവലി- 297
 സാധ്മാമച്യുതഗുണ സ്നേഹത്താൽ.

അങ്ങെ സ്നേഹിക്കാതെ കഴിഞ്ഞകാലങ്ങൾ- 298
 എന്നാത്മനാഥ! വരുത്തിയാവു

സൽക്ഷണങ്ങളിലങ്ങെ ഗുണത്തെം- 299
 സർവ്വമാത്രകളിൽ സ്നേഹിക്കും ഞാൻ

പറയുമ്പോൾ മമ വാക്കുകളൊക്കയും- 300
 കറവില്ലാതെ നിന്നെ സ്തുതിക്കും.

വൃത്തികളൊക്കയുമങ്ങെ പ്രമാണത്തി- 301
 ന്നൊത്തുവരുമതിന്നിച്ഛയില്ല

അങ്ങെ സേവിക്കാതെ കഴിഞ്ഞ കാലങ്ങൾ- 302
 വന്നീടുവാൻ വൃഥാ സേവിക്കുന്നു.

കഴിഞ്ഞകാലങ്ങൾ വരുത്തിക്കൂട്ടമൊ- 303
 അഴിഞ്ഞുപോയ സാമർത്ഥ്യമൊരു.

അതീതമായുള്ള വർത്തമാനമല്ല- 304
 അതു ഭാവിയല്ല പിന്നെയൊ.

അതീത കാലത്തിലതീതപാപങ്ങളാം- 305
ചിന്തിച്ചുറച്ചു ഖേദിക്കയുള്ളു.

മമ നേത്രങ്ങളെ രണ്ടു നദികളായ്- 306
അംബുധിയാഴ്ത്തു കരഞ്ഞുകൊണ്ടാവിൻ,

എന്നുടെ ദുഷ്കൃത പങ്കസ്ഥാനത്തിന്ന- 307
കണ്ണീർ തന്നീടുവിൻ നേത്രങ്ങളെ!

ഞാൻ പിഴച്ചു പിഴച്ചു നിന്ന ദൈവമെ- 308
അങ്ങയെയറിയാതെ പിഴച്ചു ഞാൻ.

കഷ്ടമവിടെ ഞാൻ കഴിച്ചുന്നത്- 309
ചിന്തിച്ചു കാണുമ്പോൾ കഷ്ടമേറ്റം.

എത്രയും നിർജ്ജന രഹസ്യത്തിലത്രോ- 310
അതല്ല നിന്തിരുമുമ്പിൽ തന്നെ.

ജഢിതാകം മനുഷ്യരുടെ സന്നിധൌ- 311
ഞാൻ പിഴപ്പാൻ ലജ്ജയുണ്ടാകം.

സൃഷ്ടിരാജ സകലലോക സാക്ഷിനീ- 312
ഒട്ടുമറക്കാതെ ഞാൻ പിഴച്ചേൻ

എന്നുടെ ദുഷ്ടത സർവ്വവ്യാപിയായ- 313
അങ്ങിനെ ദർശിച്ചു ഭയാനിധെ.

ശാസ്താവാകുന്നതു സാക്ഷാൽകൃതത്തിൽ മയാ- 314
കൃത പാപാവലി കഴിയുമ്പോൾ.

അന്നതെ ശാസനം അട്ടഹതാരെന്നോ- 315
എന്നെ ശിക്ഷിക്കാത്തതെന്തുമൂലം?

മഹാ ധിക്കാരങ്ങളാം കണ്ടുക്ഷമിച്ചു നീ. 316
ബഹു ദുഷ്ടനേയും വധിച്ചില്ല.

എന്നെ വെട്ടിക്കൊൽവാനിടിയില്ലാതെ- 317
തൊ-അങ്ങെ ശിക്ഷ തടവുണ്ടായിരുന്നോ?

എന്നുടെകിൽ ഭീമം സന്തതം മുട്ടവൻ- 318
അഗ്നിയധാളവി കെട്ടുപോയോ?

എന്നെശ്ശാസിപ്പതിന്നൊരുങ്ങുന്ന കാലത്തിൽ- 319
അനന്തരുന്നതരുളിയ നാഥ.

ഒ പ്രബലകരം തടുപ്പാനല്ലേ! 320
കല്പനയുള്ളതെന്താനന്ദമല്ലോ.

കുറ്റൻ ശക്തിയാൽ വിറയ്ക്കും ഭൂതലം– 321
മലയിളകുമിടിവെട്ടുമ്പോൾ.

ദൃഷ്ടിതന്നുപോം മേഘങ്ങളും വർഷിക്കും– 322
ഞങ്ങളെ ശാസന തടുക്കമൊ.

നരകവഹ്നി കെടുന്നില്ലൊരുനാളും– 323
നിരവസാനമായ് ജ്വലിച്ചിടും.

സർവ്വേശൻകോപിച്ചാൽ ഭൂമിപിളർന്നുടൻ– 324
മൃത്യുതന്നിലും പാപിവീഴും.

ഞങ്ങളെ ശാസന തടുക്കും ദൈവമെ!– 325
നിർമ്മലം കല്പനയ്ക്കന്തമില്ല.

അനന്തമാം കരുണായലെ വഴികിലും– 326
എന്നെ രക്ഷിച്ചവൻ ദൈവൻ നീയെ.

പൊല്ലാത്ത കർമ്മങ്ങളാം പിറപ്പിക്കും കാലത്ത– 327
സന്താപമാറ്റിടും മമ ഗുരു.

അങ്ങേ മഹത്വവും പൂർണ്ണൈശ്വര്യത്തെയും– 328
ഇങ്ങനെ നിത്യത്വവും സൂക്ഷിക്കുമ്പോൾ.

പ്രിയ മോക്ഷമഹത്വം കാണ്മാൻ തരാ– 329
പൊരുതി കിട്ടുവാൻ യോഗ്യമില്ല.

അങ്ങേ മനോജ്ഞ മന്ദിരങ്ങളോർക്കുമ്പോൾ– 330
കഷ്ടം ദുഷ്ടതയ്ക്കുറവുണ്ടോ!

മുൻപിലനന്തമാം മോക്ഷമഹത്വത്തി– 331
ന്നതഹീന മോക്ഷമറിയുന്നു.

മോഹത്തെയകറ്റിന മനത്തൊടനതിൽ– 332
ദേഹത്തെ പൂകിച്ചു സ്ഥിതിനൽകി.

നന്മ പഞ്ചേന്ദ്രിയം ചിത്തധീശാരണെ– 333
ശൂന്യവശങ്ങളും പ്രകാശിപ്പു

അങ്ങേ സ്തുതിപ്പാനമങ്ങേസേവിപ്പാനും– 334
അങ്ങേകൃപയാലിനിക്കുനൽകി.

എന്റെസ്രഷ്ടാവിനെ ഞാൻ മറന്നു രിപു– 335
സ്ഥാനമെടുത്തു മത്തലിച്ചേൻ.

അധമനിന്ദ്രിയവശഗനായ ഞാൻ– 336
നാഥനെഭക്തിയോടർച്ചിച്ചില്ല.

എന്നെ സൃഷ്ടിച്ചതെപ്പകാലം ഭുവി– 337
അങ്ങെ സ്തുതിച്ചു സേവിപ്പാൻ ദൈവം.

പരലോകത്തിൽ ഞാൻ ഭാഗ്യഭാവത്തോടും– 338
വസിച്ചിരിപ്പാൻ പ്രമാണിച്ചു.

എന്നുടെ സ്വാമിയ്ക്ക ദാസനല്ലൊ ഞാൻ 339
എന്നുള്ളിൽ പതിപ്പിച്ചുവിചാരിക്കുന്നേൻ.

ഭൂമി സുഖങ്ങളെപ്പരിഗ്രഹിപ്പാനായ്– 340
മമതകളാഗ്രഹത്യാഗം ചെയ്യുന്നേൻ.

ദരിത ഭീതിയെ ചേതസി സ്ഥാപിപ്പാൻ– 341
നരകം സൃഷ്ടിച്ചു തമ്പുരാനെ!

ഇഷ്ടപ്രസാദമനുഭവിച്ചീടുവാൻ– 342
ശിക്ഷ്ടി ശങ്കിക്കാതെ പാപിയായേൻ.

ജനനദോഷത്താൽ നരകദാസ്യത്തിൽ– 343
ഞാനകപ്പെട്ടു വലഞ്ഞും വിധേയൻ.

സ്വസ്നേഹത്തോടെന്നെരക്ഷിച്ചുകൊള്ളുവാൻ– 344
ദാസനെ വീണ്ടുവാൻ നീ ദാസനായ്.

മാനുഷരക്ഷയ്ക്കു മാനുഷനായവൻ– 345
ദീനനായങ്ങിന്നവതരിച്ചു.

ദോഷം മറയ്ക്കാതെയുള്ളിടം തന്നെ– 346
ദൂഷണനാകുവാൻ മടിച്ചു ഞാൻ.

ആഗസ്സുകളേറെ ഭുവി ഞാൻ ചെയ്തതും 347
ഭാഗ്യമകറ്റുവാൻ വേലചെയ്യുന്നേൻ.

എന്നെയനുഗ്രഹിച്ചുവന്ന ത്രാതാവിനെ– 348
ഞാൻ പരിത്യജിച്ചു സേവിയായേൻ.

മോക്ഷത്തിൽ പൂകുവാൻ മാർഗ്ഗമറിയിച്ചു 349
രക്ഷാവരം തരുവാൻ ക്ലേശിച്ചു നീ.

ദുർബ്ബുദ്ധിപൂണ്ടു ഞാൻ ദുഷ്പഥഗാമിയായ്– 350
ദുഷ്കർമ്മവേദനാവശത്തിലായ്.

ദേവ തിരുവുള്ളമിനിക്കുണ്ടാകുവാൻ– 351
തവ പവിത്രമതൊപ്പിക്കാതെ.

ചോരവിയർത്തു തിരുമേനിയിലുള്ള– 352
ചോരയും ചിന്തി മരിച്ചു നാഥ!

ഭോഗത്തെക്കൊള്ളുവാൻ മോഹിതനുള്ളം- 353
ത്യാഗം ചെയ്തു മുമ്പെ പാപമെ.

ആത്മജ്ഞാനമാർഗ്ഗത്തിലെന്നെ പൂകിക്കാതെ- 354
സ്വജ്ഞാനമോദത്തിൽ കൂട്ടിയവൻ.

ജ്ഞാനമജ്ഞാനിയരെ സേവിക്കാതെ- 355
അന്തഃകരണത്തെ ത്യജിച്ചിട്ട്.

അങ്ങെ മനോഗുണമെന്നെ നിരന്തരം- 356
താങ്ങിയ കാരണമിതെന്നു ഞാൻ.

അങ്ങിനെ താങ്ങുന്ന നാഴിക തന്നിൽ ഞാൻ- 357
അങ്ങെ നിഷേധിച്ചുഹന്ത പിരിച്ചുററം.

എന്നോടു രഞ്ജിപ്പാൻ കാരുണ്യവാരിധെ! 358
നീ നിനക്കാകുവാൻ മടിച്ചില്ല.

സൽഗുണമൊത്തോട്ടു ഞാൻ ചേരാതെപോകുവാൻ- 359
മെല്ലമെൽ പിഴച്ചുകന്ന ദൂരം.

എന്നെ കാത്തിട്ടവനങ്ങെ മനിഷ്ഠ പാതെ- 360
എന്നോടുകൂടവെ നടത്തി നീ.

ദുഷ്ടപിശാചിനെ ഞാനനുസരിച്ചേൻ- 361
ശിഷ്ടത്യാഗനാ വഴിപ്പിഴച്ചേൻ.

നീ ചെയ്തതൊക്കെയും ഉപകാരങ്ങളായ്- 362
ഞാൻ ചെയ്തതെല്ലാമപകാരവും.

ഞാൻപിഴച്ചു പിഴച്ചേറെ പിഴച്ചയ്യൊ!- 363
എൻപിഴ ചിന്തിച്ചാലാധിതേറും.

ദൃഷ്ടംബു വാർത്തകാം മമ നേത്രങ്ങളെ- 364
മോക്ഷസ്നാനത്തിന്നിയന്നു നല്ലു.

ചിത്തമഴിഞ്ഞുടെ കരുണാലയമെ!. 365
കൃതമറച്ചു ഞാൻ ദുഃഖിക്കുന്നേൻ

മോചകദൃഷ്ടം ദൃഷ്ടാ നാണമേറും മമ- 366
ദൃഷ്ടിയുയർത്തുവാൻ ലജ്ജിക്കുന്നേൻ.

ഞാൻ പിഴച്ചുനിത എത്ര വേണ്ടുന്നതാ- 367
എന്നാത്മനാഥ യെന്നാധാരമെ.

എന്റെ ശിക്ഷയാലെമനസ്സിന്നന്തരം- 368
വന്ന കുറ്റങ്ങളൊ ശിക്ഷവേണ്ടു.

നാശംവരുത്തിയെന്നെശ്ശപിക്കിലും കിം ഫലം- 369
അശക്തൻ ഞാനല്ലൊ അസാരൻ ഞാൻ.

എന്നതിതായുക്താ് കാട്ടിയാൻ- 370
ഉചിത സ്തുത്യമായതാമൊ?

നിന്ദകങ്ങളൊടൊരുവനെ ശിക്ഷിച്ചാൽ- 371
നിൻകരുണയ്ക്കു മതിയതാമൊ.

ഞാനിന്നാകാത്തവൻ നീചമതിയല്ലൊ- 372
എന്റെ മടിവുകൊണ്ടൊന്നുള്ളൂ ഗുണം?

എൻപിഴചിന്തിച്ചുകൊള്ളുവാൻ നിൻ തിരു- 373
മനസ്സിൽ കല്പിച്ചുറച്ചിതെന്നാൽ.

ശിക്ഷിച്ചു കൊല്ലുകയെന്നാൽ ദയാവ്രതം. 374
നീ ക്ഷമിക്കുന്നതു ഗുണാഢ്യതയ

അതുകൊണ്ട് തിരുവടി ശത്രുവാകുന്നവർക്കു- 375
ഇങ്ങനെ മത്തിനു മൂലമേകം.

പലനാശംചെയ്തു പാപമുഴിച്ചുള്ളോൻ- 376
എന്നെ ശിക്ഷിക്കിലും പിഴയില്ല.

ശിഷ്ടജനങ്ങളെ ശത്രുവായി- 377
ദുഃഖം കൊടുക്കുന്നതില്ലതും.

താങ്കളെ പ്രിയനാം ഭജിച്ചിരിക്കുന്നോ- 378
തിരു ഗുണാമൃതം ശ്രേയസ്സത.

താങ്കൾ തിരുവുള്ളമെനിക്കുണ്ടാകയാൽ 379
ഞാൻ സകലരെയും സന്തോഷിപ്പിപ്പാൻ.

താങ്കളെ തിരുവുള്ളക്കേടുണ്ടെന്നാകിലൊ- 380
എനിക്കൊരു സൌഖ്യമുണ്ടാകയില്ല.

എൻപിഴതാനാശ്ചപോലെ ചെയ്യുകിൽ- 381
പാപം ക്ഷമിക്കും നീയെന്നു നൂനം.

പാപത്തിന്നന്തം വേണമെന്നാകിലൊ- 382
പാപപാതകമുള്ള ചെയ്‌വാൻ നാഥ!

മമ ത്രാതാവിന്റെ ക്ഷതമാണിക്കം- 383
അതു മോക്ഷോത്തമം നൽകീടുന്നെൻ.

കൃതപാപത്തിന്നു പകരമാവില്ല— 384
മതിയതിൻ ഗുണമനവധി,

സ്നിഗ്ദ്ധസുതന്റെ ചോരയാലെന്റെ— 385
ശുദ്ധതവന്നീടും പാപവും പോം.

പുത്ര ക്ഷതങ്ങളിലെന്റെ ശരണം— 386
സുതയോഗങ്ങളാൽ മോക്ഷം കിട്ടും.

അനാകുലം മമ മാനസം വ്യാപിച്ചു— 387
ഞാൻ സുഖത്തോടിതാ മരിക്കുന്നേൻ!

ഭൂമിലോകത്തിലുമിനി വസിപ്പതി— 388
ന്നാമോഹമില്ലിനിക്കല്ലോ മതി.

എന്നാലൊരു പിഴമേലിലുണ്ടാകുവാൻ — 389
ഇനി യോഗ്യംവരാ മൃത്യുവേണ്ടു.

ഏക ദുഃഖം മമ ചേതസി പൂണ്ടു ഞാൻ — 390
അകക്കാമ്പിലിതേ ഖേദമുള്ളു.

നിർഗ്ഗമിച്ചീടുന്ന പ്രാണനെ തവ പ്രതി — 391
ത്യാഗംചെയ്‌വാനിനിക്കത്തിയാവൂ.

സർവ്വേശനെ പ്രതി സർവ്വേശൻ നൽകിയ — 392
ജീവനെ ത്യജിപ്പാനാശയുണ്ടു.

ഭാഗ്യമതില്ലല്ലോ! യോഗ്യനായ്‌വരാ — 393
യോഗ്യതയില്ലമേ ദുഃഖമിത.

അതുകയാലെന്റെ ശുദ്ധമനോരഥം — 394
കൈക്കൊൾക വേണമേ തമ്പുരാനേ!

സന്തതമങ്ങേ സേവിപ്പതിന്നായിപ്പോൾ — 395
എനിക്കു നീ തുണയാകേണമേ.

അന്ത്യകാലേ മമ ശത്രു പരാക്രമം- 396
അന്തരാകുലമാക്കുന്നിക്കം.

നിന്റെ തിരുവടിയതിനെയുപേക്ഷിച്ചാൽ- 397
എന്റെ നാശമുറക്കവേണ്ടു.

നീ സഹായിക്കകിൽ ജയമുണ്ടായ്‌വരും- 398
അസാരനല്ലോ ഞാൻ ഭീതിഹീനൻ.

സിംഹവൽക്രൂരനായ് യുദ്ധം ചെയ്തീടിലും- 399
അഹങ്കരിപ്പായതോർക്കരിപു.

മോക്ഷലോകത്തിൽ ദൈവസമീപത്തിലും- 400
ഖേദിതരില്ലാതും വാഴും നാഥാ.

ഹേ മാതാവേ! നിന്റെ മഹാലോകത്താൽ - 401
    ഈ സേവകർനിൻ പ്രാർത്ഥന കേൾക്കേണമെ.

തവ സിംഹാസനെ ദൈവമാതാവിനോട് ഞാൻ - 402
    അവനതം നമസ്കരിക്കുന്നേൻ

നമ്മുടെ ജഗത്തിനു ജനിച്ചതിപ്രകാരം - 403
    ചിരകാലം ജഗതിയെ ആശ്രയിക്ക-

സർവ്വപാലൻ തവ പുത്രനായ് മാനുഷ- 404
    വർഗ്ഗമെടുത്തവതരിച്ചിട്ട്.

അങ്ങനെ മാതാവായ നിന്നെ മാതാവായി - 405
    ഞങ്ങൾക്കു കല്പിച്ചു നിന്റെ പുത്രൻ.

ആയി ജനനിയായെന്നുടെ ആവശ്യം - 406
    തന്മാവശ്യം യഥാസുതൻ കേൾക്കും.

മനുഷ്യർക്കെല്ലാമുള്ളവ മനോഗുണം - 407
    അനുപമകന്യേ! നീ ലഭിച്ചു.

തരികമെന്നെ ഭക്തിസ്ഥനുഗ്രഹം - 408
    വരത്തിനായിങ്ക ഭോപരെ?

നിനക്കു കാരിയമില്ല മനോഹരെ! 409
    നിനക്കമ്മെ! ഭൃത്യരായവുള്ളു.

എന്നെ മറക്കാതെ മാതൃഭാവത്തോട്ടതും - 410
    നോക്കി പാലിക്ക തുണയാക.

തവ മാഹാത്മ്യം ധ്യാനിച്ചു സൂക്ഷിച്ചാൽ - 411
    സുവിസ്മയമതു ചിത്രമേറും.

തവ മാതൃമഹത്വത്തെക്കാരണം - 412
    പ്രവചിപ്പതാർക്കുമാശ്ചര്യമെ.

സ്വർഗ്ഗത്തെളുതെയും വാക്കിന്നഗോചരം - 413
    തവ കരുണാബ്ധിയതെന്നു നൂനം.

ദുഷ്കൃതി നിറനാദരിത്തപക്ഷികൾ - 414
    ലുബ്ധരെ നീ ത്യജിക്കമാറില്ല.

കരുണം ശോധിച്ചു പാപികളാനാകിലോ - 415
    എന്നെ ആശ്രയിക്കുകെന്നുള്ളതമെ.

താപമകറ്റുമ്പോൾ പൂരിച്ചീടും വിധൌ - 416
    ആപത്തെല്ലാമകന്നിടുമല്ലൊ.

എൻപിഴകളുടെ സംഖ്യയും ഭാവവും - 417
എന്റെ മനസ്സിനെ ഞെരുക്കുന്നു.

തവകാരുണ്യത്താൽ പീഡ നീങ്ങിസുഖം - 418
ഭവിക്കും ദുഃഖിത സങ്കേതമേ.

ഉപതാപം കൊണ്ടുവലഞ്ഞവർക്കാകെ - 419
താപത്തിന്നാരോഗ്യ കാരണം നീ.

എന്നെ തൃക്കൺ പാർത്തനുഗ്രഹിക്കുന്നേരം - 420
അന്ന ദയാന്വിതനേത്ര വശാൽ.

എന്നുടെ ക്ലേശങ്ങളൊക്കെശമിച്ചു പോം - 421
പിന്നെയും സ്വസ്ഥത ഭവിച്ചീടും.

ഗാത്രരോഗമിനിക്കിളിച്ചു പോകണം - 422
അത്രമനോരസമിനിക്കില്ല.

ആത്മരക്ഷക്കുന്നദോഷമിളപ്പിപ്പാൻ - 423
ത്വം മന്നാരോഗ്യമായ് വരേണമെ.

പേട്ടിന്നുപദ്രവം നിഷ്ഫലമാകുവാൻ - 424
കോട്ടപോലെന്നെ രക്ഷിക്കണമെ.

ശത്രുയുദ്ധത്തിങ്കൽ ഭംഗം വിന സദാ - 425
നിസ്തുലമിതായിന്ന കോട്ട പോലെ.

ത്വം രണഭംഗമായ് നിന്നു മുഖമുഖ്യ - 426
താരം പോൽ നിർമ്മല ശോഭിക്കുന്നു.

ഭാസ്സുകൊണ്ടതിമിരാന്ധത്തിന്നായൊരു - 427
ഖെന്ദ്രമുദിപ്പാരായെന്നു കാട്ടി.

ദിനമുദിപ്പിച്ചു ദേവസുവായശ്ശോഭം - 428
കന്യകാഗ്രേസരേ! പുണ്യനാഥേ.

ജീവനിനിക്കിപ്പോളസ്തമിച്ചീടുന്നു - 429
ദേവിമാതാവന്ത്യത്തെയോർക്കണമെ.

മോക്ഷപ്രദ കൊണ്ടു സന്തമസങ്ങളെ - 430
നീ ക്ഷയിപ്പിക്കുക പ്രഭാധരെ!

തവഗുണം പ്രതി മോക്ഷലോകത്തിന്നു - 431
നൽവഴികാട്ടുകമിന്നമുത്തെ.

ജീവനെ മോക്ഷത്തിലാക്കുവാനുള്ളൊരു - 432
ദ്വാരമിനിക്കു നീയാകേണമെ.

ശിക്ഷാരക്ഷാകരൻ നീ സ്വതന്ത്രനാകയാൽ- 433
മോക്ഷദനായ് ഭുവി വന്ന ദേവൻ.

തവ സഹായ വാഞ്ഛാ മമ സന്തതം- 434
സ്വവിധി കൃപമെന്നാൎച്ചതാൻ.

നിന്നെയാശ്രയമായ് പ്രാപിച്ചവൎകളിൽ. 435
നിന്നാരെയും ത്യജിക്കാറില്ല നീ.

എന്നോടു ശത്രുമുഖം കാട്ടരുതെല്ലൊ!- 436
എന്നെയിപ്പോളുപേക്ഷിക്കരുതേ.

എന്നെ നല്ലവഴിക്കാക്കിക്കൊള്ളേണമെ. 437
എന്നെയകററല്ലെ മറിയമെ!

ഞാൻ മരിക്കുമ്പോളെ ഭുവിശേഷിക്കുന്ന- 438
ജനങ്ങളെല്ലാരും കേഴ്ക്കേണമെ.

മരണന്നിങ്ങൾക്കുമൊരു കാലം വരും- 439
പരാപരേശ്വര കല്പനയാൽ.

കാലമൊരുത്തൎക്കും നിശ്ചയമില്ലല്ലൊ- 440
എല്ലാക്കാലങ്ങളിൽ പേടിക്കണം

എവിടെയെന്നതും നിശ്ചയമില്ലല്ലൊ- 441
സൎവ്വസ്ഥലങ്ങളിൽ ശങ്കവേണം

എതുപ്രകാരത്തിൽ മൃത്യു വരുന്നതൊ- 442
അതുമറിഞ്ഞുകൂടാത്തതല്ലെ

എല്ലാകാലങ്ങളിലിട്ടങ്ങൊക്കയിൽ- 443
എല്ലാപ്രകാരത്തിൽ സൂക്ഷിക്കണം

നല്ലവണ്ണമൊരിക്കൽ മരിച്ചീടുകിൽ- 444
നല്ലതുണ്ടാസ്സുഖം മോക്ഷം കിട്ടും

അന്തഗതിഗുണരഹിതമാകയാൽ- 445
സന്തതം വഹ്നിയിലകപ്പെട്ടും

പിമ്പിൽ വരുന്നതു നേരത്തെ ചിന്തിച്ചു- 446
നിങ്ങളുടെ ഗുണം വരുത്തണം

അക്കാലമാത്രയിൽ കൊള്ളരുതാത്തത- 447
ഇക്കാലത്തിൽ കൊള്ളുമെന്നുവരാ

അന്തകാലെ കൃതമാകേണമെന്നത- 448
വൎത്തമാനെ കാൎയ്യമെന്നു നൂനം

ശ്വാസംകൂടിയെനിക്കറ്റ കാലമിതി- 449
ന്നീ സഹായിക്കുക സർവ്വേശ്വര!

പിതാ ശൌസേഫേ! എൻ്റെ ആത്മാവിനെ- 450
കൈക്കൊള്ളുക ഈശോമിശിഹായെ!

ഘോരം

ആസന്ന മരണനായിരിക്കുന്ന ഒരു മനുഷ്യൻ്റെ ഹൃദയവി
കാര വിചാരങ്ങളെയും വ്യാധിഭ്രമത്തേയും കുറിച്ചു കേൾക്കുക:— 1
സർവ്വസൗഭാഗ്യങ്ങളെയും നശിപ്പിക്കുന്നതും ഭയത്തെ ജനിപ്പിക്കുന്ന
തും വർണ്ണിപ്പാൻ കഴിയാത്ത ദുഃഖപൂർണ്ണമാകുന്നതുമായ സമയമാണ്. 2
ഹാ ദൈവമേ! ലോകത്തിൽ സുസ്ഥിരമായ് നിൽക്കുന്ന ഒരു സു
ഖവുമില്ല, ഉള്ളതും തട്ടാതെ യാതൊന്നുമില്ല. 3
അയ്യോ, ഈ സുഖങ്ങളൊക്കെയും അവസാനിക്കുവാൻ എന്താണ്
കാരണം? 4
ഭൂമിയിൽ അല്പകാലം മാത്രം കഴിയുവാൻ ഞാൻ വസ്ത്രം ധരിക്കു
ന്ന പോലെ ശരീരമെടുത്തു. 5
ലൗകികസുഖങ്ങളെ അല്പകാലംമാത്രം അനുഭവിക്കുവാൻ ഞാൻ
ജീവിച്ചതാണോ? 6
കനകരത്നങ്ങൾ സമ്പാദിക്കുവാൻ ഞാൻ പാടുപെട്ടത് ഈ സ്വ
ല്പകാലത്തിനുവേണ്ടിയാണോ? 7
ഈ പാരവശ്യത്തിൽ ഞാൻ എല്ലാം ഉപേക്ഷിച്ചു തീരു. അന്ത്യ
മുഹൂർത്തം അടുത്തിരിക്കുന്നു. 8
ഇപ്പോൾ, പഞ്ചേന്ദ്രിയങ്ങൾ വഴി ഞാൻ അനുഭവിച്ചിരുന്ന സ
ന്തോഷങ്ങൾ എല്ലാം ഞാൻ ഉപേക്ഷിച്ചുപൊയ്ക്കൊള്ളണം. 9
ഈ വിയോഗം ഭയങ്കരമാണ്; അതിനെക്കാൾ വലിയ ദുഃഖമില്ല.
ഓ! ശാന്തം! പാപം! 10
സൂര്യൻ്റെ പ്രകാശപടലം അസ്തമിച്ചാലും, രാത്രിക്കും അവസാ
നമുണ്ട്. 11
എൻ്റെ ജീവൻ്റെ, രാത്രി വന്നാൽ, (മരിച്ചാൽ) ഈ മുഖം
വീണ്ടും കാണുവാൻ കഴിയുമോ? 12

മഴ പെയ്യുമ്പോഴും ദർദ്ദുരങ്ങൾ നിശ്ശബ്ദരാകും; വർഷകാലം മാറി വേനലെത്തുന്നു; 13

എന്റെ മനസ്സിലെ ദുഃഖങ്ങൾ അതേ മട്ടിൽ നീങ്ങി വീണ്ടും തെളിയുമോ? 14

അമാവാസികളിൽ ചന്ദ്രന്റെ ശോഭ തീരെ നഷ്ടപ്പെടുന്നുവെങ്കിൽ, പൗർണ്ണമികളിൽ അതു് പരിപൂർണ്ണ തേജസ്വിയാകുന്നു, മരണത്തിന്റെ പ്രളയം കഴിഞ്ഞു, എന്റെ ദൈവമേ, എനിക്കു വീണ്ടും സുഖം ഉണ്ടാകുമോ? 15, 16

എന്റെ സുഖകാലം ഇനി ഭൂമിയിൽ ഉണ്ടാവില്ല; എന്റെ ഭൂവാസം അവസാനിച്ചിരിക്കുന്നു. 17

സമയമടുത്തു; ജീവനാം അകന്നുപോകും ശരീരത്തിനു (എന്നും) ജീവനെ പിടിച്ചു നിർത്തുവാൻ കഴിയുമോ? 18

ഔഷധങ്ങൾ വെറുതെ സേവിച്ചു. മരിക്കാതിരിപ്പാൻ വൈദ്യശാസ്ത്രത്തിൽ മരുന്നില്ല. 19

രോഗശക്തിയാൽ ബലം ക്ഷയിച്ചു, വായുമുട്ടി ദേഹം തരിക്കുന്നു. 20

വാതം, പിത്തം, കഫം എന്നിവ സ്വസ്ഥാനങ്ങൾ വിട്ടുപോയിരിക്കുന്നു. ആ ഇളക്കങ്ങൾ മൂലവും പ്രാണൻ നഷ്ടപ്പെടാം. 21

അയ്യോ! ദേഹത്തിൽ തണുപ്പു കേറുന്നു; നാഡികൾ സ്തംഭിക്കുന്നു; തണുത്ത വിയർപ്പൊലിക്കുന്നു. 22

കണ്ണുകൾക്കു് കാഴ്ചയില്ലാതായി; നാക്കു് തടിച്ചുപോയി, ഇന്ദ്രിയങ്ങൾ വശം കെട്ടുപോയി. 23

ഇപ്പോൾ, ദീർഘനിശ്വാസങ്ങൾ വളരെയധികം വേദനയുണ്ടാക്കി പാർശ്വഭാഗങ്ങളെ ഉപദ്രവിക്കുന്നു. 24

പ്രാണനാശത്തിന്റെ ലക്ഷണമായ സർവ്വബന്ധങ്ങളുമുണ്ടു്. നാശം ഉടനെ വരും. 25

അല്ലയോ പ്രകാശം ഉടനെ വരും. പകലുണ്ടാക്കുന്നവനോ, ആദിത്യാ പ്രകാശിക്കുന്ന പകലിന്നീശാ, ഭൂമിയുടെ വിളക്കേ, ഇത്രയും കാലം എനിക്കുവേണ്ടി ഉദിച്ചു, രാത്രികളെ നശിപ്പിച്ച ഗ്രഹങ്ങളുടെ നാഥാ, എന്നന്നേക്കുമായി നീ അസ്തമിച്ചിട്ടുമോ, മൃതമായ ബ്രഹ്മാണ്ഡത്തെ പോലും ജീവിപ്പിക്കുന്നവനാണല്ലോ നീ,

പ്രകാശരത്നമേ, പല നിറത്തിലുള്ള കിരണങ്ങളുള്ളവനേ, ഇനി എനിക്ക നിൻെറ രശ്മികൾ കണ്ടു സന്തോഷിക്കുവാൻ ഭാഗ്യമില്ല. 26—29

സൂൎയ്യൻ അത്യുഷ്ണം കൊണ്ടു ദാഹം വളൎത്തിയ ഭൂമിക്ക കുളിരേകുന്ന ആശ്വാസ നിലാവേ 30

നാശത്തിൽ നിന്നും ഉത്ഭവിച്ചു് ആയവ്യയവികാരങ്ങളെ ജനിപ്പിച്ചവനേ, 31

ഭൂമിക്ക ചുററും പന്ത്രണ്ടു വഴികളിൽ നടന്നു കഴിയുന്നവനേ, 32

വത്സരങ്ങളേയും, സൂൎയ്യനേയും, മാസങ്ങളേയും നീ ഭേദിക്കുന്നു; സമുദ്രത്തെ നീ പാലിക്കുന്നു. 33

നിൻെറ ശീതളകിരണങ്ങളെ വീക്ഷിച്ചു നടന്ന എൻെറ കണ്ണുകൾക്കു ഇനി ഇത്ര തെളിച്ചം കിട്ടുകയില്ല. 34

ചന്ദ്രതേജസ്സേ, നിൻെറ വെളിച്ചം എനിക്ക നഷ്ടപ്പെട്ടുവല്ലൊ; ഭൂമിയിൽ ഇനിമേലിൽ നിന്നെ കാണുവാൻ എനിക്ക കഴിയുകയില്ല. 35

എൻെറ ഈ ഭൂമിയിലുള്ള ജീവിതകാലത്തെ അല്ലയോ ചന്ദ്രാ; ഇനി എണ്ണുവാൻ എനിക്ക യോഗമില്ല. 36

ഏഴുദിവസങ്ങളായി വിശേഷിപ്പിക്കപ്പെടുന്ന ഓജസ്സുള്ള നക്ഷത്രക്കൂട്ടമേ, 37

രശ്മിയുടെ മഹത്വം കൊണ്ടും സ്വവിശേഷതകളെക്കൊണ്ടും എത്രയും വിശിഷ്ടങ്ങളായ സ്വരൂപങ്ങളേ. 38

അനേകം വഴികളിൽ കൂടെ, വഴിതെററാതെ നിങ്ങൾ ചലിക്കുന്നു! 39

നിങ്ങളുടെ വ്യത്യാസങ്ങൾ മനസ്സിലാക്കി അല്ലയോ നക്ഷത്രങ്ങളെ, വളരെ കാലം ഞാൻ ദിവസങ്ങളെ വ്യവഛേദിച്ചിരുന്നു. 40

ആയുഷ്കാലത്തിൻെറ എണ്ണം തികഞ്ഞ ഉടനെ, ജീവിതാവസാനവും അടുത്തിരുന്നു. 41

ശിരോരത്നങ്ങൾപോലെ നക്ഷത്രങ്ങളെ ആകാശത്തിൽ നിങ്ങൾ പ്രശോഭിക്കുന്നു. 42

നിങ്ങളുടെ ശോഭകൊണ്ടു എൻെറ ഈ രാത്രി അവസാനിക്കുമോ?

എന്റെ ഇരുട്ടുകളുമോ? 43

ആകാശജീവികളായ പക്ഷിക്കൂട്ടമേ, നല്ല പാട്ടുകാരികളായ ആകാശസഞ്ചാരികളേ. 44

വളരെക്കാലം നിങ്ങളുടെ മധുരസ്വരം കേട്ടു ഞാൻ സന്തോഷിച്ചിരുന്നു. 45

നിങ്ങളുടെ ആകാരഭംഗിയും സൂക്ഷിച്ചുകണ്ട് കണ്ണിനാനന്ദം കൊണ്ടിരുന്നു. 46

സങ്കട സമയത്തു നിങ്ങൾ എന്നെ തണുപ്പിച്ചു; അപകടസമയത്തു ക്ലേശങ്ങൾ അകററി. 47

എന്റെ ഈ കഷ്ടസ്ഥിതിയിലാശ്വാസമരുളുവാൻ നിങ്ങൾക്കു കഴിയുകയില്ല. 48

ദുഃഖങ്ങളിൽ പങ്കുകൊള്ളുന്ന സ്വർഗ്ഗസ്ഥരുള്ളതെങ്കിലോ, ആശ്വാസമാണ്". 49

എന്റെ മരണ ദുഃഖഗാനങ്ങളോടെ, ആകാശത്തു കരഞ്ഞു കൊണ്ടു സഞ്ചരിക്കുവിൻ. 50

കഠിന സ്വരങ്ങളുള്ള കാക്കകളേ, മയിലുകളേ, എന്റെ മരണകാല ഭയത്തെപ്പററി പറയുവിൻ; 51

കരച്ചിൽ കേൾക്കുന്ന മനുഷ്യൻ ദുഃഖിപ്പാൻ മരണ ഭയത്തെ കുറിച്ചു പറയുവിൻ:— 52

ഈ മാതിരി! നിങ്ങൾക്കും ഒരുകാലം വരും; ഭയപ്പെട്ടു ദുഃഖിച്ചു കൊൾവിൻ; 53

നാൽക്കാലികളായ സിംഹാദിമൃഗങ്ങളേ, പശു, കുതിര, ഒട്ടകം തൊട്ടുള്ള മൃഗവംശാദികളേ! 54

പല വിധത്തിൽ നിങ്ങൾ മികച്ച ഉപകാരങ്ങൾ ചെയ്യുന്നു; 55

ധനവും, പാലും, രോഗത്തിനു മരുന്നും തീനും കൂടിയും എനിക്കു നിങ്ങൾ തന്നു. 56

ഇത്രയും കാലം നിങ്ങൾ എന്നെ സേവിച്ചല്ലോ; എന്റെ അന്ത്യപാദമായ ദുഃഖത്തെ കണ്ടാലും 57

ജീവനെ രക്ഷിക്കാൻ നിങ്ങൾക്കു കഴിയുകയില്ല. എനിക്കു വേദനക്കുവേണ്ടതു" സന്തോഷമാണ്" 58

സങ്കടം നീങ്ങുവാൻ ഇരുട്ടുനിറഞ്ഞ, സൂര്യനെത്താത്ത കാട്ടിൽ പോവിൻ 59

മേഘങ്ങളും തൊട്ടുനില്ക്കുന്ന മഹാമലകളെ വൃക്ഷങ്ങളും പരിശോഭിക്കുന്ന വനങ്ങളേ! 60

മസ്തകങ്ങളിൽ ഓരോന്തരം ഇലകളാകുന്ന രത്നങ്ങളും അലങ്കരിച്ചു അണിഞ്ഞൊരുങ്ങിയപോലെ. 61

നിങ്ങളിൽനിന്ന് പുറപ്പെടുന്ന തണുപ്പ് എന്റെ ഹൃദയത്തെ തണുപ്പിക്കുവാൻ പോരാ 62

ചന്ദനവും മരുന്നുകളുമെല്ലാം എനിക്കു വീണ്ടും പകരാത്ത കാലമായി. 63

സസ്യങ്ങളൊക്കെയും പ്രയോജനമില്ലാത്തവയായി, നാവിനു രുചികരമല്ലാത്ത സാധനങ്ങളായി. 64

ഭൂമിയിൽ ശ്രേഷ്ഠന്മാരായ നിങ്ങളിൽനിന്നും അനുഭവിച്ചറിഞ്ഞ സുഖങ്ങളെ ഓർമ്മിക്കുമ്പോഴും വേദനകാരണം ഇതായിത്തീർന്നിരിക്കുന്നു. അയ്യോ! പാപം! ഞാനെന്തു പറയട്ടെ 65,66

നായാട്ടിൽ സമർത്ഥന്മാരായ നായ്ക്കളുടെ ഓട്ടവും, മൃഗങ്ങളുടെ പരിഭ്രമവും പോക്കും ആരവാരങ്ങളും, നിലവിളികളും, മലകളുടെപുറമേയും ചിന്തിക്കുമ്പോഴും, ഈ രസങ്ങളൊക്കെയും സ്വപ്നം കണ്ടപോലെയുള്ളു, എല്ലാം കഴിഞ്ഞു, ഇപ്പോഴും അനുതാപമെയുള്ളൂ. 67,68,69

തീർച്ചയായും അപ്പോഴും മൃഗങ്ങൾക്കുണ്ടായ സംഭ്രമം ഇപ്പോഴും എനിക്കുണ്ടായിരിക്കുന്നു. 70

ഭൂമിയിലെ നക്ഷത്രങ്ങളും, ഭൂമിക്കു അലങ്കാരവുമായ കാട്ടിലെ സുന്ദര പുഷ്പങ്ങളെ, ആകാശത്തിൽ നക്ഷത്രങ്ങളും ശോഭിക്കുന്നതുപോലെ കാട്ടിലും നിങ്ങളും ശോഭിക്കുന്നു. 71,72

നിങ്ങളുടെ നല്ല വാസന ആസ്വദിച്ചു ഞാൻ രസിച്ചു സന്തോഷം പൂണ്ടു. 73

പുഷ്പത്തിന്റെ അല്പ ജീവനും എന്റെ ജീവരൂപവും ഒരുപോലെയാണ്. ഒരിക്കലും അതു ഈ പാപി മനസ്സിലാക്കിയില്ല. 74

ഹ്രസ്വമായ നല്ലകാലത്തു പൂപോലെ അഴകുള്ളവനെങ്കിലും ആ അഴക് പോകും, നിങ്ങളുടെ ജീവന് ഞാൻ വെറുതെ അന്തക

നായി, ഞാൻ ചെയ്യുന്നതുപോലെ എനിക്കും ഇതാവന്നു! 75,76
മാല കെട്ടുന്നവൻ നല്ല പുഷ്പങ്ങളെ അറുക്കുന്നതുപോലെ മനുഷ്യ
ജീവനെ മരണം അറുക്കുന്നു. 77
എന്റെ ജീവൻ, ഇതാ ഉണങ്ങിയ പുഷ്പം പോലെ വീണു പോ
കുന്ന അവസാന കാലമായിരിക്കുന്നു. 78
ജീവനില്ലാത്ത വസ്തുക്കളോട് ഞാൻ എന്തിനിങ്ങനെ വൃഥാ
പറയുന്നു. 79
ഭൂമിയിൽ എന്റെ കൂട്ടുകാരായവർ എന്റെ ദുഃഖങ്ങളൊക്കെയും
ഗ്രഹിക്കണമെ! 80
എന്നെ സ്നേഹിക്കുകയും, സേവിക്കുകയും ചെയ്യുവരോടു എന്റെ
മനസ്സിലെ ദുഃഖങ്ങൾ പറയുകയുള്ളു. 81
എന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്ന കൂട്ടുകാരെ! എന്റെ
ബന്ധുത്വം വേർപ്പെടേണ്ട കാലമാണ് ഇപ്പോൾ. 82
എന്റെ സങ്കടം കണ്ടും കേട്ടും മനസ്സാപ്പെട്ട് ദുഃഖിക്കുവാൻ നി
ങ്ങളേ ഉള്ളു. 83
തമ്മിൽ തമ്മിൽ സന്തോഷത്തിനുവേണ്ടി ഞാൻ ചെലവഴിച്ച
വളരെ ദിവസങ്ങൾ നിങ്ങൾ തിരികെ വരുത്തിതരുമോ? 84
കഴിഞ്ഞ കാലത്തെപ്പറ്റി ചിന്തിച്ചിരിക്കുമ്പോൾ വളരെ സ
ന്തോഷത്തിന്റെ നല്ല കാലമാണിതു്. 85
ഭാവികാലം ഭയാവഹമായി തോന്നുകയാൽ ഇപ്പോഴുള്ള ദുഃഖം
ഇരട്ടിക്കുന്നു. 86
വിനോദങ്ങളിൽ എന്റെ പങ്കാളികളായവർ, ആപത്തുകാലത്തു
എന്നെ വിട്ടുപോകുമോ? 87
സമ്പത്തുകാലത്തു ചങ്ങാതിമാർ വളരെയുണ്ടാകും; ആപത്തുകാല
ത്തു് അവരൊക്കെ പോകും. 88
ഞാൻ സഹായം ചെയ്തിട്ടുള്ളവരൊക്കെ എന്നെ ഉപേക്ഷിച്ചു,
എന്നെ ആശ്വസിപ്പിക്കുവാനാരുമില്ല! 89
വമ്പിച്ച സ്നേഹിതസംഘത്തിൽ ശേഷിച്ചവരായ ഉത്തമസുഹൃ
ത്തുക്കളേ! ഞാൻ പോകുന്നു. 90
കളി നിർത്തട്ടെ; നിങ്ങളോടുകൂടി കളിച്ചു രസിപ്പാൻ ഇനി വധി
യില്ല. 91

ഞാൻ യാത്രയായി. നിങ്ങളെ പിരിഞ്ഞു പോകുവാൻ വളരെ സങ്കടമുണ്ട്. (പാടുക) ഉപായമില്ല. 92

പോയേ തീരൂ. നില്പാൻ നിവൃത്തിയില്ല. മടിയുണ്ടെങ്കിലും, പോയേ മതിയാവൂ. 93

ഞാൻ മടിച്ചാലും, എനിക്കു മരിക്കണം. മരിച്ചാൽ എനിക്കെന്തു സംഭവിക്കും. 94

മോക്ഷമുണ്ടാകുമോ? നരകമാകുമോ പ്രത്യക്ഷത്തിൽ അറിയാതെ ഞാൻ പരിഭ്രമിക്കുന്നു. 95

ഞാൻ ഒരു വഴിപോക്കനാണെന്ന് ഉറച്ചു മനസ്സിലാക്കിയില്ല, എപ്പോഴും ലൗകിക സുഖങ്ങളെ ആശിച്ചു. 96

ഇരുട്ട് എന്റെ മനസ്സിൽ പരന്നു; മരണ ചിന്ത ബുദ്ധിയിൽ സൂക്ഷിച്ചില്ല. 97

ഞാൻ ഇപ്പോൾ യാത്രയാകട്ടെ, പോകുന്നു. നടത്തം നിറുത്തുന്നു; മരിക്കാറായി. 98

വഴിയാത്രക്കാരനായ ഞാൻ നടന്നതൊക്കെ മതി. എന്റെ കപ്പൽ അഴിമുഖത്തെത്തി. 99

എന്റെ കപ്പൽ ഞാൻ മനസ്സിൽ ആഗ്രഹിച്ചതുപോലെ എത്തിയില്ലല്ലോ എന്നു ഞാൻ മനസ്സിലാക്കി. 100

വളരെ ഭയം ജനിപ്പിക്കുന്നതും വിസ്താരമേറിയതുമായ ജലപ്പരപ്പ്, വളരെ കപ്പലുകളെ നശിപ്പിച്ച വഴികളും, കാറ്റും കോളും കോപിക്കുന്ന ആ സമുദ്രത്തെ ഞാൻ തരണം ചെയ്യണം. ചുരുങ്ങിയ കാലംകൊണ്ട് ആ അനല്പ യോഗ്യങ്ങളും വഴികളും ഞാൻ കടക്കണം ആ വഴി നടന്നവരില്ല. തെറ്റിപ്പോയാൽ നേർവഴി കാട്ടീടുവാൻ കൂട്ടുകാരുമില്ല. 101,104

എന്നിങ്ങനെ ചിന്തിച്ചു മനസ്സിൽ സങ്കടം നിറഞ്ഞു; കുറച്ചൊന്നുമല്ല പരിഭ്രമം. 105

പണ്ടത്തെ എന്റെ വീരോചിതമായ അവസ്ഥകൾ കണ്ടവരേ ഇപ്പോഴത്തെ എന്റെ വികാരങ്ങൾ കാണുവിൻ. 106

പണ്ടു ഞാൻ കളിച്ചു ചിരിച്ചു നടന്നു ഇപ്പോൾ ബലഹീനനായി ദുഃഖിക്കുന്നു. 107

എന്റെ പ്രാമാണികത്വം മുമ്പു കണ്ടറിഞ്ഞവർ ഇപ്പോഴത്തെ എന്റെ ദീനതകണ്ടു ഭയക്കണമെ! 108

അയ്യയ്യൊ! കൂട്ടുകാരെ! നിങ്ങൾ കണ്ടറപ്പിച്ചുകൊൾവിൻ. ഇതാ അത്യുഗ്രമായ ലൌകിക സുഖങ്ങളുടെ അവസാനം. 109

അച്ഛനമ്മമാരെ, കൂടപിറപ്പുകളെ, ഞാൻ എങ്ങിനെ വിധത്തിൽ നിങ്ങളെ പിരിയെണ്ടൂ? അയ്യൊ! അമ്മെ! നിങ്ങളെ ഓൎക്കുമ്പോൾ എന്റെ ഹൃദയം നോവുന്നു. എന്നെ ജനിപ്പിച്ചു നിങ്ങളുടെ കരച്ചിൽ കേൾക്കുമ്പോൾ എന്റെ ദുഃഖത്തിനെന്തവകാശം? ആ കണ്ണുനീർകൾ എന്റെ മനസ്സിൽ കൊണ്ടു് ഉള്ളം ഉരുകുന്നു; സങ്കടം വൎദ്ധിക്കുന്നു; ഇപ്പോൾ നിങ്ങളെന്നെ യാത്രയാക്കിടുവിൻ; ഇനി ഒരിക്കലും കാണ്മാൻ കഴിയുകയില്ല. ഈ വിധിക്കുവേണ്ടി ഞാൻ ജനിച്ചുവല്ലൊ; നിങ്ങളുടെ സങ്കടം തീൎപ്പാൻ കഴിയുമൊ? പോകരുതെന്നു നിങ്ങൾ പറഞ്ഞാലും, പാൎക്കണമെന്നപേക്ഷിക്കകിലും സ്നേഹവും ആഗ്രഹവുമെനിക്കുണ്ടെങ്കിലും അങ്ങിനെ ചെയ്യുവാൻ (മരണത്തെ നിറുത്തുവാൻ) കഴിയുമൊ? എന്നെ യാത്രയാക്കിടുവിൻ! ദുഃഖം എന്റെ മനസ്സിൽ നിറഞ്ഞു അകന്നു പോവിൻ! അകന്നു പോവിൻ നിങ്ങളെ കണ്ടിരിക്കുമ്പോൾ, എന്റെ ഹൃദയവേദന ഇരട്ടിക്കും. 110,119

എന്റെ കൂടപ്പിറപ്പുകളെ! നിങ്ങളൊരുമിച്ചുള്ള എന്റെ താമസം കഴിഞ്ഞുപോകുന്നു. സ്നേഹസമ്പന്നരായ നിങ്ങളെ ഉപേക്ഷിച്ചു പോവാൻ വിധിയുണ്ടാകുന്നതു അതിക്രമംതന്നെ. 120,121

നിങ്ങളും ഞാനും ഒരുമിച്ചുവസിച്ചു നല്ല ഉല്ലാസപൎച്ചയോടുകൂടി 122

അതിയായ സ്നേഹം നമ്മെ കൂട്ടിയിണക്കി ഒരിപ്രവാസന നമ്മിലുണ്ടായില്ല. 123

നമ്മെ ഭിന്നിപ്പിക്കുന്ന ക്രമമല്ലാത്ത വഴക്കും നമ്മിലുണ്ടായില്ല; മിതമായ ഭാഷയിൽ മാത്രം സംസാരിച്ചു. 124

എങ്ങോട്ടു പോകുന്നു എന്നു് ചോദിച്ചാൽ, ശാന്തം, പാവം, ഒന്നെന്നും പറയാനാണു്. 125

തേനിന്റെ മാധുര്യവും പഞ്ചസാരയും പാലും
എന്നതിന്നല്പരസമുപരി ലോകത്തിലെ 471
രസസാധനങ്ങളോടൊട്ടുമേതൊക്കുന്നില്ല
അസാരരസം ദൈന്യമെന്നറിയുക 472
എന്നാൽ ക്ഷുൽപ്പിപാസാദി മോക്ഷവാനവിടത്തിൽ-
ഇതെന്നു സംശയിച്ചു ചിന്തയിൽ നിനയ്ക്കേണ്ട 473
ക്ഷുത്തൃസാദൃശ്യാഗതരാജ്യമിതെന്നു നൂനം-
പ്രീതിയെ വരുത്തുവാൻ ഭക്ഷണമെന്നു കേൾപ്പു 474
ക്ഷുത്തും ദാഹവും തത്ര ഭവ്യമില്ലെന്നു സിദ്ധം-
സ്പർശത്തിന്നിഷ്ടത്തിന്നു മോക്ഷത്തിലൂനമില്ല 475
അശവിഷയമൊക്കെ ലഭിക്കുമനാരതം-
ഗതരുക്ക്ഷയ ജ്വരരോഗാദിനാമംപോലും 476
ആ ദിക്കിൽ കേൾപ്പാനില്ല ഭൈഷജ്യങ്ങളുമില്ല-
ശരീരഭാരമില്ല ആലസ്യങ്ങളുമില്ല 477
വശശീതങ്ങളാൽ സ്വൈരക്കേടുമില്ല-
വയസ്സിൻ വിശേഷങ്ങൾ വൾക്കൃക്ഷയങ്ങളും 47൮

ആയുരാദ്യവിവേക മജ്ഞാനഭാവങ്ങളും-
അഹമ്മതിയുമില്ല വികാരങ്ങളുമില്ല 479
സഹസ്രയുഗം കഴിഞ്ഞീടിലും മോക്ഷസൗഖ്യം-
ഒട്ടങ്ങിടുകയില്ല ശേഷിക്കും മുഴുവനും 480
ഒട്ടക്കമററമൂലം ഭവിക്കും നിരന്തരം-
അനന്തമിതു വാക്കിന്നപരിമേയമിത 481
ചിന്തിതവ്യത്തിലും മഹത്വമുള്ളതിതും-
എങ്കിലൊ ജാതിപുഷ്പം നിയതം നിറെഞ്ഞുള്ള 482
സന്തതഫലികളായ് യാപനഹീനങ്ങളായ്
നാനാരേഖകളായിട്ടവന്ധ്യവൃക്ഷങ്ങളെ 483
സുമുക്തപ്രവാളങ്ങൾ ചമെഞ്ഞംബുധിതീരെ-
അമൃതമൊഴുകുന്ന നിർമ്മലനദികളെ 484
സ്വർണ്ണരൂപങ്ങളോടു പൊരുതു ജയിക്കുന്ന-
സുരഭിയുക്തങ്ങളാം വരപുഷ്പങ്ങളുടെ 485
ഉത്തമവിശേഷത്താൽ ശോഭിതോദ്യാനങ്ങളെ-
രത്നസാധനംകൊണ്ടു നിർമ്മിതപുരങ്ങളെ- 486
നിത്യകാന്തങ്ങളാമമലാലയങ്ങളെ-
രാത്ര്യന്ധകാരം വിനാ ശോഭിതോദ്യാനങ്ങളെ- 487
ആലസ്യം വരാതെ കണ്ടനന്ത സുഖങ്ങളെ.
സുലഭഗ്രാമക്ഷേത്രങ്ങളോടും ഗുണപൂർണ്ണം 488
നിർമ്മല ജനത്തോടും നിശ്ചല സഖ്യങ്ങളെ
ദുരിതഭയംവിനാ നിത്യമാമനുഭവം 489
സർവ്വശാസ്ത്രജ്ഞാനവുമജ്ഞാനവിനാശവും
ചിന്തിച്ചു നിരൂപിച്ചു തഥ്യമെന്നറെക്കിലും 490
ജ്ഞാനമുള്ളതിലും മോക്ഷമെന്നറികെടൊ
കാന്തിയുള്ളതിലും ശ്രേഷ്ഠമെന്നാകുന്നും 491
ഇതെല്ലാം ശ്രുതമല്ലാ ദൃഷ്ടം ചിന്തിതമല്ലാ
ചിന്തിതവ്യത്തിലും മോക്ഷഭാഗ്യങ്ങളുന്നു 492
കണ്ടസാക്ഷികളുണ്ടു ദിവ്യന്മാർ മാർപൗലോസും
കണ്ടിയാം പരലോകകാഴ്ചകളെന്നായതു 493

ചൊല്ലുവാനൊപ്പിപ്പാനും കൂടുന്നവസ്തുവല്ല
ഇല്ലമിതിനോടൊന്നും മാനുഷാ ചക്ഷുസ്സിനു 494
പ്രത്യക്ഷമായിട്ടില്ലശ്രോത്രവും കേട്ടിട്ടില്ല
മർത്ത്യന്മാരായുള്ളോർക്കാകാംക്ഷയായിട്ടില്ല 495
ഉത്ഥാനാവകാശമവം ദൈവസഖികളുടെ
പരിപൂർണ്ണഭാഗ്യത്തെ നിർണ്ണയിക്കുന്നു നൂനം 496
ചിന്തിതമശ്രുതസുഖങ്ങളും കൂടുന്നേരം
മംഗലാസ്പൃഹമിതാശ്ചര്യമെന്നാകിലും 497
എന്നാലും പരലോകമംഗലം പറയുമ്പോൾ
മനീഷാഗതാപ്പുരം ശ്രദ്ധമെന്നതാകനു 498
തോന്നിയതെല്ലാം ദൈവമഹസ്സാരമാപട്ടിലും
അന്ധനസംപാദ്യലോകസാദൃശ്യത്തിന്നപ്പുറ 499
എന്നിവ ധ്യാനിച്ചു ഞാൻ സുഖിച്ചു കഴിയുന്നേരം
മനസ്സാക്ഷി സമാധാനമാച്ചുൻ ദൈവ്യസുഖം 500
എന്നാലും മമ പാപമാതമാവു ശരീരത്തിൽ
രഞ്ജിച്ചു പ്രകാരങ്ങളെ നിരൂപിക്കുന്നേരം 501
അകന്നു സുഖം മമ സങ്കടം വർദ്ധിക്കുന്നു
ശോകിക്കുന്നെന്നാകിലും ബന്ധനമൊഴിപ്പതി- 502
ന്നുപായമില്ല ദുഃഖമൊഴിപ്പാൻ വഴിയില്ല
പ്രാപ്തമെന്നറച്ചുള്ളം പ്രാപ്യമെന്നറിഞ്ഞു ഞാൻ 503
സ്പൃഹയും വർദ്ധിക്കുന്നു താപവുമതിനാലെ
ദാഹത്തെ തണുപ്പിപ്പാൻ ശീതളമൊന്നെയുള്ളു 504
മോക്ഷാർത്ഥമില്ലാതില്ലമാർത്തിമോക്ഷത്തിൽകൂടും
മോക്ഷാർത്ഥമുള്ളാകം മോക്ഷദീപമായുള്ള 505
പ്രകാശമുദിപ്പാളം വിശ്വാസ രശ്മികണ്ട-
ലോകേശ കല്പനകളനുവർത്തിക്ക സദാ 506
മംഗലപ്രദാത നിൻ ഗുണവിഷയത്തെ
സന്തതം സമാധാനാവശത്താൽ സ്നേഹിക്കുക 507

സുന്ദരരൂപം കണ്ടാൽ സൌന്ദൎയ്യസമുദ്രത്തിൽ
നിന്നൊരുതുള്ളിയല്ലൊ സൌന്ദൎയ്യകാരണത്തെ 508
ചിന്തിച്ചതിനെപ്രതി പ്രിയത്തെ ധരിക്കുക
എന്നിവചെയ്തീടുമ്പോൾ മാനസംതെളിഞ്ഞീടും 509
ഒരിക്കലങ്ങൊരു കന്മഷം തോന്നുന്നേരം
സാരമാനത്തെക്കാൾ പരലോകശുഭഗ്രാഹിക്കുക 510
ക്ഷോണിയിലുള്ള ദുഃഖം കറഞ്ഞുപോവാനൊരു
ക്ഷണത്തിലിതൊക്കയും കഴിയുമെന്നു മമ 511
ചേതസി സ്ഥാപിച്ചുഞാൻ തൽക്ഷമഗുണംകൊണ്ടു
ഉത്തരകാലെ കഴിയാത്തത്ഥം വരുത്തുവാൻ 512
ക്ഷമക്കുത്തരമായ സന്താനന്ദമിഷ്ടം
മെമതിയുറെക്കുമ്പോൾ ശീതളമുണ്ടായ്വരും 513
ആയുസ്സിന്നല്പകാലമെപ്പൊഴും കഴിയുന്നു
വായുവേഗത്തെക്കാളും നക്ഷത്രവേഗമേറും 514
ആയതിപ്പുരം താരകാലത്തിങ്കന്നു സിദ്ധം
സുവേഗം കാലത്താലുമാത്മാവു കഴിഞ്ഞീടും 515
ജീവിതകാലാന്തത്തിൽ സകല കരുണാബ്ധേ!
അനുമതിയംകൊണ്ടു ശ്രേയസാം ഗുരുസ്ഥലെ 516
വസിപ്പാൻ ഭാഗ്യം മമ ഭവിപ്പിച്ചീടണമെ
മോക്ഷലോകാന്തഃ ചിത്തന്ത്യജമാം ധ്യാനഗാനം 517
സൂക്ഷ്മമായുരചെയ്യുൻ സാക്ഷിയിൽ കണ്ടപോലെ
ശ്രീലോകമദ്ധ്യത്തെ നിത്യവും സ്മരിക്കഹൊ 518
കാലത്തെ കരുളകിലാമന്യകാലെ സുഖം
വന്നീടും നാശ്യതാം ചാതുൎയ്യവും സദാ 519
ചിന്തിക്കിൽ പാപം വിനാശമോക്ഷത്തെ പ്രാപിച്ചീടും.

എല്ലാ ലോകങ്ങളുടേയും നാഥനും, ഭാഗ്യങ്ങളുടെ കാരണവും,
സത്ഗുണങ്ങളുടെ ഇരിപ്പിടവും, നിത്യനും, ഏകനും, ഉപമയില്ലാത്ത
വനും, മുഖ്യനും, നാശരഹിതനും, വരംകൊടുക്കുന്നവനും, മാനനീയ്യാ
ത്തവനും, സ്തുതിക്കപ്പെടാൻ യോഗ്യനും, സകല ഗുണങ്ങളും നിറഞ്ഞ
വനും ആയ ദൈവത്തെ സാഷ്ടാംഗമായി നമസ്കരിച്ചിട്ട്, ആ സ
ർവ്വേശന്റെ ഭാവങ്ങളിൽ മുഖ്യവും, ഗുണപ്രധാനവും, നിത്യവുമായ
മംഗളത്തെ മോക്ഷത്തെക്കുറിച്ച് ഞാൻ പറയുന്നു. 1,3
ഈ ഭൂമിയിൽ മനുഷ്യവർഗ്ഗം ഓരോരോ കാലങ്ങളിൽ വളരെ ദുഃഖമ
നുഭവിച്ച് ജനിക്കുകയും മരിക്കുകയും ചെയ്യുന്നത് ഇല്ലാതെയാക്കി
ത്തീർക്കാൻ, ദുഃഖം മാററിത്തീർക്കാൻ എന്തുകഴിവാണുള്ളത്? മരിച്ചു
സങ്കടം ഒഴിവാക്കാൻ എന്താണു വഴി? 4,5
മനുഷ്യന്റെ ശീലം കണ്ടാൽ ഇളക്കമില്ലാത്ത ശീലങ്ങളിൽ ഉള്ള
ആഗ്രഹം മനസ്സിൽ വെയ്ക്കുന്നതു ലഭിക്കാൻ ശ്രമിക്കുന്നതായി തോ
ന്നും 6
ലോകത്തിലെ കാര്യങ്ങളും ചിന്തിച്ചാൽ അനർത്ഥങ്ങളല്ലാതെ ഒന്നും
കാണാനില്ല. സുഖം കിട്ടുന്നുമില്ല. 7
ജനനാരംഭം മുതൽ ഉണ്ടാകുന്ന കണ്ണുനീർ ഈ സങ്കടത്തിനു
സാക്ഷ്യം വഹിക്കുന്നു. ജീവിതത്തിൽ പലതരം ദുഃഖങ്ങളും പ്രത്യക്ഷ
സിദ്ധങ്ങളാണല്ലോ. 8
ജീവാവസാനത്തിൽ മരണദുഃഖം ഏററവും ഭയങ്കരമായിട്ടുള്ളതാണ്.
ഇതു ചിന്തിക്കുമ്പോൾ ജീവിതകാലം മുഴുവനും ദുഃഖിക്കാനുള്ള കാല
മാണെന്നേ പറയേണ്ടതായിട്ടുള്ളൂ. മനുഷ്യരുടെ ക്ലേശങ്ങളും ആഗ്രഹം
നിറവേററാനുള്ളവയാണ്. 9, 10
ആഗ്രഹിച്ചതു ലഭിച്ചാലും ആനുകൂല്യം കിട്ടാൻ പോകുന്നില്ല. സമ്പ
ത്തിലുള്ള ആശകൊണ്ട് പലരും വലയുന്നു. 11
കൈവന്ന പദാർത്ഥങ്ങളാലും അത്യാഗ്രഹപൂർത്തി വരികയില്ല. മോഹ
മാകുന്ന തീയ് കത്തിക്കാളുമ്പോൾ അതു കെടുത്താൻ ക്ലേശിച്ചു
ചെയ്യുന്ന പ്രയത്നം അതിനെ വർദ്ധിപ്പിക്കുകയേ ഉള്ളൂ. അതിന്റെ
ആശ്രയസ്ഥാനം ദഹിക്കുന്നതുവരെക്കും അതു ബലപ്പെട്ടതന്നെയി
രിക്കും 12, 13
ഉള്ളിൽ അഭിമാനം വിചാരിച്ച് വല്ലാതെ ആഗ്രഹിക്കുന്നു എന്നു
വന്നാൽ അതുകാരണം വളരെ ദുഃഖം വന്നുകൂടും 14

ഇവ നിശ്ചയമെന്നു് ഹൃദയത്തിലുറച്ചു് നീ മൂന്നു കാര്യങ്ങൾ
കൊണ്ടും സൗഖ്യമില്ലെന്നു് മനസ്സിലാക്കണം 15

ധനം, മാനം, കാമം എന്നിവകൊണ്ടുണ്ടാകുന്ന ദുഃഖങ്ങൾക്കവസാന
മില്ല. എന്നാലും [illegible]ത്തെക്കുറിച്ചു അഭിലാഷം തോന്നുന്നു 16
കിട്ടാൻ വയ്യാത്ത ഗുണത്തിന്നു വേണ്ടിയുള്ള കാരണം കൂടാതെ മോഹ
മുണ്ടല്ലോ അതു് എല്ലാ മനുഷ്യരും പൂർണ്ണമായി സമ്മതിക്കുന്ന
ഒന്നാണു്. 17

അസത്യമെന്നു വരില്ല. നേരെന്നു തന്നെ വരും. മനുഷ്യർ അനുഗ്രഹമാ
കുന്ന ഗുണം ദോഷരഹിതമാകണം 18

തിന്മയില്ലാത്തതെന്നു വരു. ദോഷമായിരിക്കയില്ല. മനുഷ്യവർഗ്ഗ
ത്തിന്നു പൊതുവെ ഗുണത്തിൽ മോഹം ആഗ്രഹം ഉണ്ടു് 19

കിട്ടാൻ തക്കതല്ലാത്ത ഗുണത്തിന്നു് അനുഗ്രഹമില്ലെന്നു വന്നു. എങ്കി
ലും എല്ലാ മനുഷ്യരും അതു തീർക്കാൻ ശ്രമിക്കുന്നുണ്ടു് 20

അഖിലലോകത്തിലും അനുഗ്രഹമെല്ലാം നിറവേററിയവർ ആരുമില്ല.
തീയ്യിന്നു തണുപ്പുമില്ല. വെപ്പിന്നു ലഘുത്വവുമില്ലല്ലോ. 21

കല്ലിന്നു മാർദ്ദവവും ഇരുട്ടിന്നു ശോഭയുമില്ല. ചളിക്കു വിലയില്ല. പാറ
ക്കു പൂവുമില്ല ഇരുമ്പിന്നു [illegible] രാത്രിക്കു (ഇരുട്ടിന്നു) ദൃശ്യമില്ല.
ദോഷത്തിന്നു ഗുണവും ശ്രീക്കു ഭാഗ്യപരിപൂർണ്ണതയും ഇല്ലെന്നു
കണ്ടപോലെ നിശ്ചയിച്ചുറയ്ക്കണം. മംഗളത്തികവും ഉപരിലോക
ത്തിൽ മാത്രമേയുണ്ടാവുകയുള്ളു. 22, 23, 24

ഭാഗ്യപരിപൂർണ്ണം കല്യാണപരിപൂർണ്ണം എന്നീ പദങ്ങൾക്കു്
പരിപൂർണ്ണത എന്നർത്ഥം പറയണം. ഭാഗ്യത്തികവു്, മംഗളത്തി
കവു് എന്നർത്ഥം 25

രസിക്കാൻ യോഗ്യതയുള്ള ഭാഗ്യംകൊണ്ടുള്ളപരിപൂർണ്ണത കൈവല്യ
അനുഗ്രഹങ്ങൾക്കു യോഗ്യമായ ഇരിപ്പിടം ആ ലോകം മാത്രമാകുന്നു.
അല്ലയോ വഴിപോക്കനായ മനുഷ്യാ, നീ ദുഃഖംകൊണ്ടു നിറഞ്ഞ മ
രുഭൂമിയാണു് ഭൂമിയെന്നു് അറിവിന്റെ വെളിച്ചംകൊണ്ടു് വേഗ
ത്തിൽ നിശ്ചയിച്ചു്, ഇന്ദ്രിയങ്ങളുടെ നിസ്സാരഗുണങ്ങളെ – നി
സ്സാരമായ ഇന്ദ്രിയസുഖത്തെ അനാസ്ഥയോടുകൂടി ഉപേക്ഷിക്കുക. 26
അനുകൂലം എന്ന പദത്തിന്നു് അനുകലനം എന്ന പദത്തിന്റെ അർത്ഥം
പറയണം. 'അധരം ഫല്ഗു' എന്ന അമരകോശം. 27

ഭൂമിയോടുള്ള ബന്ധം വിട്ടുപോകുമെന്ന് വിചാരിച്ച് അതിനോട് കൂടുതൽ ചേരാതെ, ശ്രേഷ്ഠമായ പരലോകത്തെ ഹൃദയത്തിന്റെ കണ്ണു കൊണ്ട് നോക്കി ധ്യാനിച്ച് ശ്രമിക്കണം. ഈ ഭൂമിയിലെ സമ്പത്തുകളും അല്പം മനസ്സാക്ഷിക്കു ഗ്രഹിക്കണം. ലൗകികസമ്പത്തുകൾ നശ്വരങ്ങളാണെന്ന് മനസ്സിലാക്കണമെന്ന് താല്പര്യം 28

ഭൗമ്യം പാരലൗക്യം എന്നീ പദങ്ങൾ ക്ലിഷ്ടാർത്ഥകങ്ങളാണ്. ഭൗമ്യം ഭൂമിയെ സംബന്ധിച്ചത്. പാരലൗക്യം പരലോകസംബന്ധി എന്നർത്ഥത്തെ സൂചിപ്പിക്കുന്നതാണല്ലോ? പരലോകം എന്നതാണിവിടെ ഉദ്ദേശിച്ചിട്ടുള്ളത്. 29

ഭൂലോകത്തിൽ സുഖമില്ല. ഇവിടെ താമസിച്ചതു മതി. നമുക്ക് ഇവിടെനിന്ന് പോകാം, മോക്ഷത്തെക്കുറിച്ച് ശരണമാക്കി എന്ന താല്പര്യം 30

ആ ലോകഭോഗങ്ങൾ വേണം, അവിടെത്തന്നെ താമസിക്കണം. ആപൽക്കരമായ ശരീരഭാരത്തിൽനിന്ന് ഒഴിഞ്ഞു മാറാൻ കഴിയുമോ? 31

മേല്പോട്ട് പൊങ്ങിപ്പറക്കുവാൻ പക്ഷിച്ചിറകാണ് നല്ലതായിട്ടുള്ളത്. എനിക്ക് പക്ഷികളുടെ ചിറക് തരാൻ ആരെങ്കിലും ഉണ്ടോ? 32

എന്നാൽ ഞാൻ വേഗം പറന്ന് അനുകൂലമായ സ്ഥലത്തെ പ്രാപിക്കുന്നതാണ്. യഥാകാലം മേഘങ്ങളുടെ ചിറകുകൾ വഴി ഞാൻ പൊങ്ങിപ്പോകുന്നതാണ് 33

മേല്പോട്ടുപൊങ്ങുന്തോറും ഞാൻ പുതിയ വസ്തുക്കളെ കാണുന്നു. ഭൂലോകം ചെറുതായിട്ടും ഗ്രഹങ്ങളും നക്ഷത്രങ്ങളും വലുതായിട്ടും കാണപ്പെടുന്നു. ഭൂമി അകലുകയും നക്ഷത്രാദികൾ അടുക്കുകയും ആണല്ലോ ചെയ്യുന്നത്. ആലോചിച്ചാൽ ഇത് ആശ്ചര്യകരമാണ്. കണ്ണിനു നിസ്സാരമായി കാണാൻ കഴിയുന്ന മേഘങ്ങൾ ആവിയും തണുപ്പുംകൊണ്ട് കൂടുന്ന നേരത്ത് അത് കനക്കുകയും പിന്നീട് മഴയായി ഭൂമിയിൽ പെയ്യുകയും ചെയ്യുന്നു 34, 35, 36

മേഘങ്ങൾ തമ്മിൽ കൂട്ടിമുട്ടുമ്പോൾ മുഴക്കം. ഇടിമുഴക്കമുണ്ടാകുന്നു. [illegible] വിധമുള്ള മിന്നൽ മിന്നുന്നു. ഇടിയും വെട്ടുന്നു. 37

സൂര്യരശ്മികൾ തട്ടിയുള്ള മേഘത്തിൽ കൊടുവാൾ വട്ടത്തിൽ കാണുന്നതുമൂലം അത് വില്ലാണെന്നു തോന്നും, കവി ഇവിടെ മഴവില്ലിനെയാണ് സൂചിപ്പിക്കുന്നത് 38

കാഴ്ചയുടെ സ്ഥാനമേതാണു് ഇങ്ങനെ വരുത്തുന്നതു്. അല്ലെങ്കിൽ
വട്ടം തന്നെ കാണുന്നതിന്നു് എന്താവകാശം 39
ആ കാഴ്ച, സൂര്യന്റെ പ്രതിഛായയാലുംകൊണ്ടു് കിഴക്കെ മിക്കി
ലും പടിഞ്ഞാറെ മിക്കിലും മാത്രമെ ഉള്ളു കാണുകയുള്ളൂ. മഴവില്ലി
ന്റെ ദർശനം അങ്ങനെയാണല്ലോ 40
ആ ഗ്രഹങ്ങളും ദൂരെ നില്ക്കുന്ന ഗ്രഹങ്ങളും അടുക്കുമ്പോഴും ഭൂമിയെ
നോക്കിയാൽ ആദ്യം അല്പവൃത്തമായും പിന്നീടു് മഹത്തരമായി ഉ
ള്ളമായും തോന്നും, അതിന്നു ഏഴായിരത്തഞ്ഞൂറു് കാതം ചുറ്റുമുണ്ടു്
എന്നു തോന്നാൻ പ്രയാസമാണു് 41,42
അങ്ങനെയാണെന്നു ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്ന ഒട്ടകം ഭൂമി
കാണാൻ വയ്യാത്തതായിത്തീരുമെന്നും മനസ്സിലാക്കണം 43
ഒന്നു മേല്പോട്ടുപൊക്കിനോക്കുമ്പോഴും, ആകാശവും തന്നെ, ഭൂമിയിൽ
നിന്നു് ചന്ദ്രന്റെ അടുത്തു എത്തുവാൻ നാല്പതിനായിരം കാതം ദൂര
മുണ്ടത്രെ. ചന്ദ്രന്റെ രൂപം ഏതാണ്ടും ആശ ചന്ദ്രക്കലതന്നെ. 44,45
പളുങ്കുമായ വെള്ളിവട്ടംപോലെയുള്ള സൂര്യപ്രതിബിംബമായ
ചന്ദ്രബിംബം ഒന്നരത്തെണ്ണൂറായിരം കാതം വട്ടപ്പുറമുള്ളതാ
ണു് ആദിത്യപ്രതിബിംബം ഏറ്റുകൊണ്ടു് സൂര്യന്റെ രശ്മി
തട്ടി പ്രകാശിക്കുന്നു എന്നത്രേ കീർത്തനം. 46
പിന്നെ അതിൽ നിന്നു് വെള്ളിയെന്ന ഗ്രഹത്തിന്റെ സ്ഥാനത്തു്
എത്തുവാൻ ഇരുപത്തിനാലായിരം കാതം ദൂരമുണ്ടു്. വെള്ളിയുടെ
ഇരുന്നൂറ്റെമ്പതു കാതമാണു്. ബുധന് ആയിരം കാതം പൊ
ക്കമുണ്ടു്. 47,48
അവിടെനിന്നു സൂര്യന്റെ അടുത്തു പോകുവാൻ കോടി കാതം ദൂര
മുണ്ടു്. ആ സൗവർണ്ണരൂപമായ വൃത്തത്തിന്നു് ഒരു കോടി രണ്ടു
ആയിരം കാതം വലിപ്പമുണ്ടു്. ചൊവ്വക്കു് അതിനേക്കാൾ ആറാ
യിരം പൊക്കമേറും. 49,50
ആ ഗ്രഹത്തിന്റെ വലിപ്പം ഭൂമിയോടു തുല്യമെന്നാണു് ചില ശാ
സ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഭൂമിയിൽ നിന്നു് മുപ്പതുകോടി കാതം
ദൂരത്തിലാണു് വ്യാഴമെന്ന ഗ്രഹം സ്ഥിതിചെയ്യുന്നതു്. ഭൂമിയുടെ
വലിപ്പം തൊണ്ണൂറായിരം കൂടിയുള്ളതു വ്യാഴത്തിന്നു് 51,52
ശനിക്കും പൊക്കമേറും, ഏഴു കോടി കാതം ഭൂമിയുടെ മഹത്വം
തൊണ്ണൂറൊന്നാണെന്നു് മനസ്സിലാക്കണം 53

നിർമ്മലങ്ങളായ ഗ്രഹങ്ങളെ സൂക്ഷിച്ചുനോക്കിയാൽ തൃപ്തിവരില്ല
വളരെ ശോഭയും ഗുണവും മനോഹാരിതയും ഉള്ള വസ്തുവാകുന്നു. 54
വെള്ളി, പൊന്നു്, വൈരം, മാണിക്യങ്ങൾ, മനോഹരമായ പീതമ
ണി (പുഷ്യരാഗം) മറ്റു പ്രകാശമുള്ള കല്ലുകൾ എന്നിവയെല്ലാം
ഗ്രഹശോഭയോടു് ഒക്കയില്ല എന്നു സാരം. 55

ബൃഹസ്പതിക്കുപോലും ആ വേഗതയിൽ എത്തിച്ചേരാൻ കഴിയുമൊ?
ഒരു നാഴികകൊണ്ടു് തൊണ്ണൂറായിരം കാതം ഓടും. സൂര്യൻ ആ
റായിരവും, ചന്ദ്രൻ നാലായിരവും കാതം പോകും. മുകളിൽ
ഉള്ള നക്ഷത്രങ്ങൾക്കു് ഒട്ടും വേഗത കൂടും 56,57
രണ്ടു കോടി കാതം ഒരു ക്ഷണംകൊണ്ടു പോകുന്നതാണു്. അവ
യുടെ എണ്ണം പറഞ്ഞു സമ്പാദിപ്പിക്കുവാൻ വിഷമമാണു് 58
കണ്ണുകൊണ്ടു കാണാവുന്നവ തന്നെ ആയിരത്തിഅറുനൂറ്റി നാല്പ
ത്തിരണ്ടു് ഉണ്ടെന്നു് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. നക്ഷത്രങ്ങൾ ആറു
വിധത്തിലുണ്ടു്. 59

ഒന്നാമത്തെ വകുപ്പിൽ പതിനഞ്ചെണ്ണമുണ്ടു്. അതിൽ ഒന്നാമത്ത
തിനു് വൃത്തമാനം [illegible] എണ്ണൂറായിരം കാതമുണ്ടു് 60
അതു പിന്നെയും ഇരുപത്തയ്യായിരം വീതം കാതം ഏറും, രണ്ടാമ
ത്തെവിഭാഗത്തിൽ നക്ഷത്രങ്ങൾ നാല്പത്തഞ്ചുണ്ടു് 61
അറുനൂറ്റെഴുപത്തയ്യായിരം കാതമാണു് അതിന്റെ വൃത്തം എന്നു്
ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നു 62
പിന്നെ ഇരുനൂറ്റെട്ടു നക്ഷത്രങ്ങളുണ്ടു്. അങ്ങനെ തോന്നുന്നില്ലെ
ങ്കിലും. കാണുന്നില്ലെങ്കിലും ഓരോന്നിന്റെയും വലിപ്പം അറുനൂറാ
യിരത്തി നാല്പതിനായിരം കാതമുണ്ടു്. നാലാമത്തെ വിഭാഗത്തി
ലാകട്ടെ നാനൂറ്റെഴുപത്തിനാലെണ്ണമാകുന്നു 63, 64

അതിന്റെ വൃത്തം നാനൂറായിരത്തി അയ്യായിരം കാതമുണ്ടു്.
പിന്നെ അതിൽ കുറഞ്ഞ മഹത്വം അഞ്ചാംവിഭാഗത്തിൽ പെട്ട
നക്ഷത്രങ്ങൾക്കുണ്ടു് എന്നു പറയപ്പെടുന്നു. ഭൂമിയുടെ വട്ടം മുപ്പ
ത്തെട്ടു് കൂടിയതാണു് ശേഷം നക്ഷത്രങ്ങൾക്കു് ആ വട്ടം പതിനെട്ടു
കൂടിയുള്ളതത്രെ 65, 66, 67

ഇവയെ സൂക്ഷിച്ചു നോക്കുമ്പോൾ ഒരിക്കലും പരിപൂർണ്ണത വരിക
യില്ല. സമ്പൂർണ്ണം എന്ന പദം സമ്പൂർണ്ണത എന്ന അർത്ഥത്തിൽ പ്രയോ

ഗിച്ചിരിക്കുന്നു. ആദർശത്താൽ ഭൂമിയിലെ ഇരുട്ടു ലജ്ജയുമെന്നു തോന്നും. നക്ഷത്രങ്ങളുടെ മനോഹരമായ പ്രകാശത്താൽ പരലോകം നല്ലതാണെന്നു ഉറയ്ക്കാം. മനോഹരം, മനോഹാരിത, മനോഹരമായ പ്രകാശം. 68,69

സ്വർഗ്ഗലോകം കണ്ണുകൾക്കു വിഷയമാകുമ്പോൾ, നക്ഷത്രങ്ങളുടെ ശോഭപ്രകാശമാറ്റുമ്പോലെ മനസ്സിൽ തോന്നും. സംസ്കൃതത്തിലെ ആകാരാന്ത സ്ത്രീലിംഗപദങ്ങൾ മലയാളത്തിൽ അകാരാന്തമായേ ഇന്നു പ്രയോഗിക്കയുള്ളൂ. 70

ഇതൊന്നു മാത്രം മനസ്സിന്റെ വിഷയത്തിന് യോഗ്യതയുള്ളതായിരിക്കുന്നു നിശ്ചയം. ആ സ്വന്തം നഗരം തന്നെയാണ് ഭാഗ്യത്തിന്റെ ചിഹ്നം ദൈവത്തിന്റെ ഇരിപ്പിടവും എന്നവധാരണാർത്ഥകം. 71

വാക്കുകൊണ്ട് വർണ്ണിക്കാൻ വയ്യാത്ത സർവ്വരുടെ സന്തോഷമന്ദിരമേ ആഗ്രഹം പൂർണ്ണമായി സുഖിക്കുന്ന ജനങ്ങൾക്ക് ആനന്ദഭവനമേ ഉൾക്കമില്ലാത്ത പട്ടണമേ, ശോകം, മരണം, ഭയം, മോഹദുഃഖം ഇടങ്ങിയവകൾക്കും ദുർഗ്ഗമം കടക്കാൻ വയ്യാത്ത നിത്യസ്ഥാനമേ, ബാഹിർഭാഗത്തു പ്രകാശത്തിന് അളവില്ലെന്നു കണ്ടാൽ കൂടുതൽ വിസ്മയമാം അന്തർഭാഗത്തു കൂടിട്ടുണ്ട് എന്നു കരുതാം. ഞാൻ ഇപ്പോൾ സുഖസമ്പൂർണ്ണമായ നഗരത്തിനടുത്തെത്തി എന്നും ഉള്ളിൽ കടക്കുമ്പോൾ ഉണ്ടാകുന്ന പ്രകാശം ഒന്നും കാണുന്നില്ലല്ലോ. ആ ഗോപുരം ഏറ്റവും ഉറപ്പുള്ളതാണ്; വൈരക്കല്ലുകൾ ഇഷ്ടംപോലെയുണ്ട്. പൂർണ്ണതയോടു സുഖിക്കുക എന്നതിന് പൂർണ്ണതയോടുകൂടി സുഖിക്കുക എന്നർത്ഥം. 72 76

ആ പട്ടണത്തിൽ എല്ലാവർക്കും അങ്ങനെ കടന്നുകൂടാ. ദ്വാരപാലകന്മാർ സംരക്ഷിക്കുന്നു. സ്വർഗ്ഗലോകത്തിന്റെ കാവൽക്കാരിൽ പ്രമുഖനാണു നീ. 77

ഭക്തനായ എന്നെ സംബന്ധിച്ചിടത്തോളം മനോഗുണം നീ മനസ്സിലാക്കണം. അല്ലയോ ദ്വാരപാല പ്രധാനി, മരണരഹിതനായ ഭാഗ്യവാനേ, എന്റെ മേൽ ദയ വിചാരിച്ചാലും. ശിഷ്യരിൽ ഞാൻ നിസ്സാരനാകുന്നു. ശിഷ്യന്റെ ആഗ്രഹം നിറവേറാൻ സഹായിക്കണം. 78 80

ഞാൻ സന്തുഷ്ടനായി. ഗുരു എന്റെ പ്രാർത്ഥന കേട്ടു. വൈരക്കല്ലുകൊണ്ടുള്ള നാശരഹിതമായ വാതിൽ മോക്ഷം കാണാൻ വേണ്ടി തുറക്കപ്പെട്ടു. 81

കണ്ണിന്നു വിഷയമായ ഭാഗ്യമായ ആനന്ദസമയമേ, ഇഷ്ടപ്പെട്ട ആ ശങ്ക കാരണമേ, ആശ്ചര്യകരമായ ദർശനമേ ഈ കണ്ണു് ഉപമ യില്ലാത്തതാകുന്നു. ഇതുപോലെ എങ്ങുമില്ല. ഭൂമിയിലുള്ള ഭാഗ്യത്തെ ഇനി ഭാഗ്യമെന്നു വിളിക്കേണ്ട. സ്വർല്ലോകഭാഗ്യമാണു് മികച്ചതു് എന്നു സാരം. 82,83

അഴകു നിറഞ്ഞ അതിനോടെല്ലാം എനിക്കു് അറപ്പു് തോന്നുന്നു. ഭൂമിയുടെ സാമർത്ഥ്യവും മേന്മയും സമ്പത്തുമൊക്കെ എത്രയോ നിസ്സാരം. 84

ഭൂലോകസുഖമൊക്കെ അന്ധകാരമയമാണു്. ഭൂമിയിലെ സുഖം കുത്സിത ഗുണം കലർന്നതാകുന്നു. സകിം സുഖാ' എന്ന ഭാവപ്രയോഗം നോക്കുക. ഭൂമിയുടെ സമ്പത്തു് എന്തിനാണു്? നിസ്സാരമാണു് എന്നു് താൽപര്യം. 85

ആ ഗുണം സിദ്ധിച്ചാലും ആശങ്ക പരിപൂർത്തി വരികയില്ല. കാൽ പണം ഗുണത്തിന്നു് ഇരുപ[illegible] ദോഷമുണ്ടു് കുറച്ചു ഗുണമുണ്ടെങ്കിൽ നൂറിരട്ടി ദോഷമുണ്ടാകും എന്നു സാരം 86

സന്തോഷം കുറച്ചേ ഉള്ളൂ. അന്തരം പലവിധത്തിലുമാണു്. പരലോകത്തിലെ-മോക്ഷലോകത്തിലെ സന്തോഷത്തിന്റെ മാധുര്യത്തിന്നു് രസക്കേടുളവാക്കുന്ന ഭാഗ്യദോഷമൊന്നുമില്ല. നമ്മുടെ കാരണവന്മാരായ ആദിമാതാപിതാക്കന്മാരെ നീതിപാലനത്തിന്റെ ശിക്ഷയായിട്ടു് സന്തോഷസങ്കേതമായ പറുദീസായിൽനിന്നു് ഇറക്കിവിട്ടു് ദൈവാജ്ഞയാൽ ഭൂമിയിൽ താമസിപ്പിച്ചു. തന്നെ സ്നേഹിക്കുന്നവർക്കു് സൽഗുണത്തിന്റെ സമ്മാനമായി ദൈവം സ്വർഗ്ഗം സൃഷ്ടിച്ചു 87, 88, 89, 90

ശിക്ഷയായി ലഭിക്കുന്ന ഭൂമിയും, സമ്മാനമായികിട്ടുന്ന സ്വർഗ്ഗലോകവും തുല്യമാണോ? ദുഃഖത്തിന്റെ ഭാഗവും സന്തോഷത്തിന്റെ നഗരവും ഒരുപോലെയാകുമോ? 91

യുദ്ധം നടക്കുന്ന ഭൂമിയും ദോഷരഹിതമായ രാജ്യവും തുല്യമാണോ? ഭൂലോകവും മോക്ഷലോകവും ഒരേതരത്തിലുള്ളതാണോ? 92

ഭൂലോകത്തിന്റെ ഗുണം മെച്ചപ്പെട്ടതൊന്നുമല്ല എന്ന കാര്യം നിശ്ചയം. ആ ഗുണം ശത്രുക്കളായ ദുഷ്ടജനങ്ങൾക്കും, ദ്രോഹിക്കുന്ന പലവിധത്തിലുള്ള പാപികൾക്കും ദ്രോഹിക്കപ്പെട്ട വിധത്തിൽ നീതിമാനായ സർവ്വേശ്വരൻ കൊടുക്കുന്നു 93, 94

ഇഷ്ടപ്പെട്ടവർക്കു് നല്ല ഗുണം വരുത്തുവാൻ ഈശ്വരൻ ഉത്തമമായ സ്വർഗ്ഗം സൃഷ്ടിച്ചു

പവിത്രധനനും, എല്ലാററിന്റെയും നാഥനും, എല്ലാ ലോകങ്ങളെയും
സംരക്ഷിക്കുന്നവനുമായ ദൈവം അനേകം മംഗളങ്ങളും ഭാഗ്യങ്ങളും
എത്ര ചിന്തിച്ചാലും ബുദ്ധിക്ക് അവിഷയമായ വിധത്തിൽ യാതൊ
രു കുറവും കൂടാതെ അതിൽ വാരിക്കൂട്ടി 96, 97
പ്രബലന്മാരിൽ വെച്ച് മുഖ്യനും ശക്തനുമായ ഒരേ പരമപുരു
ഷനായ ഈശ്വരന്റെ മാഹാത്മ്യം പ്രകാശിപ്പിക്കാൻ ആ നഗ
രത്തെ-മോക്ഷലോകത്തെ സൃഷ്ടിച്ചു. മുഷ്കരൻ എന്ന പദത്തിന്
ആരെയും കൂട്ടാക്കാത്ത ഉറച്ചു നിൽക്കുന്ന പ്രബലൻ എന്നർത്ഥം
പറയണം 98
എല്ലാ ഗുണവാന്മാരിൽവെച്ച് അഗ്രേസരനും അതുല്യനും ആയ
അദ്ദേഹം തന്റെ ദോഷലേശം തീണ്ടാത്ത ഗുണഗണത്തെ അവിടെ
പ്രകാശിപ്പിക്കുന്നു. കാരുണ്യത്തിന്റെ കടലായ അദ്ദേഹം സ്വന്തം
കനിവിനെ ശോഭിപ്പിക്കാൻ ഇഷ്ടഭക്തന്മാർക്ക് അതു സമ്മാനധ
നമായി നീക്കി വെച്ചിരിക്കുന്നു 99, 100
എതിരില്ലാത്ത ദയയുടെ അടയാളമായി അതു കല്പിച്ചുവെച്ചിരി
ക്കുന്നു. എല്ലാ നന്മയും അതിൽ സമ്പൂർണ്ണമായി നിറച്ചു വെച്ചി
രിക്കുന്നു. 101
ഹൃദ്യകാരന്ന സ്വരൂപനായ ഈശ്വരൻ സ്വന്തം മഹത്വം കാട്ടാൻ
കുറവില്ലാത്ത പരലോകം നിർമ്മിച്ചു. കറ തീർന്ന എന്നതിന് കുറ
വ് തീർന്ന എന്നർത്ഥം പറയേണ്ടിയിരിക്കുന്നു. 102
സർവ്വേശ്വര, ഇതെന്തൊന്നാണ് പ്രത്യക്ഷമായിത്തീർന്നത്? മനോ
ഹരമായ കാഴ്ച എന്നർത്ഥം. ഇത്തരം ഈശ്വര പ്രതാപത്തെപ്പററി
ആർ ചിന്തിച്ചിരിക്കുന്നു? 103
എന്തൊരു പട്ടണം? എന്തൊരു രാജധാനി? വിശേഷപ്പെട്ട രത്ന
ങ്ങൾ കൊണ്ടും വിസ്മയിക്കത്തക്ക ക്രമംകൊണ്ടും, പൊക്കം, നീളം
എന്നിവ ഏററവും ശോഭിക്കുന്നു. മതിലിന്റെ ചിത്രം കണ്ടാൽ
അതിന് തുല്യമായി മററൊന്നും ഇല്ല എന്ന് വിചാരിക്കണം
104, 105
മഹത്വമേറുന്നവയും ഏററവും ശോഭിക്കുന്നവയും ആയ വൈരക്കല്ലു
കളും ചെമന്ന രത്നക്കല്ലുകളും ചതുരശ്രരൂപത്തിൽ പതിച്ചുവെച്ചതു
കൊണ്ടുള്ള മനോഹരമായ കാഴ്ച ഓരോ വാതിൽവരെയും ആകർഷക
മാണ് 106,107

പച്ചയും വെള്ളയുമായ നല്ലരത്നങ്ങൾ മതിലിന്മേൽ സവിശേഷം ശോഭിക്കുന്നു. ഇപ്രകാരം ആകെ പന്ത്രണ്ടു് വാതിലുകളുണ്ടു്. അവയിലെല്ലാം ആശ്ചര്യകരമായ ചിത്രപ്പണികളുമുണ്ടു്. ശ്രേഷ്ഠ്യവും ആഗ്രഹിച്ചു് ചിത്രങ്ങൾ പരസ്പരം മത്സരിക്കുകയാണല്ലൊ എന്നു തോന്നും. അസദൃശവും പ്രധാനവുമായതു് ഏതെന്നു് വേർതിരിച്ചു് കാണിക്കാൻ കഴികയില്ല. 108_110

ജനങ്ങൾക്കു കടക്കാൻ പന്ത്രണ്ടു വാതിലുണ്ടു്. മൂന്നെണ്ണം കിഴക്കോട്ടും മൂന്നെണ്ണം തെക്കോട്ടും. 111

പടിഞ്ഞാട്ടും വടക്കോട്ടും മൂന്നു് വാതിലുകളുണ്ടു്. രത്നങ്ങൾകൊണ്ടുണ്ടാക്കപ്പെട്ട അവ നല്ലപോലെ പ്രകാശിക്കുന്നു 112

അവിടെ വാതിൽ ഒരിക്കലും പൂട്ടിയിടാറില്ല. ശത്രുവിനെ പേടിയില്ല. അന്യൻ എന്ന നില ആരിലുമില്ല. കള്ളനെ ഭയപ്പെടേണ്ട എന്നു സാരം. ദ്വിട്ടു് പരൻ എന്നീ രണ്ടു പദത്തിനും ശത്രു എന്നർത്ഥമുണ്ടു് 'പര' പദത്തിനു് അന്യൻ, ശ്രേഷ്ഠൻ ഇത്യാദ്യർത്ഥങ്ങളുമുണ്ടു് 113

അതുകൊണ്ടു വാതിൽ എപ്പോഴും തുറന്നു കിടക്കുന്ന ആ ആശ്ചര്യകരമായ നഗരത്തിന്റെ വാസ്തുകാരം അറിയണമെങ്കിൽ പറയാം 114

അതു ചതുരാകൃതിയിലാണു് നാലുഭാഗവും ഒപ്പമാകുന്നു. ഓരോ ഭാഗത്തിനും പന്തീരായിരം കാതം നീളമുണ്ടു്. എത്ര അത്ഭുതകരം! ആ നിരുപമമായ ദർശനം ആശ്ചര്യകരങ്ങളായ പലതുംകൊണ്ടു് അതു് മനോഹരമാണു്. 115,116

അല്ലയോ സൂര്യ, ചന്ദ്ര, നക്ഷത്രങ്ങളെ, നിങ്ങൾ ശോഭയടക്കി പുറത്തു് പോക. നിങ്ങൾക്കു നാണമില്ലേ. നിങ്ങളുടെ പ്രകാശത്തെക്കാൾ മികച്ചതാണു് ഇവിടത്തെ പ്രകാശം. ഇരുട്ടിനിറത്തവിളക്കുകളാണു് നിങ്ങൾ. ശത്രുവായ ഗ്രഹണം വരുമ്പോൾ പ്രഭ കെട്ടുപോകുന്ന ക്ഷുദ്രരല്ലേ നിങ്ങൾ. ഇവിടത്തെ പ്രകാശരശ്മി കാണുമ്പോൾ അതിന്റെ ചെറിയൊരംശമേ നിങ്ങൾക്കുള്ളു എന്നു നിശ്ചയിക്കാം നിസ്വൻ ദരിദ്രൻ ദാരിദ്ര്യം എന്നു താല്പര്യം 117_119

എന്തൊരു ശുദ്ധിയാണു്. താഴത്തെ നിലം നോക്കൂ. മുറ്റം സ്വച്ഛമയവും ശോഭാകരവുമാണു് 120

തെരുവിൽ കോണുകൾ, മാവുകൾ, കഴ്കൾ എന്നിവയൊന്നും ഇല്ല. എല്ലാം ചൊവ്വുള്ള വരപോലെയാണു്. 'കോണസ്തു സ്ത്രിയഃ പാള്യശ്രികോടയഃ' എന്ന മതം ആയുധങ്ങളുടെ വായ്ത്തല എന്നാണു് അർത്ഥം. പ്രകൃതത്തിൽ കോണു് എന്നർത്ഥത്തിലാണു് അതുപയോഗം എന്നു തോന്നുന്നു 121

മേല്പുറത്തുനിന്നു് നോക്കിയാൽ കണ്ണിന്നു പ്രസാദകരമായ കാഴ്ച അവ
സാനമില്ലാതെ ലഭിക്കുന്നു 122

പരിപൂർണ്ണതയുണ്ടെങ്കിലും കാണാൻ തൃപ്തി വരില്ല. ഓരോ ഗൃഹ
ത്തിന്റെയും യോജിപ്പു പറഞ്ഞൊപ്പിക്കാൻ വിഷമമാണു് 123

സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും ഉണ്ടാക്കിയ മോതിരങ്ങളിൽ
പതിച്ച ഓരോതരം രത്നങ്ങൾ ഏററവും ശോഭിക്കുന്നുണ്ടല്ലോ. അതു
പോലെ പളുങ്കുകൊണ്ടുള്ള വെള്ളക്കിളിവാതിലുകൾ അളവില്ലാത്ത
തും ആശ്ചര്യമുളവാക്കുന്നതുമായ പണിവിശേഷത്താൽ പ്രകാശി
ക്കുന്നു. മോതിരത്തിൽ കല്ലുപതിക്കുന്നപോലെ കിളിവാതിലുകളിൽ
രത്നങ്ങൾ പതിച്ചിട്ടുണ്ടു് എന്നു് അളവില്ലാത്ത പണിവിശേഷം
എന്ന പദംകൊണ്ടു് കിട്ടുന്നു. വിസ്മയവും പളുങ്കുകൊണ്ടും എന്നീ
സമുച്ചയം അസുഖകരം 124–125

പവിഴംകൊണ്ടുണ്ടാക്കിയ പടികളും പ്രകാശം ചൊരിയുന്നുണ്ടു്. ഇ
പ്രകാരം ആശ്ചര്യകരങ്ങളും പ്രകാശമാനങ്ങളുമാണു് എല്ലാ മന്ദി
രങ്ങളും. 126

അവിടെ എല്ലാം അത്ഭുതമുളവയാണു്. നിസ്സാരമായിട്ടു് ഒന്നുമില്ല.
എന്നാലും മുഖ്യമായ ഒരു മാളിക മദ്ധ്യത്തിലായി കാണാം. സ്ഥാനീ
യം എന്ന പദത്തിന്നു് സ്ഥാനത്തെ സംബന്ധിച്ചതു് എന്നാണു് ശ
രിയായ അർത്ഥം. പ്രകൃതത്തിൽ മികച്ചതു് എന്ന അർത്ഥം പറ
യാം. 127

അതു് അനന്തമായ ദേവാലയം ആണു് എന്നു് തോന്നും. എല്ലാ സാ
മർത്ഥ്യവും (മേന്മ) സമ്പത്തും അവിടെ പ്രധാനമാണു്. 128

ഐശ്വര്യത്തിന്റെ നിത്യമായ മൂലം അവിടെയാണു് പറയേണ്ടതു്
കൌതുകകരമായ സൌന്ദര്യത്തെപ്പററി ചിന്തിച്ചാൽ അനന്തനി
ധി ബുദ്ധിയാണു് എന്നു വ്യക്തമാകും. എല്ലാ നിധികളുടെയും (വി
ശിഷ്ടവസ്തുക്കളുടെയും) സമുദ്രം അവയെപ്പററിപ്പറയുന്നതു് കടലിലെ
വെള്ളത്തുള്ളികൾ എണ്ണുന്നതുപോലെ നിഷ്ഫലമാണു്. അവിടെയുള്ള
വരിഷ്ഠവസ്തുക്കൾ അനന്തങ്ങളാണു്. ബുദ്ധിയിൽ അവ അടങ്ങു
കയില്ല. 129–131

ഈശ്വരസൃഷ്ടമായ ഗുണസമൂഹത്തിൽ ഒന്നും അതിനോടു തുല്യമല്ല
കടലിലെ വെള്ളത്തുള്ളികൾപോലെയാണു് അവ. 132

മണൽത്തരി മലയോടു തുല്യമല്ല. മണൽത്തരിയെവിടെ? മലയെവി
ടെ അതുപോലെ മോക്ഷം എല്ലാററിലുംവെച്ചു് മീതെയാണു്, അതു
ല്യമാണു്. 133

നട്ടുച്ചക്ക് പ്രകാശിക്കുന്ന ചെങ്കതിരവന്റെ പ്രഭയാൽ നക്ഷത്രങ്ങളുടെ രശ്മി ഇരുണ്ടുപോകുന്നതുപോലെ അതിന്റെ പ്രകാശംകൊണ്ട്, എല്ലാ വെളിച്ചവും കാന്തി കുറഞ്ഞതായിത്തീരും. അവിടെ ദൃഷ്ടി താഴ്ത്തി ശങ്കയോടും ഏററവും അടക്കത്തോടുംകൂടി ഞാൻ ദൈവത്തെ ആരാധിക്കുന്നു. ദൈവമേ, കാര്യകാരണ സ്വരൂപനും, ഏകനുമായ അവിടുന്ന് എന്ന് വിജയിച്ചാലും 134-136

എല്ലാററിനും ആദികാരണം നീയാകുന്നു. എങ്കിലും ആദികൂടാതെ നിനക്ക് എപ്പോഴും നിലനില്പുണ്ട് 137

ആദിരഹിതനും എല്ലാററിന്റെയും ആദികാരണവുമായിരിക്കുന്ന സ്വയംഭൂവായ ദൈവമേ, നീ ജയിച്ചാലും, എല്ലാററിന്റെയും അന്തവും നീ തന്നെയാണെങ്കിലും. എല്ലാററിന്റെയും അന്തവും, അന്തമില്ലാത്തവനും, സർവ്വത്തിനും ആദിമൂലഭൂതനും ആയ അവിടുന്ന് ജയിച്ചാലും. നിന്തിരുവടിതന്നെയാണല്ലൊ എല്ലാ കാലങ്ങൾക്കും മുമ്പുള്ളത് 138-139

നിന്തിരുവടി കാലങ്ങൾ ഉണ്ടാക്കുന്നതിനുമുമ്പുതന്നെ നിന്റെ തിരുമനസ്സുകൊണ്ട് സമസ്തവസ്തുക്കളും ഉണ്ടായിത്തീർന്നു 140

അതുകൊണ്ട് എല്ലാററിനും മുമ്പ് അവിടുന്ന് ഉണ്ടായിരിക്കുന്നു. നിന്റെ അരുളപ്പാടാൽ (തിരുവചനത്താൽ) സ്ഥിതി ഉണ്ടായപോലെ നിന്റെ അരുളപ്പാടാൽ തന്നെ നാശവുമുണ്ടായിരിക്കും. അനുപമനും സർവ്വശക്തനും സമസ്തകാരണഭൂതനുമായ ദൈവമേ, നീ ജയിച്ചാലും 141-142

സ്ഥലങ്ങൾ ഉണ്ടാകുന്നതിനു മുമ്പ് എല്ലായിടത്തും വ്യാപനശീലനായ നീ എപ്പോഴും വാണിരുന്നു 143

സർവ്വവും അന്ന് ഇല്ലായിരുന്നുവെങ്കിലും നിനക്ക് സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമായിരുന്നില്ല. ദൈവസ്വഭാവത്തിൽ നീ എല്ലാടത്തും എപ്പോഴും വ്യാപിച്ചുകൊണ്ടിരുന്നു 144

എല്ലാം ഉണ്ടായപ്പോൾ നിന്നിൽ തന്നെ ഉണ്ടായി. അവസാനമില്ലാത്ത മഹത്വമേ, നീ എല്ലാററിലും വ്യാപിച്ചുനിന്നു 145

ഒരിടത്തും ഒതുങ്ങാത്ത സർവ്വവ്യാപിയായ ജഗദീശ്വര, നീ ജയിച്ചാലും നീ കല്പിച്ച ക്രമംപോലെ ജീവജാലങ്ങളെ സൃഷ്ടിച്ചിട്ട്, എല്ലാററിനെയും പരിപാലിക്കുന്ന രക്ഷകനായ ദൈവമേ, ജീവിക്കുന്നതിന് പ്രതിദിനം പ്രത്യേകം ഉറപ്പോടെ നീ വാണരുളുന്നു 146-147

ഭൂമിയെ ആകാശമദ്ധ്യത്തിൽ നിർത്തിയിരിക്കുന്നു. അതുപോലെ ആദിത്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയേയും വിളക്കുകളെപ്പോലെ

ഉറപ്പിച്ചുനിർത്തിയിരിക്കുന്നു. സൂര്യപ്രകാശംകൊണ്ട് ഭൂമിയിൽ ദിവസം ഉണ്ടാക്കുന്നു. 148-149

രാവിന്റെ കൂരിരുട്ടിൽ, ചന്ദ്രനെയും, നക്ഷത്രങ്ങളെയും യാതൊരു വിഘ്നവും കൂടാതെ നീ എപ്പോഴും ഉദിപ്പിക്കുന്നു. ചന്ദ്രതാരാദി പ്രകാശംകൊണ്ട് രാത്രിയിലെ കൂരിരുട്ടകറ്റുന്നു എന്നു സാരം 150

നീ വർഷവും വേനലും യഥാക്രമം കാലാവസ്ഥയനുസരിച്ച് കൊല്ലംതോറും വരുത്തിക്കൊണ്ടിരിക്കുന്നു. 151

തമ്മിൽ തമ്മിൽ ഭൂതഗണങ്ങളെ ഒന്നിപ്പിച്ചിട്ട് ഓരോതരം ജന്തുവർഗ്ഗത്തെ തിരിച്ചു നിർമ്മിക്കുന്ന നിന്റെ കഴിവിനെപ്പററി ചിന്തിച്ചാൽ അവസാനമില്ല. നീ ചെയ്യുന്നതിനെ എല്ലാ ഭൂതങ്ങളും ആദരിക്കുന്നു. പാരസ്പര്യം=പരസ്പരത്തിന്റെ ഭാവം. ത്വയാ=നിന്നാൽ. 152-153

മൂന്നു ലോകത്തിന്റെയും അധിപനും, പ്രധാനമായ സർവ്വേശ്വരൻ അവിടുന്ന് വിജയിച്ചാലും. എല്ലാ മംഗളങ്ങളും പരിഗ്രഹിച്ചു കൊണ്ടും, എല്ലാ മംഗളവും നിന്റെ സ്വരൂപമായതുകൊണ്ടും നീ ശ്രേഷ്ഠനും, സ്വയം പര്യാപ്തനും, ഏകനും, അന്യബന്ധം വേണ്ടാത്തവനും ആകുന്നു. 154-55

നിന്റെ ബുദ്ധി എല്ലാശാസ്ത്രങ്ങൾക്കും കാരണമായിരിക്കുന്നു. നിലയില്ലാത്ത വിജ്ഞാനത്തിന്റെ കടലാണ്. എല്ലാ ജ്ഞാനത്തോടും സമന്വിതമാണ്. 156

സന്തതമായിട്ടുള്ളതും (നിൽക്കുന്നതും, വർത്തമാനം) കഴിഞ്ഞതും (ഭൂതം), ഭവിഷ്യവും (വരാൻ പോകുന്നത്) എല്ലാം നീ അറിയുന്നു. അറിയാത്തതായി ഒന്നുംതന്നെ ഇല്ല. 157

വരാൻ പോകുന്നതും ഭവ്യവും നീ സൂക്ഷ്മമായി അറിയും. ഭവ്യപദത്തിന് മംഗളം എന്നർത്ഥം 'ഭാവുകം ഭവികം ഭവ്യം' എന്ന് അമരം. മരത്തിന്റെ ഇലകളും, കാലിലെ വെള്ളത്തുള്ളികളും, മണൽത്തരികളും മററും നീയറിയാത്തതായിട്ടുണ്ടോ? എല്ലാ അറിവിന്റെയും നിറകുടമേ, 158-159

അങ്ങയുടെ സ്വഭാവസ്വരൂപത്തെ മനസ്സിൽ സങ്കല്പിക്കുവാൻ മനുഷ്യർക്ക് കഴിയുമോ? സൃഷ്ടികളുടെ മൂല്യയോഗ്യതകളും പുഷ്പങ്ങളുടെ സൌന്ദര്യവും, നക്ഷത്രങ്ങളുടെ ശോഭയും നിന്റെ സ്വരൂപത്തോട് സാദൃശ്യപ്പെടുത്തി നോക്കിയാൽ ഇവയെല്ലാം സമുദ്രത്തിലെ വെള്ളത്തുള്ളികൾപോലെയാണെന്നു കാണാം. നിന്നിൽനിന്നു വ്യതി

രിക്തമായ വസ്തുക്കളുടെ അഴകിനെപ്പററി ചിന്തിക്കുമ്പോൾ 160-162

എന്റെ ദൈവത്തിന്റെ രൂപത്തിനുമുമ്പിൽ ഇവയെല്ലാം വെറും നിഴലുകളാം. വസ്തു സത്യവും നിഴൽ അസത്യവുമാണല്ലോ ദൈവരൂപം സത്യവും നിത്യവുമാണ് മററുള്ളവ അസത്യങ്ങളും അനിത്യങ്ങളുമാകുന്നു അവിടുന്ന് എന്റെ ബുദ്ധിയെ ഹരിക്കുന്നു. (വാക്യാരംഭത്തിൽ മമ എന്നല്ലാതെ *മേ എന്നു പ്രയോഗിക്കുക പതിവില്ല 163

എന്റെ മനസ്സിന്റെ സ്നേഹാതിരേകത്തിന് വിഷയമായ നിന്റെ മഹത്വമേറിയ സ്വരൂപത്തിന്റെ നിത്യദർശനം തന്നെ മോക്ഷം തന്നെയാണ്. 164

സ്നേഹത്താൽ നിന്നോടുകൂടിയുള്ള ബന്ധം എല്ലാ ഭാഗ്യങ്ങളിലും വെച്ചു ശ്രേഷ്ഠമാണ്. ആഗ്രഹത്തെ തൃപ്തിപ്പെടുത്തുന്ന സുഖമാണ് ഇതെന്നു പറയാം. 165

ഭൂമിയിലുള്ള ജനങ്ങൾക്കു ആഗ്രഹിച്ചതു കിട്ടിയാലും മനസ്സിൽ സംതൃപ്തിവരികയില്ല. ആഗ്രഹം അവസാനിക്കുകയുമില്ല. 166

മേൽപറഞ്ഞതിന്റെ കാര്യം ഇപ്പോഴേ എനിക്കു മനസ്സിലായുള്ളു. അനന്തമായ ഗുണത്തെയും പ്രധാനമായ ഗുണത്തെയും പാപരഹിതയായ ഗുണത്തെയും കുറിച്ച് മനുഷ്യന്റെ മനസ്സിൽ അവസാനമില്ലാത്ത ആഗ്രഹമംഗലോപമായ ആശയുണ്ട്. 167,168

ആഗ്രഹത്തിന്റെ വിഷയം അറിയാതെ ഈ ഭൂമിയിലുള്ള ഗുണം ശുദ്ധദാരിദ്ര്യമാണെങ്കിലും. 169

മനുഷ്യർ ദാഹം തീർക്കാൻ സമുദ്രം കുടിക്കും. കടലിലെ സമൃദ്ധമായ ജലംകൊണ്ട് അടക്കാവുന്നുള്ള ദാഹം അല്ല മഴവെള്ളത്തുള്ളി കുടിച്ചാൽ തീരുമോ? നീ മനുഷ്യരെ നിന്റെ പ്രതിനിധിയായി സൃഷ്ടിച്ചു. മനുഷ്യർക്ക് അന്ത്യകാരണവും നീ തന്നെയാണ്. നിന്നെക്കൊണ്ടേ ഞങ്ങളുടെ ആഗ്രഹം സഫലമാവുകയുള്ളൂ. 170-172

ഏകനാം മനോഹരമായിരിക്കുന്ന ഈശ്വരാ! നീ ജയിച്ചാലും സുന്ദരിയായ റാക്കേലിനെ കിട്ടാൻ യാക്കോബ് എന്ന ഒരാൾ പതിനാലു കൊല്ലക്കാലം ക്ലേശിച്ചു പാരവശനായി. ദുഃഖത്തോടുകൂടിയാണെങ്കിലും സസന്തോഷം ദാസ്യവൃത്തിചെയ്തു. 173,174

നശ്വരമായ സൌന്ദര്യത്തെക്കുറിച്ച് ഇത്ര വളരെ ക്ലേശം അനുഭവിക്കാൻ തയ്യാറാകുമ്പോൾ നാശരഹിതമായ സൌന്ദര്യസാരമേ, 175

അങ്ങയുടെ മനോമോഹനമായ രൂപത്തെക്കാണാൻ എന്തൊക്കെ ക്ലേശങ്ങൾ അനുഭവിച്ചുകൂടാ. അതിനുവേണ്ടിയുള്ള ക്ലേശം ക്ലേശമല്ല. സുഖ

മാണ്‌ രൂപമെന്നതുംപ്രതി വിശേഷണപദം നാമാർത്ഥകമായി പലയിടത്തും പ്രയോഗിച്ചതായി കാണാം. 176

എപ്പോഴും നിന്നെപ്പററി ചിന്തിച്ച്‌ ആനന്ദിക്കുവാനും സ്നേഹിക്കുവാനും ഉണ്ടാകുന്ന ദുഃഖമൊക്കെയും സുഖമെന്നേ പറയേണ്ടതായിട്ടുള്ളൂ. 177

വിഷമംകൂടാതെ നിന്നെ പ്രാപിക്കാനുള്ള മാർഗ്ഗം നിന്റെ ഗുണത്തെപ്പററി ചിന്തിച്ച്‌ നിന്നിൽ രൂഢമൂലമാകുന്ന സ്നേഹവിശേഷമാണെന്ന്‌ നീ തന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ. 178

മംഗലകരമായ വസ്തുക്കളിൽ വെച്ച്‌ സ്നേഹിക്കാൻ യോഗ്യതയുള്ള നിന്റെ ഗുണം അനുഗ്രഹിക്കുന്നതിന്ന്‌ താല്പര്യം ഉണ്ടാകാതിരിക്കുമോ? 179

നിന്റെ ഗുണങ്ങളിൽ നിന്ന്‌ ലേശമെങ്കിലും ഭൂമിയിലുള്ള ജനങ്ങൾക്ക്‌ കാണിച്ചുകൊടുക്കേണമേ. 180,181

നീ കൂടാതെയുള്ള എല്ലാ നന്മയും അസ്ഥിരമാണ്‌. മനുജന്മാർ നിന്റെ രുചി അറിഞ്ഞില്ല. ഐശ്വര്യാനന്ദം അനുഭവിച്ചറിഞ്ഞില്ല. എന്നതിനാൽ നിന്റെ രൂപപ്രകാശം വേർതിരിച്ചറിയാത്തതുകൊണ്ട്‌ ബോധരഹിതന്മാർക്ക്‌ നിന്നെക്കുറിച്ച്‌ നിന്റെ പ്രാപ്തിയെക്കുറിച്ച്‌ മനസ്സിൽ ആശയുമില്ല. 182

അല്ലയോ നിന്റെ ഗുണം അവർ കണ്ടില്ല, അറിഞ്ഞില്ല. പിന്നെ പാർത്തിട്ട്‌ എന്തു കാര്യം? ഇല്ല, വരുവാനുള്ള കാലം ആരും കണ്ടിട്ടില്ല 183

വരുംകാലത്തിന്ന്‌ വേറെ വർണ്ണം താനും. മേലിൽ ഉപേക്ഷിക്കേണ്ടുന്ന അർത്ഥങ്ങളെ അപേക്ഷിക്കുകയാണ്‌ ചെയ്യുന്നത്‌ 184

കിട്ടുവാൻ വളരെ വിഷമമായ വസ്തുവിന്ന്‌ വേണ്ടി വളരെയധികം ക്ലേശിക്കുന്നത്‌ എന്തൊരു മൂഢതയാണ്‌. സൽഗുണനിധിയായ ദൈവമേ, നിന്റെ ഗുണത്തെക്കുറിച്ചാണ്‌ ബുദ്ധിമുട്ടുന്നത്‌ എങ്കിൽ ഈശ്വരസേവനത്തിന്നാണ്‌ ശ്രമിക്കുന്നത്‌ എങ്കിൽ അതുകൊണ്ട്‌ അളവില്ലാത്ത ശ്രേയസ്സ്‌ ലഭിക്കുമായിരുന്നു. നാരായണീയത്തിൽ ദൌർല്ലഭ്യംപദപ്രയോഗമുണ്ട്‌. 185-186

അത്‌ അനർത്ഥമൊന്നും കൂടാതെ എപ്പോഴും നിലനിൽക്കും നിശ്ചയം. മംഗളങ്ങളുടെ കടലായ ദൈവത്തെക്കുറിച്ചും എല്ലാ പ്രയത്നവും ചെയ്യുന്നതാണ്‌. 187

സുന്ദരനും മനോഹരനും സർവ്വപ്രതിരൂപനുമായ ദൈവമേ, മൂന്നു ലോകത്തിലും നീയൊഴിഞ്ഞ്‌ എന്താണ്‌ ഗുണമായിട്ടുള്ളത്‌? സുന്ദര

മനോഹരച്ഛായാപടങ്ങൾ പ്രായേണ ഒരേ അർത്ഥത്തെത്തന്നെ പ്രകാശിപ്പിക്കുന്നതിനാൽ സഹൃദയഹൃദയത്തിന് ഉദ്വേഗം തോന്നുന്നു. 188

നീയല്ലാതെ മനസ്സുഖം വരുത്താൻ വേറെ ആരാണുള്ളത്? എല്ലാ ഇന്ദ്രിയങ്ങൾക്കും സകല ഭൂതങ്ങൾക്കും സമ്പൂർണ്ണത കൈവരുത്താൻ നിനക്കു മാത്രമേ കഴിയുള്ളൂ. 189

നിന്നോട് ഒന്നിക്കുമ്പോൾ എല്ലാ മംഗളങ്ങളും ഉണ്ടായിത്തീരും. ഭൂതം എന്ന പദത്തിന് പഞ്ചഭൂതങ്ങൾ എന്ന ജീവജാലങ്ങൾ എന്നും അർത്ഥമുണ്ട് 190

നിന്റെ പ്രീതിക്ക് പാത്രമാകുമ്പോൾ, ഹൃദയത്തിൽ ആനന്ദം വഴിഞ്ഞൊഴുകും, ആഗ്രഹസിദ്ധിയിൽ സംതൃപ്തി കൈവരും. 191

നിന്തിരുവടിയുമായുള്ള പാരസ്പര്യസ്നേഹത്താൽ, സ്വർഗ്ഗവാസികൾക്ക് മനസ്സിൽ സമ്പൂർണ്ണത വന്നുചേരുന്നു. 192

നിന്തിരുവടിയുമായി യോജിപ്പില്ലായ്മയാൽ, നരകവാസികൾക്ക് അതുതന്നെ നരകമായിത്തീരുന്നു 193

നീ പരിപൂർണ്ണർക്ക് ഏകശരണമാണ്; ശ്രേയസ്സിന്റെ മഹാസമുദ്രമാണ്. ആശംസിക്കുവാൻ യോഗ്യതയുള്ളവയെല്ലാം ഈ ആദികാരണത്തിൽനിന്നും ഉണ്ടായിട്ടുള്ളവയാണല്ലോ 194

എല്ലാറ്റിനും പ്രമുഖകാരണമേ, മംഗളങ്ങളുടെ നാഥാ, അങ്ങ് വീണ്ടും വീണ്ടും വിജയിച്ചാലും. അരൂപാ, കൃപയുടെ കടലേ. 195

നിന്റെ കാരുണ്യാതിരേകത്തെപ്പറ്റി ചിന്തിക്കുമ്പോൾ എത്രയും ആശ്ചര്യം തോന്നും. ഈ ലോകത്തിലുള്ള സർവ്വവസ്തുക്കളുടെയും ഈശ്വരനാണ് നീ. 196

അതുകൊണ്ട് പണിതുണ്ടാക്കിയ എല്ലാ രൂപങ്ങളും ഉരുപ്പടികളും ആശാരിയുടെ എന്നപോലെ ലോകത്തിലെ എല്ലാ സൃഷ്ടികളും നിന്റെ ആകുന്നു. 197

അതുകാരണം, പ്രമാണം പോലെ എല്ലാവരും നിന്തിരുവടിക്ക് പ്രീതി കൈവരാൻ തക്കവണ്ണം നടന്നേ മതിയാവൂ. ഈശ്വരന്ന് പ്രീതി ജനിക്കുന്ന വിധത്തിൽ എല്ലാവരും ജീവിത യാത്ര ചെയ്യണമെന്ന് വ്യക്തം. 198

ആ കല്പനകൾ എല്ലാം അവിടുത്തെ പാദദാസരായ ഞങ്ങൾ അനുസരിച്ചേ മതിയാവൂ. സമ്മാനമൊന്നും ലഭിച്ചില്ലെന്നു വരാം. 199

എന്നാലും നിന്റെ കരുണയുടെ മഹത്വം കാണിക്കാൻ നന്മ ചെയ്തവർക്കും കല്പനകേട്ടവർക്കും നീ മോക്ഷം നൽകുന്നു. സൃഷ്ടി പ്രവർത്തന

തിൽ ദാസ്യന്മാക്ക് സാർവ്വഭൗമന്റെ സഖ്യം ലഭിക്കുന്നു. 200,201

അനുഭവിക്കുന്ന ബുദ്ധിമുട്ടിന് ലാഭമായ നിത്യ സന്തോഷവും ദാസവൃത്തിക്ക് രാജ്യപാലനമഹത്വവും കൃപാ സമുദ്രമായ നീ സവിശേഷമായ ദയയോടെ കൊടുക്കുന്നു. ഈ സന്മാനത്തിന്റെ ഗുണമാഗ്രഹിക്കാതെ, ചില നിസ്സാരന്മാരായ ഭൃത്യന്മാർ ഈശ്വരനെ പരിത്യജിച്ച് സ്വന്തം ആശക്ക വിഷയങ്ങളായ പാപങ്ങൾ ചെയ്യുന്നു. 202-204

നിർമ്മലമായ ദയക്ക ഇരിപ്പിടമേ, നിന്റെ ദയ പരിച്ഛിന്നമാണോ? അല്ല അപരിമിതമാണ്. നീ രക്ഷാശിക്ഷാവിധി കർത്താവായിട്ടു വളരെ മുമ്പേ പലപ്പോഴും ഉണ്ടായിരുന്നു. 205

അപരാധികളോ പാപികളോ ചെയ്യു പ്രവൃത്തി അപരാധമോ പാപമോ ആണെന്ന് നീ അവരുടെ മനസ്സിൽ തോന്നിക്കുന്നു. ആ ദുഷ്ടകർമ്മത്തെ അവർ ഉപേക്ഷിക്കുമ്പോൾ നീ പാപത്തെ മറക്കുകയും അപരാധിയേയോ പാപിയേയോ സസന്തോഷം സ്വീകരിക്കുകയും ചെയ്യുന്നു. 206,207

അവസാനമില്ലാത്ത ദയയുടെ ഭവനവും, കരുണാകരനും പുണ്യസ്വരൂപിയും വലിയ കാരുണ്യക്കടലുമായ സർവ്വേശ്വരാ, നീ ജയിച്ചാലും 'ജലന്യോന്യധർമ്മേപിച' ജയന്ത്യം പരമമന്യ പാശ്ചാത്യ പശ്ചിമാ എന്ന മരം അധമമല്ലാത്ത വർദ്ധിച്ചു എന്ന് കഷ്ടിച്ചർത്ഥം പറയാം. 208

നിന്റെ ദയയോട് തുല്യമായി മറ്റൊന്നിനെപ്പറ്റി ചിന്തിക്കുമ്പോൾ അങ്ങനെയൊന്ന് നിശ്ചയിപ്പാൻ ഇല്ല എന്നുള്ളത് ആശ്ചര്യം തന്നെ ഈശ്വരന്റെ ദയ അതുല്യമാണ് എന്ന് സാരം. 209

എത്രയും ചെറുതാണെങ്കിലും ഒരു നല്ല പ്രവൃത്തി-സുകൃതം നിന്റെ സന്നിധിയിൽ മറക്കപ്പെട്ടുപോയി എന്ന വിചാരവും വരില്ല 210

കുറവു കൂടാത്ത നിസ്സാരമായ നല്ല കർമ്മത്തിനും സമ്മാനം കല്പിച്ചു കൊടുക്കും. അതുപോലെ നേരെ മറിച്ച് ദോഷകരമായ പ്രവൃത്തി ചെറുതായാലും അതിന്റെ ഉത്തരഫലം ദുഃഖമായിരിക്കും. നിന്റെ ശാപത്തിന് യോഗ്യമായ പാപമുണ്ടെങ്കിലോ അനുഗ്രഹിക്കാതെ എപ്പോഴും ശിക്ഷിക്കുകയും ചെയ്യും. ബഹുമാന്യനായ വിധികർത്താവെ, നാഥാ, ഭയങ്കരമായ ആജ്ഞ (ശിക്ഷാരൂപത്തിലുള്ളത്) കൊടുക്കുന്നവനെ, അളവില്ലാത്ത ന്യായത്തിന്റെ സമുദ്രമേ, ദൈവിക സ്വഭാവത്തിൽ പൂജ്യവും വിശിഷ്ടവുമായ സ്ഥിതിമാനായ നീ ചെൽവ്വതാക 211-214

നിന്റെ രഹസ്യങ്ങളാം ബുദ്ധിയിലടക്കാവുന്നതല്ല. ബുദ്ധിക്ക് അതീ
തമാണ്. നിന്റെ സ്ഥിതിവിശേഷം വാക്കുകൊണ്ട് പറഞ്ഞറി
യിക്കാൻ വിഷമമാണ്. മഹത്വം വാചാമഗോചരം 215
ദൈവസ്വരൂപം ഒന്നു മാത്രമാണ്. ആ ഏകദൈവസ്വഭാവത്തിൽ
മൂന്നുപേരുണ്ട്. ഏകത്തിൽ ത്രിത്വം എന്നു സാരം 216
പിതാവ്, പുത്രൻ, പവിത്രാത്മാവ് എന്നിങ്ങനെയുള്ള മൂന്നു
പേരിൽ പിതാവു പുത്രനല്ല. പുത്രൻ പിതാവുമല്ല. 217
പിതാവും പുത്രനും പരിശുദ്ധാത്മാവല്ലെന്ന കാര്യം ഉറപ്പാണ് പി
താവ് സർവ്വേശ്വരനാണ്. പുത്രനും സർവ്വേശ്വരൻ തന്നെ 218
റൂഹാദക്കുദശായും സർവ്വേശ്വരൻ തന്നെ. മൂവരും ഒരു സ്വഭാവം ത
ന്നെയുള്ളതിനാൽ മൂന്നു ദൈവമല്ല 219
ഏകദൈവത്വമയുള്ള, മൂവരും ഒരു ഒരു തമ്പുരാൻ മാത്രം ശക്തി
യും ബുദ്ധിയും, ദേവമനസ്സും മൂന്നുപേർക്കും ഒന്നുതന്നെ. 220
മാഹാത്മ്യം, സ്ഥിതി, സർവ്വജ്ഞാനം എന്നിവയെല്ലാംമൂവർക്കും ഒന്നുത
ന്നെ. പിതാവു പുത്രനെ ജനിപ്പിക്കുന്നുവെങ്കിലും. 221
പിതാവിനും പുത്രനും ആദിയില്ല. പിതാവ് സ്വയം ശ്രുതത്തെ ബു
ദ്ധിയാകുന്ന കണ്ണുകൊണ്ട് കണ്ടു. 222
ആ കാഴ്ചയാൽ ബുദ്ധിയിൽ സമരൂപവും ഉണ്ടായി. അതാണത്രെ
എപ്പോഴും അനാദിയായിരിക്കുന്ന പുത്രൻ. 223
പിതാവിനും പുത്രനും പരസ്പരം സ്നേഹമുണ്ടായി. അതുകൊണ്ടും മൂ
ന്നാമാളായ പരിശുദ്ധാത്മാവും പുറപ്പെട്ടു. 224
റൂഹാദ എപ്പോഴും മൂവർ സമന്മാരും കൂടാതെ സൂര്യൻ, രശ്മി, ഉ
ഷ്ണം എന്നിവപോലെ പ്രശോഭിച്ചു. 225
സൂര്യൻ ഉണ്ടായപ്പോൾ രശ്മിയും ഉഷ്ണവും കൂടെ ഉണ്ടായപോലെ
ബാവാതമ്പുരാനോടുകൂടെ പുത്രൻ തമ്പുരാനും റൂഹാദക്കുദശാതമ്പു
രാനും നിത്യമായി ഉണ്ടായിരിക്കുന്നു. 226_ 27
ഒരു സ്വഭാവത്തിലാണ് എപ്പോഴും മൂന്നുപേരും. മൂന്നു കോണുള്ള
ഒരു സാധനം ഉണ്ടെങ്കിൽ ആ ഒറ്റരൂപത്തിൽ തന്നെ മുക്കോണും
ഉണ്ടാകുമല്ലോ. ഓർമ്മ, ബുദ്ധി, മനസ്സ് എന്നിവയോടുപമിക്കാമെന്നു
തോന്നുന്നു 228_229
മൂന്നുപേർക്കും ആത്മാവും പലതല്ല. ഒന്നുതന്നെയാണ്. സ്വഭാവവും
ഒന്നുതന്നെ. നീരുറവ്, തോട്, കുളം എന്നിവ മൂന്നു തന്നെ 230

എങ്കിലും മൂന്നിലും ഒരേ ഒരു വെള്ളം തന്നെയാണല്ലോ. അതു പോലെ മൂന്നുപേരും ഒരാളിൽ തന്നെയെന്നു സാരം. ബുദ്ധിക്കു പ്രയത്നേന പ്രാപ്യവും പരിച്ഛേദിക്കാൻ വയ്യാത്തതും ആയ ദൈവതത്വം നിസ്സാരവസ്തുവിനോടു ഉപമിക്കുകയാണെങ്കിൽ ഇപ്പറഞ്ഞ സാദൃശ്യം നോക്കേണ്ടതാം, സത്തായ ഒന്നിൽ മൂന്നുപേർ കുടി കൊള്ളുന്നു എന്നു ഗ്രഹിച്ചു് അതു് ബുദ്ധിയിൽ ഉറപ്പിക്കണം 231–233

ഇതുമുഴുവൻ തിരിച്ചറിയാൻ കഴിയില്ലെങ്കിൽ, സമുദ്രത്തെ ചെറിയ കിണറ്റിൽ എന്നപോലെ മഹാസമുദ്രമായ ആ ദൈവത്തിൽ ത്രിത്വ രഹസ്യം മനുഷ്യന്റെ ബുദ്ധിക്കു് ഉൾക്കൊള്ളിക്കാൻ സാധ്യമാണോ? ഒരു മരത്തിന്റെ ഇലകൾ ക്കാറുമുണ്ടെങ്കിലും അവയെല്ലാം എണ്ണിത്തീർക്കുവാൻ മനുഷ്യബുദ്ധിക്കു കെല്പുണ്ടോ? ഏറ്റവും ചെറിയ ഉറുമ്പിന്റെ ശരീരസ്ഥിതി, സാമർത്ഥ്യം, നോട്ടം, ശക്തി എന്നിവ മനുഷ്യനു് അറിയാൻ കഴിയുമോ? മനുഷ്യബുദ്ധിക്കു് അറ്റമുള്ളവ പോലും അറിയാൻ സാധ്യമല്ലെങ്കിൽ അളവില്ലാത്തവ ഗ്രഹിക്കുവാൻ അസാധ്യമാണെന്നു പറയേണ്ടതില്ലല്ലോ. സൂര്യനെ സൂക്ഷിച്ചു നോക്കുന്നതിനു് കണ്ണിനു കഴിവില്ല. 234–239
മനുഷ്യന്റെ കയ്യു് ആകാശമെത്തിച്ചു തൊടാൻ പോരാത്തതാണ് അവന്റെ കാലിനു് വായുവിന്റെ വേഗത ഒരിക്കലും കിട്ടുകയില്ല. 240
അതുപോലെ ദൈവരഹസ്യം മനസ്സിലാക്കാൻ മനുഷ്യബുദ്ധിക്കു് ശക്തിയില്ല. ബുദ്ധിക്കു് എത്താൻ കഴിയാത്ത വിധം അത്ര വിദൂരസ്ഥമാണു് അതു്. 241
അതു് തിരിച്ചറിയാൻ മോക്ഷത്തിൽക്കൂടിയേ സാധിക്കയുള്ളൂ. അതുകൊണ്ടു് അത്രയും കാലം ബുദ്ധിയുടെ ശക്തിക്കൊത്തു് മനസ്സിലാക്കി വിനയത്തോടുകൂടി ഈശ്വരനെ ആരാധിക്കണം. മനുഷ്യബുദ്ധിക്കു പരിച്ഛേദിച്ചു മനസ്സിലാക്കാൻ കഴിയാത്തവനും എല്ലാറ്റിന്റേയും ആദിയും അന്തവും അത്യന്തരഹിതനും, നാശരഹിതനുമായ ത്രിത്വത്തിനു് നമസ്കാരം. സർവ്വേശ്വരന്റെ പുത്രാ മർത്ത്യന്മാരുടെ രക്ഷിതാവേ, നിന്റെ കരുണയൊന്നുമാത്രമാണു് ശരണമായിട്ടുള്ളതു്. പിഴച്ചു പോയ നരവർഗ്ഗത്തിന്റെ ഒരേയൊരു രക്ഷകനാണു് നീ. 242–245

പണ്ടു നമ്മുടെ കാരണവർ ചെയ്ത പാപത്താൽ കളഞ്ഞു കുളിച്ച ഗുണം നിൻെറ മനുഷ്യയാറിയ ദയാവായ്പിനാൽ വീണ്ടെടുക്കാൻ കഴിഞ്ഞു. 246

ഇപ്പോഴെ നിൻെറ ക്ലേശകാരണം ഞാൻ ഗ്രഹിച്ചുള്ളു. ഇപ്പോഴെ നിൻെറ വേദസത്യം പ്രത്യക്ഷമായിത്തീർന്നുള്ളു. 247

പരിശുദ്ധമായ ശാസ്ത്രത്തിൻെറ പാഠം ബുദ്ധികൊണ്ട് മനസ്സിലാക്കി, ചെയ്തുപോയ ദുരിതദോഷത്തിന് പരിഹാരം വരുത്താൻ വേണ്ടി, 248

നീയല്ലാതെ മറ്റാരാളും ശക്തനല്ല. പാപമാകുന്ന ദോഷത്തിൻെറ കറ കഴുകിക്കളയാനും ആയുസ്സ് ഉപേക്ഷിച്ചില്ല ത്യാഗശീലനായ അങ്ങയുടെ രക്തം വേണ്ടിവന്നു. 249

ശാശ്വതമായ ഗുണത്തിനുവേണ്ടി ഭൂലോകവാസം ഉപേക്ഷിച്ചു. ദൈമും ഭൂമിയെ സംബന്ധിച്ചുള്ളത്. മനുഷ്യർ ക്ലേശങ്ങൾ അനുഭവിക്കണം 250

എന്ന ബോധം നിൻെറ ചരിത്രത്തിൻെറ രശ്മി പ്രകാശം ഉദിപ്പിച്ചു. ദൈവസ്വഭാവം പരിത്യജിക്കാതെ മനുഷ്യൻെറ രൂപമെടുത്ത് ഭൂമിയിൽ പിതാവില്ലാതെ പിറക്കുകയും ചെയ്തു, പരിപൂത സംപൂജ്യനും വിശിഷ്ടനുമായ റൂഹായുടെ വിസ്മയകരമായ പ്രവൃത്തിയാൽ. 250_252

പുറത്തുനിന്നു കേറാതെ നാളികേരത്തിൽ വെള്ളം ഉണ്ടാകും പോലെയും എള്ളിനുള്ളിൽനിന്ന് എണ്ണ ഉളവാകുന്നപോലെയും 253

കന്യാത്വത്തിനു കോട്ടം തട്ടാതെ പരിശുദ്ധയായ മാതാവിൻെറ വയറ്റിൽ ഗർഭമായിത്തീർന്നു. 254

സൂര്യൻെറ രശ്മി പളുങ്കിനുള്ളിൽ കടക്കുന്നതുപോലെ കന്യകയായ സ്ത്രീയുടെ പുത്രനായി മനുഷ്യനായി നീ പിറന്നു. 255

മോക്ഷപ്രാപ്തിക്കുവേണ്ടി അനുഭവിക്കുന്ന ക്ലേശങ്ങൾ ദുഃഖകരങ്ങളല്ല എന്നു കാണിക്കാൻ എല്ലാ സന്താപങ്ങളും നീ ക്ഷമയോടുകൂടി സഹിച്ചു. 256

ഭൂമിയിലുള്ളവയെല്ലാം ഉപേക്ഷിക്കണമെന്ന് അറിയിക്കാൻ സമ്പത്തിൻെറ അവഹേളനം ദാരിദ്ര്യം ദരിദ്രനായ നീ പഠിപ്പിച്ചു. ദരിദ്രന്മാർ ഭാഗ്യവാന്മാർ എന്ന തിരുവചനം ഓർമ്മിക്കുക. 257

കീഴ്‌വഴക്കം കാട്ടി പഠിപ്പിക്കാൻ മുപ്പതു കൊല്ലം സവിനയം വഴി

ജനിനടന്നിട്ടു്, പിന്നീടു് മൂന്നാംകാലം നിന്റെ സത്യവേദത്തിന്റെ പ്രകാശത്താൽ അജ്ഞാനമാകുന്ന ഇരുളകററി സ്വപ്രകാശനീയമായ മോക്ഷമാർഗ്ഗം തെളിയിച്ചു. 258,259

നാശത്തിന്നു കാരണമായ ദുരിതമാർഗ്ഗത്തിൽ വെറുപ്പുളവാക്കി. തമ്പുരാനെ സംബന്ധിച്ചേടത്തോളം ദുഃഖങ്ങൾ പൊറുക്കുന്നതു് പുണ്യമാണെന്നു് ധരിപ്പിക്കാനും, മനുഷ്യൻ ചെയ്ത ദുഷ്കൃതം പരിഹരിക്കാനും പരിശുദ്ധനായ നീ പാപിയെപ്പോലെ വളരെ സങ്കടങ്ങൾ പൊറുത്തു. മരം നിമിത്തം വന്ന നാശം നിന്റെ മരണത്താൽ മരംകൊണ്ടു തന്നെ ഒഴിപ്പിച്ചു. രക്തംകൊണ്ടു് നരന്റെ ദുരിതം കഴുകിക്കളയാൻ, തിരുമെയ്യിൽ അഞ്ചു മുറിവുകൾ ഏററു. നിന്റെ ദൈവസ്വഭാവത്തിന്നു് യാതൊരു അന്തരവും വന്നില്ല. അങ്ങനെ മനുഷ്യന്റെ രീതിയിൽത്തന്നെ നീ മരണമടഞ്ഞു. പാപത്തിന്നു് ശമനം വഴിപോലെ വരുത്തുകയും ചെയ്തു അനന്തനായ ബാവയുടെ തിരുവുള്ളക്കേടു് ഇല്ലാതാക്കി. ദോഷനിമിത്തകമായ നാശം തീർത്തു. മേലിലുണ്ടാകുന്ന ദോഷങ്ങളുടെ പരിഹാരത്തിന്നു് പോം വഴിയും ഉണ്ടാക്കി. ഇതു് നിനക്കു മാത്രമേ സാധിക്കുകയുള്ളൂ. ഇതെല്ലാം സംഭവിച്ചതിന്നു് കാരണം നിന്റെ കേടകന്ന കൃപാതിരേകമാണു് 260.261

പാപത്താലുണ്ടായ ദൈവാപമാനത്തിന്നു് പരിഹാരം ചെയ്യുന്നതിന്നു് സൃഷ്ടികളുടെ യോഗ്യത പോരാ. യോഗ്യം എന്ന പദം മുൻപു് പറഞ്ഞമാതിരി യോഗ്യത എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. 268

പരിഹാരത്തിന്നും പാപശാന്തിക്കും ഈശ്വരൻ തന്നെ വന്നു പ്രവർത്തിച്ചു മതിയാകൂ. 269

കഴിഞ്ഞ സംഭവങ്ങളിലുള്ള താല്പര്യവും കൃപയും നിമിത്തം, നാശരഹിതനായ ദൈവത്തിന്നു് പരിഹാരം ചെയ്യാൻ വളരെ വിഷമതയനുഭവിച്ചതുകൊണ്ടു് ശാപത്തെ നീക്കാൻ കഴിഞ്ഞു. മരണംകൊണ്ടു നാശമില്ലെന്നും രണ്ടാമതും മനുഷ്യന്റെ ആത്മാവു് പൂർവ്വശരീരത്തോടു യോജിച്ചും ജീവിക്കും എന്നും കാണിക്കുവാൻ മരണമടഞ്ഞ നീ മൂന്നാം നാൾ ഉയിർത്തെഴുന്നേററു. മനുഷ്യന്റെ സുകൃതത്തിന്നുള്ള പ്രതിഫലം അറിയിക്കാൻ, നിന്റെ തിരുമേനിയുടെ മാഹാത്മ്യം കാണിച്ചുതന്നു. നിന്റെ ശരീരത്തിന്റെ അക്ഷയത്വവും, സൂക്ഷ്മത, ലഘുത്വം, ദീപ്തി എന്നിവ ശിഷ്യന്മാർക്കു് പലപ്പോഴും വ്യക്തമാക്കി. നാല്പതു ദിവസത്തിന്നുശേഷം സ്വപ്രഭാവത്താൽ ഭൂലോകം വിട്ടു് മോക്ഷരാജ്യത്തിലേക്കു് എഴുന്നള്ളി രാജാ

ധിരാജനായി എല്ലാ ലോകത്തെയും സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. 270_276

സർവ്വരെയും സംരക്ഷിക്കുന്ന അനുപമനായ രാജാവേ, നീ ജയിച്ചാലും, ആരാണെന്ന് പണ്ട് സംശയിച്ച് ചോദിച്ചതനുസരിച്ച് ഇപ്പോഴും അന്വേഷിക്കാൻ അവകാശമൊന്നുമില്ല. നിന്റെ താൽ പൊരിമ കണ്ടാൽ മൃഗകുലത്തിലെ സിംഹമെന്നു പറയാം. ദൈവപുത്രനെന്നും പറയാം. വേദപുസ്തകത്തിൽ തിരുവടിയുടെ സ്വരൂപം വിവരിച്ചു വ്യക്തമാക്കിയിട്ടുണ്ടോ? 277_279

മംഗളങ്ങളുടെ മന്ദിരമായ ഈ പുണ്യശരീരത്തിന്റെ സൗന്ദര്യം കണ്ണേറം കണ്ടപ്പോൾ, ഈ ലോകത്തിലുള്ള എല്ലാ രൂപങ്ങളോടും വെറുപ്പ് തോന്നും എന്നു മാത്രമല്ല, ഭൂമിയിലുള്ള എല്ലാ സൗന്ദര്യവും അസഹ്യമായ വൈരൂപ്യമായിത്തോന്നുകയും ചെയ്യും. നിന്റെ മുഖത്തിന്റെ സൗന്ദര്യം പരലോകത്തിൽ പുണ്യവാന്മാർക്ക് എപ്പോഴും സന്തോഷമുളവാക്കുന്ന മിന്നൽ ഇരുളകറ്റുന്നതുപോലെ മറ്റുള്ളവർക്ക് ഉപദ്രവം ഒഴിവാക്കുന്നു. പുണ്യവാൻ എന്ന പദത്തിനു പകരം പുണ്യന്മാർ എന്ന പദം പ്രയോഗിച്ചിരിക്കുന്നു 280_283

നിന്റെ കണ്ണുകൾ രണ്ടും സൂര്യനെപ്പോലെ പ്രകാശമാനങ്ങളാണ്. കുവലയങ്ങൾ മുതലായ പൂക്കൾ വിളങ്ങുന്നു. അവ അരുളുംപൂങ്ങൾ 284

കരുണാനിധിയായ നിന്റെ ചെന്തളിരടികൾ രണ്ടും അകലുന്നത് കണ്ടാൽ നിക്ഷേപങ്ങൾ സൂക്ഷിച്ച മുറിയുടെ വാതിൽ തുറക്കുകയാണോ ചെയ്യുന്നത് എന്നു തോന്നും. 285

ഭയത്തോടുകൂടി ദാനത്തിന് ഒരിക്കലും നാശമില്ല, മോക്ഷലോകത്തിൽ അവിടത്തെ ശരീരത്തിലെ തിരുമുറിവുകൾ എന്നും അസ്തമിക്കാത്ത മധ്യാഹ്നപ്രഭ ഉളവാക്കുന്നു. സ്തുതിക്കത്തക്ക ആ ശോഭയുടെ മുമ്പിൽ മറ്റുശോഭകളെല്ലാം വെറും ഇരുട്ടാണ്. ആ പരിപൂതശരീരത്തിലെ അലങ്കാരങ്ങൾക്ക് തുല്യത പറയാൻ ഏതു് ഉപമാനങ്ങളാണുള്ളത്? 286_288

മുടിയിൽ പതിച്ച രത്നങ്ങളോട് കിടപിടിക്കാൻ നൂറുകോടി സൂര്യന്മാർക്കുപോലും കഴിയുകയില്ല. രശ്മിയുടെ പ്രകാശപൂരത്തിന്റെ മുമ്പിൽ സൂര്യപ്രഭ കൂടിയും തോൽവി സമ്മതിക്കും 289

മുത്തുമണികൾ തുടങ്ങിയ രത്നങ്ങൾ നോക്കുമ്പോൾ ഒന്നും അവയോട് ഒത്തുവരുന്നതായി തോന്നുന്നില്ല. പൊന്നും പങ്കവും തമ്മിലുള്ള വ്യത്യാസമുണ്ടായി. ഈ ഉപമേയത്തിനും പറയാൻ പോകുന്ന

ഉപമാനത്തിനും ആവരണപടവും കുപ്പായവും മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളാൽ ആകാശമെന്നപോലെ ഏററവും പ്രകാശിക്കുന്നു. 290_291

ത്രിലോകരക്ഷകന്റെ സിംഹാസനം നല്ലപോലെ സൂക്ഷിച്ചു നോക്കുമ്പോൾ പ്രകാശത്തിന്റെ രശ്മികൊണ്ട് കണ്ണുകൾ ശങ്കിക്കും. കണ്ണുകൾ ചിമ്മിപ്പോകും എന്നു താല്പര്യം 292

പരിഛേദിക്കാൻ വയ്യാത്ത രൂപമെന്നേ പറയേണ്ടതായിട്ടുള്ളൂ. പച്ചമരതകക്കല്ലുകളും, ചെമന്ന മാണിക്യരത്നങ്ങളും തിരുമുഖത്തിന്റെ പ്രഭകൊണ്ട് പൂർണ്ണമായ രശ്മികൾ ചുററും വൈരക്കല്ലുകൊണ്ടുള്ള തൂണുകൾ, താഴെ മുത്തുകളും പവിഴങ്ങളും അലങ്കാരങ്ങളായിട്ടുണ്ട്. ഇവയെല്ലാം ചിന്തിച്ച് വ്യക്തമാക്കാൻ വിഷമമാണ്, വളരെ അകലമുള്ളതുകൊണ്ട് നിഴലേ കണ്ടിട്ടുള്ളൂ. എന്തിനധികം പറയുന്നു? ഉദ്ദേശിക്കാവുന്ന മംഗളമൊക്കെക്കൂടി നിരൂപിച്ചാലും ഇതു മുഴുവനും അഗാധമായ സമുദ്രത്തിലെ വെള്ളത്തുള്ളി പോലെയാണ്. 293_297

ആയിരംകോടി സേവകന്മാർ നിത്യനായ ജഗദീശ്വരന്റെ സിംഹാസനത്തിനു ചുററും നിന്നു നിന്റെ കരുണ വഴിയുന്ന പ്രവൃത്തിയെ അവലംബമാക്കി, നിന്റെ ദൈവത്വത്തെ സങ്കീർത്തിക്കും സമാവന്ദിക്കുന്നു. അവരോടുകൂടെ നിന്നെ ശുശ്രൂഷിക്കുന്ന ഭൃത്യന്മാരിൽ നിസ്സാരനായ ഒരാളാണ് ഞാനും 298_299

ആ ശ്രേഷ്ഠമായ സിംഹാസനത്തിനു മുമ്പിൽ ഭക്തിയോടുകൂടി നമസ്കരിച്ച്, നിന്റെ പരിശുദ്ധമായ രക്തത്താൽ രക്ഷിതനാണ് ഞാൻ എന്ന ഭാവത്തോടെ നിന്റെ പ്രേമമഹത്വം മനസ്സിലാക്കിയ മനസ്സോടെ നിന്നെ എന്റെ രക്ഷകനായിക്കരുതി ഞാൻ ഇതാ നമസ്കരിക്കുന്നു. 300_301

എല്ലാററിന്റെയും ഈശൻ, മരണത്തെ ജയിച്ചവൻ, മനുഷ്യരക്ഷകൻ, സർവ്വജ്ഞൻ, വേദത്തിന്റെ ഗുരു, സജ്ജനങ്ങൾക്ക് പ്രിയപ്പെട്ടവൻ ദൈവപുത്രൻ, എന്റെ അമ്മ, മനുഷ്യപുത്രൻ, എന്റെ പിതാവ്, ദേവൻ, മനുഷ്യൻ, മരണമടഞ്ഞവൻ, മരണത്തെ ജയിച്ചവൻ, അമൃതാവസ്ഥയിലുള്ളവൻ, വേദാന്തപ്രതിപാദ്യൻ, ആഗ്രഹം നിറവേറുന്നവൻ, ജ്ഞാനപരിപൂർണ്ണൻ, ദയ കാണിക്കുന്നവൻ, വേദന

യകററുന്നവൻ, ഗുണങ്ങളെ പ്രദാനം ചെയ്യുന്നവൻ മോക്ഷം നൽകുന്നവൻ, പാപം തീർക്കുന്നവൻ, ദുഃഖിതന്മാർക്കാശ്രയി, എല്ലാ മനുഷ്യർക്കുമവലംബം, സ്വർഗ്ഗത്തിന്റെ നാഥൻ, സർവ്വപരിപാലകൻ എന്നിങ്ങനെ വിശേഷിപ്പിക്കാവുന്നതു് ആരെയാണോ, ആ ദൈവത്തെ ഞാനിതാ സാഷ്ടാംഗമായി നമസ്കരിക്കുന്നു. 302-305

ഉന്നതമായ സിംഹാസനത്തിന്നു് അടുത്തിരിക്കുന്ന മഹത്വം ഏറിയ കന്യകേ, മൂന്നുലോകത്തിന്റെയും നാഥേ, പാപികൾക്കു ആശ്രയമായിട്ടുള്ളവളെ, സകല പുണ്യവാന്മാരാലും സമാദൃതേ, സർവ്വേശ്വരന്റെ രക്ഷിതാവെ, നിന്റെ ദയാത്രപാതത്വങ്ങളെ പറയാൻ അസാധ്യമാണു്. ഭൂലോകത്തിലിരുന്നകാലത്തു് ദേവി എന്നുപോലും തോന്നിയിരുന്നു. 306-308

നിന്റെ ശരീരകാന്തിസൗന്ദര്യം കണ്ടവർ അറിയിക്കുകയുണ്ടായി. തീയിൽ പൊന്നിന്റെ മാററു് ഏറുന്നതുപോലെ മരണംകൊണ്ടു്, നിന്റെ സൗന്ദര്യത്തിന്റെ മുഖ്യത വർദ്ധിച്ചു പരലോകത്തിൽ ഇപ്പോൾ താമസിക്കുന്ന കാലത്തു്, പ്രകാശവായ്പുള്ള ചന്ദ്രൻ എന്നപോലെ സ്വർഗ്ഗവാസികൾക്കു് ആനന്ദം നൽകി ശോഭിച്ചുകൊണ്ടിരിക്കുന്നു. മുഖ്യം എന്ന പദത്തിന്നു് മുൻപാഠത്തെപോലെ മുഖ്യത എന്നതിന്റെ അർത്ഥം പറയണം. 309, 310, 311

ഇന്നു് പുത്രനോടുകൂടി മൂന്നുലോകത്തെയും ഏക ശാസനംകൊണ്ടു് രക്ഷിച്ചുവിളങ്ങുന്നു. 312

നിന്റെ ശോഭ നോക്കിയാൽ രണ്ടുകണ്ണിന്നും ദോഷം വരുമെങ്കിലും നിന്നെ കാണണമെന്നു് അപേക്ഷിച്ചു. 313

ശ്രദ്ധ ദോഷതുല്യമാണെന്നു് ഇപ്രകാരം തോന്നുന്നില്ല കാരണം കാര്യം പ്രാപിച്ചവൻ പുണ്യവാനും ബുദ്ധിമാനും തന്നെയാണ്. പുണ്യൻ എന്ന പദത്തിന്നു് പുണ്യവാൻ എന്നർത്ഥം പറയണം. 314

നിന്റെ ശോഭ കണ്ടാൽ പിന്നെയും അഴകു് കാണാൻ പരലോകത്തിൽ ആഗ്രഹമുണ്ടാവുമോ? 315

മനസ്സിന്നു് വിഷമമായിട്ടുള്ളതു് അവസാനിക്കില്ല. കണ്ടതുകൊണ്ടു് സംതൃപ്തിയും വരില്ല. നിന്റെ പുത്രൻ ഒഴികെയുള്ള സൃഷ്ടികളൊക്കെയടങ്ങിയ പ്രഭയില്ലാത്ത കൂട്ടങ്ങളാം നിന്റെ ശോഭ കണ്ടാൽ എ

ല്ലാ സൃഷ്ടികളെക്കാളും ദൈവത്തിന്ന് തെളിഞ്ഞവൻ നീ തന്നെയെന്ന തോന്നും. 316 317

എല്ലാ സൃഷ്ടികളെക്കാളും രൂപയോഗ്യതകൊണ്ട് ഈശ്വരൻ നിന്റെ ശരീരത്തെ സവിശേഷം അലങ്കരിച്ചു. 318

രാജാവിന്റെ മഹത്വത്തിന്ന് ഒത്തതായിരിക്കണം, രാജധാനി. രാജധാനി രാജന്റെ ഗൃഹവും നീയായി. ദൈവസിംഹാസനവും നീയായിരിക്കുന്നു. 319

പ്രഭാവത്തിനൊത്ത ശുദ്ധമായ ആലയം നീ തന്നെയല്ലെ. അല്ലയോ കന്യകേ, സുന്ദരാംഗിയും പുണ്യവതിയും ആയ നാഥയും നീ തന്നെയാകുന്നു. 320

മുള്ളുകളിൽ റോസപുഷ്പംപോലെ, എല്ലാവരാലും സ്തുതിക്കപ്പെട്ട അമ്മെ, സൌന്ദര്യമുള്ളവരിൽ നീ തന്നെ ചളിയിൽ സ്വർണ്ണം പോലെ വിളങ്ങുന്നു. നക്ഷത്രങ്ങളിൽവെച്ച് പൂർണ്ണചന്ദ്രൻ കൂടുതൽ പ്രകാശിക്കുന്നുവല്ലൊ. അതുപോലെ പുണ്യവതികളിൽ വെച്ച് വിശിഷ്ട നാഥെ, നീയും. പന്ത്രണ്ട നക്ഷത്രങ്ങൾ നിന്റെ കിരീടത്തിലെ രത്നങ്ങളായിത്തീർന്നുവല്ലൊ? 321_324

നിന്റെ കുപ്പായം സൂര്യനാകുന്നു. നിന്റെ പരിശുദ്ധമായ പാദങ്ങളിൽ ചെറിയ ചന്ദ്രബിംബം ചെരിപ്പായിത്തീർന്നിരിക്കുന്നു. 324

മനുഷ്യവംശരാജ്ഞിയെ, നിഷ്കളങ്കയായ മാതാവെ, മനുഷ്യക്കവലംബമെ, കന്യകാരത്നമായ അമ്മെ, നിന്റെ ഭദ്രാസനത്തിന്ന മുമ്പിൽ കുമ്പിട്ടു വീഴുന്ന എന്നിൽ നീ കാരുണ്യം പൊഴിക്കുന്ന മാതാവായിത്തീരേണമെ നീ. 325,326

എനിക്കുവേണ്ടി നിന്റെ പുത്രനോട് അപേക്ഷിക്കാൻ ദയയുണ്ടാകണം. ഏററവും പ്രേമപൂരം വഴിയുന്ന ദേവന്മാരുടെ_ മാലാഖമാരുടെ സമൂഹമെ. 327

സ്വർഗ്ഗലോകത്തിൽ നിങ്ങൾ. ആകാശത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെപ്പോലെ, വലിയ പ്രകാശം പൊഴിച്ചു വിരാജിച്ചുരുളുന്നു. 328

നക്ഷത്രങ്ങൾ ഭൂമിയെക്കാൾ വലുതാകുന്നുവല്ലൊ. അതുപോലെ എല്ലാ നക്ഷത്രങ്ങളുടേതിനെക്കാളും അപാരമായ സുഷമാവിശേഷം നിങ്ങൾക്കുണ്ട്. 329

പരലോകത്തിൽ പ്രഭുക്കളായ നിങ്ങൾ പരമമായ മാഹാത്മ്യത്തോടുകൂടി ഏററവും പ്രശോഭിച്ചുകൊണ്ടിരിക്കുന്നു. 330

നിങ്ങൾക്കു് ശരീരം ഇല്ല. യോഗ്യതയുടെ സ്ഥിതിപോലെ സ്വരൂപമുഖ്യം-സ്വരൂപമുഖ്യത-സ്വരൂപമാഹാത്മ്യം ഏറിയിരിക്കുന്നു. 331

ബുദ്ധിശക്തി, മനഃശുദ്ധി, സാമർത്ഥ്യം (കഴിവു്), ശാശ്വതത്വം ഉത്കൃഷ്ടത എന്നീ ഗുണഗണങ്ങൾ നിങ്ങളിൽ കളിയാടുന്നു 332

മഹാപ്രഭകൊണ്ടു് ശോഭിക്കുന്ന സ്രാപ്പുമാലാഖമാരെ, നിങ്ങൾ സർവ്വേശ്വരനെക്കുറിച്ചുള്ള സ്നേഹത്തിന്റെ അഗ്നിയുടെ ചൂടിനാൽ നിങ്ങൾ ശരീരപീഡ കൂടാതെ ഏററവും ജ്വലിക്കുന്നു. മററുള്ള ജനങ്ങൾക്കു ശുദ്ധതയും ജ്ഞാനവും നൽകി, നിങ്ങൾ ഈശ്വരനു് പ്രീതി വരുത്തുന്നവരല്ലോ. കെറൂബ പുണ്യവാന്മാരെ, സർവ്വേശ്വരന്റെ വിജ്ഞാനപ്രഭകൊണ്ടു് നിങ്ങൾ ശോഭിക്കുന്നു. നിങ്ങൾ നല്ല ബോധത്തിന്റെ ഗുണം ഉളവാക്കുകയും അജ്ഞാനത്തിന്റെ കൂരിരുട്ടു് നശിപ്പിക്കുകയും ചെയ്യുന്നു. 333-336

ഇപ്രകാരമുള്ള ശ്രേഷ്ഠ വർഗ്ഗങ്ങളെ കാണുന്ന സമയത്തു് ഈശ്വരനെ അനുസരിച്ചു പരിശുദ്ധരായ അരൂപികളെ, ചിന്തിച്ചാൽ മതിവരില്ല. പരിച്ഛേദിക്കാൻ വയ്യാത്ത അളവററ ആശ്ചര്യമേ, അനന്തമായ ദൈവത്തിന്റെ മഹത്വമറിഞ്ഞിട്ടു്, മാലാഖമാരുടെ അവധിയില്ലാത്ത ശ്രേഷ്ഠതയെ തെല്ലും സംശയിക്കാൻ അവകാശമില്ല, അപരിമിതമായ കഴിവും പ്രബലഗുണങ്ങളുതികഞ്ഞ ദൈവത്തെ സ്നേഹിക്കുന്ന മനുഷ്യർ പലരുമുണ്ടു്. അപമാനിതവും അനിത്യവുമായ ശരീരം ഉപേക്ഷിച്ചു് അവർ നിത്യമായ ശരീരം ലഭിക്കാൻ കാത്തിരിക്കുന്നു. ശോഭയോടുകൂടിയ മോക്ഷലോകവാസികളുടെ സമൂഹം ഇപ്പോൾ വലിയ ഭാഗ്യം നിമിത്തം സന്തോഷിക്കുന്നു. ഇതു പ്രകാശം സാധാരണ മനുഷ്യശരീരത്തിന്നു് ഉണ്ടാകുമോ? 337-342

മേൽഭാഗത്തുള്ള സൂര്യനും നക്ഷത്രഗണത്തിനും അടുത്തു നിൽക്കാൻ മനുഷ്യശരീരമാകുന്ന മൺപാത്രത്തിന്നു് കഴിയുമോ? 343

മനുഷ്യവർഗ്ഗത്തിന്നു് മകുടമണികളെ, ജനതക്കു് കിരീടങ്ങളെ, സർവ്വേശ്വരനെ ശുശ്രൂഷിക്കുന്നവരെ, നിങ്ങളുടെ ഭാഗ്യത്തിന്റെ മഹത്വം അവർണ്ണ്യമാണു്. നിങ്ങളുടെ സാമർത്ഥ്യം കൊണ്ടു് മോക്ഷലോകത്തിൽ സന്തോഷം പ്രാപിച്ചിരിക്കുന്ന അവസ്ഥ എത്രമാത്രം വിസ്തൃ

യമാകുമല്ല, താഴെ ഭൂലോകവാസം ചെയ്യുമ്പോഴും മൎത്ത്യത്വം ഉപേക്ഷണീയം എന്നു കരുതി, സമ്പത്തു ത്യാഗം ചെയ്തു ദരിദ്രരെപ്പോലെ, അല്പബുദ്ധികളെല്ലാം അവിവേകികളെന്നു് ചിന്തയിൽ ഉറപ്പിക്കുന്നു. എന്നാലും നിങ്ങൾ ചെയ്ത തപസ്സു കാണുമ്പോൾ പരിത്യജിച്ച നിസ്സാരമായ അൎത്ഥംകൊണ്ടു്, അന്തമില്ലാത്ത ധനവും നിത്യമായ നിക്ഷേപവും നിങ്ങൾ വാങ്ങി എന്നു കാണാൻ കഴിയും. 344-349

നിങ്ങൾ അല്പം വിത്തു് വിതച്ചും അനല്പമായ ഫലം കൊയ്തു. ശാശ്വതമായ സുഖമനുഭവിച്ചു വസിക്കുന്നു. 350

അപ്രകാരംകൊണ്ടു് നിങ്ങൾക്കുണ്ടായ ഭാഗ്യനിധിയെപ്പററി ചിന്തിക്കുമ്പോൾ ഐശ്വര്യമെന്നേ പറയാനുള്ളൂ. 351

സാന്ദ്രമായ മംഗളം നിറഞ്ഞ ജഗദീശ്വരനിൽ ഭക്തിയുണ്ടായ നിങ്ങൾ മനസ്സുറപ്പു പൂണ്ടവരാണു്. 352

ഐശ്വൎയ്യങ്ങൾക്കധിപതിയായ ആ തമ്പുരാൻ നിങ്ങളുടെ ഭക്തിക്കു് പകരമായി നിങ്ങളിൽ എപ്പോഴും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അമൃതം പൊഴിക്കുന്നു. 353

എന്തൊരു സുഖമാണു് ഇതു്! ഇതിനോടു് തുല്യമായ മറെറാരു സുഖമുണ്ടോ? അനന്തമംഗളമായ ഗുണങ്ങളുടെ നിധിയായ ഈശ്വരൻ സ്വാധീനമായിരിക്കുമ്പോൾ. 354

മംഗളങ്ങൾക്കു കുറവുണ്ടോ? ഭൂലോക വിഷയമായി വേറെ എന്തെങ്കിലുമുണ്ടോ? എല്ലാ നന്മകളും കിട്ടിയാൽ അപേക്ഷ സഫലമായിത്തീരുന്നു. മനസ്സിന്റെ മോഹം ആശ തീരും. തമ്പുരാൻ നമ്മുടെ മിത്രമാണു്. അതിൽ പരം ഇനി എന്തു വേണം. 355,356

തമ്പുരാനോളം ഒരു മറെറാന്നുമില്ല. തമ്പുരാൻ തന്നെയല്ലേ എല്ലാ സുഖങ്ങളുടെയും ഗുണങ്ങളുടെയും പെരുംകടൽ. 357

തമ്പുരാനെ എപ്പോഴും മനസ്സിൽ ചിന്തിക്കുക. അദ്ദേഹം എല്ലാം അറിയുന്നവനാണു്, ഭക്തിയുള്ളവൎക്കെല്ലാം അധീനനാണു് സൌന്ദൎയ്യസ്വരൂപനാണു്. 358

ലോകത്തിൽ എന്താണു് മംഗളം? സൎവ്വേശ്വരനായ തമ്പുരാൻ. ഭൂലോകത്തിലുള്ളവരിൽ ഒരാൾ അൎത്ഥങ്ങൾ അനുഗ്രഹിക്കുന്നതുകൊണ്ടു് വേറെ ഒരു സുഖവും ഉണ്ടാകാൻ പോകുന്നില്ല. കാരണം

അവയിലുള്ള കൊതി അത്രക്ക വലുതാണ്. 359_360

സാധിച്ചാൽ അത്ഥം പോകം. സുഖനാശം സംഭവിക്കുകയും ചെയ്യും. ഭക്ഷണ ശീലനായാൽ അത്ഥങ്ങറം നാശമടയും. 361

അതിന്ന് സ്വസ്ഥതയുണ്ടാകുമെന്ന് തോന്നുന്നില്ല. മോഹത്തിന്നടിമപ്പെട്ട വലത്താൽ അത്ഥവും സുഖവും പോയ്പ്പോകം. 362

വലിയ ആധിയുടെ സമുദ്രത്തിൽ അകപ്പെട്ടുപോകം. നിശ്ചയം. ലോകസുഖം ശാശ്വതസുഖത്തിന്ന വിരുദ്ധമാണ്. 363

ലൌകിക സുഖം ക്ഷുദ്രമാണെന്ന് പറയാൻ പാടുണ്ടോ? സ്വർഗ്ഗലോകത്തിലെ അന്യോന്യമായ മംഗലം ദുഃഖത്തിൻെറ സ്പർശമില്ലാത്തത് ഉള്ളൂ. 364

മോക്ഷലോകത്തിൽ ഗുണങ്ങളെല്ലാം ഒന്നിനോട് ഒന്നുചേർന്ന് ഇരിക്കും. അലംഭാവം_ മതി എന്ന ഭാവം ഉണ്ടാവില്ല. തൃപ്തി വരില്ല. എന്ന സാരം. 365

അവൃതിയററ ക്ഷുദ്രമാകുന്ന സാഗരത്തിൽ എല്ലാം മുങ്ങിയടങ്ങുന്നു. അവിടെ എപ്പോഴും സുഖംതന്നെ. 366

എല്ലാ വിജ്ഞാനങ്ങളുടെയും വാരിധിയായ സർവ്വേശ്വരനെ ബുദ്ധിയാകുന്ന കണ്ണുകൊണ്ട് കാണുമ്പോഠം അപാരമായ ആനന്ദം ഉണ്ടായിത്തീരും. 367

മനുഷ്യൻെറ സമ്മതിക്ക കാരണം ബുദ്ധിയാണ്. മനസ്സിൽ തോന്നുന്ന വിധത്തിൽ ആത്മാവ് രസിക്കുകയും ചെയ്യും. 368

ബുദ്ധി സുഖമാണെന്ന് സമ്മതിച്ചുറയ്ക്കുമ്പോഠം തുടർച്ചയായി സന്തോഷം പിൻതുടരുകയും ചെയ്യും. 369

മോക്ഷം പ്രാപിച്ച പുണ്യവാന്മാരിൽ ബുദ്ധിയാൽ ഉള്ള നോട്ടം ഉച്ചക്കതിരവൻെറ ഉഗ്രപ്രകാശം പോലെയാണ്. 370

അജ്ഞാനമനസ്സുകഠം അകലും മനസ്സിലെ അജ്ഞാനം അകന്നു പോകും. നല്ല ജ്ഞാനം വദ്ധിക്കും വിരുകളെല്ലാം കവിയുകയും ചെയ്യും. 471

ഉള്ള വിശേഷങ്ങളും, വരാൻ പോകുന്ന വിശേഷങ്ങളും കണ്ണാടിപോലെ സൂക്ഷ്മമായി മനസ്സിലാകും. 372

ദൈവസ്വരൂപത്തിലുള്ള രഹസ്യം വേർതിരിച്ച്, ഉത്തമസ്വരൂപത്തിൽ കണ്ണുപോലെ നന്നായി ഗ്രഹിക്കും. 373

ബുദ്ധിക്കു വിഷയങ്ങളായ എല്ലാ വസ്തുക്കളും മനഃ സന്തോഷത്തോടു കൂടി കണ്ടു് നിശ്ചയിക്കുന്നു. 374

ഇപ്രകാരം കണ്ടതിനെ അറിഞ്ഞിട്ടു് തന്റെ ഭാഗ്യത്തിന്റെ അചഞ്ചലത ധരിച്ചു് സംശയംകൂടാതെ സന്തോഷിക്കും. 375

ആശ്ചര്യകരമായ രൂപം കണ്ണിനെ തെളിയിക്കും. മാംസചക്ഷുസ്സിനെക്കാളും ബുദ്ധിചക്ഷുസ്സിന്റെ കാഴ്ചയാണു് മുഖ്യം. 376

കണ്ണിന്നു വിഷയമായിട്ടുള്ളതിനെക്കാൾ ജ്ഞാനത്തിന്നു വിഷയമായിട്ടുള്ളതാണു് മുഖ്യം, വെറും കണ്ണിന്റെ കാഴ്ചയെക്കാൾ ജ്ഞാനക്കണ്ണിന്റെകാഴ്ചയാണു് പ്രധാനം. കണ്ണുകൊണ്ടു് ഉണ്ടാകുന്ന സുഖത്തെക്കാൾ ബുദ്ധികൊണ്ടു് ഉണ്ടാകുന്ന സുഖം ആണു് മികച്ചതു്. 377

ഭാഗ്യവാന്മാർ ബുദ്ധിയാകുന്ന കണ്ണുകൊണ്ടു് ദൈവത്തിന്റെ അനന്തമായ ഗുണഗണത്തെ സമ്പൂർണ്ണതയോടുകൂടി കാണാം 378

പൂർണ്ണത നിത്യവും ഉണ്ടാകും. എന്നാൽ മനസ്സിൽ മതിയെന്നു സംതൃപ്തി ഒരിക്കലും തോന്നുകയില്ല. 379

അതുകൂടാതെ ശ്രേയസ്സു് വേണമെന്നു് മനസ്സിൽ ആഗ്രഹമില്ല. ഈശ്വരനാൽ ആ ലോകത്തിൽ ജ്ഞാനവൃക്ഷംകൊണ്ടു് നിറഞ്ഞതാണു് ബുദ്ധി. ആനന്ദഗുണധരനായ അദ്ദേഹത്തെ ബുദ്ധിയുടെ കണ്ണുകൊണ്ടു് കണ്ടിട്ടു്, അന്തഃകരണത്തെ പ്രാപിച്ചു് ആഗ്രഹപൂർത്തിയുണ്ടാകും. ആ ദൈവത്തോടു പ്രീതിസമ്പർക്കത്താൽ ഒന്നിക്കുമ്പോൾ, മനസ്സിൽ പരിപൂർണ്ണമായ സൌഖ്യമുണ്ടാകും. കാലവ്യത്യാസം കൊണ്ടു് അതിന്നു് അന്തം വരാതെ, നിത്യമായ ദൈവപ്രീതി വിഷയമായിരിക്കുമെന്നു് വന്നാൽ ഉണ്ടാകുന്ന സീമാതീതമായ ആനന്ദം അവാച്യമാണു്, അനുപമമാണു്. 380_384

മറ്റു സ്വർലോകവാസികളുടെ മോക്ഷവും മംഗളവും കണ്ടു് സ്നേഹിതന്മാർക്കുണ്ടായ സൽഗുണത്താൽ, ദുഃഖവും ദൈന്യവും (ഏഷണി, ഉഷ്ണതാപം) മനസ്സിൽ തെല്ലുമുണ്ടാകാതെ, ദൈവേച്ഛയെയനുസരിച്ചു് എപ്പോഴും രസിക്കും 385_386

പരസ്പരമുള്ള ഭാഗ്യത്താൽ പരസ്പരമുള്ള സന്തോഷമുണ്ടാകും. അന്യന്റെ സുകൃതംകൊണ്ടു് വേറെ സുകൃതഫലംകണ്ടിട്ടു്, പ്രവൃത്തിയുടെ ഗുണം സാരസ്യത്തോടുകൂടി കൊണ്ടാടുകയും ആഘോഷിക്കുകയും എല്ലാവരും ധർമ്മം ചെയ്യുവാൻ് ആ സുകൃതപ്രവൃത്തിയാൽ

സന്തോഷമുണ്ടാകും വണ്ണം താൻ ചെയ്ത പ്രവൃത്തികൾ സ്തുതിക്കാൻ അനുഗ്രഹിക്കുമ്പോൾ അപ്രകാരം മററുള്ളവർക്കും ആനന്ദവും പ്രീയവും ഉണ്ടാവുകയും ചെയ്യും. 387_390

അബ്രഹാം തന്റെ ജനനദേശം ഉപേക്ഷിച്ച്, ദൈവത്തിന്റെ കല്പനയാൽ പരദേശത്തിൽ സഞ്ചരിച്ചു 391

തന്റെ വൃദ്ധയായ ഭാര്യ ഒരു പുത്രനെ പ്രസവിക്കുമെന്ന് വിശ്വസിച്ച് ആയപ്രകാരം ജനിച്ച പുത്രനെ, ഈശ്വരന്റെ കല്പനയാൽ ബലിയിൽ ഹോമിക്കാൻ ആരംഭിക്കുകയും ചെയ്തു. ഹോമിക്കാൻ പോകുന്ന പുത്രനാൽ തന്റെ വംശം വളർന്ന് നിറയുമെന്നുള്ള ദൈവത്തിന്റെ അരുളപ്പാട് വിശ്വസിച്ചുപോന്നു. സർവ്വേശ്വരനാകട്ടെ പുത്രന്റെ ബലി മാററിക്കല്പിക്കുകയാണ് ഉണ്ടായത് 392_394

ഇവയെല്ലാം സർവ്വസമ്മതത്തോടുകൂടി ഭവിച്ചു കേൾപ്പിക്കുന്നു. ഇസഹാക്കിനു പിന്നീട് വർദ്ധനവും നീതിയും ഐശ്വര്യവും ഉണ്ടായിരുന്നു. 395

യാക്കോബ് തന്റെ ജ്യേഷ്ഠന്റെ സ്വാതന്ത്ര്യങ്ങളെ ഏടുക്കാൻ ചെയ്ത ഉപദേശങ്ങളും, കൈവന്ന ദുഃഖങ്ങളും സർവ്വേശ്വരന്റെ സഹായത്തെയും ചൊല്ലി സ്തുതിക്കുന്നു. പൂർവ്വസാദൃശ്യങ്ങളിൽ ഉൾക്കൊണ്ട സാരത്തെ പറഞ്ഞറിയിക്കുകയും ചെയ്യുന്നുണ്ട്. 396_397

ദുഷ്ടനായ ജ്യേഷ്ഠന്റെ വിദ്വേഷത്താൽ യൗസേപ്പിനെ വിററു്, ദൌഷ്ട്യം നിറഞ്ഞ സ്ത്രീ നിമിത്തമുണ്ടായ പരീക്ഷ കാരണം കൂടാതെ വിലങ്ങിൽ കിടന്ന വലഞ്ഞു്_അപ്പോൾ ദീർഘദർശനം കൊണ്ടുണ്ടായ അറിവ് 398_399

ഈശ്വരകൃപയാൽ രാജാവ് തന്നിൽ പ്രീതനായി, രാജ്യത്തെ രക്ഷിച്ച്, ജനങ്ങളുടെ വിശപ്പു തീർക്കുക. 400

ഇപ്രകാരം പാവനകഥകൾ പറഞ്ഞു് ദൈവത്തെ സ്തുതിക്കുന്നു മഹാരാജാവായ ദാവീദ് മല്ലനെ കല്ലുകൊണ്ട് കൊന്നു. 401

ദൈവത്തിന്റെ അവമാനം തീർത്തു. മംഗളകരമായ ഭാഗ്യസിംഹാസനത്തിൽ ഇരുന്ന രാജാവായി വാണു. 402

തന്റെ ഗുണങ്ങളും, സാധുശീലവും, സങ്കടവും ക്ഷമയും അനേകം ശത്രുക്കളെ ജയിച്ചുണ്ടായ സന്തോഷവും. 403

താൻ ചെയ്ത അപരാധത്തിൽ തനിക്കുണ്ടായ പശ്ചാത്താപവും പറഞ്ഞറിയിച്ചുകൊണ്ട് അനല്പമായ ആമോദം കൊള്ളുന്നു. 404

മോശ അടിമത്തത്തിൽ ദുഃഖിതരായ ഇസ്രായേൽ മക്കളെ രക്ഷിച്ചതു് 405

കാൽപോലും നനയാതെ യൂദരെ കടലിന്റെ നടുക്കുകൂടി അത്ഭുതകരമായി നടത്തിയതു് 406

യൂദന്മാരെ കൊല്ലാൻ പിന്നാലെ വന്ന ശത്രുക്കളെ ഓളങ്ങളിൽ വെച്ചു മുക്കിയതു് 407

പകൽ മേഘം കൊണ്ടും, ഇരുണ്ട രാത്രി തീത്തൂണുകൊണ്ടും സർവ്വേശ്വരൻ നല്ല വഴി കാണിച്ചതു് എന്നിവയെല്ലാം വർണ്ണിച്ചു പറയുന്നു. എല്ലാവരും കൊണ്ടാടി ഈശ്വരനെ ആരാധിക്കയും ചെയ്യുന്നു. 408-409

ദാനിയേൽ (നിവ്യാ) വേദത്തിനുവേണ്ടി സിംഹത്തിന്റെ ഗുഹയിൽ ഭക്ഷണം കഴിപ്പും കൂടാതെ ഏഴു ദിവസം ഇരുന്നതും. 410

അവിടെ താമസിക്കുമ്പോൾ വിശപ്പും ദാഹവും തീർത്തു് ശ്രേഷ്ഠനായ ഹബക്കുക്ക് ദീർഘദർശി വഴി നിവ്യായെ ദൈവം കാത്തു രക്ഷിച്ചതും. 411

